■ ആർ. വേണുഗോപാൽ

# ഇനി വിഴിഞ്ഞം

## ഗരിമ

നാടിന്റെ വികസന മാനകങ്ങളാണ് ചരിത്രാതീതകാലം മുതൽ തുറമുഖങ്ങൾ. അന്യനാടുകളിലെ വിദ്യയും വൈദ്യവും വ്യവസായവും കേരളത്തിലേക്കെത്തിയതും നമ്മുടെ ഉത്പന്നങ്ങൾ വിദേശത്ത് സുഗന്ധം പരത്തിയതും തുറമുഖങ്ങൾ നിമിത്തമാണ്. കൊല്ലവും കൊടുങ്ങല്ലൂരും കൊച്ചിയും കോഴിക്കോടും ഓരോരോ കാലത്ത് ചരിത്രനഗരങ്ങളായത് തുറമുഖങ്ങൾ കാരണമാണ്. വേണാടിനും ചേരസാമ്രാജ്യത്തിനും മുൻപ് ആയ് രാജാക്കന്മാർ പ്രതാപികളായി വാണകാലത്ത് വിഴിഞ്ഞം പുകൾപെറ്റ തുറമുഖമായിരുന്നു. തുറമുഖങ്ങൾ ഇല്ലാതായപ്പോൾ നഗര പ്രൗഢി ഇല്ലാതായതിനു തെളിവുകൂടിയാണ് കൊടുങ്ങല്ലൂരും വിഴിഞ്ഞവും. ഇപ്പോൾ വിഴിഞ്ഞം തുറമുഖം വീണ്ടും തിരിച്ചുവരികയാണ്. കേരളത്തിന്റെ മൗലിയിൽ പുതിയൊരു വികസനാങ്കം ചാർത്തിക്കൊണ്ട്.

ലോകോത്തരമായ അപൂർവതകളുടെ അസംഖ്യപ്പെരുക്കവുമായാണ് വിഴിഞ്ഞം തുറമുഖം ഉദയംചെയ്യുന്നത്. തുറമുഖം നിർമിക്കാൻ പോകുന്നു എന്നു പറയുമ്പോൾത്തന്നെ, വിഴിഞ്ഞത്ത് തുറമുഖം നിർമിക്കേണ്ടതില്ല എന്നതാണ് ഒന്നാമത്തെ അപൂർവത. തീരത്തുനിന്ന് ഒരു നോട്ടിക്കൽ മൈലിനുള്ളിൽ 20 മീറ്റർ ആഴമുള്ള കടലാണ് ഇവിടുള്ളത്. അങ്ങനെ പ്രകൃതിദത്തമായ തുറമുഖം. ലോകത്താദ്യമായാണ് ഇത്രയും സൗകര്യമുള്ള സ്വാഭാവിക തുറമുഖം വികസിപ്പിക്കുന്നത്.

തുറമുഖം പണിയുന്നത് കരയിലല്ല എന്നതാണ് മറ്റൊരു അപൂർവത. എന്നാൽ അത് കടൽ നികത്തിയുമല്ല. കടലിന്റെ സ്വഭാവികത നിലനിർത്തി, തൂണിൽ കെട്ടിപ്പൊക്കിയ പ്ലാറ്റ്ഫോമുകളിലായിരിക്കും കപ്പലിൽനിന്നും ചരക്കിറക്കുക. തീരത്തുനിന്ന് ഒരു കിലോമീറ്റർ വരെ ഇതു നീളും. നാലഞ്ചു കിലോമീറ്റർ വിസ്തൃതിയിൽ തുറമുഖം പരക്കാം. പ്ലാറ്റ്ഫോമിനുള്ള തൂണുകൾ 70 മീറ്റർ ആഴത്തിൽ വിഴിഞ്ഞത്ത് ഉറപ്പിക്കാം. ഇത്തരം നൂറുകണക്കിന് തൂണുകളിലായിരിക്കും തുറമുഖം ഉയരുക. എന്നാൽ വല്ലാർപാടത്ത് 220 മീറ്റർ തൂൺ വേണ്ടിവരും. അതായത്, നിർമാണ ചെലവ് വല്ലാർപ്പാടത്തേതിന്റെ മൂന്നിലൊന്നു മാത്രമേ വരൂ. ലോകത്തെ നിർമാണചെലവ് ഏറ്റവും കുറഞ്ഞ ഒരു തുറമുഖം ആയിരിക്കും വിഴിഞ്ഞം.

കടലിലെ ശക്തമായ ഒഴുക്കാണ് വിഴിഞ്ഞത്തിന്റെ മുതൽക്കൂട്ട്. ഇതുകാരണം അഴിമുഖത്ത് മണ്ണടിയുന്നില്ല. ഡ്രഡ്ജിങ് അഥവാ മണ്ണുവാരൽ ഇനത്തിൽമാത്രം ഓരോവർഷവും കോടിക്കണക്കിനു രൂപയാണ് വിഴിഞ്ഞത്ത് ലഭിക്കാൻ കഴിയുക.

അടുത്ത തലമുറയിൽപ്പെട്ട കപ്പലുകൾക്ക് കരയണയാൻ പറ്റിയ തുറമുഖമായിരിക്കും വിഴിഞ്ഞം. ഭീമൻ കപ്പൽ എന്ന വിശേഷണം മതിയാവില്ല. സെക്രട്ടേറിയറ്റിനോളം പോന്ന ഘടോൽക്കചയാനങ്ങൾ! 19 മീറ്റർവരെ കീലുമുള്ള കപ്പൽ. എന്നുവച്ചാൽ സമുദ്രനിരപ്പിൽ നിന്ന് 19 മീറ്റർ വെള്ളത്തിനടിയിലേക്ക് ചുവടുള്ള കപ്പലുകൾ വരെ വിഴിഞ്ഞത്ത് അടുക്കും.















**വിഴിഞ്ഞം തുറമുഖത്തിന്റെ മാസ്റ്റർപ്ലാൻ. തുറമുഖത്തിന്റെ ആകാശദൃശ്യം ചുവടെ**

ഏറ്റവും കൂടുതൽ ചരക്ക് ഏറ്റവും വേഗത്തിൽ ഏറ്റവും ലാഭകരമായി ലക്ഷ്യത്തിലെത്തിക്കുന്ന വലിയ കപ്പലുകളുടെ കാലമാണ് വരാനിരിക്കുന്നത്. ഇത്തരം കപ്പൽ ഓടിക്കാൻ ചെറുകപ്പലിന്റെ ഇരട്ടി ചെലവുവരുമത്രെ. എന്നാൽ നൂറുമടങ്ങു ചരക്കു കയറ്റാം. ഇത്തരത്തിൽ, ഇന്നുള്ളതിൽ ഏറ്റവും വലിയ തുറമുഖമായ ചൈനയിലെ ഷാങ്ഹായിക്ക് ഒപ്പംവരും വിഴിഞ്ഞം. വലുപ്പം മാത്രമല്ല, വരുമാനത്തിന്റെ കാര്യത്തിലും ഷാങ്ഹായ്, സിങ്കപ്പൂർ, കൊളംബോ, ദുബായ് തുറമുഖങ്ങളോട് കിടനിൽക്കുന്നതാവും വിഴിഞ്ഞം.

ഇവയുടെ പ്രത്യേകത എന്തെന്നല്ലേ?

**കൊളംബോ:** തുടർച്ചയായ ഭീകരാക്രമണങ്ങളും യുദ്ധവും സമ്പദ്‌വ്യവസ്ഥയെ കുളംതോണ്ടിയിട്ടും ശ്രീലങ്ക വീഴാതെ പിടിച്ചുനിൽക്കുന്നത് കൊളംബോ തുറമുഖത്തുനിന്നുള്ള വരുമാനം ഒന്നുകൊണ്ടാണെന്നാണ് റിപ്പോർട്ട്.

**ഷാങ്ഹായ്:** ചൈനയ്ക്ക് ലോകവ്യവസായ ഭൂപടത്തിലും വളർച്ചാനിരക്കിലും ഉള്ള പ്രാമാണ്യം ഈ തുറമുഖനഗരത്തിന്റെ വരവോടെ ഏറെ വർധിച്ചു. ചൈനയിലെ ഏറ്റവും പുതിയ ലോകനഗരമാണിത്.

**ദുബായ്:** അറബി യാഥാസ്ഥിതികതയുടെ എല്ലാ ചരടുകളും പൊട്ടിച്ചെറിഞ്ഞ് ദുബായ് ആധുനിക നഗരമായത് ഏങ്ങനെയാണ്? അതിൽ തുറമുഖത്തിന്റെ പങ്ക് നിസീമം.

സിങ്കപ്പൂരിന്റെ കാര്യവും അങ്ങനെതന്നെ. അന്താരാഷ്ട്ര കപ്പൽറൂട്ടിൽ നിന്ന് 20/10 നോട്ടിക്കൽ മൈൽ മാത്രം അകലെയുള്ള വിഴിഞ്ഞം ഈ മഹാനഗരങ്ങളുടെ ഗരിമയിലേക്ക് ഉയരാതിരിക്കാൻ കാരണം ഇല്ല. ഇപ്പോൾ വലിയ കപ്പലുകൾ കൊളംബോയിലും ദുബായിലും ചരക്കിറക്കി അവിടെനിന്ന് ചെറുകപ്പലുകളിൽ ഇന്ത്യൻ തുറമുഖങ്ങളിലേക്ക് കൊണ്ടുവരികയാണ്. വിഴിഞ്ഞം യാഥാർത്ഥ്യമാകുന്നതോടെ സമയവും ദൂരവും മാത്രമല്ല പണവും ലാഭിക്കാം.

ചരക്കുമായി കപ്പൽ കടലിൽ ചുറ്റിത്തിരിയുന്നതും അന്യതുറമുഖങ്ങളിൽ ഊഴം കാത്തുകിടക്കുന്നതും വ്യവസായികളെ സംബന്ധിച്ച് ഉത്പന്നം വെറുതെ കെട്ടിക്കിടക്കുന്നതിന് തുല്യമാണ്. വിഴിഞ്ഞം ഈ കാലതാമസം ഒഴിവാക്കുന്നതിനാൽ ദുബായിലെയും കൊളംബോയിലെയും വ്യാപാര ഇടപാടുകളുടെ ഗണ്യമായ പങ്ക് ഇങ്ങോട്ട്



കൊണ്ടുവരികകൂടി ചെയ്യും. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതിനുള്ള എതിർപ്പ് തമിഴ്നാടിനോ തമിഴനായ കേന്ദ്ര മന്ത്രിക്കോ ആണെന്ന പ്രചാരണം ശരിയല്ലെന്നും മറ്റു വൻകിട തുറമുഖങ്ങളാണ് അതിന് 'അള്ളു' വച്ചതെന്നും സംസ്ഥാന തുറമുഖ കാര്യമന്ത്രി എം.വിജയകുമാർ പറഞ്ഞത് ഈ യാഥാർത്ഥ്യം മനസ്സിലാക്കിയാണ്.

പൂർണമായി കംപ്യൂട്ടർവത്കൃതമായ അത്യാധുനിക തുറമുഖമാവും വിഴിഞ്ഞത്ത് ഉയരുക. കണ്ടെയ്നറുകളുടെ കയറ്റിറക്ക് ഉൾപ്പെടെ എല്ലാ ഇടപാടുകളും കംപ്യൂട്ടർ വഴിയാവും നിയന്ത്രിക്കുക. അതിനാൽ, നേരിട്ടുള്ള തൊഴിലവസരം അയ്യായിരത്തിൽ താഴെ മാത്രമേ ഉണ്ടാവൂ. എന്നാൽ, തുറമുഖത്തിന് പുറത്ത് ലക്ഷക്കണക്കിന് തൊഴിലവസരങ്ങളും പുതിയ സാമ്പത്തിക മേഖലകളും ഉണ്ടാകും. കണ്ടെയ്നർ ഫില്ലിങ് പോലെ വലിയ സാധ്യതകളുള്ള പുതിയ മേഖലകൾ തുറന്നുകിട്ടും. പുതിയ റെയിൽ-റോഡ് ശൃംഖലകൾ വരും. ജലപാതകൾ കൂടുതൽ സജീവമാകും. വ്യവസായശാലകളും പാർപ്പിട-വ്യാപാരസമുച്ചയങ്ങളും ഉയരും. ഇവയൊക്കെക്കൂടി വിഴിഞ്ഞം പുതിയ ദുബായ് അല്ലെങ്കിൽ ഷാങ്ഹായ് അല്ലെങ്കിൽ സിങ്കപ്പൂർ നഗരങ്ങളുടെ നിലയിലേക്ക് വളരുമെന്നാണ് പ്രതീക്ഷ.

ലോകത്തിന് മുന്നിൽ ഈ തുറമുഖപദ്ധതി എത്രയോ കാലമായി നിലവിലുണ്ട്. എന്നാൽ, ഇടതുമുന്നണി സർക്കാർ തിരുവനന്തപുരത്ത് സംഘടിപ്പിച്ച, 146 വിദേശ കമ്പനികൾ പങ്കെടുത്ത ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് ആണ് വഴിത്തിരിവായത്. വിഴിഞ്ഞത്തിന്റെ അപൂർവതകളും അനന്തസാധ്യതകളും ലോകത്തെ ബോധ്യപ്പെടുത്താൻ കഴിഞ്ഞതാണ് പദ്ധതി നടപ്പാക്കാൻ കാരണമായതെന്ന് മന്ത്രി വിജയകുമാർ പറഞ്ഞു. വിഴിഞ്ഞത്തെ ഈ സർക്കാർ ശരിയായി 'മാർക്കറ്റ് ചെയ്തു' എന്നുപറയാം. ഇത് ഇടതുമുന്നണി സർക്കാരിന്റെ വിജയമാണ്.

കേരളം വ്യവസായ-വാണിജ്യരംഗത്ത് പുതിയ ഇതിഹാസം രചിക്കാൻ പോവുകയാണെന്ന് മന്ത്രി വിശേഷിപ്പിച്ചു. '57 ലെ ഇ.എം.എസ് സർക്കാർ സ്ഥിതിസമത്വത്തിനും തൊഴിലാളി വർഗത്തിന്റെ ഉന്നമനത്തിനുമാണ് ഊന്നൽ നൽകിയതെങ്കിൽ അതിന്റെ തുടർച്ചയായി വി.എസ്. സർക്കാർ സാമ്പത്തിക മേഖലയെ ലോകോത്തരമാക്കുന്നതിനുള്ള ശ്രമങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ലോകത്തിന്റെ കണ്ണും മനസ്സും വിഴിഞ്ഞത്ത് പതിയുന്നതിന്റെ നാളുകളാണ് വരാനിരിക്കുന്നതെന്ന് വിജയകുമാർ പറഞ്ഞു. വിഴിഞ്ഞം മാത്രമല്ല, വല്ലാർപ്പാടം കൂടി പ്രാവർത്തികമാവുന്നതോടെ കേരളത്തിന്റെ മുഖശ്രീ ഒന്നുകൂടി തിളങ്ങുകയായി. വിഴിഞ്ഞത്ത് തുറമുഖത്തിനു മാത്രമല്ല, പുതിയ കേരള സൃഷ്ടിക്കു കൂടിയാണ് തറക്കല്ലിട്ടിരിക്കുന്നത്.■

# ഇന്ത്യയുടെ പുതിയ തുറമുഖ

■ അജിത് വെണ്ണിയൂർ

പതിറ്റാണ്ടുകളായി കേരളം കാത്തു സൂക്ഷിച്ച ഒരു വികസന സ്വപ്നം യാഥാർഥ്യമാവുന്നു. വിഴിഞ്ഞം എന്ന പ്രകൃതിദത്ത തുറമുഖം കയറ്റിറക്കു വ്യാപാര മേഖലയിൽ രാജ്യത്തിന്റെ തുറമുഖ കവാടമായി മാറുകയാണ്. അന്തർദേശീയ കണ്ടെയ്നർ ട്രാൻസ് ഷിപ്പ് ടെർമിനലിന്റെ നിർമാണത്തിന് സംസ്ഥാന മന്ത്രിസഭ അനുമതി നൽകി. ആദ്യഘട്ട നിർമാണത്തിന് ടെൻഡർ അംഗീകരിച്ചു. മൂന്നു കൊല്ലം കൊണ്ട് സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി പൂർത്തിയാക്കുകയാണ് ലക്ഷ്യം.

ഇതിനായി ഹൈദരാബാദിലെ ലാൻകോ കൊണ്ടപ്പള്ളി കസോർഷ്യവുമായി ചേർന്ന് കമ്പനി രൂപവത്കരിക്കും. സംസ്ഥാന സർക്കാരിന് ആ കമ്പനിയിൽ 24 ശതമാനം ഓഹരിയുണ്ടാകും. മുപ്പതുവർഷത്തേയ്ക്ക് ബി.ഒ.ടി. വ്യവസ്ഥയിലാണ് കരാർ ഉറപ്പിക്കുക. 30 വർഷം കഴിയുമ്പോൾ പൂർണമായും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലാകും. ആദ്യഘട്ട നിർമാണത്തിന് 5,348 കോടി രൂപ ചെലവഴിക്കും. പദ്ധതി പൂർത്തിയാകുന്നതോടെ 5000 പേർക്ക് പ്രത്യക്ഷമായും ഒന്നരലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. തിരുവനന്തപുരം ജില്ലയിൽ അന്താരാഷ്ട്ര വിനോദ സഞ്ചാരകേന്ദ്രമായ കോവളത്തിനോടു ചേർന്നാണ് ആഴമേറിയ വിഴിഞ്ഞം കടൽ കവാടം.

### വിഴിഞ്ഞം പെരുമ

ആയ് രാജവംശത്തോളം പഴക്കമുള്ളതാണ് വിഴിഞ്ഞം തുറമുഖത്തിന്റെ പാരമ്പര്യവും പെരുമയും. ചേരരാജവംശം കേരളത്തിൽ ആധിപത്യം സ്ഥാപിക്കുന്നതിനു മുൻപ്, ഏതാണ്ട് ഏഴാം നൂറ്റാണ്ടു മുതൽ 11-ാം നൂറ്റാണ്ടുവരെ ആയ് രാജാക്കൻമാരുടെ തലസ്ഥാനനഗരമായിരുന്നു വിഴിഞ്ഞം. നാഗർകോവിൽ മുതൽ




കൊണ്ടുവരികകൂടി ചെയ്യും. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതിനുള്ള എതിർപ്പ് തമിഴ്നാടിനോ തമിഴനായ കേന്ദ്ര മന്ത്രിക്കോ ആണെന്ന പ്രചാരണം ശരിയല്ലെന്നും മറ്റു വൻകിട തുറമുഖങ്ങളാണ് അതിന് 'അള്ളു' വച്ചതെന്നും സംസ്ഥാന തുറമുഖ കാര്യമന്ത്രി എം.വിജയകുമാർ പറഞ്ഞത് ഈ യാഥാർത്ഥ്യം മനസ്സിലാക്കിയാണ്.

പൂർണമായി കംപ്യൂട്ടർവത്കൃതമായ അത്യാധുനിക തുറമുഖമാവും വിഴിഞ്ഞത്ത് ഉയരുക. കണ്ടെയ്നറുകളുടെ കയറ്റിറക്ക് ഉൾപ്പെടെ എല്ലാ ഇടപാടുകളും കംപ്യൂട്ടർ വഴിയാവും നിയന്ത്രിക്കുക. അതിനാൽ, നേരിട്ടുള്ള തൊഴിലവസരം അയ്യായിരത്തിൽ താഴെ മാത്രമേ ഉണ്ടാവൂ. എന്നാൽ, തുറമുഖത്തിന് പുറത്ത് ലക്ഷക്കണക്കിന് തൊഴിലവസരങ്ങളും പുതിയ സാമ്പത്തിക മേഖലകളും ഉണ്ടാകും. കണ്ടെയ്നർ ഫില്ലിങ് പോലെ വലിയ സാധ്യതകളുള്ള പുതിയ മേഖലകൾ തുറന്നുകിട്ടും. പുതിയ റെയിൽ-റോഡ് ശൃംഖലകൾ വരും. ജലപാതകൾ കൂടുതൽ സജീവമാകും. വ്യവസായശാലകളും പാർപ്പിട-വ്യാപാരസമുച്ചയങ്ങളും ഉയരും. ഇവയൊക്കെക്കൂടി വിഴിഞ്ഞം പുതിയ ദുബായ് അല്ലെങ്കിൽ ഷാങ്ഹായ് അല്ലെങ്കിൽ സിങ്കപ്പൂർ നഗരങ്ങളുടെ നിലയിലേക്ക് വളരുമെന്നാണ് പ്രതീക്ഷ.

ലോകത്തിന് മുന്നിൽ ഈ തുറമുഖപദ്ധതി എത്രയോ കാലമായി നിലവിലുണ്ട്. എന്നാൽ, ഇടതുമുന്നണി സർക്കാർ തിരുവനന്തപുരത്ത് സംഘടിപ്പിച്ച, 146 വിദേശ കമ്പനികൾ പങ്കെടുത്ത ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് ആണ് വഴിത്തിരിവായത്. വിഴിഞ്ഞത്തിന്റെ അപൂർവതകളും അനന്തസാധ്യതകളും ലോകത്തെ ബോധ്യപ്പെടുത്താൻ കഴിഞ്ഞതാണ് പദ്ധതി നടപ്പാക്കാൻ കാരണമായതെന്ന് മന്ത്രി വിജയകുമാർ പറഞ്ഞു. വിഴിഞ്ഞത്തെ ഈ സർക്കാർ ശരിയായി 'മാർക്കറ്റ് ചെയ്തു' എന്നുപറയാം. ഇത് ഇടതുമുന്നണി സർക്കാരിന്റെ വിജയമാണ്.

കേരളം വ്യവസായ-വാണിജ്യരംഗത്ത് പുതിയ ഇതിഹാസം രചിക്കാൻ പോവുകയാണെന്ന് മന്ത്രി വിശേഷിപ്പിച്ചു. '57 ലെ ഇ.എം.എസ് സർക്കാർ സ്ഥിതിസമത്വത്തിനും തൊഴിലാളി വർഗത്തിന്റെ ഉന്നമനത്തിനുമാണ് ഊന്നൽ നൽകിയതെങ്കിൽ അതിന്റെ തുടർച്ചയായി വി.എസ്. സർക്കാർ സാമ്പത്തിക മേഖലയെ ലോകോത്തരമാക്കുന്നതിനുള്ള ശ്രമങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ലോകത്തിന്റെ കണ്ണും മനസ്സും വിഴിഞ്ഞത്ത് പതിയുന്നതിന്റെ നാളുകളാണ് വരാനിരിക്കുന്നതെന്ന് വിജയകുമാർ പറഞ്ഞു. വിഴിഞ്ഞം മാത്രമല്ല, വല്ലാർപ്പാടം കൂടി പ്രാവർത്തികമാവുന്നതോടെ കേരളത്തിന്റെ മുഖശ്രീ ഒന്നുകൂടി തിളങ്ങുകയായി. വിഴിഞ്ഞത്ത് തുറമുഖത്തിനു മാത്രമല്ല, പുതിയ കേരള സൃഷ്ടിക്കു കൂടിയാണ് തറക്കല്ലിട്ടിരിക്കുന്നത്.■



# പ്രകൃതിദത്ത തുറമുഖം

# കവാടം



അത്യപൂർവമായ പ്രത്യേകതകളുള്ള പ്രകൃതിദത്ത തുറമുഖമാണ് വിഴിഞ്ഞം. മണ്ണു മാന്താതെ തന്നെ തുറമുഖത്തിന് ആവശ്യമായതിലധികം ആഴമുണ്ട് എന്നതാണ് വിഴിഞ്ഞത്തിന്റെ ഒരു പ്രത്യേകത. നൂറു മീറ്ററിനുള്ളിൽ 20 മീറ്റർ വരെ ആഴം. 10 നോട്ടിക്കൽ മൈലിനുള്ളിൽ 30 മീറ്റർ ആഴം - ഇത് ഇന്ത്യയിൽ മറ്റൊരു തുറമുഖത്തിനുമില്ല. രാജ്യത്തെ മറ്റെല്ലാ തുറമുഖങ്ങളിലും ശരാശരി ആഴം 14 മീറ്റർ ആണ്.

ഏതൊരു തുറമുഖത്തിന്റെയും പേടിസ്വപ്നമായ വേലിയിറക്കം, മണ്ണടിയൽ എന്നിവ വിഴിഞ്ഞത്തെ തെല്ലും ബാധിക്കില്ല എന്നതാണ് മറ്റൊരു പ്രത്യേകത. ലോകത്തെവിടെയും പ്രമുഖ തുറമുഖങ്ങളിൽ വേലിയിറക്ക വ്യതിയാനം ആറു മുതൽ ഒമ്പതുവരെ മീറ്റർ ആയിരിക്കുമ്പോൾ വിഴിഞ്ഞത്ത് അത് 30 സെന്റിമീറ്ററിൽ താഴെ മാത്രമാണ്.

അടുത്തെങ്ങും അഴിമുഖമില്ലാത്തതാണ് മണ്ണിടിയലിൽ നിന്ന് വിഴിഞ്ഞത്തെ രക്ഷിച്ചു നിർത്തുന്ന പ്രകൃതിദത്ത കവചം. കടലിന്റെ അടിത്തട്ട് ചെങ്കല്ലു നിറഞ്ഞതാണ്. ഇതുമൂലം നിർമാണച്ചെലവു കുറയും. സമയലാഭം ഉണ്ടാകും.

ഏറ്റവും കുറഞ്ഞ ചെലവിൽ, കുറഞ്ഞ സമയത്തിനുള്ളിൽ കപ്പൽ അടുപ്പിക്കാനും ചരക്കിറക്കാനും കഴിയും എന്നതാണ് അന്താരാഷ്ട്ര ചരക്കു കപ്പലുകളെ വിഴിഞ്ഞത്തേയ്ക്ക് ആകർഷിക്കുന്ന മുഖ്യഘടകം. വിഴിഞ്ഞത്തിന്റെ പത്തു നോട്ടിക്കൽ മൈൽ അടുത്താണ് പേർഷ്യൻ ഗൾഫിനെയും വിദൂരപൂർവദേശത്തെയും ബന്ധിപ്പിക്കുന്ന അന്താരാഷ്ട്ര കപ്പൽ ചാനൽ. അതായത് തീരത്തു നിന്ന് കേവലം ഇരുപത് കിലോമീറ്റർ അകലം. ദിവസേന നൂറിലധികം കപ്പലുകൾ ഈ ചാനൽ വഴി കടന്നുപോകുന്നു എന്നാണ് കണക്ക്.

കേരളത്തിന്റെ തലസ്ഥാന നഗരത്തിന് കേവലം 16 കിലോമീറ്റർ തെക്കാണ് വിഴിഞ്ഞം. രണ്ട് ദേശീയപാതകൾ, ഗ്രാമ, നഗരങ്ങളെ കോർത്തിണക്കുന്ന റെയിൽ - റോഡ് ശൃംഖല, അന്താരാഷ്ട്ര വിമാനത്താവളം, അന്തർദേശീയ വിനോദസഞ്ചാരകേന്ദ്രമായ കോവളത്തിന്റെ സാമീപ്യം എന്നിങ്ങനെ അനുകൂലഘടകങ്ങൾ ഏറെയുണ്ട് വിഴിഞ്ഞത്തിന്.

തിരുവല്ല വരെ നീളുന്നതായിരുന്നു അവരുടെ സാമ്രാജ്യം.

വിഴിഞ്ഞം തുറമുഖം തന്നെയാണ് ഈ പ്രദേശത്തെ രാജധാനിയാക്കാൻ ആയ് രാജാക്കന്മാർക്ക് പ്രചോദനമായത്. സംഘകാലഘട്ടത്തിൽ വിഴിഞ്ഞം പിടിച്ചടക്കാൻ കുലശേഖരരാജവംശവും ചോളരാജവംശവും തമ്മിൽ നിരന്തരമായ യുദ്ധങ്ങൾ നടന്നു.

സംഘകാല സാഹിത്യത്തിൽ വിഴിഞ്ഞം തുറമുഖത്തെയും കോട്ടയെയും കുറിച്ച് നിരവധി പരാമർശങ്ങളുണ്ട്. പോർച്ചുഗീസുകാരും ഡച്ചുകാരും ഇവിടെ കച്ചവടശാലകൾ സ്ഥാപിച്ചതിനു പിന്നിലും വിഴിഞ്ഞം തുറമുഖത്തിന്റെ പിൻബലം പ്രകടമാണ്.

## സാമ്പത്തികനേട്ടം, സമയലാഭം

പുതിയ ടെർമിനൽ യാഥാർഥ്യമാകുന്നതോടെ വിദേശ കപ്പലുകൾക്ക് കുറഞ്ഞ ചെലവിൽ ഇവിടെ നങ്കൂരമിടാനും ചരക്കിറക്കാനും കഴിയും. കൊച്ചി, തൂത്തുക്കുടി, മുംബൈ തുറമുഖങ്ങളിലേയ്ക്ക് എത്തിക്കാനുള്ള സാധനങ്ങൾ ഇവിടെ നിന്ന് ഏറ്റുവാങ്ങി കൊണ്ടുപോകാൻ അവിടെ നിന്നുള്ള ചെറുകപ്പലുകൾക്ക് സാധിക്കുകയും ചെയ്യും.

കൊച്ചിയിലും മുംബൈയിലും തൂത്തുക്കുടിയിലും ചെന്നൈയിലുമൊക്കെ അന്താരാഷ്ട്ര കപ്പൽ ചാനലിൽ നിന്ന് തുറമുഖത്തെത്താൻ കുറഞ്ഞത് രണ്ടു ദിവസമെടുക്കുമ്പോൾ വിഴിഞ്ഞത്ത് മണിക്കൂറുകൾ കൊണ്ട് അതു സാധിക്കും. ഒരു ചരക്കുകപ്പൽ വല്ലാർപാടത്ത് അടുപ്പിച്ച് മടങ്ങാൻ 100 നോട്ടിക്കൽ മൈൽ സഞ്ചരിക്കേണ്ടിവരുമ്പോൾ വിഴിഞ്ഞത്ത് അതിന്റെ പത്തിലൊന്ന് മതിയാകും. കൊളംബോ തുറമുഖത്താകട്ടെ 150 നോട്ടിക്കൽ മൈൽ സഞ്ചരിച്ചാലേ തുറമുഖത്ത് കപ്പൽ അടുപ്പിക്കാനാകൂ. ഈ സാമ്പത്തികനേട്ടവും സമയലാഭവുമാണ് വിഴിഞ്ഞത്തേയ്ക്ക് അന്താരാഷ്ട്ര ചരക്കു കപ്പലുകളെ ആകർഷിക്കുന്നതിൽ ഒരു മുഖ്യഘടകം.

രാജ്യത്തിനകത്തെ ചെറിയ തുറമുഖങ്ങളെ ചെറുകപ്പൽ സർവീസുകൾ വഴിയും റെയിൽ - റോഡ് മാർഗവും പരസ്പരം ബന്ധിപ്പിക്കാൻ കഴിയും എന്നതാണ് വിഴിഞ്ഞത്തിന്റെ മറ്റൊരു പ്രധാന സാദ്ധ്യത. അതിനു കാരണം ഈ ഭൂപ്രദേശത്തിന്റെ സവിശേഷതയാണ്. ഇൻഡ്യൻ തീരത്തിന്റെ ഏതാണ്ട് മദ്ധ്യത്താണ് വിഴിഞ്ഞം.



2010 ൽ ഇന്ത്യ 150 ബില്യൺ ഡോളറിന്റെ ചരക്ക് കയറ്റുമതി ചെയ്യുമെന്നാണ് അനുമാനം. അതിൽ ഒരു നല്ല വിഹിതം വിഴിഞ്ഞത്തു നിന്ന് ആയിരിക്കുമെന്ന് തീർച്ചയാണ്.

വിഴിഞ്ഞത്തെ പുതിയ ടെർമിനൽ പൂർത്തിയാകുന്നതോടെ ചരക്കുഗതാഗതരംഗത്ത് കേരളവും ഇന്ത്യയും വലിയൊരു ശക്തിയായി മാറുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

## ചരക്കുഗതാഗതത്തിൽ കുതിച്ചുകയറ്റം

ലോകമെങ്ങും സമുദ്രമാർഗമുള്ള ചരക്കുഗതാഗതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വൻ കുതിച്ചുകയറ്റം ശരിക്കും പ്രയോജനപ്പെടുത്താൻ കഴിയുന്ന പ്രോജക്ടാണ് വിഴിഞ്ഞത്തെ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ. ചരക്ക്-ഇന്ധന ഗതാഗതത്തിന് ഇന്ന് മിക്കവരും ആശ്രയിക്കുന്നത് സമുദ്രമാർഗമാണ്.

സൗകര്യങ്ങൾ പരിമിതമായിട്ടും പ്രതിവർഷം 40-50 ലക്ഷം ആഗോള കണ്ടെയ്നറുകളാണ് ഇന്ത്യ കൈകാര്യം ചെയ്യുന്നത് - ഏതാണ്ട് അഞ്ചുലക്ഷം കോടി രൂപയുടെ കടൽ വ്യാപാരം. ആഗോള തുറമുഖത്തിന്റെ അഭാവം മൂലം പ്രതിവർഷം 1,000 കോടി രൂപ നമുക്ക് നഷ്ടമാകുന്നുവെന്നാണ് കണക്ക്. ഇന്ത്യയുടെ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് സിംഗപ്പൂർ, ദുബായ്, കൊളംബോ തുടങ്ങിയ തുറമുഖങ്ങൾക്ക് നൽകേണ്ടി വരുന്ന ഭീമമായ തുകയിൽ ഏതാണ്ട് 70 ശതമാനം വിഴിഞ്ഞം പദ്ധതി വഴി നമുക്ക് ലാഭിക്കാൻ കഴിയും. നമ്മുടെ ചരക്ക് നീക്കത്തിൽ 17 ശതമാനം കൈകാര്യം ചെയ്യുന്നത് ഇന്നും ദുബായ് ആണ്.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ നല്ലൊരു പങ്കു വഹിക്കാൻ ഈ പദ്ധതിക്കു കഴിയുമെന്ന് പ്രോജക്ട് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. തുറമുഖത്തിനുള്ളിൽ ഒരു കണ്ടെയ്നർ ഒരു തൊഴിലവസരം സൃഷ്ടിക്കുമ്പോൾ ടെർമിനലിനു പുറത്ത് പത്തു പേർക്ക് തൊഴിലവസരം നൽകുന്നു എന്നാണ് കണക്ക്. അതിന്റെ അടിസ്ഥാനത്തിൽ കണക്കു കൂട്ടുമ്പോൾ കേരളത്തിൽ തൊഴിലവസര സൃഷ്ടിയിൽ വലിയൊരു കുതിച്ചുകയറ്റമാണ് പ്രതീക്ഷിക്കുന്നത്.

ചരക്കു കയറ്റുമതി മൂലമുള്ള വരുമാനത്തിലും നിർണായകമായ വർധനവിന് വിഴിഞ്ഞം വഴിയൊരുക്കും. 2010 ൽ ഇന്ത്യ 150 ബില്യൺ ഡോളറിന്റെ ചരക്കു കയറ്റുമതി നടത്തുമെന്നാണ് അനുമാനം. അതിൽ ഒരു നല്ല വിഹിതം വിഴിഞ്ഞത്തിനു ലഭിക്കുമെന്ന് തീർച്ചയാണ്. കൊച്ചി തുറമുഖത്തിലെ പ്രധാന കപ്പൽ ചാനലിന്റെ ആഴം പത്തു മീറ്ററിൽ താഴെയാണ്. വൻതുക മുടക്കി മണ്ണു നീക്കിയാണ് അത് കഷ്ടിച്ച് 12 മീറ്ററാക്കി വർധിപ്പിക്കുന്നത്. വല്ലാർപാടം പദ്ധതിയിൽ 14 മീറ്റർ ആഴം ആണ് വിഭാവനം ചെയ്യുന്നത്. ആഴം കൂട്ടാൻ ഈ രണ്ട് തുറമുഖങ്ങളിലും പ്രതിവർഷം ചെലവഴിക്കുന്നത് കോടിക്കണക്കിന് രൂപയാണ്.

പതിനെണ്ണായിരം ടി.ഇ.യു. വരെ ശേഷിയുള്ള കണ്ടെയ്നർ കപ്പലുകൾ ആയിരിക്കും അടുത്ത ഭാവിയിൽ ചരക്കുഗതാഗതത്തിന് ലോകം ചുറ്റുക എന്ന് അമേരിക്കയിലെ ഒരു തുറമുഖ ഗവേഷണ സ്ഥാപനം നടത്തിയ പഠനത്തിൽ പറയുന്നു. ഇവ തീരത്ത് അടുപ്പിക്കുന്നതിന് ചുരുങ്ങിയത് 18 മീറ്റർ ആഴം വേണം. അതു കണക്കിലെടുക്കുമ്പോൾ ഇന്ത്യയിൽ സുരക്ഷിതമായി അത്തരം കൂറ്റൻ കപ്പലുകൾ അടുപ്പിക്കാൻ കഴിയുന്ന ഏക തുറമുഖം വിഴിഞ്ഞം ആണെന്ന് കാണാം.

കേരളത്തിന്റെയും രാജ്യത്തിന്റെയും സാമ്പത്തിക വളർച്ചയിൽ ദൂരവ്യാപകമായ സദ്ഫലങ്ങൾ ഉളവാക്കാൻ കഴിയുന്ന പ്രോജക്ടാണ് വിഴിഞ്ഞത്ത് രൂപം പ്രാപിച്ചുവരുന്നത്. ഇതിന്റെ പാർശ്വഫലങ്ങളെപ്പറ്റി പലതരം ആശങ്കകൾ നിലനിൽക്കുന്നുണ്ട്. പദ്ധതി വിപുലീകരിക്കുമ്പോഴുണ്ടാകുന്ന പ്രാദേശിക സാമൂഹിക - സാമ്പത്തിക പ്രശ്നങ്ങൾ, പാരിസ്ഥിതിക ആഘാതങ്ങൾ, പരമ്പരാഗത തൊഴിലാളികളുടെ പുനരധിവാസം എന്നിങ്ങനെ ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന സ്വാഭാവിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സമഗ്രവും സംയോജിതവുമായ സംവിധാനം ആവശ്യമാണ്. ഇക്കാര്യത്തിൽ ക്രിയാത്മകമായ സമീപനം എല്ലാ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.പദ്ധതിയുടെ അടുത്ത രണ്ടു ഘട്ടങ്ങൾ കൂടി സമയബന്ധിതമായി നടപ്പാക്കാനായാൽ ലോകത്തിന്റെ ചരക്കുകപ്പൽ ഗതാഗത ഭൂപടത്തിൽ കേരളവും ഇന്ത്യയും ഒരു അതി പ്രധാന കേന്ദ്രമായി മാറും എന്ന് ഉറപ്പാണ്.■

■ ഡോ. കെ.ജി. രാധാകൃഷ്ണൻ



കുഞ്ഞിന് പല്ലുവന്നില്ലേ?
കുഞ്ഞ് സംസാരിക്കില്ലേ?
കുഞ്ഞ് നടക്കില്ലേ?
...... ...... ......
ഓരോരോ ഘട്ടങ്ങളായാണ് കുഞ്ഞുങ്ങൾ വളരുന്നത്. അതിനു മുൻപെ തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്നതു പോലെ നിർബന്ധിക്കുന്നത് എത്ര വ്യർത്ഥം...

# ശിശുവളർച്ചയുടെ വിവിധ ഘട്ടങ്ങൾ



ഒന്നോ രണ്ടോ കുഞ്ഞുങ്ങൾ മാത്രമുള്ള അണുകുടുംബങ്ങളുടെ കാലമാണിത്. അതുകൊണ്ടുതന്നെ കുഞ്ഞിനെ എങ്ങനെ വളർത്തണമെന്നത് വളരെ സങ്കീർണമായ കാര്യമാണിന്ന്. വ്യക്തിപരത ഏറിവരുന്ന കാലം കൂടിയായതിനാൽ ഒരു കുഞ്ഞിന്റെ വളർച്ച തങ്ങളുടെ മാത്രം പരിഗണനയാണെന്ന് പല ദമ്പതിമാരും തെറ്റിദ്ധരിക്കപ്പെട്ടുപോകുന്നു. തങ്ങളുൾപ്പെടുന്ന സമൂഹത്തിനും സർക്കാരിനുമൊക്കെ അതിലൊരു പങ്കുണ്ടെന്നും ആ പാരസ്പര്യത്തെ അംഗീകരിച്ചാലേ കുഞ്ഞിന്റെ ഭാവി സുരക്ഷിതമാകൂ എന്നും പലരും മനസ്സിലാക്കാത്ത പ്രശ്നമുണ്ട്. ഏതായാലും കുഞ്ഞിന്റെ ജനനവും വളർച്ചയും നടക്കുന്ന കാലം ഓരോ ദമ്പതിമാർക്കും സവിശേഷമായ കാലമാണിന്ന്. ശിശുവളർച്ചയുടെ ആരംഭം മുതൽ പരസ്യങ്ങളുടെ അകമ്പടിയോടെ കമ്പോളം നിങ്ങളെ പടികൂടും. പലപ്പോഴും അതിൽപ്പെട്ട് ചെറിയ പ്രശ്നങ്ങൾപോലും നമുക്ക് ഉത്കണ്ഠകളുണ്ടാക്കുന്ന കാലമായി അതു മാറുന്നു. ശിശുവളർച്ചയെക്കുറിച്ച് ശരിയായ അറിവു നേടുകയാണ് കുഞ്ഞുങ്ങളെ ശരിയായി വളർത്തുന്നതിനുള്ള ആദ്യപടി.

ഒരു ശിശുവിന്റെ വളർച്ച ജനിതകവും സാമൂഹികവുമായ വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. അച്ഛനമ്മമാരുടെ ജനിതകഘടന, പാരമ്പര്യം, വർഗം എന്നിവയും കുഞ്ഞിന്റെ ജനിതകഘടന, ലിംഗം, ഗർഭിണിയായിരിക്കുമ്പോഴും പ്രസവശേഷവും ലഭിക്കുന്ന പോഷണം, പരിചരണം, കുഞ്ഞിനുണ്ടാകുന്ന രോഗങ്ങൾ, സാമൂഹികവും കുടുംബപരവുമായ പശ്ചാത്തലം എന്നിവയെല്ലാം കുഞ്ഞിന്റെ വളർച്ചയെ സ്വാധീനിക്കുന്നു. ശാരീരിക വളർച്ചയോടൊപ്പം കായികവും ചലനപരവും സ്വഭാവപരവുമായ വളർച്ചയും ഉണ്ടാകുന്നു.

കുഞ്ഞിന്റെ വളർച്ചയിൽ ഒരു പ്രധാന സംഭവമാണ് പല്ലുമുളയ്ക്കൽ. 5–8 മാസത്തിനിടയിൽ അടിവരിയിൽ നടുവിലുള്ള ഉളിപ്പല്ലുകളാണ് ആദ്യം മുളയ്ക്കുക. ഒരു മാസത്തിനുള്ളിൽ മുകൾവരിയിലെ നടുവിലെ ഉളിപ്പല്ലും അടുത്ത മൂന്നു മാസത്തിനുള്ളിൽ എല്ലാ ഉളിപ്പല്ലുകളും മുളയ്ക്കും. 12–15 മാസത്തിനുള്ളിൽ ആദ്യത്തെ അണപ്പല്ലുകളും 18–20 മാസത്തോടെ കോമ്പല്ലുകളും മുളയ്ക്കും. ആറു വയസിനുശേഷം പാൽപ്പല്ലുകൾ പറിഞ്ഞുപോകുകയും സ്ഥിരമായ പല്ലുകൾ മുളയ്ക്കുകയും ചെയ്യുന്നു. സാധാരണയായി 6–7 വയസിൽ



രണ്ട് മൂന്ന് വയസ്സിനിടയിൽ കുഞ്ഞിന് മൂന്ന് ചക്രമുള്ള സൈക്കിളിൽ സഞ്ചരിക്കാനും കഴിയും.

### കൈയും കണ്ണും തമ്മിലുള്ള ബന്ധവും കണ്ണുകളുടെ നിയന്ത്രണവും

അഞ്ചുമാസമാകുമ്പോൾ ശിശുക്കൾ വസ്തുക്കളിൽ കൈയെത്തിച്ച് പിടിക്കാൻ തുടങ്ങുമെങ്കിലും വിരലുകളുപയോഗിക്കാനാകില്ല. ഉള്ളംകൈ കൊണ്ടാണ് പിടിക്കുന്നത്. രണ്ട് വിരലുകൾ കൊണ്ട് ഒരു വസ്തു എടുക്കാറാകാൻ 10-14 മാസമെങ്കിലും കഴിയണം. 2-3 മാസം ആകുമ്പോഴേ ശിശുവിന് ചലിക്കുന്ന ഒരു വസ്തുവിനെ പിൻതുടർന്ന് നോക്കാനാകൂ. മൂന്ന് മാസത്തിനുശേഷമേ ദ്വിമാന കാഴ്ചയുണ്ടാകൂ. ആഴം മനസ്സിലാക്കാൻ 6-8 മാസമെങ്കിലുമാകും. ആഴത്തെക്കുറിച്ച് പൂർണമായി മനസ്സിലാക്കാൻ 6-7 വയസ്സാകും. ഇതുകൊണ്ടാണ് ചെറിയ കുട്ടികളുടെ കൈപിടിച്ചില്ലെങ്കിൽ നടക്കുമ്പോഴും പടികൾ ഇറങ്ങുമ്പോഴും അവർ വീഴുന്ന

ആദ്യത്തെ അണപ്പല്ലും 6-8 വയസിൽ ഉളിപ്പല്ലുകളും 9-12 വയസിൽ കോമ്പല്ലുകളും 12 വയസോടെ രണ്ടാമത്തെ അണപ്പല്ലുകളും 18 വയസിന് ശേഷം മൂന്നാമത്തെ അണപ്പല്ലുകളും ഉണ്ടാകും.

### തലയുടെ നിയന്ത്രണം

ശിശു തല ഉയർത്താൻ ശ്രമിക്കുന്നത് 4-12 ആഴ്ച വരെയുള്ള പ്രായത്തിലാണ്. 12-22 ആഴ്ചവരെയുള്ള പ്രായത്തിൽ ശിശുവിന് തലയുടെ നിയന്ത്രണം ലഭിക്കുന്നു. തല ഉറയ്ക്കുന്നു എന്ന് നമ്മൾ പറയുന്നു.


അഞ്ചാം മാസത്തിൽ കുഞ്ഞ് ആദ്യം വശങ്ങളിലേക്ക് ചരിയും. പിന്നീട് കമഴ്ന്ന് കിടക്കാൻ തുടങ്ങും. എട്ട് മാസമാകുന്നതോടെ കുഞ്ഞ് തറയിൽ നീന്തിത്തുടങ്ങുന്നു. അഞ്ചുമാസം മുതൽ തന്നെ കുഞ്ഞ് നാം പിടിച്ചിരുത്തുമ്പോൾ ഇരിക്കാൻ ശ്രമിക്കുകയും ഇരിക്കുമ്പോൾ ശരീരം നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ തുടക്കത്തിൽ താങ്ങില്ലാതെ ഇരിക്കാനാകില്ല. എട്ട് മാസമാകുന്നതോടെ ഇരുത്തിയാൽ വീഴാതെ ഇരിക്കാൻ പഠിക്കും. പത്തുമാസമാകുമ്പോൾ കിടന്നിടത്ത് നിന്ന് എഴുന്നേറ്റിരിക്കാൻ പഠിക്കുകയും മുട്ടുകുത്തി നടക്കാൻ തുടങ്ങുകയും ചെയ്യും.

നാലുമാസം മുതൽ ശിശു അമ്മയുടെ മടിയിൽ കാൽ നിവർത്തി പിടിച്ചുനിർത്തിയാൽ അല്പസമയം നിൽക്കാൻ ശ്രമിക്കും. എങ്കിലും 9-10 മാസത്തോടെയാണ് നിൽക്കാനും ഒന്നുരണ്ടടി മുന്നോട്ട് വയ്ക്കാനും തുടങ്ങുന്നത്. പത്തുമാസമാകുമ്പോഴേയ്ക്ക് കട്ടിലിലും കസേരകളിലും മറ്റും പിടിച്ച് എഴുന്നേൽക്കാനും നീങ്ങാനും ശ്രമിക്കുന്നു. 15 മാസമാകുമ്പോൾ കുഞ്ഞ് ഏതാനും അടി വശങ്ങളിലേക്കോ പിന്നിലേക്കോ നടക്കാൻ പഠിക്കും. കാലിന്റെ തള്ളവിരലുകൾ കുത്തി മുന്നോട്ട് നടക്കാനാകണമെങ്കിൽ രണ്ട്-രണ്ടര വയസ്സാകണം. രണ്ട് വയസ്സിലാണ് പടികൾ കയറാൻ തുടങ്ങുക. രണ്ടുകാലുകളും ഒരു പടിയിൽ എത്തിയിട്ടേ അടുത്ത പടി കയറൂ. മൂന്ന് വയസോടെയാണ് ഓരോ പടിയിലും ഓരോ കാൽ വച്ച് പടികൾ കയറിത്തുടങ്ങുന്നത്.

### പ്രായത്തിനനുസരിച്ച് ഒരു കുഞ്ഞിന്റെ ശാരീരിക വളർച്ചയിൽ വേണ്ട ഉയരം, ഭാരം

| പ്രായം | ഉയരം (സെ.മീ) | | ഭാരം (കി.ഗ്രാം) | |
|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ |
| 0 മാസം | 50 | 50 | 3 | 3 |
| 3 മാസം | 60 | 60 | 5.5 | 5.5 |
| 5 മാസം | 65 | 65 | 6 | 6 |
| 9 മാസം | 70 | 70 | 8.5 | 8.1 |
| 12 മാസം | 74 | 73.5 | 9.3 | 8.9 |
| 1 വയസ് | 81 | 80 | 11 | 10.5 |
| 2 വയസ് | 86 | 85 | 12 | 11.5 |
| 3 വയസ് | 96 | 95 | 14.5 | 13.5 |
| 4 വയസ് | 103 | 102 | 16.2 | 16 |
| 5 വയസ് | 107 | 106 | 17.4 | 17 |
| 6 വയസ് | 113.7 | 113 | 19.2 | 18.8 |
| 7 വയസ് | 118.6 | 118.2 | 19.4 | 19 |
| 8 വയസ് | 124.1 | 122.7 | 21 | 20.5 |
| 9 വയസ് | 130.4 | 128.6 | 26.5 | 25.8 |
| 10 വയസ് | 134.7 | 134.8 | 28.7 | 29.6 |
| 10 വയസ് | 137.6 | 137.9 | 30.8 | 31.9 |
| 11 വയസ് | 139.6 | 141.3 | 31.9 | 34.3 |
| 11എ വയസ് | 142.3 | 144.3 | 33.8 | 36.8 |
| 12 വയസ് | 144.7 | 146.7 | 35.4 | 38.7 |
| 12എ വയസ് | 147.9 | 149.9 | 37.9 | 41.9 |
| 13 വയസ് | 150.3 | 151.4 | 39.4 | 42.6 |
| 13 വയസ് | 154.9 | 153.2 | 43.2 | 45.2 |
| 14 വയസ് | 158.0 | 153.6 | 44.7 | 45.7 |
| 14 വയസ് | 161.4 | 154.8 | 48.1 | 46.6 |
| 15 വയസ് | 164.3 | 155.0 | 51 | 48 |
| 15 വയസ് | 165.5 | 155.4 | 52.4 | 48.9 |
| 16 വയസ് | 167.1 | 155.8 | 54 | 49.2 |
| 16 വയസ് | 167.9 | 156 | 55 | 49.4 |
| 17 വയസ് | 168.6 | 157.1 | 56.6 | 50 |
| 17 വയസ് | 169.4 | - | 56.9 | - |
| 18 വയസ് | 169.8 | - | 59.7 | - |

ത്. കുഞ്ഞുങ്ങൾക്ക് ഒരു വയസ്സിൽ സ്പൂൺ ഉപയോഗിക്കാൻ കഴിയുമെങ്കിലും തുളുമ്പിപ്പോകാതെ സ്പൂൺ ഉപയോഗിച്ച് സ്വയം ഭക്ഷണം കഴിക്കാൻ പതിനഞ്ചു മാസമെങ്കിലും ആകണം. അതുപോലെ കപ്പ് ചുണ്ടോടുപ്പിച്ച് പുറത്തുപോകാതെ വെള്ളം കുടിക്കാൻ കഴിയുന്നതിന് ഒന്നര വയസെങ്കിലും ആകണം.




### കൈകളുടെ കഴിവുകൾ

ഒരു ചിത്രപുസ്തകത്തിന്റെ പേജുകൾ രണ്ടുമൂന്നെണ്ണം ഒന്നിച്ച് മറിക്കാൻ പതിമൂന്ന് മാസമാകുമ്പോഴേയ്ക്ക് സാധിക്കുമെങ്കിലും ഒരു പേജ് വീതം മറിക്കാൻ രണ്ടു വയസെങ്കിലും ആകണം. പെൻസിൽ (ക്രയോൺ) ഉപയോഗിച്ച് ഒരു വയസ്സുമുതൽ കുഞ്ഞുങ്ങൾ തനിയെ തലങ്ങും വിലങ്ങും വരയ്ക്കും. എന്നാൽ ലംബരേഖയോ തിരശ്ചീന രേഖയോ വരയ്ക്കണമെങ്കിൽ രണ്ടുവയസ്സാകും. വൃത്തം വരയ്ക്കാനുള്ള കഴിവ് മൂന്ന് വയസിലും അധിക ചിഹ്നം വരയ്ക്കാൻ നാലിലും ഗുണനചിഹ്നമിടാൻ അഞ്ചാം വയസ്സിലും കഴിവ് നേടുന്നു. ചതുരം വരയ്ക്കാൻ നാല് വയസും ത്രികോണം വരയ്ക്കാൻ അഞ്ചു വയസ്സും ആകണം. രണ്ടും രണ്ടരയും വയസ്സ് പ്രായമാകുമ്പോൾത്തന്നെ കുഞ്ഞുങ്ങളെ നഴ്സറിയിൽ വിട്ട് വരയ്ക്കാനും എഴുതാനും പരിശീലിപ്പിക്കുന്നത് തികച്ചും അശാസ്ത്രീയമാണ്. ഇതവരുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു.

### സാമൂഹികവളർച്ച

രണ്ടാം മാസത്തിൽ കുഞ്ഞ് ചിരിക്കാൻ തുടങ്ങുന്നു. മൂന്ന് മാസമാകുമ്പോഴേയ്ക്ക് കുഞ്ഞിന് അമ്മയെ കൃത്യമായി തിരിച്ചറിയാൻ കഴിയും. ഏഴെട്ട് മാസമാകുന്നതോടെ അപരിചിതരെ ആകാംക്ഷയോടെ നോക്കാൻ തുടങ്ങുന്നു. മാത്രമല്ല, തന്റെ കൈയിലുള്ള കളിപ്പാട്ടങ്ങളും മറ്റും മറ്റുള്ളവർ പിടിച്ചുവാങ്ങുന്നതിനെ എതിർക്കാനും ശ്രമിക്കും. ഒരു വയസ്സോടെ അച്ഛനമ്മമാർ കാണിച്ചുകൊടുക്കുന്ന കാര്യങ്ങൾ അനുകരിക്കാനുള്ള കഴിവ് കുഞ്ഞ് നേടുന്നു.

### സംസാരിക്കാൻ തുടങ്ങുന്നത്

ഒരു മാസമാകുമ്പോഴേക്കും ശബ്ദം കേട്ട ദിശയിലേക്ക് കുഞ്ഞ് തല തിരിക്കുമെങ്കിലും ഒമ്പത് മാസമാകുമ്പോഴാണ് ഒറ്റ അക്ഷരങ്ങൾ വരുന്ന ശബ്ദങ്ങൾ ഉണ്ടാക്കുന്നത് (ഇത് യഥാർത്ഥ സംസാരമല്ല). ഒരു വയസ്സാകുമ്പോൾ അമ്മ, അച്ഛൻ തുടങ്ങിയ ഒന്നോ രണ്ടോ വാക്കുകൾ പറയാൻ തുടങ്ങും. ഒന്നര വയസാകുമ്പോൾ 6-20 വരെ പരിചയമുള്ള വസ്തുക്കളുടെ പേരും മറ്റ് വാക്കുകളും പറയാൻ പഠിക്കും. രണ്ട് വയസ്സാകുന്നതോടെ നാമങ്ങളടങ്ങിയ വാക്കുകൾ ചേർത്ത് പറയും. (ക്രിയാപദങ്ങൾ ചേർത്ത് പൂർണവാചകങ്ങൾ സാധ്യമല്ല.) മൂന്നാം വയസ്സിൽ വാചകങ്ങൾ പറയാൻ തുടങ്ങും. ഈ പ്രായത്തിലുള്ള കുഞ്ഞിന് ഇരുന്നൂറ്റമ്പതിൽ അധികം വാക്കുകൾ അറിയാം. നാലുവയസാകുമ്പോഴേ കുഞ്ഞിന് നടന്ന സംഭവങ്ങൾ സ്വന്തമായ രീതിയിൽ വിവരിക്കാനാകൂ. ചില്ലക്ഷരങ്ങൾ പഠിക്കാൻ പിന്നെയും സമയമെടുക്കും (നമ്മുടെ നഴ്സറികൾ തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുകയല്ലേ ചെയ്യുന്നത്!). രണ്ട് വയസ്സിനും മൂന്ന് വയസ്സിനും ഇടയിൽ കുഞ്ഞിനെ കക്കൂസിൽ പോകുന്നത് പരിശീലിപ്പിക്കേണ്ടതാണ്. മലമൂത്ര വിസർജനം അല്പസമയത്തേക്ക് പിടിച്ച് നിർത്തുവാൻ കുട്ടിക്ക് മൂന്ന് വയസ്സെങ്കിലും ആവണം.

മുകളിൽ സൂചിപ്പിച്ച രീതിയിൽ പ്രായത്തിനനുസരിച്ച് കുഞ്ഞുങ്ങൾ പ്രതികരിക്കുന്നില്ലെങ്കിലോ വളർച്ച കാണിക്കുന്നില്ലെങ്കിലോ ഒരു ശിശുരോഗവിദഗ്ദ്ധനെ കാണിക്കണം.

ശൈശവം കഴിഞ്ഞാൽ പത്ത് വയസ് വരെ കുട്ടികളുടെ വളർച്ച ക്രമമായി സാവകാശം നടക്കുന്ന ഒരു പ്രക്രിയയാണ്. ഈ കാലഘട്ടത്തിൽ ആൺകുട്ടികൾ പെൺകുട്ടികളെക്കാൾ തൂക്കത്തിലും ഉയരത്തിലും അല്പം മികച്ചു നിൽക്കുമെങ്കിലും പൊതുവെ എടുത്താൽ രണ്ടുകൂട്ടരും തമ്മിൽ കാര്യമായ അന്തരം ഇല്ലെന്ന് പറയാം. (വളർച്ചയുടെ പട്ടിക കാണുക.) ക്രമവും സാവകാശവുമായ വളർച്ചയാണെങ്കിലും ഒരു വ്യക്തിത്വം രൂപപ്പെടുന്ന സവിശേഷ ഘട്ടമാണിത്. ഭക്ഷണകാര്യത്തിലും സാമൂഹിക ചുറ്റുപാടുകളുമായുള്ള ഇടപെടലിന്റെ കാര്യത്തിലും ഒക്കെ അങ്ങേയറ്റം ശ്രദ്ധ ഈ ഘട്ടത്തിൽ നൽകേണ്ടത് ശരിയായ വ്യക്തിത്വം രൂപപ്പെടുന്നതിന് അനിവാര്യമാണ്.

*തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലക്ചററാണ് ലേഖകൻ*

## പഴയത് Vs പുതിയത്

കുഞ്ഞുങ്ങളെ വളർത്തുന്നതിൽ നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന പല രീതികളുമുണ്ട്. അവയിൽ ചിലത് ശരിയും ചിലത് അഭികാമ്യമല്ലാത്തതുമാണെന്ന് വൈദ്യശാസ്ത്രം പറയുന്നു. കുഞ്ഞു ജനിച്ചാൽ പാലൂട്ടൽ തുടങ്ങും മുമ്പ് തേൻ ചേർത്ത വെള്ളം, ഗ്ളൂക്കോസ്, ഫോർമുല മിൽക്ക് തുടങ്ങിയവ നൽകരുത്. പൗഡർ കുഞ്ഞുശരീരത്തിന് ഗുണം ചെയ്യില്ലെന്നു മാത്രമല്ല, പലപ്പോഴും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യും. കാജൽ, സുറുമ എന്നിവ ശിശുക്കളുടെ കണ്ണിൽ എഴുതരുത്. കോട്ടൺ തുണികളും ഡയപ്പറുകളും മാത്രം ഉപയോഗിക്കുക വിരൽ കുടിക്കാതിരിക്കാൻ കയ്പു വസ്തുക്കൾ വിരലിൽ പുരട്ടുന്നതു പോലുള്ള തന്ത്രങ്ങൾ കുഞ്ഞുങ്ങളിൽ പ്രയോഗിക്കരുത്. അത് കടുത്ത പ്രശ്നമാണെങ്കിൽ ശിശുരോഗവിദഗ്ധൻ മനശ്ശാസ്ത്രപരമായി കൈകാര്യം ചെയ്യേണ്ട ഒന്നാണ്.



കവർ സ്റ്റോറി

ഡോ.കെ.ഇ. എലിസബത്ത്

# കുട്ടികളുടെ വളർച്ചയും ആഹാരക്രമവും ശ്രദ്ധിക്കേണ്ട മറ്റ് കാര്യങ്ങളും

*"If we eat wrongly, no doctor can cure you*
*And of we eat rightly, no doctor is needed*
*-Victor.G Rocine (1930)"*

കുട്ടികളുടെ വളർച്ചയെപ്പറ്റി ആശങ്ക ഇല്ലാത്ത മാതാപിതാക്കൾ ഇല്ല. അതിൽ ആഹാരക്രമത്തിന് വേണ്ട പ്രാധാന്യം നാം നൽകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കുട്ടികളുടെ ആഹാരക്രമത്തെ പറ്റി പല അമ്മമാർക്കും ശരിയായ ധാരണയില്ല. ചിലർക്ക് എന്തിനും ഏതിനും സംശയമാണ്. എന്ത് കൊടുക്കണം, എപ്പോൾ കൊടുക്കണം, എത്ര കൊടുക്കണം എന്ന സംശയങ്ങൾക്ക് പുറമെ ചില ആഹാരങ്ങൾ കുഞ്ഞിന് അലർജിയാണ് എന്ന നിഗമനത്തിലും ചിലർ എത്തിച്ചേരും.

ഒരു കുഞ്ഞ് ജനിച്ചാൽ മുലപ്പാൽ മാത്രമെ നൽകാവൂ എന്ന് ഇപ്പോൾ ഏവർക്കും അറിയാം. ഇത് കുഞ്ഞിന്റെ വളർച്ച, ബുദ്ധിവികാസം, വ്യക്തിത്വവികസനം, രോഗപ്രതിരോധം എന്നിവ ഉറപ്പാക്കുന്നു. തൂക്കം നോർമൽ ആയിട്ടുള്ള കുഞ്ഞുങ്ങൾക്ക് വിറ്റാമിൻ, ധാതുലവണങ്ങൾ എന്നിവയുടെ തുള്ളി മരുന്നുകളും ആവശ്യമില്ല. മുലപ്പാലിന് പുറമെ തിളപ്പിച്ചാറിയ വെള്ളം, പാൽപ്പൊടി, പശുവിൻപാൽ എന്നിവ കൂടി നൽകണം എന്ന ഇടക്കാല ധാരണ ഇപ്പോൾ തിരുത്തിക്കുറിച്ചു കഴിഞ്ഞു. 1992 നു ശേഷം ശിശുസൗഹാർദ ആശുപത്രികൾ എന്ന സന്ദേശം പരന്നതോടെ ഈ പ്രവണത മാറിവന്നു. പാൽക്കുപ്പികളും ഏകദേശം അപ്രത്യക്ഷമായി എന്നതും ശ്രദ്ധേയമാണ്. ഗ്ലാസും സ്പൂണും ഉപയോഗിച്ച് കുഞ്ഞിന് ആഹാരം നൽകുന്നതാണ് നല്ലത്. പിഴിഞ്ഞെടുത്ത മുലപ്പാൽ മാത്രമെ നൽകാവൂ എന്നാണ് ഡോക്ടർമാർ നിർദേശിക്കുന്നത്. കഴിവതും രണ്ടുവയസുവരെ മുലയൂട്ടൽ തുടരുക. തലച്ചോറിന്റെ പെട്ടെന്നുള്ള വളർച്ച ആദ്യത്തെ രണ്ട് വർഷത്തിലായതുകൊണ്ട് ഇത് ബുദ്ധി വികാസത്തിനും വളരെ സഹായിക്കും. കുഞ്ഞിന് ആവശ്യാനുസരണം തൂക്കം വയ്ക്കുന്നില്ലെങ്കിൽ മാത്രം ഡോക്ടറുടെ നിർദേശപ്രകാരം പാൽപ്പൊടിയും മറ്റും നൽകാം. ഇരട്ടക്കുഞ്ഞുങ്ങൾക്കും മുലപ്പാൽ മാത്രം മതിയാകും എന്നത് ശ്രദ്ധേയമാണ്. മുലപ്പാൽ കുടിക്കുന്തോറും ഏറിടും എന്ന തിരിച്ചറിവും നമുക്ക് ഉണ്ടാകണം. അമ്മ ആവശ്യത്തിന് വെള്ളവും ആഹാരവും വൈറ്റമിനുകളും കഴിക്കണമെന്നുമാത്രം. തലച്ചോറിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ മുലപ്പാൽ രണ്ടു വയസ്സുവരെ നൽകാം.

മിക്ക അമ്മമാരും ജോലിയുള്ളവരായതുകൊണ്ട് 4-4.5 മാസമാകുമ്പോൾ കുഞ്ഞിന് കുറുക്കു നൽകിത്തുടങ്ങും. 4 മുതൽ 6 മാസം പ്രായമാകുമ്പോൾ കുറുക്കു രൂപത്തിൽ അർദ്ധ ഖരാഹാരം കഴിക്കുവാനുള്ള ഒരു പരീശിലനമായി കണക്കാക്കണം. കുവരക്, അരി, ഗോതമ്പ്, ഏത്തക്കാപ്പൊടി, ധാന്യങ്ങളും പയറുവർഗങ്ങളും ചേർത്ത് പൊടിച്ചത് എന്നിവ കുറുക്കു രൂപത്തിൽ നൽകണം. കുറേശ്ശെ കുറേശ്ശെ പലപ്രാവശ്യം കുഞ്ഞിന് ഇവ നൽകാം. പരിചയിച്ച കുറുക്കുകൾ ഉച്ചയ്ക്കുശേഷവും രാത്രിയിലും നൽകാം. പുതിയവ രാവിലെ തുടങ്ങുക. കാരണം അലർജി, വയറിനസുഖം എന്നിവ വന്നാൽ രാവിലെ സമയത്ത് വേഗം വൈദ്യസഹായം തേടാമല്ലോ. 32 പലവകകൾ ഒന്നിച്ച് പൊടിച്ച് ആരോഗ്യമിക്സ് എന്നു പറഞ്ഞ് നൽകുന്നത് ശരിയായ പ്രവണതയല്ല. ഇതു മൂലം ഏതിനോടാണ് അലർജി എന്നു പോലും കണ്ടുപിടിക്കാൻ സാധിക്കുകയില്ല. കൂടാതെ ഇതിൽ പല വകകളും മുതിർന്നവർപ്പോലും കഴിക്കാത്തവയാണ്.

പശുവിൻപാൽ എപ്പോൾ നൽകാം എന്നതാണ് പലരുടെയും സംശയം, ഒരു വയസ്സുവരെ കഴിയുന്നതും പശുവിൻപാൽ ഒഴിവാക്കിയാൽ നല്ലത്. എന്നാൽ 6 മാസത്തിനു ശേഷം പശുവിൻപാൽ കുറുക്കിയും മറ്റും ചേർത്തു നൽകുന്നതിൽ തെറ്റില്ല. അലർജി, ആസ്ത്മ, എക്സിമ തുടങ്ങിയ അസുഖങ്ങൾ ഉള്ള കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് പശുവിൻപാൽ ശൈശവത്തിൽ നൽകാതിരിക്കുന്നതാണ് നല്ലത്. പശുവിൻപാലിനു പകരം തേങ്ങാപ്പാൽ കുറുക്കിലും മറ്റും ചേർക്കുന്നത് നല്ലതാണ്. ചൂടുവെള്ളത്തിൽ തേങ്ങ പിഴിഞ്ഞ് തേങ്ങാപ്പാൽ ഉണ്ടാക്കി കുറുക്കിൽ പാലിനു പകരം ചേർക്കാം. തേങ്ങാപ്പാൽ തിളപ്പിച്ച് എണ്ണ തെളിയരുത്. അരി, ഗോതമ്പ്, ഉഴുന്ന് എന്നിവ വറുത്ത് പൊടിച്ച് പഞ്ചസാരയും ചേർത്ത് SAT Mix എന്ന പേരിൽ SAT ആശുപത്രിയിൽ തയ്യാറാക്കുന്ന കുറുക്ക് മിക്ക കുട്ടികൾക്കും വളരെ പ്രിയപ്പെട്ടതാണ്. കുറുക്കിൽ പഞ്ചസാരയ്ക്ക് പകരം കരിപ്പട്ടി (Jaggery) ചേർക്കാവുന്നതാണ്. കുഞ്ഞുങ്ങൾക്ക് കുറുക്ക് സ്പൂണിൽ കോരിക്കൊടുക്കണം. പകരം പാൽക്കുപ്പിയിൽ ആക്കി നൽകരുത്. കട്ടിയാഹാരം കഴിക്കുവാനുള്ള ഒരു പരിശീലനം എന്ന






നിലയിൽ തന്നെ ഇതു നൽകണം. 8-9 മാസമാകുമ്പോൾ വീട്ടിൽ ഉണ്ടാക്കുന്ന ആഹാരസാധാനങ്ങൾ കൈവച്ച് ഉടച്ച് നൽകാം. പഴവർഗങ്ങളും കുറേശ്ശെ നൽകിത്തുടങ്ങാം. 1 വയസ്സാകുമ്പോഴേക്കും മുതിർന്നവർ കഴിക്കുന്ന ആഹാരം കഴിക്കുവാനായി കുഞ്ഞിനെ പരിശീലിപ്പിച്ചെടുക്കണം. ധാന്യങ്ങൾ, പയറുവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ, പച്ചക്കറികൾ, പഴവർഗങ്ങൾ, പാലുത്പന്നങ്ങൾ എന്നിവ. എരിവും പുളിയും ഉപ്പും കുറഞ്ഞ ആഹാരസാധനങ്ങൾ കുഞ്ഞിനു നൽകണം. മുട്ടയുടെ മഞ്ഞക്കരു ആദ്യം നൽകണം. വെള്ളക്കരുവിൽ പ്രോട്ടീൻ ധാരാളമുള്ളതുകൊണ്ട് അലർജിയുള്ളവരിൽ വെള്ളക്കരു നൽകുമ്പോൾ പ്രശ്നം വരാം. ഇറച്ചി, മീൻ, മുട്ട എന്നിവ നൽകാത്തവർക്ക് പാലുത്പന്നങ്ങൾ, പയറുവർഗങ്ങൾ എന്നിവ കൂടുതലായി നൽകണം.

മുളപ്പിച്ച ധാന്യങ്ങളും പയറുവർഗങ്ങളും കുഞ്ഞുങ്ങൾക്ക് അത്യുത്തമമാണ്.

ഒരു വയസ്സു കഴിഞ്ഞ കുഞ്ഞുങ്ങൾ പൊതുവെ ആഹാരം കഴിക്കുവാൻ വിമുഖതയുള്ളവരും വാശിപിടിക്കുന്നവരും ആയിരിക്കും. ഇവർക്ക് കളികൾക്കിടയിൽ കുറേശ്ശെ കുറേശ്ശെ ആഹാരം നൽകണം. ആഹാരം കഴിക്കുവാൻ പ്രത്യേകം ഇരിപ്പിടം, പ്രത്യേകം പാത്രം, ഗ്ലാസ് എന്നിവ ഉള്ളതും നല്ലതാണ്. കുഞ്ഞിന് കഴിക്കാവുന്ന അത്രയും ആഹാരം മാത്രം നൽകുവാൻ ശ്രദ്ധിക്കണം. കുഞ്ഞിന് കഴിച്ചു തീർക്കുവാൻ സാധിക്കുന്നില്ലെങ്കിൽ കുഞ്ഞിനെ ശിക്ഷിക്കാതെ ബാക്കി ആഹാരം എടുത്തുമാറ്റുന്നതാണ് നല്ലത്. അടുത്ത പ്രാവശ്യം അല്പം അളവു കുറച്ച് കുഞ്ഞിന് ആഹാരം നൽകുക.

ആഹാരം കഴിക്കുന്നതിൽ മാതാപിതാക്കളും മുതിർന്നവരും കുഞ്ഞിന് മാതൃകയായിരിക്കണം. ആഹാരം മിച്ചംവയ്ക്കുന്നതും ആഹാരത്തിന് കുറ്റം പറയുന്നതും ഒഴിവാക്കുക.

നഴ്സറി പ്രായത്തിലുള്ള കുഞ്ഞുങ്ങൾ മറ്റുള്ളവരോടൊപ്പം ഇരുന്ന് ആഹാരം കഴിക്കുന്നതിൽ താത്പര്യം കാണിക്കും. ചോക്ലേറ്റ്, മധുരം, കൊഴുപ്പ് എന്നിവ അമിതമായി നൽകരുത്.

കുട്ടിക്കാലം മുതൽ ജീവിതാവസാനം വരെ സമീകൃതാഹാരം തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക. ദൈനംദിന ആഹാരക്രമത്തിൽ ധാന്യങ്ങൾ പയറുവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ, പച്ചക്കറികൾ, പഴവർഗങ്ങൾ, പാലുത്പന്നങ്ങൾ, മാംസാഹാരം എന്നിവ ഉൾപ്പെടുത്തുക. എണ്ണ, കൊഴുപ്പ്, മധുരം എന്നിവ മിതമായി ഉപയോഗിക്കുക. ഫാസ്റ്റുഫുഡ്, കോള എന്നിവ സമീകൃതാഹാരം അല്ലെന്ന് ഓർക്കുക. അവ കൊഴുപ്പും മധുരവും വർധിപ്പിക്കുകയും രക്തക്കുഴലുകൾ, തലച്ചോറ്, ഹൃദയം എന്നിവയിൽ രോഗം വിതയ്ക്കുകയും ശരീരഘടനയിൽ മാറ്റം വരുത്തുകയും ചെയ്യുന്നു. ഇത് അകാലവാർദ്ധക്യവും കാൻസറും വിളിച്ചുവരുത്തിയേക്കാം.

രോഗം ഉള്ളപ്പോഴും കുറെശ്ശെ എളുപ്പം ദഹിക്കുന്ന ആഹാരം നൽകുവാൻ ശ്രദ്ധിക്കുക. മുലയൂട്ടുന്ന കുഞ്ഞുങ്ങൾക്ക് മുലപ്പാൽ തുടർന്നും നൽകുക. രോഗം ഭേദമായിക്കഴിഞ്ഞാൽ രണ്ട് ആഴ്ചത്തേക്ക് അധിക ഭക്ഷണം നൽകുക. ഇത് നഷ്ടപ്പെട്ട ആരോഗ്യവും തൂക്കവും വീണ്ടെടുക്കുന്നതിന് സഹായിക്കും. ഗർഭിണികൾ ഒരു നേരം അധികഭക്ഷണം കഴിക്കണം. മുലയൂട്ടുന്ന അമ്മമ്മാർ ഒരു നേരത്തെ ഭക്ഷണവും ഒരു ലഘുഭക്ഷണവും കൂടുതലായി കഴിക്കണം.

കൂടാതെ പ്രതിരോധ ചികിത്സ, വിരയ്ക്ക് മരുന്ന് നൽകൽ, വ്യക്തി ശുചിത്വം, പരിസരശുചിത്വം എന്നിവയ്ക്ക് ഊന്നൽ നൽകണം.

*തിരുവനന്തപുരം എസ്എടി ആശുപത്രിയിലെ ശിശുരോഗവിഭാഗം പ്രൊഫസറാണ് ലേഖിക*



# കുഞ്ഞുങ്ങൾക്ക് അസ

കുറച്ചു കാലം മുമ്പ് പ്രസിദ്ധമായ തമാശയാണ്. ആദ്യത്തെ കുട്ടിയുടെ കൈ മൊട്ടുസൂചികൊണ്ട് മുറിഞ്ഞു. വേഷം പോലും മാറാതെ കുഞ്ഞിനെയും കൊണ്ട് ആശുപത്രിയിലെത്തി. പഞ്ഞിയിൽ അല്പം മരുന്നുമുക്കി മുറിവിൽ വച്ച് ഡോക്ടർ അവരെ മടക്കി അയച്ചു. എന്നിട്ടും അവരുടെ ഉത്കണ്ഠ മാറിയില്ല. ഇതേ ദമ്പതികൾക്ക് നാലാമത്തെ കുഞ്ഞു പിറന്നു. രണ്ടു വയസ്സായപ്പോൾ അവൻ കരഞ്ഞുകൊണ്ട് അച്ഛന്റെയടുത്ത് ഓടിയെത്തി കത്തികൊണ്ട് കൈയാകെ മുറിഞ്ഞ് ചോരപ്രളയം. തുണികീറി ചുറ്റിവച്ച് ഒരടിയും കൊടുത്ത് അച്ഛന്റെ കമന്റ് – എവിടെയെങ്കിലും പോയി കൈയും കാലും മുറിച്ച് വരും...അശ്രീകരം, പോയി കളിക്ക്.

അതിശയോക്തി കലർന്ന തമാശയാവും ഇത്. എങ്കിലും ആദ്യമുണ്ടാകുന്ന കുഞ്ഞുങ്ങൾക്ക് വരുന്ന അസുഖങ്ങൾ രക്ഷിതാക്കളിൽ കൂടുതൽ ഉത്കണ്ഠയുണ്ടാക്കും. എന്നാൽ ഇന്നിപ്പോൾ ആകെ ഒരു കുഞ്ഞിന്റെയോ രണ്ടു കുഞ്ഞിന്റെയോ കാലം. അതുകൊണ്ട് രക്ഷിതാക്കൾക്ക് എന്നും ഉത്കണ്ഠ തന്നെ. കുഞ്ഞിന്റെ ആരോഗ്യത്തിലുള്ള അശ്രദ്ധ പോലെ തന്നെ അപകടമാണ് അധിക ഉത്കണ്ഠയും. കുഞ്ഞിന്റെ വളർച്ചയെപ്പറ്റിയും രോഗങ്ങളെപ്പറ്റിയും ശരിയായ ധാരണകൾ ഉണ്ടാകുക എന്നതാണ് ഇത്തരം അപകടങ്ങൾ ഒഴിവാക്കാനുള്ള പ്രധാന വഴി. കുട്ടികൾക്ക് അസുഖം വരിക സാധാരണമാണ്. ചില പ്രത്യേക സമയങ്ങളിൽ ഒരു കൂട്ടം രോഗങ്ങൾ കുട്ടികളെ ബാധിക്കാറുണ്ട്. ഇതിൽ സാധാരണം ശ്വാസകോശരോഗങ്ങൾ, വയറിളക്കം, ത്വഗ്രോഗങ്ങൾ, ബലക്ഷയം, വിരബാധ, വിളർച്ച മുതലായവയാണ്. മഴക്കാലത്തും കൊടുംവേനലിലും വേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്ന അവസരത്തിലും ദീർഘയാത്രയ്ക്കു ശേഷവുമാണ് കുട്ടികളിൽ അസുഖം വരാനുള്ള സാധ്യത ഏറുന്നത്. ശൈശവാവസ്ഥയിലാണ് കുട്ടികളെ ഇത്തരം അസുഖങ്ങൾ കൂടുതലായി ബാധിക്കുന്നത്.

### അസുഖം വേഗത്തിൽ

കുഞ്ഞുങ്ങൾക്ക് പ്രായമായവരെക്കാൾ പെട്ടെന്ന് അസുഖം പിടിപെടുന്നു. എന്താണ് കാരണം? കുട്ടികൾക്ക് മുതിർന്നവരെ അപേക്ഷിച്ച് പ്രതിരോധശക്തി കുറവാണ്. ഇത് രോഗം പെട്ടെന്ന് പിടിപെടാൻ കാരണമാകുന്നു. ശുചിത്വബോധം ഇല്ലായ്മയാണ് മറ്റൊരു കാരണം. വില്ലൻ ചുമ, പോളിയോ, ടെറ്റനസ്, അഞ്ചാം പനി, ഡിഫ്തീരിയ തുടങ്ങിയ മാരക രോഗങ്ങൾ തടയാനുള്ള പ്രതിരോധ കുത്തിവയ്പ്പ് എടുക്കാതിരിക്കലാണ് വേറൊരു കാരണം.

### അസുഖം പിടിപെട്ടാൽ

അസുഖം വന്നാൽ സ്വയം ചികിത്സ നടത്തരുത്. രോഗനിർണയം നടത്തുന്നതിന് ശിശുരോഗവിദഗ്ധന്റെ സഹായം തേടുക.

മരുന്നുകൾ കൃത്യമായ അളവിലും സമയത്തും നൽകുക. കുട്ടികൾ മരുന്ന് കഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പലപ്പോഴും



# ുഖം വരുമ്പോൾ

ഡോ. അമർ ഫെറ്റിൽ

മരുന്ന് ഉള്ളിലെത്താതിരിക്കുന്നതായി കാണാറുണ്ട്. ആന്റിബയോട്ടിക്കുകളും മറ്റും നൽകുമ്പോൾ ഡോക്ടർ നിർദേശിച്ച ഡോസ് പൂർണമായും നൽകണം. രോഗലക്ഷണങ്ങൾ മാറുമ്പോൾ മരുന്ന് നിറുത്താനുള്ള പ്രവണത ശരിയല്ല. കഴിക്കാതിരുന്നാൽ രോഗത്തിന്റെ കാഠിന്യം വർധിക്കാൻ ഇടയാകും. അസുഖം മറ്റ് കുട്ടികൾക്ക് പകരാനുള്ള സാധ്യതയുള്ളതിനാൽ മാതാപിതാക്കൾ കൂടുതൽ ശ്രദ്ധ ചെലുത്തണം. ചികിത്സച്ചെലവ് കൂടുമെന്ന് കരുതി മരുന്ന് കൊടുക്കാതിരിക്കരുത്.

## സാധാരണ പിടിപെടുന്ന രോഗങ്ങൾ

**ശ്വാസകോശരോഗങ്ങൾ**
**(ARI- Acute Respiratory Illness)**

ശ്വാസകോശ അണുബാധ ചുമയിൽ കൂടിയാണ് സാധാരണ പകരുന്നത്. ഇത് പല രൂപത്തിൽ വരാം. ജലദോഷത്തിൽ തുടങ്ങി മാരകമായ ന്യുമോണിയയിൽ വരെ ഇത് ചെന്നെത്താം. ശ്വാസകോശരോഗങ്ങളുടെ കൂടെ ക്ഷയബാധയും കുട്ടികളിൽ ഉണ്ടാകാം. ബാലക്ഷയം എന്നാണ് ഇത് അറിയപ്പെടുന്നത്. ഇതിനുകാരണം വൈറസാണ്. എന്നാൽ ന്യുമോണിയയ്ക്കു കാരണം ബാക്ടീരിയയാണ്. പനി, ജലദോഷം, ചുമ, തൊണ്ടവേദന, ചെവിവേദന, ശ്വാസംമുട്ടൽ എന്നിവയാണ് ശ്വാസകോശരോഗങ്ങളുടെ പ്രധാന ലക്ഷണങ്ങൾ. കുട്ടികൾക്ക് പ്രതിരോധശക്തി ഉണ്ടെങ്കിൽ അഞ്ച് ദിവസത്തെ ലളിതമായ ചികിത്സ കൊണ്ട് അസുഖം കുറയ്ക്കാൻ കഴിയും. പക്ഷേ ശ്രദ്ധിച്ചില്ലെങ്കിൽ അത് ജീവനുതന്നെ ഭീഷണിയാകും. അച്ഛനമ്മമാർക്ക് കുട്ടിയുടെ ശ്വാസഗതി നോക്കി ലളിതമായി രോഗത്തിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കാൻ കഴിയും.

**ശ്വാസഗതിയുടെ നിരക്ക്**

| | |
|---|---|
| 2 മാസത്തിന് താഴെ | 60/മിനിട്ട് |
| 2 മാസം മുതൽ 1 വയസ് വരെ | 50/മിനിട്ട് |
| 1 വയസുമുതൽ 5 വയസ് വരെ | 40/മിനിട്ട് |
| 5 വയസ് കഴിഞ്ഞ് | 30/മിനിട്ട് |

ഇപ്പറഞ്ഞതിന് മുകളിലാണെങ്കിൽ ശിശുരോഗവിദഗ്ധനെ സമീപിക്കണം.

## വയറിളക്കം

ശുചിത്വമില്ലാത്ത ആഹാരമോ വെള്ളമോ കഴിക്കുന്ന കുട്ടിക്ക് വയറിളക്കം പിടിപെടാം. വയറിളകുമ്പോൾ ചിലപ്പോൾ കൂടെ ചോരയും പഴുപ്പും ഉണ്ടാകാം. വയറിളക്കത്തിനു കാരണം വൈറസാണ്. ചിലപ്പോൾ ബാക്ടീരിയയും രോഗകാരണമാകാം. വൈറസാണ് രോഗകാരണമെങ്കിൽ പ്രത്യേകമരുന്ന് ആവശ്യമില്ല. ബാക്ടീരിയ മൂലമാണ് രോഗമുണ്ടാകുന്നതെങ്കിൽ മരുന്നു കഴിച്ചാൽ മാത്രമേ രോഗം മാറുകയുള്ളൂ. എല്ലാ വയറിളക്കരോഗത്തിനും സർവപ്രധാനമാണ് വീട്ടിൽ ലഭ്യമാകുന്ന പാനീയ ചികിത്സ (HAF- Home Available Fluid). തുടരെ വെള്ളംപോലത്തെ വയറിളക്കമാണെങ്കിൽ ഒ.ആർ.എസ് ലായനിയാണ് നല്ലത്. വയറിളക്കം മൂലമുണ്ടാകുന്ന ഛർദ്ദിക്കും പാനീയചികിത്സയിലൂടെ ആശ്വാസം ലഭിക്കും.

## ത്വക്‌രോഗം

മിക്ക ത്വക്‌രോഗങ്ങളും പകരുന്നതാണ്. സ്പർശനത്തിലൂടെയാണ് കുട്ടികളിൽ ഇത് പകരുന്നത്. ബാക്ടീരിയയാണ് രോഗകാരണം. തക്ക സമയത്ത് ഡോക്ടറെ കണ്ട് ആന്റിബയോട്ടിക് ഉപയോഗിച്ച് ചികിത്സിച്ചില്ലെങ്കിൽ ചില ത്വക്‌രോഗങ്ങൾ ഗുരുതരമായ വൃക്കരോഗങ്ങൾക്ക് വരെ കാരണമായി തീരാം.

## വിരബാധ

വിരബാധ ഒരു വയസ്സുമുതൽ പത്ത് - പതിനഞ്ച് വയസ് വരെയുള്ള കുട്ടികളിൽ ഉണ്ടാകാറുണ്ട്. 'കൊക്കൊപുഴു' ആണെങ്കിൽ ഗുരുതരമായ വിളർച്ചയും ഉണ്ടാകും. 'ഉരുളൻവിര' യാണെങ്കിൽ വയറുവേദന, പോഷണക്കുറവ്, വളർച്ചയില്ലായ്മ എന്നിവയും ഉണ്ടാകാം. 'കൃമി' ആണെങ്കിൽ മഴക്കാലത്ത് ഉണ്ടാകുന്ന ചൊറിച്ചിൽ, ഉറക്കമില്ലായ്മ എന്നിവയാണ് ലക്ഷണങ്ങൾ. വിരബാധ പകരുന്നത് ശുചിത്വമില്ലാ

### ദേശീയ പ്രതിരോധ കുത്തിവയ്പ് പട്ടിക

| പ്രതിരോധ മാർഗം | രോഗം | കൊടുക്കേണ്ട പ്രായം | കൊടുക്കേണ്ട രീതി |
|---|---|---|---|
| റ്റി.റ്റി | ടെറ്റനസ് | ഗർഭാവസ്ഥയിൽ | മാതാവിനുള്ള കുത്തിവയ്പ് |
| ബി.സി.ജി(ക്ഷയം) | ക്ഷയം | ജനനസമയത്തോ ആദ്യസമ്പർക്കത്തിലോ | ത്വക്കിനടിയിൽ |
| ഒ.പി.വി | പോളിയോ | ജനിക്കുമ്പോൾ | വായിൽക്കൂടി |
| ഡി.പി.റ്റി | ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ് | 6 ആഴ്ച, 10 ആഴ്ച, 14 ആഴ്ച | മാംസപേശിയിൽ |
| ഒ.പി.വി | പോളിയോ | മുകളിൽ പറഞ്ഞ പ്രകാരം | വായിൽക്കൂടി |
| മീസിൽസ് | അഞ്ചാംപനി | 9 മാസം പൂർത്തിയാകുമ്പോൾ | ത്വക്കിനടിയിൽ |
| ഡി.പി.റ്റി | ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ് | 16-18 മാസം | മാംസപേശിയിൽ |
| ഒ.പി.വി | പോളിയോ | മുകളിൽ പറഞ്ഞ പ്രകാരം | വായിൽക്കൂടി |
| ഡി.റ്റി | ഡിഫ്തീരിയ, ടെറ്റനസ് | 5 വയസ്, 16 വയസ് | മാംസപേശിയിൽ |
| റ്റി.റ്റി | ടെറ്റനസ് | 10 വയസ് | മാംസപേശിയിൽ |

***ഇതിനു പുറമെ 15 മാസത്തിൽ എം.എം.ആർ (മീസെൽസ്, മംപ്സ്, റുബല്ല) കുത്തിവയ്പും ജനന സമയത്തും ആറാം ആഴ്ചയിലും പതിനാലാം ആഴ്ചയിലും ഹെപ്പറ്റൈറ്റിസ് ബിക്കുള്ള കുത്തിവയ്പും എടുക്കുന്നത് അഭികാമ്യമാണ്.***

*ഒ.പി.വി-ഓറൽ പോളിയോ വാക്സിൻ, ഡി.റ്റി-ഡിഫ്തീരിയ ടെറ്റനസ് ടോക്സോയ്ഡ്, ഡി.പി.റ്റി- ഡിഫ്തീരിയ പെർട്ടുസിസ് ആന്റ് ടെറ്റനസ് ടോക്സോയ്ഡ്, റ്റി.റ്റി-ടെറ്റനസ് ടോക്സോയ്ഡ്.*

യ്മയിൽ നിന്നാണ്. (പുറമെയുള്ള മലവിസർജനം, വൃത്തിഹീനമായ പ്രദേശങ്ങളിൽ ചെരിപ്പ് ഉപയോഗിക്കാതെ നടക്കുക, കൈയും നഖവും ശുചിയാക്കാതെ ആഹാരം കഴിക്കുക മുതലായവ) വിരയ്ക്ക് മരുന്ന് കഴിക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങളും കഴിക്കണം.

## ചികിത്സിച്ചിട്ടും മാറുന്നില്ല, ഡോക്ടർ....

പലരും പറയുന്ന പരാതിയാണിത്. മരുന്നുകൾ നൽകിയിട്ടും രോഗം ശരിക്ക് മാറുന്നില്ല. രോഗത്തിന് മരുന്നുകൾ അത്യാവശ്യമാണ്. മറ്റു സംരക്ഷണങ്ങളൊടൊപ്പം ഓരോ അസുഖത്തിനും മരുന്ന്, ശുചിയായ അന്തരീക്ഷം, ശരിയായ ആഹാരം, മറ്റ് പിന്തുണ സംവിധാനങ്ങൾ എന്നിവ കൂടി നൽകിയാൽ രോഗം വേഗം ശമിക്കും. ചില ഉദാഹരണങ്ങൾ ഇതാ:

1. ജലദോഷം, തുമ്മൽ, മൂക്കടപ്പ് മുതലായവയുള്ള കുട്ടികൾക്ക് ഉപ്പ് ലായനി മൂക്കിൽ ഈരണ്ട് തുള്ളി ഓരോ മണിക്കൂർ ഇടവിട്ട് നൽകിയാൽ നല്ല ആശ്വാസമുണ്ടാകും. (200 മില്ലി ഒരു ഗ്ലാസ് തിളപ്പിച്ച വെള്ളത്തിൽ രണ്ട് വലിയ നുള്ള് ഉപ്പിട്ട് കലക്കിയ വെള്ളം)

2. ധാരാളം ചൂടുവെള്ളം ഇടയ്ക്കിടയ്ക്ക് നൽകുക. ഉദാ: ഉപ്പിട്ട കഞ്ഞിവെള്ളം അഞ്ചു മിനിട്ട് ഇടവിട്ട് രണ്ട്-മൂന്ന് സ്പൂൺ അളവിൽ നല്ല ചൂടോടുകൂടി കൊടുത്താൽ ചുമയെയും കഫക്കെട്ടിനെയും നിയന്ത്രിക്കുകയും മരുന്നിനെ നല്ല രീതിയിൽ പ്രവർത്തിക്കാൻ സഹായിക്കുകയും ചെയ്യും.

ചുക്കുകാപ്പി ചെറിയ അളവിൽ അര മണിക്കൂർ ഇടവിട്ട് കൊടുക്കുന്നതും നല്ലതാണ്.

3. ആവി കൊള്ളുക (കുട്ടികൾക്ക് ഫ്ളാസ്കിൽ തിളപ്പിച്ച വെള്ളം എടുത്ത് അതിൽ ഒന്ന് രണ്ട് തുളസിയില ഇട്ട് ആവി കൊള്ളിക്കുക)

4. വയറിളക്കമുള്ള കുട്ടികൾക്ക് ഉപ്പും ചെറുനാരങ്ങയും ചേർത്ത കഞ്ഞിവെള്ളം അഞ്ച് മിനിട്ട് വച്ച് രണ്ട് സ്പൂൺ കൊടുക്കണം. കഞ്ഞിവെള്ളമാണ് ഏറ്റവും നല്ലത്. ഈ കണക്കിൽ കൂടുതലായാൽ ഛർദി ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

5. വയറിളക്കമുള്ള കുട്ടികൾക്ക് പാനീയ ചികിത്സയ്ക്ക് പുറമെ ഇഡ്ഢലി, അപ്പം തുടങ്ങിയ ആവിയിൽ വേവിച്ച ആഹാരം നൽകുക.

6. ത്വക്‌രോഗമുള്ള കുട്ടികൾക്ക് വേപ്പില ഇട്ട വെള്ളം കുളിക്കാൻ ഉപയോഗിക്കുക.

7. ഡോക്ടർ നിർദേശിക്കുന്ന സമയത്ത് തന്നെ കുട്ടിക്ക് മരുന്ന് നൽകേണ്ടതാണ്. ഈ അവസരത്തിൽ കുട്ടി ഉറങ്ങുകയാണെങ്കിൽ ഉണർത്തിയെങ്കിലും മരുന്ന് കൊടുക്കണം.

8. ഗുളികയോ മരുന്നോ കൊടുക്കാൻ ചൂടുവെള്ളത്തെക്കാൾ തണുത്ത വെള്ളമാണ് നല്ലത്. ■

*തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ശിശുരോഗവിദഗ്ധനാണ് ലേഖകൻ*

കുഞ്ഞൊന്ന് കൈകാലിളക്കി ചിരിച്ചു തുടങ്ങിയപ്പോൾ അച്ഛനും അമ്മയും തമ്മിൽ മത്സരമായി. അവൻ എന്നെ നോക്കിയല്ലേ ചിരിച്ചത് എന്ന് അച്ഛനും എന്നെയല്ലേ എന്ന് അമ്മയും. കുഞ്ഞി കൈ വളരുന്നോ കുഞ്ഞിക്കാൽ വളരുന്നോ എന്ന് നോക്കി മുത്തച്ഛനും മുത്തശ്ശിയും. എത്ര നയനാനന്ദകരമായ കാഴ്ച, അല്ലേ?

ഒന്നോ രണ്ടോ കുട്ടികൾ മാത്രമുള്ള ഇപ്പോഴത്തെ തലമുറയിൽ ജനിക്കുന്ന ഓരോ കുഞ്ഞിനും ശാരീരികവും മാനസികവുമായ ആരോഗ്യമുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ഒരു വയസ്സു വരെയുള്ള കാലഘട്ടത്തിലാണ് കുഞ്ഞിന്റെ ശാരീരികവും ബുദ്ധിപരവുമായ വളർച്ച ദ്രുതഗതിയിൽ നടക്കുന്നത്. തലച്ചോറിന്റെ 90 ശതമാനത്തോളം രണ്ടു വയസ്സിനുള്ളിൽ വികസിക്കുന്നു. വളർച്ചയുടെ സുപ്രധാന അളവുകോലാണ് ശരീരഭാരം. അതുപോലെ ബുദ്ധിവികാസത്തിന്റെ മൂല്യം നിർണയിക്കാനും ഇന്ന് സാധ്യമാണ്.

ശിശുക്കളുടെ ബുദ്ധിവികാസം കാലാകാലങ്ങളിൽ പരിശോധിച്ച് സാധാരണ ഗതിയിലാണ് നടക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ബുദ്ധിവികാസത്തിലെ വ്യതിയാനം എത്രനേരത്തേ കണ്ടുപിടിക്കുന്നുവോ അതിന്റെ ചികിത്സ അത്രയും കൂടുതൽ ഫലപ്രദമാണ് എന്നതുതന്നെ കാരണം. ജനനത്തിന് മുൻപും പിൻപും ഉണ്ടാകുന്ന തകരാറുകൾ ചിലപ്പോൾ ബുദ്ധിവികാസത്തിൽ വ്യതിയാനങ്ങൾ ഉണ്ടാക്കിയേക്കാം. എന്നാൽ സുഖപ്രസവമാണെങ്കിൽപോലും കുട്ടിയുടെ വളർച്ചയും വികാസവും നിരീക്ഷിക്കേണ്ടതാണ്.

വളർച്ചയുടെ നാഴികക്കല്ലുകളെക്കുറിച്ചുള്ള അറിവുണ്ടായിരുന്നാൽ അമ്മയ്ക്ക് തന്നെ തന്റെ കുഞ്ഞിന്റെ ബുദ്ധിവികാസം നിരീക്ഷിക്കാം.

താഴെപ്പറയുന്ന കാര്യങ്ങൾ കുഞ്ഞുങ്ങൾ ചെയ്യുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക:

- രണ്ട് മാസം തികയുമ്പോൾ മുഖത്തു നോക്കി ചിരിക്കണം.
- നാല് മാസം തികയുമ്പോൾ കഴുത്തുറയ്ക്കണം. (കുഞ്ഞിനെ കമഴ്ത്തിക്കിടത്തുക, കൈ കുത്തി തലയും നെഞ്ചും പൊക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക)
- എട്ട് മാസം തികയുമ്പോൾ കുട്ടി തനിയെ ഇരിക്കണം. (മറ്റുള്ളവർ പിടിച്ചിരുത്തിയാലെങ്കിലും ഇരിക്കണം)
- ഒരു വയസ്സാകുമ്പോഴേക്കും തനിയെ നിൽക്കാൻ കഴിയണം.

മേൽപ്പറഞ്ഞ നിരീക്ഷണങ്ങളിൽ കുഞ്ഞ് യഥാസമയം പ്രതികരിക്കുന്നില്ലെങ്കിൽ ലഘുവായ ചികിത്സാരീതികൾ (തെറാപ്പി) കൊണ്ട് ഒരു പരിധിവരെ ഭാവിയിൽ ഉണ്ടായേക്കാവുന്ന വലിയ കുഴപ്പങ്ങൾ ഒഴിവാക്കാൻ കഴിയും. കുട്ടിയുടെ ബുദ്ധിവികാസം തിട്ടപ്പെടുത്തുന്നതോ

# ബുദ്ധിവികാസവു
# പെരുമാറ്റ വൈക

ഓരോ കുഞ്ഞിനും ശാരീരികവും മാനസികവുമായ ആരോഗ്യമുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ഒരു വയസ്സുവരെയുള്ള കാലഘട്ടത്തിലാണ് കുഞ്ഞിന്റെ ശാരീരികവും ബുദ്ധിപരവുമായ വളർച്ച ദ്രുതഗതിയിൽ നടക്കുന്നത്.



ഡോ. എം കെ സി നായർ

ടൊപ്പം കാണുന്നുണ്ടോ, കേൾക്കുന്നുണ്ടോ, ശ്രദ്ധിക്കുന്നുണ്ടോ എന്നിവകൂടി ഉറപ്പുവരുത്തണം. കാരണം, ഇവയിൽ ഏതെങ്കിലും തകരാറുണ്ടായാൽ അത് കുട്ടിയുടെ ബുദ്ധിവികാസത്തെ പ്രതികൂലമായി ബാധിക്കാം.

### ബുദ്ധിവികാസ പരിശോധന– ആർക്കൊക്കെ?

- ജനനസമയത്ത് പ്രശ്നങ്ങളുണ്ടായിരുന്ന നവജാത ശിശുക്കൾ.
- 2.5 കിലോയിൽ താഴെ തൂക്കത്തോടുകൂടി ജനിക്കുന്ന കുട്ടികൾ.
- മാസം തികയാതെ ജനിച്ച കുഞ്ഞുങ്ങൾ.
- വളർച്ചയുടെ നാഴികക്കല്ലുകളിൽ കാലതാമസം കാണിക്കുന്ന കുഞ്ഞുങ്ങൾ.

രണ്ടുവയസ്സിന് താഴെയുള്ള കുട്ടികളുടെ ബുദ്ധിവികാസ പരിശോധനയ്ക്കായി ട്രിവാൻഡ്രം ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ (സി.ഡി.സി.) വികസിപ്പിച്ചെടുത്ത സ്ക്രീനിങ് ചാർട്ടാണ് ടി.ഡി.എസ്.സി (ട്രിവാൻഡ്രം ഡെവലപ്മെന്റൽ സ്ക്രീനിങ് ചാർട്ട്). ഇതിൽ ഓരോ പ്രവൃത്തിയും കുഞ്ഞ് ചെയ്യാനെടുക്കുന്ന സമയം രേഖപ്പെടുത്തിയിക്കുന്നു. ആരോഗ്യ പ്രവർത്തകർക്കും ശിശുവികസന മേഖലയിൽ പ്രവൃത്തിക്കുന്നവർക്കും വളരെ ലഘുവായ പരിശീലനം കൊണ്ട് ഈ പരിശോധന ചെയ്യാൻ കഴിയും.

ഓരോ പ്രവൃത്തിയും ചെയ്യാനെടുക്കുന്ന സമയവും അത് കുട്ടി ചെയ്യുന്നി

ം
ല്യങ്ങളും



**നഴ്സറി ഇവാല്യൂവേഷൻ സ്കെയിൽ, തിരുവനന്തപുരം (നെസ്റ്റ്)–സംക്ഷിപ്ത രൂപം**

## കുട്ടി ഒന്നാം ക്ലാസിലെത്താൻ പ്രാപ്തനായോ? വിലയിരുത്തൽ

**എൽ.കെ.ജി, യു.കെ.ജി. കുട്ടികൾക്ക് വേണ്ടി പൂരിപ്പിക്കേണ്ടത്**

| കുട്ടികൾ ചെയ്യേണ്ട കാര്യങ്ങൾ | ചെയ്ത കാര്യങ്ങൾ ടിക് ✓ ചെയ്യുക | | |
|---|---|---|---|
| | 4 വയസ്സ് | 5 വയസ്സ് | 6 വയസ്സ് |
| **A സ്ഥൂലപേശി വികാസം** | | | |
| 1. നേർവരയിൽ അടിവച്ച് 8 ചുവട് നടക്കുക | | | |
| 2. ഒറ്റക്കാലിൽ 10 സെക്കന്റ് നിൽക്കുക | | | |
| 3. 20.സെ.മി. ഉയരത്തിൽ കെട്ടിയ കയറിന് മുകളിൽ കൂടി ചാടുക | | | |
| 4. ഒരു കൈ ഉപയോഗിച്ച് പന്ത് പിടിക്കുക | | | |
| **B സൂക്ഷ്മപേശി വികാസം** | | | |
| 5. ആകൃതിക്കകത്ത് നിറം കൊടുക്കുക ○△□ | | | |
| 6. പേപ്പറിൽ വരച്ച് കൊടുത്ത ആകൃതി കീറിയെടുക്കുക | | | |
| 7. ഡയമണ്ടിന്റെ ആകൃതി പകർത്തുക ◆ | | | |
| 8. ○△□ എന്നീ ആകൃതികൾ പകർത്തുക | | | |
| 9. AFE അല്ലെങ്കിൽ റ,ത,ന എന്നീ അക്ഷരങ്ങൾ എഴുതുക | | | |
| 10. ഒരു മിനിട്ടിനുള്ളിൽ 10 മുത്ത് കോർക്കുക. | | | |
| **C ധാരണാശേഷീവികാസം** | | | |
| 11. ഒരു നിശ്ചിത എണ്ണം വസ്തുക്കൾ എടുക്കുക (5) | | | |
| 12. 10 ബ്ലോക്കുകൾ ഉപയോഗിച്ച് പിരമിഡ് ഉണ്ടാക്കുക | | | |
| 13. നീളവും വീതിയുമനുസരിച്ച് വസ്തുക്കൾ ക്രമീകരിക്കുക | | | |
| 14. 1 മുതൽ 10 വരെയുള്ള സംഖ്യകൾ ക്രമമായി വയ്ക്കുക | | | |
| 15. വസ്തുക്കളുടെ സ്ഥാനം പറയുക | | | |
| 16. ചിത്രത്തിലെ വഴി കണ്ടുപിടിക്കുക | | | |
| 17. ആഴ്ചയിലെ ദിവസങ്ങളുടെ പേരുകൾ ക്രമമായി പറയുക | | | |
| 18. പത്ത് വാക്കുകൾ വായിക്കുക. | | | |
| **D സാമൂഹിക വ്യക്തിവികാസം** | | | |
| 19. സ്വന്തം ഉടുപ്പിന്റെ ബട്ടൺ ഇടുകയും ഊരുകയും ചെയ്യുക | | | |
| 20 കഴിച്ച് കഴിഞ്ഞ് കൈയും വായും സ്വയം കഴുകുക. | | | |
| **E പ്രകടഭാഷാവികാസം** | | | |
| 21. മൂന്ന് ശരീരാവയവങ്ങളുടെ ഉപയോഗങ്ങൾ പറയുക. | | | |
| 22. വസ്തുക്കൾ എന്ത് കൊണ്ടുണ്ടാക്കിയെന്ന് പറയുക. | | | |
| **F സ്വീകാര്യഭാഷാവികാസം** | | | |
| 23. തമ്മിൽ ബന്ധമില്ലാത്ത രണ്ട് കാര്യങ്ങൾ പറഞ്ഞ് കൊടുക്കുന്നതനുസരിച്ച് ചെയ്യുക. | | | |
| 24. മധ്യഭാഗം എന്ന ആശയം ചൂണ്ടിക്കാണിക്കുക. | | | |
| 25. ചിത്രത്തിലെ അപാകതകൾ ചൂണ്ടിക്കാണിക്കുക. | | | |
| 26. അഞ്ച് ഭാഗങ്ങളുള്ള ചിത്രം യോജിപ്പിക്കുക. | | | |

** ആറ് വിഭാഗങ്ങളിലായി 26 കാര്യങ്ങൾ ഉൾപ്പെട്ട ഈ ടെസ്റ്റ് കുട്ടി ഒന്നാം ക്ലാസിലെത്തുന്നതിന് മുമ്പ് മുഴുവൻ ചെയ്താൽ കുട്ടി ഒന്നാം ക്ലാസിലെത്താൻ പ്രാപ്തനായി എന്നു മനസ്സിലാക്കാം. കുട്ടിക്ക് ഏതെങ്കിലും കാര്യം ചെയ്യാൻ പറ്റാതെ വന്നാൽ അതിനുള്ള പരിശീലനം നല്കേണ്ടതുണ്ട്.*

ല്ലെങ്കിൽ അവനെ എങ്ങനെ സഹായിക്കാനാവും എന്നതുമൊക്കെ അറിയാൻ നിങ്ങൾക്ക് താത്പര്യമില്ലേ? സി.ഡി.സിയിൽ നിന്നും ഈ സേവനം ലഭിക്കുവാൻ മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്.

### പെരുമാറ്റപ്രശ്നങ്ങൾ കുട്ടികളിൽ

കുട്ടികളുടെ വികൃതിയും കുറുമ്പും കണ്ട് രസിക്കാൻ ഇഷ്ടമില്ലാത്തവരായി ആരുമില്ല. എന്നാൽ കുഞ്ഞിക്കുട്ടന്റെ പിടിവാശിയും നിർബന്ധബുദ്ധിയും അതിരുകവിഞ്ഞാലോ? മാതാപിതാക്കൾക്ക് തലവേദനയായതുതന്നെ. ഓരോ പ്രായത്തിലും കുട്ടികൾ ഓരോരോ പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. ഇതൊക്കെ മാതാപിതാക്കൾക്ക് സ്വന്തമായി കൈകാര്യം ചെയ്യാവുന്നതേയുള്ളൂ. എന്നാൽ കുട്ടികളുടെ പെരുമാറ്റങ്ങൾ പ്രായത്തിനനുസരിച്ച് സാധാരണമാണോ എന്ന് മാതാപിതാക്കൾ മനസ്സിലാക്കിയിരിക്കണം. കുട്ടിക്ക് സ്വഭാവവൈകല്യം ഉണ്ട് എന്ന് പരാതിപ്പെടുന്നതിന് മുൻപ് അത് ആ പ്രായത്തിൽ കണ്ടുവരുന്ന സാധാരണ സ്വഭാവമാണോ എന്ന് പരിശോധിക്കണം. അതൊരു വൈകല്യമായി കണക്കാക്കണമെങ്കിൽ അത്തരം പെരുമാറ്റം കുട്ടി എല്ലാ സാഹചര്യങ്ങളിലും, അതായത് വീട്ടിൽ

മാത്രമല്ല സ്കൂളിലും മറ്റ് സ്ഥലങ്ങളിലുമെല്ലാം പ്രകടമാക്കണം. കൂടാതെ വളരെക്കാലം നിലനിൽക്കുകയും കൂടെക്കൂടെ ഉണ്ടാവുകയും വേണം. വൈകല്യമാണെന്ന് മനസ്സിലാക്കിയാൽ അതിനുള്ള കാരണം കണ്ടെത്തുകയാണ് ചെയ്യേണ്ടത്.

കുട്ടികളുടെ സ്വഭാവവൈകല്യങ്ങളെയും അവയുടെ കാരണങ്ങളെയും പറ്റി കഴിഞ്ഞ 15 വർഷത്തിലേറെയായി തിരുവനന്തപുരം ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിൽ നടത്തിയ പഠനങ്ങൾ കാണിക്കുന്നത് മൂന്ന് പ്രധാന സംഗതികളാണ്.

പകുതിയിലേറെ സ്വഭാവവൈകല്യങ്ങൾക്ക് കാരണം കുട്ടിയുടെ ബുദ്ധിവികാസത്തിന്റെ അപര്യാപ്തതയാണ്. ഒന്നുകിൽ കുട്ടിയുടെ ചെറിയ തോതിലുള്ള ബുദ്ധിക്കുറവ് കൊണ്ടാകാം ഇത്. അല്ലെങ്കിൽ സാധാരണ ബുദ്ധിയുള്ള ഒരു കുട്ടിയിൽ നിന്നുമുള്ള അച്ഛനമ്മമാരുടെ അമിതമായ പ്രതീക്ഷയും അതിനൊത്ത് ഉയരാനുള്ള കുട്ടിയുടെ കഴിവുകേടുമാകാം.

എത്രയും നേരത്തെ അപര്യാപ്തത കണ്ടുപിടിച്ച് നേർവഴിയേ അവരെ തിരിച്ച് വിട്ടാൽ പിന്നീട് പല പ്രശ്നങ്ങളും ഒഴിവാക്കാം. അല്ലെങ്കിൽ ഏറ്റവും ഉന്നതമെന്നു കരുതുന്ന സ്കൂളിൽ (പലതും ഇംഗ്ലീഷ് മീഡിയം) പഠിച്ച് നാലാം ക്ലാസ്സിൽ ഇംഗ്ലീഷും മലയാളവും വേണ്ടത്ര അറിയാതെ പുറന്തള്ളപ്പെടുന്ന ഒരു സാഹചര്യം കൂടിക്കൂടി വരുന്നത് നമുക്ക് കാണേണ്ടി വരും. ഇതിന് പകരം ഒന്നോ രണ്ടോ കൊല്ലം താമസിച്ചാണെങ്കിൽപോലും വലിയ പ്രശ്നമില്ലാതെ അല്പസ്വല്പം സഹായം വീട്ടിൽ കൊടുത്ത് കുട്ടിയെ എസ്.എസ്.എൽ.സി വരെയെങ്കിലും പഠിപ്പിച്ചെടുക്കാൻ സാധിക്കും.

കേരളത്തിലെ ലക്ഷോപലക്ഷം കുഞ്ഞുങ്ങൾക്ക് ഈ പ്രയോജനം കിട്ടണമെങ്കിൽ അവരുടെ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടുപിടിക്കാനുള്ള സാഹചര്യം വേണം; രൂപരേഖ വേണം. അതിനുവേണ്ടിയാണ് തിരുവനന്തപുരം ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിൽ നീണ്ട ഗവേഷണത്തിലൂടെ നഴ്സറി ഇവാല്യുവേഷൻ സ്കെയിൽ (നെസ്റ്റ്) രൂപപ്പെടുത്തിയത്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ആയിരക്കണക്കിന് അംഗൻവാടി ടീച്ചർമാർക്കും നഴ്സറി സ്കൂൾ ടീച്ചർമാർക്കും പ്രശ്നമുള്ള കുട്ടികളെ നേരത്തെ കണ്ടുപിടിക്കാൻ നെസ്റ്റ് ഉപയോഗിച്ച് സാധിക്കും. മാത്രമല്ല, ബുദ്ധി പരിശോധിച്ച് 50 എന്നോ 60 എന്നോ ഒരു ലേബൽ ഒട്ടിക്കുന്നതിനുപകരം അവരുടെ ചെറിയ ചെറിയ പ്രശ്നങ്ങൾ മനസ്സിലാക്കി അതിനു പ്രതിവിധി ടീച്ചറിനു തന്നെ ചെയ്യാവുന്നതേയുള്ളൂ. അതിന് അച്ഛനമ്മമാരുടെ സഹായവും നേടാം.

## മാതാപിതാക്കൾ അറിയാൻ

കുട്ടികളിലെ പെരുമാറ്റവൈകല്യങ്ങൾ പ്രോത്സാഹിപ്പിക്കരുത്. അതിനോട് അമിതമായുള്ള പ്രതികരണവും പാടില്ല. കുടുംബത്തിലെ എല്ലാവരെയും ഈ പ്രശ്നപരിഹാരത്തിൽ പങ്കാളികളാക്കണം. വഴക്കു പറയുക, അടിക്കുക, കളിയാക്കുക എന്നിവ ഒന്നിനും പരിഹാരമാകുന്നില്ല. ചിലപ്പോൾ താത്കാലിക ആശ്വാസം ഉണ്ടായെന്നിരിക്കും. അതുകഴിയുമ്പോൾ പ്രശ്നങ്ങളുടെ സങ്കീർണത കൂടുകയേ ചെയ്യുന്നുള്ളൂ. കുട്ടിയിൽ നല്ല പെരുമാറ്റം കാണുമ്പോഴെല്ലാം പ്രോത്സാഹിപ്പിക്കണം. എല്ലാ കുട്ടികളുടെ പെരുമാറ്റത്തിലും ചില നല്ല ഗുണങ്ങൾ ഉണ്ടാകും. അതിൽനിന്ന് തുടങ്ങണം.

മക്കളെ ലാളിച്ച് വഷളാക്കുന്ന മാതാപിതാക്കൾ വിരളമല്ല. സ്നേഹവും അംഗീകാരവും ശരിയായ തോതിൽ നല്കണം. സന്തോഷം നിറഞ്ഞ കുടുംബാന്തരീക്ഷം ആത്മധൈര്യം സുരക്ഷിതത്വബോധം എന്നിവ പ്രദാനം ചെയ്യുന്നതുവഴി കുട്ടികൾ ഉത്തരവാദിത്വബോധമുള്ളവരായി വളരുന്നു. അവർക്ക് എന്തെങ്കിലുമൊക്കെ നേടാനുള്ള അവസരം കൊടുക്കണം. തെറ്റ് ചൂണ്ടിക്കാണിക്കുന്നത് നല്ലതാണ്. അത് അപ്പപ്പോൾ തന്നെ ചെയ്യണമെന്നു മാത്രം.

കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ആയിരക്കണക്കിന് അംഗൻവാടി ടീച്ചർമാർക്കും നഴ്സറി സ്കൂൾ ടീച്ചർമാർക്കും പ്രശ്നമുള്ള കുട്ടികളെ നേരത്തെ കണ്ടുപിടിക്കാൻ നെസ്റ്റ് ഉപയോഗിച്ച് സാധിക്കും

തലേദിവസം ചെയ്ത തെറ്റിനെക്കുറിച്ച് പിറ്റേദിവസം മുഴുവൻ സമയവും കുറ്റപ്പെടുത്തേണ്ട ആവശ്യമില്ല. തെറ്റ് ആവർത്തിക്കുകയാണെങ്കിൽ മാത്രം ശ്രദ്ധയിൽപ്പെടുത്തിയാൽ മതി. മാതാപിതാക്കൾക്ക് കുട്ടിയെ പ്രതി ഉണ്ടാകുന്ന അമിതമായ ഉത്കണ്ഠയും അവർ ചെലുത്തുന്ന സമ്മർദവും സ്വഭാവവൈകല്യത്തിന് കാരണമാകുന്നു.

സാധാരണ കുട്ടികളിൽ കണ്ടുവരുന്ന സ്വഭാവ വൈകല്യങ്ങൾ അമിതമായ ദേഷ്യം, മുൻകോപം, അക്രമവാസന, നശീകരണവാസന എന്നിവയാണ്. ദേഷ്യം ഏറെനേരം നീണ്ടുനിൽക്കാതെ സ്വാഭാവികമായിത്തന്നെ തീരുന്നു. എന്നാൽ, ഇത് കുറച്ചധിക സമയം നീണ്ടുനിൽക്കുകയും സ്വഭാവത്തിന്റെ തന്നെ ഭാഗമാവുകയും ചെയ്യുന്നത് നല്ലതല്ല. അച്ഛനോ അമ്മയോ അനാവശ്യമായി ദേഷ്യപ്പെടുന്ന ആളാണെങ്കിൽ കുട്ടി അത് അനുകരിക്കുന്നത് സ്വാഭാവികം മാത്രമാണ്. കുട്ടിയുടെ സാന്നിധ്യത്തിൽ അനാവശ്യ വഴക്കുകൾ ഒഴിവാക്കണം. എപ്പോഴും വഴക്കിടുന്ന കുട്ടികൾ വലിയ പിടിവാശിക്കാരും ആയിരിക്കും. ആവശ്യങ്ങൾ സാധിക്കാതെ വരുമ്പോഴാണ് ഇത്തരം പെരുമാറ്റങ്ങൾ ഉണ്ടാകുന്നത്. മിക്ക മാതാപിതാക്കളും കുട്ടികളുടെ വാശി അംഗീകരിച്ചുകൊടുക്കാറുണ്ട്. ഇതുവഴി, വാശിപിടിച്ചാൽ കാര്യം സാധിക്കുമെന്ന തോന്നൽ കുട്ടിയിൽ ഉണ്ടാകുന്നു. പിന്നീട് ഇതൊരു ഉപാധിയായി മാറുന്നു. കുട്ടികളുടെ വാശി വകവച്ചുകൊടുക്കരുത്. എന്തെങ്കിലും അസുഖം ഉള്ളപ്പോഴോ അസ്വസ്ഥത ഉള്ളപ്പോഴോ വിട്ടുവീഴ്ചയാകാം. വീണുരുണ്ടുകരഞ്ഞാലും നിലവിളിച്ചാലും നിങ്ങളുടെ നിലപാടിൽ മാറ്റം വരുത്തരുത്. കാര്യം സാധിക്കില്ല എന്ന് മനസ്സിലാകുമ്പോൾ അവൻ സാധാരണനിലയിലേക്ക് എത്തിക്കോളും. അപ്പോൾ കുഞ്ഞിനെ സ്നേഹത്തോടെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കണം. ഇതോടൊപ്പം കുട്ടിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും മാതാപിതാക്കൾ ശ്രമിക്കണം. ആവശ്യങ്ങൾ കാര്യമാത്രപ്രസക്തമാണെങ്കിൽ സാധിച്ചുകൊടുക്കുകയും വേണം.

ഇനി നമുക്ക് അധികം ചർച്ച ചെയ്യപ്പെടാത്ത മറ്റൊരു വൈകല്യത്തെക്കുറിച്ച് മനസ്സിലാക്കാം. ഇവർ ബുദ്ധിവികാസത്തിന്റെ പ്രധാന നാഴികക്കല്ലുകളായ കഴുത്തുറയ്ക്കുക, ഇരിക്കുക, നിൽക്കുക, നടക്കുക മുതലായവ അതതു പ്രായങ്ങളിൽ തന്നെ കൈവരിക്കുന്നു. എന്നാൽ, കളിയിലും ചിരിയിലും മറ്റുള്ളവരുമായി ഇടപഴകുന്ന രീതിയിലും കാണിക്കുന്ന വ്യത്യസ്തത പലപ്പോഴും സ്വഭാവവൈകല്യമായി തെറ്റിധരിക്കപ്പെട്ട് വളരുമ്പോൾ ശരിയായിക്കൊള്ളും എന്ന് മാതാപിതാക്കൾ പ്രതീക്ഷിക്കുന്നു. വിദഗ്ധർ ഈ സ്ഥിതി വിശേഷത്തെ 'ഓട്ടിസം' എന്നു പറയുന്നു.


## ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ

മറ്റുള്ളവരുമായി ഇടപഴകാനുള്ള ബുദ്ധിമുട്ട്. വികാരപ്രകടനങ്ങൾ തീരെ ഇല്ലാതിരിക്കുക. മുഖത്തുനോക്കാൻ തീരെ താത്പര്യം കാണിക്കാതിരിക്കുക. ആശയവിനിമയത്തിനുള്ള ബുദ്ധിമുട്ട്. ഒരേ കാര്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുക. മറ്റു കുട്ടികളോട് കളിക്കാൻ താത്പര്യം കാണിക്കാതിരിക്കുക. സ്പർശനം, കേൾവി, മണം, കാഴ്ച, രുചി തുടങ്ങിയവയോട് കൂടുതൽ ഉത്തേജിതരാവുകയോ അസ്വസ്ഥരാവുകയോ ചെയ്യുക. സ്വയം തീർത്ത ഒരു വലയത്തിൽ ഒതുങ്ങിക്കൂടാൻ ഇഷ്ടപ്പെടുക.

'ഓട്ടിസം' ഉണ്ടോ എന്ന് നേരത്തെ കണ്ടുപിടിക്കുന്നതിനുവേണ്ടി ഒന്നര വയസ്സാകുമ്പോൾ തന്നെ പരിശോധനയ്ക്ക് വിധേയമാക്കാം.

കുട്ടികളെ ഹെൽത്ത് സെന്ററുകളിലും ആശുപത്രികളിലും പ്രതിരോധ കുത്തിവയ്പിന് കൊണ്ടുവരുന്ന ദിവസം അവർക്കു നൽകുന്ന സേവനം ഇതിൽമാത്രം ഒതുങ്ങാതെ ബുദ്ധിവികാസപരിശോധനയും ഓട്ടിസം സ്ക്രീനിങ്ങും ഉൾപ്പെടുത്തിക്കൊണ്ട് ഒരു Development Friendly Well Baby Clinic ആയി രൂപം നൽകാൻ കഴിഞ്ഞാൽ ആരോഗ്യരംഗത്ത് ഒരു പുതിയ ഉണർവ് നൽകാൻ നമുക്ക് തീർച്ചയായും കഴിയും.■

*തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഡയറക്ടറാണ് ലേഖകൻ*



നന്ദകുമാർ എച്ച്.

**സമൂഹത്തിന്റെ സ്വത്തായി മാറേണ്ട കുഞ്ഞുങ്ങൾ അനാഥരാക്കപ്പെടാതിരിക്കാൻ ഒട്ടേറെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സ്ഥാപനമാണ് ശിശുക്ഷേമസമിതി. അമ്മത്തൊട്ടിലിലൂടെ നിരവധി ശിശുക്കൾ സനാഥരായി മാറിക്കൊണ്ടിരിക്കുന്നു.... മാത്രമല്ല, ദുർബലവിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങളുടെ പ്രൈമറി വിദ്യാഭ്യാസം, ഓട്ടിസം ശിശുക്ഷേമ കേന്ദ്രം എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങളാണ് സമിതി നടത്തി വരുന്നത്.**

# അമ്മമനസ്സുമായി ഒരു ക്ഷേമസമിതി

കുഞ്ഞുങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഈ ലോകം വരണ്ടുപോകുമായിരുന്നു എന്നഭിപ്രായപ്പെട്ട ഒരു പ്രധാനമന്ത്രി നമുക്ക് ഉണ്ടായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എന്ന ആ മഹാൻ തന്റെ ജന്മദിനം പോലും കുഞ്ഞുങ്ങൾക്കായി മാറ്റിവച്ചു. തന്റെ സമീപനങ്ങളിലൂടെ കുഞ്ഞുങ്ങളുടെ സുരക്ഷിതത്വമാണ് അദ്ദേഹം മനസ്സിൽ കണ്ടത്.

കുട്ടികൾ സമൂഹത്തിന്റെ സ്വത്താണെന്ന നെഹ്റുവിന്റെ വാക്കുകളെ അതേപടി ഉൾക്കൊണ്ടാണ് ഇന്ത്യയിലുടനീളം ശിശുക്ഷേമ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

കേരളത്തിൽ ശിശുക്ഷേമ പ്രവർത്തനങ്ങൾ വിജയകരമായി നടത്തിവരുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ശിശുക്ഷേമ സമിതി. 1949-ൽ ആണ് സമിതി രൂപം കൊള്ളുന്നത്. കേരള ഗവർണർ രക്ഷാധികാരിയായും മുഖ്യമന്ത്രി പ്രസിഡന്റായും സാമൂഹ്യക്ഷേമ വകുപ്പ്മന്ത്രി ഒന്നാം വൈസ് പ്രസിഡന്റായും പ്രവർത്തിക്കുന്ന ഒരു ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്. സംസ്ഥാന സമിതിക്കുപുറമെ ജില്ലാതല സമിതികളുമുണ്ട്.എല്ലാ ജില്ലാ കൗൺസിലുകളിലും ജില്ലാ കളക്ടർമാരാണ് പ്രസിഡന്റ് സ്ഥാനം വഹിക്കുന്നത്. സമിതിയുടെ ആജീവനാന്ത അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാൻഡിങ് കമ്മിറ്റിയാണ് സമിതിയുടെ ഭരണം മുന്നോട്ടു കൊണ്ടുപോകുന്നത്.

ഉദാത്തമായ പ്രവർത്തനലക്ഷ്യങ്ങളാണ് സമിതിക്കുള്ളത്. ശിശുക്കളുടെ ജനനത്തിനുമുൻപും ശേഷവുമുള്ള ക്ഷേമം മുൻനിറുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുകയും അത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുകയാണ് പ്രധാനപ്പെട്ട ദൗത്യം. ശിശുക്ഷേമ പരിപാടികളെക്കുറിച്ച് ശാസ്ത്രീയമായ അറിവ്, ബോധനം എന്നിവ ജനങ്ങളിലേക്ക് പകരുക, ശിശുക്ഷേമ വിഷയങ്ങൾ സംബന്ധിച്ച നിയമനിർമാണങ്ങൾ പ്രോത്സാഹിപ്പിക്കുക, അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ശാരീരിക-മാനസിക വൈകല്യമുള്ളവരുമായ ശിശുക്കളുടെ പുനരധിവാസത്തിനായി സ്ഥാപനങ്ങൾ ആരംഭിക്കുക, പരിപാലിക്കുക. എന്നിവയും സമിതിയുടെ നിയന്ത്രണത്തിലുള്ള വിഷയങ്ങളാണ്. ദുർബലവിഭാഗത്തിൽപെട്ട കുഞ്ഞുങ്ങളുടെ പ്രൈമറി വിദ്യാഭ്യാസം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സുഗമമായി നടത്തേണ്ട ചുമതലയും ശിശുക്ഷേമ സമിതിയിൽ നിക്ഷിപ്തമാണ്.

## വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ

കേരളത്തിലെ ശിശുക്ഷേമ പ്രവർത്തനങ്ങളെ മുഴുവൻ കൂട്ടിയിണക്കേണ്ട ഏജൻസിയാണ് ഞങ്ങളുടേത്. സാമ്പത്തികവും പ്രവർത്തനപരവുമായ നിരവധി പരിമിതികൾ ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്വസ്വലമാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സമിതിയുടെ ഇപ്പോഴത്തെ സെക്രട്ടറി പി. കൃഷ്ണനും ട്രഷറർ ടി. നാരായണനും വ്യക്തമാക്കുന്നു. ഇടതുപക്ഷ സർക്കാരും മന്ത്രിയും ശക്തമായ പിന്തുണ നൽകുന്നു എന്നതാണ് അതിനു പ്രധാന കാരണം. ഒപ്പം പ്രശ്നങ്ങൾക്ക് ജനാധിപത്യപരമായ കൂട്ടായ്മയുള്ള പരിഹാരങ്ങൾ ഞങ്ങൾ അന്വേഷിക്കുന്നു. ചെലവിൽ മിതത്വം പാലിച്ചും മറ്റുള്ളവരുടെസഹായം സ്വീകരിച്ചും മുന്നോട്ടു പോകാൻ ഇപ്പോഴത്തെ സമിതിക്കു കഴിയുമെന്നതു കൊണ്ടാണ് ഒട്ടേറെ പുതിയ കാര്യങ്ങൾ തുടങ്ങാനാവുന്നത്. സമിതി പ്രവർത്തനങ്ങളിലൂടെ ഒരോട്ടപ്രദക്ഷിണം നടത്തുന്നവർക്ക് സെക്രട്ടറിയുടെ ഈ വാക്കുകൾ ശരിയാണെന്ന് ബോധ്യപ്പെടും.

## ദത്തെടുക്കാം, കുഞ്ഞുങ്ങളെ

കേരളത്തിലുടനീളം വിവിധ പ്രവർത്തനങ്ങൾ ശിശുക്ഷേമസമിതി നടപ്പിലാക്കി വരുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് തിരുവനന്തപുരത്തെ ദത്തെടുക്കൽ കേന്ദ്രത്തിന്റെ പ്രവർത്തനം. 1979-ൽ ആണ് ആദ്യമായി ഇവിടെ നിന്ന് കുഞ്ഞിനെ ദത്ത് നൽകിയത്. സ്വദേശികൾക്കും വിദേശികൾക്കും ഇവിടെനിന്നും കുഞ്ഞിനെ ദത്തു നൽകാറുണ്ടായിരുന്നു എങ്കിലും 1994-ഓടെ വിദേശികൾക്കു കുഞ്ഞുങ്ങളെ ദത്ത്നൽകുന്നത് നിർത്തിവച്ചു. കുഞ്ഞുങ്ങളുടെ തുടർജീവിതത്തെ നിരീക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അഭാവമാണ് വിദേശികൾക്കു കുഞ്ഞുങ്ങളെ നൽകാത്തതിനു പിന്നിലെ കാരണം. ശിശുക്ഷേമ സമിതിയുടെ കണക്കുകൾ പ്രകാരം 119 വിദേശികൾക്കും 270 സ്വദേശികൾക്കും ഇതുവരെ കുഞ്ഞുങ്ങളെ ദത്തു നൽകിയിട്ടുണ്ട്.

കുഞ്ഞുങ്ങളെ ദത്ത് നൽകുന്നതിനും ചില നടപടിക്രമങ്ങളുണ്ട്. വിവാഹം കഴിഞ്ഞ് അഞ്ച് വർഷം പൂർത്തിയാക്കിയ ദമ്പതികളായിരിക്കണം അപേക്ഷകർ. ദമ്പതികളുടെ പ്രായം കൂട്ടിനോക്കുമ്പോൾ 90 വയസ്സിൽ കവിയാനും പാടില്ല. ഒരു നിശ്ചിത തുക ഫിക്സഡ് ഡപ്പോസിറ്റായി കുട്ടിയുടെപേരിൽ ബാങ്കിൽ നിക്ഷേപിക്കു



**മറ്റു സംസ്ഥാനങ്ങൾക്കു തന്നെ മാതൃകയായി പ്രവർത്തിക്കുന്ന ശിശുക്ഷേമ സമിതിയുടെ സവിശേഷമായ പരിഷ്കാരങ്ങളിൽ ഒന്നാണ് അമ്മത്തൊട്ടിൽ**

കയും വേണം. ശിശുക്ഷേമ സമിതി നിയോഗിക്കുന്ന സാമൂഹിക പ്രവർത്തകർ ദമ്പതികളുടെ വീടുകളിലെത്തി ബന്ധുക്കൾക്ക് കൗൺസിലിങ് നൽകുകയും കുട്ടിയെ ദത്ത്നൽകാൻ പര്യാപ്തമായ സാഹചര്യം ഉണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്യും. തുടർന്നാണ് കുഞ്ഞുങ്ങളെ കൈമാറുക. രണ്ടു വർഷമായി ഏറെ പേർ ദത്തെടുക്കലിനായി അപേക്ഷ നൽകി കാത്തിരിക്കുന്നുണ്ടെന്ന് സമിതി സെക്രട്ടറി പി. കൃഷ്ണൻ പറഞ്ഞു.

## കാരുണ്യത്തിന്റെ തൊട്ടിൽ

മറ്റു സംസ്ഥാനങ്ങൾക്കു തന്നെ മാതൃകയായി പ്രവർത്തിക്കുന്ന ശിശുക്ഷേമ സമിതിയുടെ സവിശേഷമായ പരിഷ്കാരങ്ങളിൽ ഒന്നാണ് അമ്മത്തൊട്ടിൽ. ജീവനോടെതന്നെ നശിപ്പിക്കപ്പെടുമായിരുന്ന കുഞ്ഞുങ്ങളെ സംരക്ഷിക്കാനായി എന്നത് അമ്മത്തൊട്ടിലിന്റെ മഹത്വം എത്രമാത്രം വലുതാണെന്ന് വ്യക്തമാക്കുന്നു. പിറന്നുവീണ ഉടൻ ഉപേക്ഷിക്കപ്പെടുന്ന അനാഥ ശിശുക്കൾക്കായി 2002 നവംബർ 14-നാണ് അമ്മത്തൊട്ടിൽ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് അമ്മത്തൊട്ടിലുള്ളത്. 88 കുട്ടികളെയാണ് അമ്മത്തൊട്ടിൽ വഴി ഇതുവരെ ലഭിച്ചിട്ടുള്ളത്. ഏറ്റവും ഒടുവിൽ വിഹംഗമ്, വിഹായസ് എന്നീ പേരുകളുള്ള ഇരട്ടക്കുട്ടികളെയാണ് അമ്മത്തൊട്ടിൽ വഴി ലഭിച്ചത്. അമ്മത്തൊട്ടിൽ വഴി ലഭിച്ച 88 കുട്ടികളിൽ 34 പേർ മാത്രമാണ് ഇനി ശേഷിക്കുന്നത്. ബാക്കിയുള്ളവരെ ദത്ത് നൽകിക്കഴിഞ്ഞു. കുഞ്ഞുങ്ങളുടെ ആരോഗ്യപരിപാലനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അതീവ ജാഗ്രത സമതിപ്രവർത്തകരുടെ ഭാഗത്തുനിന്നുണ്ട്. ഡോക്ടർമാരുടെയും ശിശുരോഗവിദഗ്ധരുടെയും സേവനം ഇവിടെ ലഭ്യമാണ്. മൂന്നുവയസുവരെ മാത്രമേ കുട്ടികളെ ശിശുക്ഷേമ സമിതിയിൽ താമസിപ്പിക്കുകയുള്ളു. അംഗവൈകല്യമുള്ള കുഞ്ഞുങ്ങളെ ഇവിടെ താമസിപ്പിക്കാറില്ല. അമ്മത്തൊട്ടിലിന്റെ പ്രവർത്തനം മറ്റുജില്ലകളിലേക്കും വ്യാപിപ്പിക്കാനുള്ള നീക്കങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. കോഴിക്കോട്, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ്, വയനാട് എന്നിവിടങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ശിശുദിന സ്റ്റാമ്പിൽ നിന്നുള്ള വരുമാനവും സർക്കാർ ഗ്രാന്റുകളുടെയും സഹായത്തോടെയാണ് സമിതി വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്.

## ക്രഷുകളും ട്രെയിനിങ് സെന്ററുകളും

നിർധനരായ തൊഴിലാളികളുടെ കുഞ്ഞുങ്ങളുടെ പരിപാലനത്തിനായി 1975 മുതൽ ക്രഷ് പ്രോഗ്രാം ആരംഭിച്ചു. സംസ്ഥാനത്ത് 250 ക്രഷുകളിലായി 6500 കുട്ടികൾ ഇപ്പോഴുണ്ട്.

തിരുവനന്തപുരം. തൃശൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ സമിതി ചൈൽഡ് കെയർ വർക്കേഴ്സ് ട്രെയിനിങ് സെന്ററുകൾ സെൽഫ് ഫൈനാൻസിങ് അടിസ്ഥാനത്തിൽ നടത്തുന്നുണ്ട്. പ്രീ-സ്കൂൾ വിദ്യാഭ്യാസം, ഹെൽത്ത് ആന്റ് ന്യൂട്രീഷൻ കമ്യൂണിറ്റി പാർട്ടിസിപ്പേഷൻ, ഓർഗനൈസേഷൻ ആന്റ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിലാണ് ക്ലാസ് നടക്കുന്നത്.

സമിതിയുടെ കീഴിൽ ആറ് അംഗൻവാടി പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, പാറശാല, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് എന്നിവിടങ്ങളിലാണ് ഇവ. ഈ വർഷം സാമൂഹ്യക്ഷേമവകുപ്പ് പുതിയതായി സമിതിക്ക് കൊല്ലം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സെന്ററുകൾ അനുവദിച്ചിട്ടുണ്ട്.

കേരള സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന തുടർവിദ്യാഭ്യാസ കേന്ദ്രവുമായി സഹകരിച്ച് സ്ത്രീകൾക്കായി ശിശുപരിപാലനവുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റ് കോഴ്സുകളും നടത്തിവരുന്നുണ്ട്.

## മറ്റുപ്രവർത്തനങ്ങൾ

സമിതിയുടെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് കുട്ടികളുടെ മ്യൂസിയം. 1975-മുതൽ പ്രവർത്തിക്കുന്ന ചാച്ചാ നെഹ്റു ചിൽഡ്രൻസ് മ്യൂസിയത്തിൽ ഉള്ള ഇന്ത്യൻ വിദേശ നിർമിത പാവകളും മാസ്കുകളും ഏറെപേരെ ആകർഷിക്കുന്നുണ്ട്. ആർട്ട്ഗാലറി, ഫിലാറ്റലി, സയൻസ് ആന്റ് ടെക്നോളജി വിഭാഗം എന്നിവയും സന്ദർശകരുടെ ശ്രദ്ധ ആകർഷിക്കുന്നു.

വായനയുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്താൻ പര്യാപ്തമായ ഒരു മികച്ച ലൈബ്രറി ഇവിടെയുണ്ട്. വനിതകൾക്കും കുട്ടികൾക്കുമായുള്ള ഈ ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങളുമുണ്ട്. ഇതിൽ പകുതിയിലേറെ കുട്ടികൾക്കായുള്ള പുസ്തകങ്ങളാണ്. കേരള സംസ്ഥാന ലൈബ്രറിയിൽ നിന്നുള്ള ഗ്രാന്റും സമിതി ലൈബ്രറിക്ക് നൽകുന്നുണ്ട്.

സമിതിയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ സഹായവുമുണ്ട്. ശിശുഗ്രഹ സ്കീമിൽ ഉൾപ്പെടുത്തി പത്തു കുട്ടികളെ പരിപാലിക്കുന്നതിനുള്ള ഗ്രാന്റ് കേന്ദ്രസർക്കാർ നൽകുന്നുണ്ട്. മലപ്പുറത്ത് വടക്കേ മണ്ണയിൽ ഒരു ഫോണ്ട് ലിംഗ് ഹോമും സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പുനരധിവാസ കേന്ദ്രം ആരംഭിക്കാനുള്ള നടപടികളും സമിതിയുടെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ട സഹായങ്ങൾ നൽകാമെന്ന ആരോഗ്യമന്ത്രിയുടെ പ്രസ്താവന തങ്ങൾക്ക് ഏറെ സന്തോഷം നൽകുന്നതാണെന്ന് സമിതി പ്രവർത്തകർ പറയുന്നു.

കുട്ടികളുടെ പരിപാലനം മാത്രമല്ല, മറ്റു മേഖലയിലും സമിതിയുടെ പ്രവർത്തനം മികവുറ്റതാണ്. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ 2000 മുതൽ ഏർപ്പെടുത്തിയിരിക്കുന്ന മാധ്യമ അവാർഡുകൾ, കുട്ടികൾക്കുള്ള സാഹിത്യ അവാർഡുകൾ, ധീരതയ്ക്കുള്ള അവാർഡുകൾ, സംസ്ഥാന ബാല ചിത്രരചനാ അവാർഡുകൾ എന്നിവ സമിതി നേരിട്ടു നൽകുന്ന പുരസ്കാരങ്ങളാണ്. കുട്ടികളുടെ സർഗശേഷി വർധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങളും സമിതിയുടെ കീഴിൽ നടന്നുവരുന്നുണ്ട്. അവധിക്കാല ക്ലാസുകൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവയിലൂടെയും വിവിധ ഏജൻസികളുമായി സഹകരിച്ച് നടത്തുന്ന പ്രോഗ്രാമുകളിലൂടെയുമാണ് കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കുന്നത്. ഇതോടൊപ്പം തന്നെ വനിതകൾക്ക് സൗജന്യമായി തൊഴിൽ പരിശീല

നവും ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികളെ നന്നായി ഇംഗ്ലീഷ് പഠിപ്പിക്കുന്നതിലേക്കായി മുതിർന്നവർക്ക് പരിശീലനം നൽകുന്ന പദ്ധതിയും സമിതി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 'ഓട്ടിസം' ബാധിച്ച കുട്ടികളെ പരിശീലിപ്പിക്കുന്നതിന് തൃശൂരിൽ ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ 'ഓട്ടിസം' ശിശുക്ഷേമ കേന്ദ്രം ആരംഭിക്കുക വഴി വൈകല്യങ്ങളെ അതിജീവിച്ച് കുട്ടികളെ മുഖ്യധാരയിൽ എത്തിക്കാനുള്ള ശ്രമമാണ് സമിതിയുടെ ഭാഗത്തുനിന്നുണ്ടായത്.

പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളുമായി ശിശുക്ഷേമസമിതി ധാരാളം പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. തിരുവനന്തപുരം ദത്തെടുക്കൽ കേന്ദ്രത്തിനായി പുതിയ കെട്ടിടം പണിയാനുള്ള തീരുമാനമാണ് അതിലൊന്ന്. ക്രഷുകൾ ഇല്ലാത്ത ജില്ലകളിലും മറ്റു ജില്ലകളിലെ ചേരി പ്രദേശങ്ങളിലും ക്രഷുകൾ ആരംഭിക്കുക, തിരുവനന്തപുരത്ത് വികലാംഗ കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നതിലേക്ക് ഒരു സൗജന്യപരിശീലന കേന്ദ്രം സ്ഥാപിക്കുക, കുട്ടികൾക്കുവേണ്ടിയുള്ള കൗൺസിലിങ് കേന്ദ്രം ആരംഭിക്കുക എന്നിവ സമിതിയുടെ വരുംകാല ലക്ഷ്യങ്ങളിൽ പെട്ടതാണ്.

ശിശുക്ഷേമ സമിതിയുടെ പഠനങ്ങളിൽ ഏറ്റവും ഗൗരവമേറിയ ഒരു കണ്ടെത്തലായിരുന്നു കേരളത്തിലെ അവിവാഹിതരായ അമ്മമാരുടെ എണ്ണത്തിലുള്ള വർദ്ധനവ്. ഇത് മനസ്സിലാക്കി കൗമാരപ്രായക്കാർക്കുള്ള കൗൺസിലിങ് ക്യാമ്പുകൾ സമിതി നടത്തുന്നുണ്ട്. തുടർന്നും ബോധവത്കരണ പരിശീലന പരിപാടികളിലൂടെ ഈ പ്രശ്നത്തെ ഒഴിവാക്കാനുള്ള ശ്രമത്തിലാണ് ശിശുക്ഷേമ സമിതി.

ഭാവിയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിലൂടെയും സംരക്ഷിക്കുന്നതിലൂടെയും ഒരു നല്ല തലമുറയെ സൃഷ്ടിക്കുകയാണ് ശിശുക്ഷേമസമിതി ചെയ്യുന്നത്. ചിട്ടയായ പ്രവർത്തനവും നിർണായക തീരുമാനങ്ങളെടുക്കുന്നതിൽ മികവുള്ള ഭരണ സമിതിയുമാണ് സമിതിയുടെ കരുത്ത്. പ്രധാനമായും സർക്കാർ ഗ്രാന്റ് അടിസ്ഥാനമാക്കിയാണ് പ്രവർത്തനമെങ്കിലും അത് എല്ലാ കാര്യങ്ങളും നടത്തുന്നതിന് അപര്യാപ്തമാണ്. സുമനസുകളായ ചിലർ നൽകുന്ന സാമ്പത്തിക സഹായങ്ങളാണ് സമിതിയെ മുന്നോട്ടു നയിക്കുന്നതിന് ഏറെ സഹായകമാകുന്ന മറ്റൊരു ഘടകം. അനാഥത്വത്തിന്റെ വേദനകളുമായി ഇവിടെനിന്നും ഒരു കുഞ്ഞുപോലും പുറത്തേക്കു പോയിട്ടില്ല. പെറ്റമ്മയെക്കാൾ വലിയ പോറ്റമ്മമാരുണ്ടോ എന്ന് സംശയിക്കുന്നവരുണ്ടാകാം. വെറുമൊരു ജോലി എന്നതിനപ്പുറം ഇത് ഒരു മഹത്തായ സേവനമാണ് എന്ന് കരുതുന്നവരാണ് ഇവിടത്തെ ജീവനക്കാർ. അതുകൊണ്ടുതന്നെയാകണം ശിശുക്ഷേമസമിതിയുടെ പ്രവർത്തനങ്ങൾ ഇത്രയും ജനകീയമായി മാറിയത്.■

# ഐ.സി.ഡി.എസ്: ശിശുവികസനത്തിന് സമഗ്രപദ്ധതി

ശിശുക്ഷേമവുമായി ബന്ധപ്പെട്ട ഏറ്റവും വലിയ സർക്കാർ പദ്ധതിയാണ് സംയോജിത ശിശുവികസന പദ്ധതി. ഈ പേര് അധികം കേട്ടിട്ടില്ലാത്തവർക്കും പരിചിതമായ ഒന്നാണ് അംഗൻവാടികൾ. ഐ.സി.ഡി.എസ് പ്രവർത്തനങ്ങളിൽ ഒന്നു മാത്രമാണ് അംഗൻവാടി നടത്തിപ്പ്. വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങളുടെ സംയോജിതരൂപമാണ് ഈ പരിപാടി.

വിവിധ ഏജൻസികൾ ഒറ്റപ്പെട്ടും വ്യത്യസ്തമായും നടത്തിവന്നിരുന്ന ശിശുക്ഷേമ പരിപാടികൾ ശിശുക്കളുടെ സമഗ്ര വികസനം കൈവരിക്കുന്നതിന് സംയോജിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് 1972-ലെ കേന്ദ്ര പ്ലാനിങ് കമ്മീഷന്റെ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 1974-ൽ ദേശീയ ശിശുനയം പ്രഖ്യാപിക്കുകയും തുടർന്ന് അഞ്ചാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തി 1975 ഒക്ടോബർ 2-ന് ഒരു കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയിൽ സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്) നിലവിൽ വരികയും ചെയ്തു. കേരളത്തിൽ 1975-ൽ മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ തുടക്കം കുറിച്ച പദ്ധതി 2001 ആയപ്പോഴേക്കും 152 ബ്ലോക്കുകളിലും 11 അർബൻ പ്രോജക്ടുകളിലുമായി സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവർത്തിക്കുന്നു. കേരളത്തിലെ 163 ഐ.സി.ഡി.എസ് പ്രോജക്ടുകളിലുമായി 32,267 അംഗൻവാടികൾ അനുവദിക്കപ്പെട്ടിട്ടുണ്ട്.

### ഐ.സി.ഡി.എസിന്റെ സമീപനം

താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് ഐ.സി.ഡി.എസ് മുന്നോട്ടു വയ്ക്കുന്നത്.

1. ആറ് വയസ്സ് വരെയുള്ള കുട്ടികളുടെ പോഷണാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക.
3. ശിശുമരണം, രോഗാതുരത, പോഷണക്കുറവ്, സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.
4. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയ രൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.
5. ശിശുക്കളുടെ ശരിയായ ആരോഗ്യവും പോഷണാവശ്യകതയും ശ്രദ്ധിക്കുവാൻ തക്കവിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

ആറു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, 18-45 നും മദ്ധ്യേ പ്രായമുള്ള സ്ത്രീകൾ എന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

### സേവനങ്ങൾ

അനുപൂരക പോഷകാഹാരം, ആരോഗ്യപരിശോധന, റഫറൽ സർവീസ്, രോഗപ്രതിരോധ കുത്തിവയ്പും ചികിത്സയും, ആരോഗ്യപോഷണ വിദ്യാഭ്യാസം, അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ, കുട്ടികളിലെ ബുദ്ധിവികാസത്തിലെ വ്യതിയാനവും മറ്റ് അംഗ വൈകല്യങ്ങളും കാലേക്കൂട്ടി കണ്ടുപിടിക്കുക, ചികിത്സിക്കുക, സ്ത്രീ ശാക്തീകരണപ്രവർത്തനങ്ങൾ തുടങ്ങിയ സേവനങ്ങളാണ് ഐ.സി.ഡിഎസ് നൽകുന്നത്.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

കേരളത്തിലെ പഞ്ചായത്തിരാജ്/മുനിസിപ്പൽ ആക്ട് പ്രകാരം മാതൃ ശിശുക്ഷേമ രംഗത്ത് താഴെപ്പറയുന്ന ചുമതലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുകയുണ്ടായി.

1. പ്രീ-സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ. 2. ശിശുക്ഷേമ പദ്ധതികൾ നടപ്പിലാക്കുക. 3. അംഗൻവാടി കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുകയും ആയത് മേൽനോട്ടം വഹിക്കുകയും ചെയ്യുക. 4.അംഗൻവാടി കെട്ടിടങ്ങളുടെ നിർമാണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും.

മാതൃ-ശിശുമേഖലയിലെ വിപുലമായ അധികാരങ്ങൾ കൈമാറിയതിനോടൊപ്പം അതിനനുസൃതമായ വിഭവങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞു. അംഗൻവാടികളിലെ പോഷകാഹാര വിതരണത്തിന് ചെലവാകുന്ന തുകയുടെ 2/3 ഭാഗം ഗ്രാമപഞ്ചായത്തും 1/3 ഭാഗം ബ്ലോക്ക് പഞ്ചായത്തും വഹിക്കേണ്ടതാണ്. മുനിസിപ്പൽ കോർപറേഷൻ ഏരിയായിലെ ചെലവ് പൂർണമായും മുനിസിപ്പാലിറ്റി വഹിക്കണം. 06.06.02 ലെ ജി.ഒ (എം.എസ്) നം.20/20 plg.ൽ ആകെ പദ്ധതി വിഹിതത്തിന്റെ 10% വനിതാഘടക പദ്ധതിക്കും 5% തുക ശിശുക്കളുടെയും വികലാംഗരുടെയും വൃദ്ധരുടെയും വികസന പ്രോജക്ടുകൾക്കും വകയിരുത്താൻ നിർദേശിച്ചിട്ടുണ്ട്. (ഈ വിഭാഗത്തിൽ അംഗൻവാടികളിലെ പോഷകാഹാര വിതരണം ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്.)

**ചിത്ര. കെ**

# വിവാദം രാഷ്ട്രീയ അജണ്ട

■ എം എ ബേബി/പി.എസ്. രാജശേഖരൻ

ഏഴാം ക്ലാസിലെ സാമൂഹ്യ പാഠത്തെക്കുറിച്ചുള്ള വിവാദങ്ങളിൽ സർക്കാർ നിലപാടുകൾ വിദ്യാഭ്യാസ മന്ത്രി എം എ ബേബി *ജനപഥ*ത്തിനു നൽകിയ പ്രത്യേക ഇന്റർവ്യൂവിൽ വ്യക്തമാക്കുന്നു. പ്രസക്തഭാഗങ്ങൾ.

**വിവാദപാഠപുസ്തകം സംബന്ധിച്ച സർക്കാർ സമീപനം വിശദമാക്കാമോ?**

ഏഴാം ക്ലാസിലെ സാമൂഹിക ശാസ്ത്ര പാഠപുസ്തകം ഉൾപ്പെടെ പുതിയ പുസ്തകങ്ങളെല്ലാം രൂപപ്പെട്ടത് ഒരു അക്കാദമിക് പ്രക്രിയയിലൂടെയാണ്. ദേശീയതലത്തിൽ തയ്യാറാക്കിയ പാഠ്യപദ്ധതി(കരിക്കുലം) ചട്ടക്കൂടിനനുസൃതമായി സംസ്ഥാനത്ത് പാഠ്യപദ്ധതിക്ക് എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ അക്കാദമിക് വിദഗ്ധർ രൂപം നൽകി. അത് പഞ്ചായത്തുതലം വരെ ജനകീയ ചർച്ചയ്ക്ക് വിധേയമാക്കി. തുടർന്ന് കരിക്കുലം സമീപനത്തിനനുസരിച്ച് വിവിധ വിഷയഗ്രൂപ്പുകൾ ചേർന്ന് ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള സിലിബസിന് രൂപം നൽകി. അതനുസരിച്ച് അധ്യാപകരും അക്കാദമിക് വിദഗ്ധരും ചേർന്ന് പാഠപുസ്തകങ്ങൾ തയ്യാറാക്കി. അത് വിദഗ്ധ സമിതി പരിശോധിച്ചു. പ്രതിപക്ഷത്തെ അധ്യാപകസംഘടനാ പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ചേർന്ന കരിക്കുലം സമിതി പരിശോധിച്ച് അംഗീകാരം നൽകി. ഇങ്ങനെയുണ്ടായതാണ് പാഠപുസ്തകങ്ങൾ. അതുകൊണ്ട് അതിനെക്കുറിച്ച് വിമർശിക്കാനോ പോരായ്മകൾ ചൂണ്ടിക്കാണിക്കാനോ പാടില്ല എന്ന സമീപനം സർക്കാരിനില്ല. പക്ഷേ അത്തരം വിമർശനങ്ങൾ വരുമ്പോൾ സർക്കാരിന് ചെയ്യാവുന്നത് അത് പരിശോധിക്കാൻ ഒരു വിദഗ്ധസമിതിയെ ചുമതലപ്പെടുത്തുകയും അവരുടെ നിഗമനങ്ങൾക്കനുസരിച്ച് തീരുമാനമെടുക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ അതിനുപകരം തെരുവിൽ പ്രക്ഷോഭവുമായി പോകുന്നത് ശരിയായ സമീപനമല്ല.

**പുസ്തകം പിൻവലിച്ചാലേ ചർച്ചയുള്ളൂവെന്നാണല്ലോ?**

പുസ്തകം പിൻവലിച്ചാൽ പിന്നെ ചർച്ചയ്ക്ക് പ്രസക്തിയില്ലല്ലോ. അങ്ങേയറ്റം ജനാധിപത്യവിരുദ്ധവും അക്കാദമിക് വിരുദ്ധവുമായ സമീപനമാണത്. ഒരു സർക്കാരിനും അതംഗീകരിക്കാൻ കഴിയില്ല.

**അക്കാദമിക് താത്പര്യങ്ങളാണ് ഇപ്പോഴത്തെ വിമർശനങ്ങൾക്ക് കാരണമെന്ന് തോന്നുന്നുണ്ടോ?**

ഇല്ല. യഥാർഥത്തിൽ പാഠപുസ്തകത്തോടുള്ള വിമർശനം ആത്മാർത്ഥമാണെങ്കിൽ അവർ വിദഗ്ധസമിതി നിർദേശം അംഗീകരിക്കുമായിരുന്നു. എന്നാൽ പാഠപുസ്തകത്തെ ഒരു ഉപകരണമാക്കി രാഷ്ട്രീയ അജണ്ട നടപ്പിലാക്കുകയാണിവർ.

**എന്താണ് അജണ്ട?**

ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നിരവധി നടപടികൾ കൈക്കൊണ്ടു. അത് പൊതുസ്കൂളുകളുടെ പ്രവർത്തനവും നിലവാരവും ഏറെ മെച്ചപ്പെടാൻ സഹായിച്ചു. കുട്ടികളുടെ പഠനനിലവാരവും റിസൽട്ടും വലിയ തോതിൽ വർധിച്ചു. ഒപ്പം വിദ്യാഭ്യാസക്കച്ചവടം തടയാൻ പൊതുവിദ്യാഭ്യാസമേഖലയിലും പ്രൊഫഷണൽ മേഖലയിലും നിരവധി നടപടികൾ കൈക്കൊണ്ടു. ഇതൊക്കെ ഇവിടത്തെ സ്വകാര്യ കച്ചവടലോബിയെ അസ്വസ്ഥപ്പെടുത്തുന്നുണ്ട്. അതിനെതിരെ സ്വാശ്രയ വിവാദം മുതൽ ഏകജാലകം വരെ പല വിമർശനങ്ങളും അവർ – വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്ന ചില മത, സാമുദായിക സംഘടനകളും അതിലുണ്ട് – കൊണ്ടുവന്നു. അതൊന്നും വേണ്ടത്ര ഏശാത്തതുകൊണ്ടാണ് ഇപ്പോൾ മതനിഷേധമെന്നൊക്കെപ്പറഞ്ഞ് വിവാദമുണ്ടാക്കുന്നത്. ആ കലക്കവെള്ളത്തിൽ നിന്ന് മീൻ പിടിക്കാനാവുമോ എന്നാണ് കോൺഗ്രസ്സും ലീഗും ശ്രമിക്കുന്നത്.

**എല്ലാ മതവിഭാഗക്കാരും പാഠപുസ്തകങ്ങളെ എതിർക്കുന്നുവെന്നത് ശരിയാണോ?**

പതിമൂന്ന് സംഘടനകളുടെ പ്രാതിനിധ്യമുള്ള ചർച്ചസ് കൗൺസിൽ, എസ്.എൻ.ഡി.പി തുടങ്ങി നിരവധി പേർ പാഠപുസ്തകം പിൻവലിക്കേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ടു. ഫാ.അലക്സിനെപ്പോലുള്ള അച്ചൻമാർ ഇത് പഠിപ്പിക്കുകവരെ ചെയ്തു. ശ്രീ.കാന്തപുരം വിദഗ്ധ സമിതി പരിശോധനയെ അംഗീകരിക്കുന്നു. യു.ഡി.എഫിലെ ഒരു ഘടകകക്ഷി പറഞ്ഞത് ഈ പ്രക്ഷോഭം യു.ഡി.എഫിൽ ചർച്ച ചെയ്തില്ലെന്നാണ്. ചുരുക്കത്തിൽ സമൂഹത്തിലുള്ള ഭൂരിപക്ഷം ഇക്കാര്യത്തിൽ സർക്കാരിനൊപ്പമാണ്.

**പുസ്തകം സംബന്ധിച്ച വിമർശനങ്ങളെക്കുറിച്ച്?**

സാധാരണ നടപടിക്രമങ്ങളിൽ നിന്ന് വ്യത്യസ്തമായി അസംബ്ലിയിൽ സഭ നിറുത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറായി. പക്ഷേ പ്രതിപക്ഷത്തിന് അവരുന്നയിക്കുന്ന വിമർശനങ്ങൾക്കാധാരമായി കാര്യമായയൊന്നും ചൂണ്ടി

> സ്വാശ്രയ വിവാദം മുതൽ ഏകജാലകം വരെ പല വിമർശനങ്ങളും സ്വകാര്യ കച്ചവടലോബി കൊണ്ടുവന്നു. അതൊന്നും വേണ്ടത്ര ഏശാത്തതുകൊണ്ടാണ് ഇപ്പോൾ മതനിഷേധമെന്നൊക്കെപ്പറഞ്ഞ് വിവാദമുണ്ടാക്കുന്നത്. ആ കലക്കവെള്ളത്തിൽ നിന്ന് മീൻ പിടിക്കാനാവുമോ എന്നാണ് കോൺഗ്രസ്സും ലീഗും ശ്രമിക്കുന്നത്.





**പുസ്തകത്തെ പാഠം പഠിപ്പിച്ചപ്പോൾ:** മലപ്പുറത്ത് പ്രതിഷേധകർ പുസ്തകം കത്തിക്കുന്നു.

കാണിക്കാനായില്ലെന്നത് മാധ്യമങ്ങളടക്കം റിപ്പോർട്ട് ചെയ്തിരുന്നുവല്ലോ. നാലു വിമർശനങ്ങളാണ് അവരുന്നയിക്കുന്നത്. വേണ്ടത്ര ഉള്ളടക്കമില്ല, മതനിഷേധം, സ്വാതന്ത്ര്യസമരത്തിലെ ദേശീയ നേതാക്കളെക്കുറിച്ച് പരാമർശമില്ല, കമ്യൂണിസം പഠിപ്പിക്കുന്നു എന്നിവയാണവ.

## ഇതിൽ എന്തെങ്കിലും കഴമ്പുണ്ടോ?

ഒരു കഴമ്പുമില്ലാത്ത വിമർശനങ്ങളാണിവയെന്ന് പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. ഉള്ളടക്കമില്ല എന്ന വിമർശനം തന്നെയെടുക്കാം. ഏഴാം ക്ലാസിലേക്കുള്ള പുസ്തകത്തിന്റെ ആദ്യഭാഗം മാത്രമാണിത്. അതിൽത്തന്നെ നാല് കേന്ദ്ര പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് പാഠങ്ങൾ വികസിക്കുന്നത്. പാഠപുസ്തകത്തിലും അധ്യാപകസഹായിയിലുമുള്ള വസ്തുതകളായും പഠനപ്രവർത്തനങ്ങളായും സമ്പുഷ്ടമായ ഉള്ളടക്കമാണ് ഇതിലുള്ളത്. ഈ പാഠ്യപദ്ധതിയുടെ ഒരു സവിശേഷത കൂടി മനസ്സിലാക്കണം. ക്രിട്ടിക്കൽ പെഡഗോഗി എന്ന തത്ത്വമനുസരിച്ചാണ് ഈ പാഠഭാഗങ്ങൾ തയാറാക്കിയിരിക്കുന്നത്. കുട്ടി അവൻ നേടിയ അറിവിന്റെ പശ്ചാത്തലത്തിൽ വസ്തുതകളെ താരതമ്യം ചെയ്ത് സ്വന്തമായി ശരിയായ നിലപാടുകളിലേക്കെത്തിച്ചേരുന്ന ശൈലിയാണിത്. അങ്ങനെ സമൂഹത്തെ മുന്നോട്ട് നയിക്കുന്ന പ്രക്രിയയിൽ കുട്ടിയും പങ്കാളിയാകുന്ന രീതി.

## ഒന്നുകൂടി വ്യക്തമാക്കാമോ?

ഒരു പാഠഭാഗം വച്ച് വ്യക്തമാക്കാം. ഈ പുസ്തകത്തിലൊരിടത്ത് ബ്രിട്ടീഷുകാരുടെ ഭരണം തന്നെ നന്നായിരുന്നു എന്ന മട്ടിൽ ഒരാൾ പറയുന്നുണ്ട്. അതുകേട്ട മറ്റൊരാളിന്റെ മറുപടി "എന്താ കുഞ്ഞിരാമേട്ടാ... രണ്ട് ദിവസമെങ്കിൽ രണ്ട് ദിവസം നമ്മുടെ അംബാനി ലോകത്തിലെ ഏറ്റവും വലിയ സമ്പന്നനായി മാറിയില്ലേ?" എന്നിട്ട് പാഠത്തിൽ ചോദിക്കുന്നു- ഇതിലേതെങ്കിലും ഒരഭിപ്രായത്തെ നിങ്ങൾ ശരിവയ്ക്കുന്നുണ്ടോ? കുട്ടി ഇതിന്റെ രണ്ടുവശവും ചിന്തിക്കുകയും 'ഈ രണ്ടുമല്ലല്ലോ ശരി; സ്വാതന്ത്ര്യം കിട്ടിയത് നന്ന്. പക്ഷേ അത് അംബാനിമാർക്ക് മാത്രം വളരാനല്ലല്ലോ, എല്ലാവരുടെയും ജീവിതനിലവാരം ഉയരണ്ടേ' എന്ന ശരിയായ നിഗമനത്തിലെത്തുകയും ചെയ്യും. ഇത്തരത്തിൽ കുട്ടിയുടെ ചിന്താശേഷിയെ ഉദ്ദീപിപ്പിക്കുകയും സമൂഹത്തെ ശരിയായി മനസ്സിലാക്കാനുതകുകയും ചെയ്യുന്ന വിദ്യാഭ്യാസത്തിലൂടെ മൂല്യബോധവും പൗരബോധവുമുള്ള ഒരു ജനത ഉണ്ടാകും. ഇതല്ലേ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം?

ഈ രീതി ആദ്യമായിട്ടൊന്നുമല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പുസ്തകത്തിലും ഇത്തരം പാഠങ്ങളുണ്ടായിരുന്നു. എൻ.സി.ഇ.ആർ.ടി.സി പുസ്തകങ്ങളിലും ഈ രീതിയാണ്.

## മതനിഷേധത്തെക്കുറിച്ച്?

മതനിഷേധം പുസ്തകത്തിലില്ലെന്നു മാത്രമല്ല എല്ലാ മതങ്ങളുടെയും സാരാംശം നൽകുകയും ചെയ്തിട്ടുണ്ട്. 'മതമില്ലാത്ത ജീവൻ' എന്ന ഒരു പാഠഭാഗത്തെയാണല്ലോ വിമർശകർ ചൂണ്ടിക്കാണിക്കുന്നത്. മിശ്രവിവാഹിതരായ ഒരു മുസ്ലീം പുരുഷനും ഹിന്ദു സ്ത്രീയും ജീവൻ എന്ന പേരിട്ട തങ്ങളുടെ കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ മതത്തിന്റെ കോളത്തിൽ ഒന്നുമെഴുതണ്ടായെന്നു പറയുന്നു. വലുതാവുമ്പോൾ അവന് വേണമെങ്കിൽ ഇഷ്ടമുള്ള മതം സ്വീകരിച്ചോട്ടെ എന്നാണവർ തീരുമാനിക്കുന്നത്. ഇതിൽ എവിടെയാണ് മതനിഷേധം? മാത്രവുമല്ല, തുടർന്ന് വിവിധ മതഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരണികൾ നല്കി എല്ലാ മതങ്ങളും മനുഷ്യനെ തമ്മിൽ സ്നേഹിക്കാനും നന്മചെയ്യാനും ഉപദേശിക്കുന്നു എന്നും എന്നിട്ടും മനുഷ്യർ മതത്തിന്റെ പേരിൽ കലഹിക്കുന്നതെന്തിന് എന്നും ചോദിക്കുന്നു. ഇത് മതനിഷേധമാണോ? മതത്തെ അംഗീകരിക്കലല്ലേ?

## സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് പാഠത്തിൽ ഇല്ലായെന്ന വിമർശനം?

വാസ്തവത്തിൽ ഈ വാദം കോൺഗ്രസുകാർ ഉന്നയിക്കുന്നതു കേൾക്കുമ്പോൾ കഷ്ടം തോന്നുന്നു. പാഠ്യപദ്ധതി ഒന്നു മുതൽ 12 വരെയാണ്. ഈ കാലയളവിനുള്ളിൽ കുട്ടിക്ക് സ്വാതന്ത്ര്യസമരത്തെക്കുറിച്ചും ദേശീയപ്രസ്ഥാനത്തെക്കുറിച്ചും ശരിയായി മനസിലാക്കാനാവശ്യമായ കാര്യങ്ങൾ അതിലുണ്ടോ എന്നാണ് നോക്കേണ്ടത്. അതിനുപകരം എല്ലാക്കാര്യങ്ങളും ഏഴാംക്ലാസിലെ പകുതിപാഠങ്ങളിൽ തന്നെ നൽകണമെന്ന് സാമാന്യബുദ്ധിയുള്ള ആരും പറയില്ലല്ലോ. മുൻ സർക്കാരിന്റെ കാലത്തെ ഏഴാംതര സാമൂഹ്യപാഠപുസ്തകം നോക്കൂ. സ്വാതന്ത്ര്യസമരത്തെക്കുറിച്ച് അതിലൊരു പരാമർശം പോലുമില്ല. അതിനെ ആരും വിമർശിക്കാത്തത് ശരിയായ അക്കാദമിക് ധാരണയുള്ളതുകൊണ്ടാണ്. ഇപ്പോഴത്തെ പുസ്തകത്തിൽ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് പറയുന്നുണ്ട്. മാത്രമല്ല മംഗൽ പാണ്ഡെ, ആലിമുസലിയാർ, പീർ മുഹമ്മദ് തുടങ്ങിയ ദേശീയ സ്വാതന്ത്ര്യസമരത്തിൽ നിർണായക പങ്കുവഹിച്ച പലരെക്കുറിച്ചും ആദ്യമായിട്ടാണ് പാഠപുസ്തകങ്ങളിൽ പരാമർശം. കോൺഗ്രസുകാർ ദേശീയപ്രസ്ഥാനത്തിലെ തങ്ങളുടെ പൂർവികരെ കാണാതിരിക്കുന്നതു കഷ്ടമാണ്.

## കമ്യൂണിസം പ്രചരിപ്പിക്കുന്നുണ്ടോ ഈ പുസ്തകം?

അതൊക്കെ അസംബന്ധ വിമർശനങ്ങളാണ്. കമ്യൂണിസ്റ്റ് ആശയപ്രചാരണത്തിന് ഏഴാംക്ലാസ് പാഠപുസ്തകം വേണോയെന്ന് അഴീക്കോട് മാഷ് ചോദിച്ചതാണതിനു മറുപടി. ആശയപ്രചാരണത്തിന് കമ്യൂണിസ്റ്റുകാർക്ക് ഫലപ്രദമായ സംവിധാനമുണ്ട്. നമ്മുടെ നവോത്ഥാന പാരമ്പര്യത്തെക്കുറിച്ചും കേരളം എങ്ങനെ മാറിയെന്നതിനെക്കുറിച്ചും പാഠപുസ്തകത്തിൽ പറയുന്നുണ്ട്. വിവിധ ധാരകളിലായി നടന്ന ആ നവോത്ഥാനപ്രക്രിയയിൽ കോൺഗ്രസിനും ദേശീയ പ്രസ്ഥാനത്തിനുമുള്ള പങ്ക് സൂചിപ്പിക്കുന്നത് കോൺഗ്രസ്വത്കരണമാണെന്ന് പറഞ്ഞാൽ അത് അസംബന്ധമല്ലേ. അതുപോലെ കമ്യൂണിസ്റ്റ് ധാരയ്ക്ക് അതിലുള്ള പങ്ക് മറച്ചുവയ്ക്കുന്നതു ചരിത്രനിഷേധമാണ്. ശ്രീ സൂപ്പി വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയേപ്പറ്റി പുസ്തകത്തിൽ പരാമർശിച്ചിരുന്നു. അതൊക്കെ ആരോപണമുന്നയിക്കുന്നവർ മറക്കുന്നതു കഷ്ടമാണ്.

## പാഠപുസ്തകം പഠിപ്പിക്കില്ലെന്ന നിലപാട് ചിലർ സ്വീകരിച്ചിട്ടുണ്ടല്ലോ?

**സ്കൂളുകളിൽ എന്തു പഠിപ്പിക്കണമെന്നു തീരുമാനിക്കുന്നതു സർക്കാരാണ്. പാഠ്യപദ്ധതിയിൽ പോരായ്മകളുണ്ടെങ്കിൽ അതു തുറന്ന മനസോടെ ചർച്ചചെയ്യാനും അക്കാദമിക് പരിശോധന നടത്തി നടപടിയെടുക്കാനും സർക്കാർ ഒരുക്കമാണ്. അതിനു പകരം ഇതു പഠിപ്പിക്കയില്ലായെന്ന വാദമൊന്നും സർക്കാർ അംഗീകരിക്കുന്നില്ലെന്ന് അസന്ദിഗ്ധമായി അറിയിക്കട്ടെ. അങ്ങനെയുള്ള നീക്കങ്ങളെ യുക്തമായ രീതിയിൽ നേരിടാൻ സർക്കാരിനറിയാം.** ■



ഡോ. എം.എ.ഖാദർ

# പാഠപുസ്തകങ്ങൾ ഉണ്ടാകുന്നത്

പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും രൂപപ്പെടുന്നത് ചിട്ടയായ അക്കാദമിക് പ്രക്രിയയിലൂടെയാണ്. കാലാകാലങ്ങളിൽ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണമാണ് അതിന്റെ തുടക്കം. ദേശീയതലത്തിൽ നടന്ന പാഠ്യപദ്ധതി പരിഷ്കരണത്തെ തുടർന്നാണ് കേരളത്തിലും ഇപ്പോൾ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണങ്ങൾ ആരംഭിച്ചത്.

അഖിലേന്ത്യാ തലത്തിൽ നവംബർ 2004 നാണ് ദേശീയ പാഠ്യപദ്ധതി പരിഷ്കരണങ്ങൾക്ക് നാഷണൽ കൗൺസിൽ ഓഫ് എഡ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിങ് (എൻ.സി.ഇ.ആർ.ടി) തുടക്കം കുറിച്ചത്. ഇത് നടപ്പാക്കുന്നതിന് വേണ്ടി ഒരു നാഷണൽ സ്റ്റിയറിങ് കമ്മിറ്റിയും 21 നാഷണൽ ഫോക്കസ് ഗ്രൂപ്പുകളും രൂപീകരിക്കുകയുണ്ടായി. നാഷണൽ ഫോക്കസ് ഗ്രൂപ്പുകൾ വിവിധ സംസ്ഥാനങ്ങളിൽ വിവിധ ശ്രേണിയിലുള്ള വിദഗ്ധരുമായും അധ്യാപകരുമായും ചർച്ചകളും ആശയവിനിമയങ്ങളും നടത്തുകയുണ്ടായി. ഇപ്രകാരം സമഗ്രമായ കാഴ്ചപ്പാടോടെയാണ് പാഠ്യപദ്ധതി രൂപീകരിക്കുന്നതിനു വേണ്ടിയുള്ള ആശയങ്ങൾ എൻ.സി.ഇ.ആർ.ടി രൂപപ്പെടുത്തിയത്. വിവിധ നാഷണൽ ഫോക്കസ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ, അഭിപ്രായങ്ങൾ, നിഗമനങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ടാണ് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 രൂപപ്പെടുത്തിയത്. എൻ.സി.എഫ് 2005 സ്കൂൾ വിദ്യാഭ്യാസത്തിൽ പ്രക്രിയാബന്ധിത സമീപനം നടപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നു. ഈ സമീപനം അറിവ് നിർമാണ പ്രക്രിയയ്ക്കും വിമർശനാത്മക പഠനത്തിനും ഊന്നൽ നൽകുന്നു. മാത്രമല്ല വിവിധ തലങ്ങളിൽ ഇത്തരത്തിലുള്ള പാഠ്യപദ്ധതി രൂപീകരണം നിർവഹിച്ചത് പല ഘട്ടങ്ങളിലായുള്ള ചർച്ചകളിലൂടെയും വിവിധ മേഖലകളിൽ അതതു വിഷയങ്ങളുമായി ബന്ധപ്പെട്ട സംസ്ഥാനതല ഗ്രൂപ്പുകളുടെ ആശയവിനിമയത്തിലൂടെയും ആണ്. ഇപ്രകാരം പാഠ്യപദ്ധതി രൂപീകരണത്തിലും പ്രക്രിയാബന്ധിത കാഴ്ചപ്പാടാണ് സ്വീകരിച്ചിട്ടുള്ളത്.

കേരളത്തിൽ സ്കൂൾ തലത്തിൽ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചത് 2006 ആഗസ്റ്റിൽ ആണ്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് - 2005 അടിസ്ഥാനമാക്കി വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെയും ആശയരൂപീകരണത്തിലൂടെയും തനതായ പാഠ്യപദ്ധതി രൂപീകരണത്തിനുള്ള ശ്രമമാണ് നാം നടത്തിയത്. പ്രക്രിയാബന്ധിത സമീപനത്തിനും പ്രശ്നാധിഷ്ഠിത പഠനത്തിനും പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

**പാഠപുസ്തക നിർമാണവുമായി ബന്ധപ്പെട്ട് നിർവഹിച്ച പ്രവർത്തനങ്ങൾ**

- എൻ.സി.എഫ് 2005 ന്റെ മലയാളത്തിലുള്ള രേഖയുടെ അച്ചടിയും വിതരണവും
- സിലബസ്, പാഠപുസ്തകം എന്നിവ പരിശോധിക്കുന്നതിനു വേണ്ടിയുള്ള കോർ ഗ്രൂപ്പിന്റെ രൂപീകരണം. ഈ കോർ ഗ്രൂപ്പിൽ വിദ്യാഭ്യാസ വകുപ്പ് തലവന്മാർ, വിദ്യാഭ്യാസ വിദഗ്ധർ, അധ്യാപക പരിശീലകർ, അധ്യാപകർ, വിദ്യാഭ്യാസമേഖലയിലെ പ്രവർത്തകർ എന്നിവർ അംഗങ്ങളാണ്.
- 14 ഫോക്കസ് ഗ്രൂപ്പുകളുടെ രൂപീകരണം. ഈ ഫോക്കസ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലൂടെ രൂപപ്പെടുന്ന ആശയങ്ങളാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 രൂപപ്പെടുത്തുന്നതിന് അടിസ്ഥാനമായി സ്വീകരിച്ചത്.
- സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ശിൽപശാലകളുടെ സംഘാടനം
- 14 ഫോക്കസ് ഗ്രൂപ്പുകളുടെ പ്രവർത്തനം 14 ജില്ലകളിൽ ഡയറ്റുകൾ വഴി നടപ്പിലാക്കിക്കൊണ്ട് പഠനങ്ങൾ, ശിൽപശാലകൾ, സെമിനാറുകൾ എന്നിവ നടത്തി, സ്വരൂപിച്ച ആശയങ്ങൾ സംസ്ഥാനതലത്തിൽ കേരള പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കുന്നതിന് ഉപയോഗപ്പെടുത്തി.
- പാഠ്യപദ്ധതി രൂപീകരണവുമായി ബന്ധപ്പെടുത്തി അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ സ്വീകരിക്കുന്നതിനുവേണ്ടി ഒരു വെബ്പോർട്ടൽ രൂപീകരിച്ചു.
- മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ ലഭിച്ച ആശയങ്ങൾ കോർ ഗ്രൂപ്പ്, ഫോക്കസ് ഗ്രൂപ്പ് എന്നിവയിലെ അംഗങ്ങളെ പങ്കെടുപ്പിച്ച് നടത്തിയ ശിൽപശാലകളിലൂടെ സ്വാംശീകരിച്ചാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ രൂപരേഖ തയ്യാറാക്കിയത്.
- കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 (കരട് രേഖ) സംസ്ഥാന കോർ ഗ്രൂപ്പിലും സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റിയിലും ചർച്ചയ്ക്ക് വിധേയമാക്കി.

തുടർന്ന്, പരിഷ്കരിച്ച കരട് രേഖ പൊതുസമൂഹത്തിൽ ചർച്ചകൾക്ക് വിധേയമാക്കി. ജനകീയ ചർച്ചകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ്. ജില്ലാപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, സംസ്ഥാനത്തെ സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ചുകൊണ്ടുള്ള ബഹുതല ചർച്ചകളാണ് നടന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തിയ ഇത്തരം ചർച്ചകളിൽ ഏതാണ്ട് 45,000 ത്തോളം ആളുകൾ പങ്കെടുത്തു.

സ്കൂൾതല ചർച്ചകളിൽ ഏതാണ്ട് ഒരു ലക്ഷത്തോളം ആളുകൾ (അധ്യാപകരും അധ്യാപക രക്ഷാകർതൃ സമിതിയിലെ അംഗങ്ങളും) പങ്കെടുത്തു. ഈ ചർച്ചകൾക്ക് 927 റിസോഴ്സ്

> പാഠ്യപദ്ധതി പരിഷ്കരണവും പാഠപുസ്തക നിർമ്മാണവും വിദ്യാഭ്യാസ വിദഗ്ധരുടെ നേതൃത്വത്തിൽ നടക്കുന്ന ചിട്ടയായ പ്രക്രിയയാണ്. ഇപ്പോഴത്തെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ വിവരിക്കുന്നു ഈ ലേഖനം.

പേഴ്സൺമാരുടെ അക്കാദമിക പിന്തുണ നൽകുകയുണ്ടായി. പഞ്ചായത്ത് തലത്തിലും സ്കൂൾതലത്തിലും നടന്ന ചർച്ചകളിലൂടെയും നേരിട്ടും കത്തുകളിലൂടെയും വെബ്പോർട്ടലിലൂടെയും ലഭിച്ച ആശയങ്ങൾ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 വികസിപ്പിക്കുന്നതിന് സഹായകമായി.

വിവിധതലങ്ങളിൽ നിന്ന് ലഭിച്ച നിർദേശങ്ങൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്തിയ രേഖ അധ്യാപക സംഘടനാപ്രതിനിധികളുമായും വിദ്യാർത്ഥി സംഘടനാപ്രതിനിധികളുമായും ചർച്ച ചെയ്തു. തുടർന്ന്, സംസ്ഥാനതല കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### സിലബസിന്റെയും പാഠപുസ്തകങ്ങളുടെയും പരിഷ്കരണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005ലും, കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് 2007ലും ഉൾചേർന്നിട്ടുള്ള സമീപനത്തെ അടിസ്ഥാനമാക്കി പ്രശ്നാധിഷ്ഠിത ആശയങ്ങൾ നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും വിവിധ വിഷയഗ്രൂപ്പുകൾ കണ്ടെത്തുകയുണ്ടായി. സംസ്ഥാനത്തെ വിവിധ സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റികൾ തുടങ്ങിയവയിൽ നിന്ന് വിവിധ വിഷയങ്ങളിൽ പാഠപുസ്തക രചനയിൽ മുൻപരിചയമുള്ള അധ്യാപകരാണ് മേൽ സൂചിപ്പിച്ച വിഷയഗ്രൂപ്പുകളിൽ പ്രവർത്തിച്ചത്. ഈ അധ്യാപകരെ വിവിധ ശിൽപശാലകളിൽ സിലബസ് നിർമാണത്തിനായി രൂപീകരിക്കപ്പെട്ട വിവിധ വിഷയഗ്രൂപ്പുകൾ നടത്തിയ അനവധി ചർച്ചകളിലൂടെയാണ് ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള സിലബസ് നിർമാണം നടന്നത്.

പാഠപുസ്തക രചനയിൽ പങ്കെടുക്കുന്നതിനുള്ള അധ്യാപകരെ കണ്ടെത്തുന്നതിന് സംഘടിക്കപ്പെട്ട ശിൽപശാലകളിലൂടെ കടന്നുവന്നവർ മേൽ സൂചിപ്പിച്ച വിഷയഗ്രൂപ്പുകളോടൊപ്പം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടു. മൊത്തം 63 ടൈറ്റിലുകളിലായി 1, 3, 5, 7 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നിർമിക്കുന്നതിനായി ഈ ഗ്രൂപ്പുകൾ നിരന്തരം പ്രവർത്തിക്കുകയുണ്ടായി. പാഠപുസ്തക രചനയോടൊപ്പം തന്നെ നേരത്തെ തയ്യാറാക്കപ്പെട്ട സിലബസ് വീണ്ടും പരിഷ്കരണങ്ങൾക്ക് വിധേയമാക്കപ്പെട്ടു. അധ്യാപകർക്കുള്ള കൈപുസ്തകങ്ങളും ഇതോടൊപ്പം തയാറാക്കി. പാഠപുസ്തകങ്ങളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനായി രൂപീകരിക്കപ്പെട്ട വിഷയസമിതികൾ തയ്യാറാക്കപ്പെട്ട പാഠപുസ്തകങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയുണ്ടായി. ഈ പരിശോധനയിൽ ലഭിച്ച നിർദേശങ്ങൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്തിയ പാഠപുസ്തകങ്ങൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. 2006 ആഗസ്റ്റിൽ ആരംഭിച്ച കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഒന്നാംഘട്ടം 2008 ജൂണിൽ പൂർത്തീകരിച്ചു.■

*കേരള എസ്.സി.ഇ.ആർ.ടി ഡയറക്ടറാണ് ലേഖകൻ*

## വിവാദപുസ്തകം പ്രതികരണങ്ങൾ

ആകെ പത്തറുപതിലധികം പുറങ്ങളുള്ള ഒരു പുസ്തകത്തിൽ ചില വരികളിലും വരകളിലുമുള്ള പോരായ്മകൾകൊണ്ട് കമ്മ്യൂണിസം പരക്കുമെന്ന് കരുതുന്നവർ ഒന്നുകൂടി കോളേജിൽ ചേർന്ന് പഠിക്കേണ്ടവരാണ്.

**സുകുമാർ അഴീക്കോട്**

വിവാദ പാഠപുസ്തകത്തിൽ 'നന്മയിലേക്കുണരുക' എന്ന ഭാഗത്ത് മഹാഭാരതത്തിൽ നിന്നും ബൈബിളിൽ നിന്നും നബിവചനത്തിൽ നിന്നും ഗുരുനാനാക്കിന്റെ ചൊല്ലുകളിൽ നിന്നും ഉദ്ധരിച്ചു ചേർത്തത് കുട്ടികൾ നിർബന്ധമായും പഠിക്കേണ്ടതാണ്. അങ്ങനെയാണ് വിദ്യാഭ്യാസത്തിലൂടെ വിശ്വമാനവനെ സൃഷ്ടിക്കുക എന്ന മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുക.

**ഒ.എൻ.വി.കുറുപ്പ്**

വിദ്യാഭ്യാസവും സംസ്കാരവുമുള്ള രാജ്യത്ത് പുസ്തകം കത്തിക്കൽ നീതീകരിക്കാനാവില്ല.

**സുഗതകുമാരി**

പാഠപുസ്തകം പിൻവലിക്കേണ്ട കാര്യമില്ല. ഇതിലുള്ള വിഷയങ്ങൾ വിപുലപ്പെടുത്തുകയാണ് വേണ്ടത്.

**വിഷ്ണു നാരായണൻ നമ്പൂതിരി**

അറിവിനെയും സംസ്കാരത്തെയും ചുട്ടുകരിക്കുന്നതിന് തുല്യമാണ് പാഠപുസ്തകം കത്തിച്ച സംഭവം. മുസ്ലീം സമുദായത്തിലെ ന്യൂനപക്ഷ ചിന്താഗതിക്കാർ മൂലം മുസ്ലീം സമൂഹം ഒന്നടങ്കം ആക്രമിക്കപ്പെടുന്ന കാലഘട്ടത്തിൽ ഇത്തരം പുസ്തകത്തിനെതിരെ കലാപം ശരിയല്ല.

**സക്കറിയ**

ഒരു ജനാധിപത്യ രാജ്യത്തിന്റെ വിദ്യാഭ്യാസത്തിന് ദിശാബോധമാകേണ്ടത് പുരോഹിതന്മാരല്ല, പൊതുജനത്തിന്റെ വിവേകത്തെയും ജ്ഞാനബോധത്തെയും നയിക്കുന്നത് സംസ്കാര സമ്പന്നരായ വിദ്യാഭ്യാസ വിദഗ്ധരാണ്. ഏഴാം ക്ലാസിലെ സാമൂഹ്യപാഠപുസ്തകം മുൻവിധികളില്ലാതെ വായിച്ചു നോക്കുകയാണെങ്കിൽ അതിൽ തെറ്റുണ്ടെന്ന് സാമാന്യബുദ്ധിയുള്ള ആരും പറയില്ല.

**പി.വത്സല**

ഏത് പുസ്തകം പഠിപ്പിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിന് വ്യവസ്ഥാപിതമായ ചില സംവിധാനങ്ങൾ ഇവിടെയുണ്ട്. തോന്നുന്നതു പോലെ ആർക്കും ഒന്നും ചെയ്യാൻ ആവില്ല. ഈ വിഷയത്തിൽ സഭകളോ സാമുദായിക സംഘടനകളോ പോർവിളി നടത്തരുത്.

**ഡോ.എബ്രഹാം മാർ പൗലോസ്**

ഇപ്പോഴത്തെ പാഠപുസ്തകം മനുഷ്യനന്മയ്ക്കും പുരോഗതിക്കും എതിരല്ല. ഏകമായ ചട്ടക്കൂടുകളിൽ പോറൽ വീഴ്ത്താനും ശ്രമിക്കുന്നതല്ല.

**യു.എ.ഖാദർ**

മതവിശ്വാസം ഒറ്റ ഊത്തിനു പൊട്ടുന്ന ബലൂണല്ല. അത്രയ്ക്ക് ബലം കുറഞ്ഞതാണ് മതവിശ്വാസമെങ്കിൽ അതില്ലാതിരിക്കുന്നതായിരിക്കും ആത്മബലമുള്ള മനുഷ്യനെ സൃഷ്ടിക്കാൻ നല്ലത്. മനുഷ്യനെ കൂടുതൽ നല്ല മനുഷ്യനാക്കാൻ പോന്ന മതങ്ങളൊടൊന്നും ഒരു നിന്ദയും നിലവിലുള്ള പാഠപുസ്തകങ്ങളിലില്ല. മറിച്ച് ചില മതസാരവുമേകാം എന്ന ശ്രീനാരായണ ഗുരു വചനത്തിനു അനുസൃതമായി ചിന്തിക്കാൻ പുതിയ തലമുറയെ പ്രേരിപ്പിക്കുന്ന നിരീക്ഷണങ്ങളാണ് ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠത്തിലെ 25 ഉം 26 ഉം പുറങ്ങളിൽ ചേർത്തിട്ടുള്ളത്.

**സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി**

പാഠപുസ്തക പരിഷ്കരണത്തിൽ പുരോഗമനപരമായ പല കാര്യങ്ങളുമുണ്ട്. പക്ഷേ ഇത് എല്ലാവർക്കും സ്വീകാര്യമായിക്കൊള്ളണമെന്നില്ല.

**പ്രൊഫ.എം.അച്യുതൻ**

പാഠപുസ്തകങ്ങൾ കത്തിക്കുകയും പൊതുമുതൽ വ്യാപകമായി നശിപ്പിക്കുകയും ചെയ്യുന്ന അക്രമങ്ങളെ സമരങ്ങളായി അംഗീകരിക്കുവാൻ ആവില്ല.

**ടി.ആരിഫലി**
*ജമാ അത്തെ ഇസ്ലാമി കേരളാ അമീർ*

പാഠപുസ്തകങ്ങൾ കത്തിച്ച നടപടി ന്യായീകരിക്കാനാവില്ല.

**ഒ.അബ്ദു റഹ്മാൻ**
*മാധ്യമം എഡിറ്റർ*

വായനാവാരം ആചരിക്കുന്ന ഈ ആഴ്ചയിൽ തന്നെ കേരളത്തിൽ അനേകം പുസ്തകങ്ങൾക്ക് തീ കൊടുക്കുന്ന സമരം നടന്നു എന്നത് സങ്കടമാണ്.

**ഡോ.എം.എൻ.കാരശ്ശേരി**

മനുഷ്യനെ നരകത്തിലാക്കാൻ പോന്ന മതനിഷേധമൊന്നും അടങ്ങിയതല്ല ഏഴാം തരത്തിലെ പാഠപുസ്തകമെന്ന് നിഷ്പക്ഷമതികൾക്ക് സമ്മതിക്കേണ്ടതായി വരും.

**ഒ.അബ്ദുല്ല**

കുട്ടികൾക്ക് മതാതീതമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള സ്വാതന്ത്ര്യം കൂടി വേണം.

**ഫാ.അലക്സ് തോമസ്**

■ ടി.പി.കലാധരൻ

വിമർശനാവബോധം വളർത്തിയെടുക്കുന്ന വിദ്യാഭ്യാസ ക്രമത്തിനുമാത്രമേ മാനവരാശിക്ക് ഭാവിഭാഗധേയം നിർണയിക്കുന്നതിൽ കൂടുതൽ സംഭാവനകൾ ചെയ്യാൻ കഴിയൂ. ഏഴാം ക്ലാസിലെ സാമൂഹിക ശാസ്ത്രപുസ്തകത്തിന്റെ വിലയിരുത്തൽ.

# കേരളത്തിന്റെ പുതിയ പാഠങ്ങൾ

കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളും അതീവതാത്പര്യത്തോടെ പങ്കെടുത്തുകൊണ്ടിരിക്കുന്ന സജീവ വിദ്യാഭ്യാസ ചർച്ച പലകാരണങ്ങളാലും ശ്രദ്ധേയമാണ്. ഏഴാം ക്ലാസിലെ സാമൂഹ്യപാഠപുസ്തകത്തിലെ പരാമർശങ്ങളെച്ചൊല്ലി ആരംഭിച്ച വിവാദങ്ങൾ, വിവാദകർത്താക്കൾ ഉദ്ദേശിക്കാത്ത തരത്തിൽ പാഠ്യപദ്ധതി രൂപീകരണ പ്രക്രിയ, പാഠ്യപദ്ധതി, സിലബസ്, വിദ്യാഭ്യാസലക്ഷ്യങ്ങൾ, പഠനസമീപനങ്ങൾ എന്നിങ്ങനെ വിവിധ അക്കാദമികമേഖലകളെ സംബന്ധിച്ച ചർച്ചയിലേക്ക് സമൂഹത്തെ നയിക്കുന്നു എന്നത് നല്ല കാര്യമാണ്. ആകസ്മികമോ ആസൂത്രിതമോ ആവട്ടെ, വ്യാഖ്യാനങ്ങളോ ദുർവ്യാഖ്യാനങ്ങളോ ആകട്ടെ, ചർച്ച എപ്പോഴും കൂടുതൽ വ്യക്തത നൽകും. കൂടുതൽ ആഴത്തിൽ പ്രശ്നത്തെ പരിശോധിക്കുവാനുള്ള അവസരം ലഭിക്കും. അതിലൂടെ നല്ല നല്ല പാഠങ്ങൾ ഉൾക്കൊള്ളാനാകും. കേരളം ഒന്നാകെ പുതിയപാഠങ്ങൾ പഠിക്കുകയാണെന്നു പറഞ്ഞാൽ അത് അതിശയോക്തിപരമല്ല.

### വിമർശനാവബോധം വളർത്തുന്ന വിദ്യാഭ്യാസരീതി

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കാലികപ്രസക്തവും ഗുണമേന്മയുള്ളതുമായ പാഠ്യപദ്ധതി രൂപീകരിക്കുന്നതിനുള്ള സാമൂഹികവും സൈദ്ധാന്തികവും അക്കാദമികവുമായ വ്യക്തത നൽകുന്ന ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിന്റെ ചുവടുപിടിച്ചാണ് സംസ്ഥാനങ്ങൾ സ്വന്തം പാഠ്യപദ്ധതി രൂപീകരിക്കുന്നത്.

പുതിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് പല പുതിയ ആശയങ്ങളും മുന്നോട്ടുവയ്ക്കുന്നുണ്ട്. അതിലൊന്നാണ് വിമർശനാത്മകബോധനശാസ്ത്രം *(Critical pedagogy.)*

ലോകത്ത് ചരിത്രവും കാലവുമുള്ള ഏകജീവി മനുഷ്യനാണ്. മനുഷ്യൻ ലോകത്തോട് നിരന്തരം ഇടപെടുകയും ലോകത്തെ മാറ്റിത്തീർക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ സൃഷ്ടിപരത മാനവസത്തയുടെ പ്രധാന അംശമാണ്. നിലനിൽക്കുന്ന ലോകയാഥാർഥ്യത്തെ വിമർശനാത്മകമായി സമീപിക്കുകയും ആഴത്തിൽ വിശകലന വിധേയമാക്കുകയും ചെയ്യുന്നതിലൂടെയാണ് ചരിത്രവും സംസ്കാരവുമുള്ള ജീവിയായി മനുഷ്യൻ മാറുന്നത്. സാമൂഹികയാഥാർഥ്യങ്ങളെ അഭിസംബോധന ചെയ്യാനും പ്രശ്നനിർദ്ധാരണ പ്രക്രിയയിൽ ഇടപെടാനുമുള്ള കഴിവാർജിക്കുക എന്നത് മാനവകുലത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് അനിവാര്യമാണ്. ഇവിടെ വിദ്യാഭ്യാസത്തിനും അതിന്റേതായ പങ്കു വഹിക്കാൻ കഴിയും. വിമർശനാവബോധം വളർത്തിയെടുക്കുന്ന വിദ്യാഭ്യാസക്രമത്തിനുമാത്രമേ മാനവരാശിക്ക് ഭാവിഭാഗധേയം നിർണയിക്കുന്നതിൽ കൂടുതൽ സംഭാവനകൾ ചെയ്യാൻ കഴിയൂ. ഇത്തരം വിദ്യാഭ്യാസരീതിയുടെ ഏറ്റവും പ്രധാന സവിശേഷത അത് ലോകത്തെയും അറിവിനെയും പണിതീർക്കുന്ന പൂർണതയുള്ള ഒന്നായി അവതരിപ്പിക്കുന്നില്ല എന്നതാണ്.




അടഞ്ഞ പാഠങ്ങളല്ല ലോകയാഥാർഥ്യങ്ങളിലേയ്ക്കു തുറക്കുന്ന സാമൂഹികപ്രശ്നങ്ങളാണ് കുട്ടികളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്.

'തങ്ങളുടെ സാഹചര്യത്തിലുള്ള പ്രശ്നങ്ങളെ ധീരമായി ചർച്ച ചെയ്യാനും അതിൽ ഇടപെടാനും ജനങ്ങളെ പ്രാപ്തരാക്കുന്നതാവണം വിദ്യാഭ്യാസം' എന്ന് പൗലോ ഫ്രെയർ പറഞ്ഞത് ഇവിടെ പ്രസക്തമാകുന്നു. പരിതസ്ഥിതികളെ സ്ഥിരമായി വിലയിരുത്താനും കണ്ടെത്തലുകൾ വിശകലനം ചെയ്യാനും ശാസ്ത്രീയമായ മാർഗങ്ങൾ അംഗീകരിക്കാനും സാമൂഹിക യാഥാർഥ്യങ്ങളുമായി യുക്തിസഹജമായ ബന്ധങ്ങൾ സ്വയം കണ്ടെത്താനും ലോകത്തോട് രൂക്ഷമായ വിമർശനാവബോധം വളർത്തിയെടുത്ത് ലോകത്തെ രൂപാന്തരപ്പെടുത്താനും വിദ്യാഭ്യാസത്തിനു കഴിയണം.

ഏതൊരു പ്രശ്നത്തെയും സാമൂഹിക പക്ഷത്തുനിന്നുകൊണ്ട് വിലയിരുത്തുക, കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ തെളിവുകൾ വിശകലനം ചെയ്തു നിലപാടുകൾ സ്വീകരിക്കുക, പ്രശ്നത്തെ അതിന്റെ സാമൂഹികപശ്ചാത്തലത്തിൽ പരിശോധിക്കുക, ജനവിരുദ്ധമായ താത്പര്യങ്ങൾ അന്തർലീനമായിട്ടുണ്ടോ എന്നു നോക്കുക. വരുംവരായ്കകളെന്തെല്ലാം, അവ ആരെ ബാധിക്കും എന്നിങ്ങനെയുള്ള പര്യാലോചനകൾ നടത്തുക ഇവയൊക്കെ വിമർശനാത്മക വിദ്യാഭ്യാസത്തിൽ പിന്തുടരേണ്ടതുണ്ട്. അന്ധമായ വിമർശനമല്ലിത്. മുൻവിധികളുടെയും ധാരണകളുടെയും അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ സമീപിക്കലുമല്ല.

ബോധനശാസ്ത്രത്തിന്റെ രീതികൾ പ്രയോജനപ്പെടുത്തുന്ന ഒന്നാണ് പുതിയ പാഠപുസ്തകം.

## പ്രശ്നാധിഷ്ഠിതം പാഠ്യപദ്ധതി

പാർശ്വവത്കരിക്കപ്പെട്ടവരുടെ തീക്ഷ്ണാനുഭവങ്ങൾ പങ്കുവയ്ക്കുന്ന ഒരു ചലച്ചിത്രാനുഭവത്തോടെയാണ് ഇക്കഴിഞ്ഞ അവധിക്കാല അധ്യാപകപരിശീലനം ആരംഭിച്ചത്. പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള അധ്യാപകർ കണ്ണൂരിലെ കുട്ടികൾ നിർമിച്ച ഈ കൊച്ചു സിനിമ കണ്ടു. പാർശ്വവത്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങളോട് അധ്യാപകസമൂഹവും പാഠ്യപദ്ധതിയും എന്തു നിലപാടു സ്വീകരിക്കണമെന്നായിരുന്നു തുടർന്നുള്ള ചർച്ച. സാമൂഹികപശ്നങ്ങളെ തമസ്കരിക്കുന്ന പാഠ്യപദ്ധതിക്ക് സാമൂഹികപ്രസക്തിയില്ലെന്നും ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിഞ്ഞും വിശകലനം ചെയ്തും വളരുന്ന തലമുറയ്ക്കേ നാടിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ എന്നും ബഹുഭൂരിപക്ഷം അധ്യാപകരും അഭിപ്രായപ്പെട്ടു. വർഗീയത, അരാജകത്വം, ജനാധിപത്യപ്രക്രിയയോടുള്ള വിമുഖത, വർധിച്ചുവരുന്ന അസമത്വം, ആക്രമണോത്സുകത, വിപണികേന്ദ്രിത ആത്മീയത, ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ, സ്ത്രീപുരുഷബന്ധങ്ങളിലെ മൂല്യച്യുതി, അന്ധമായ ധനതൃഷ്ണ, ലഹരിപദാർത്ഥങ്ങളോട് യുവത്വം പ്രകടിപ്പിക്കുന്ന ആസക്തി, ഭക്ഷ്യപ്രതിസന്ധി തുടങ്ങിയവയ്ക്ക് രാഷ്ട്രീയപരമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഇടപെടലുകൾ ആവശ്യമുണ്ടെന്ന് അധ്യാപകർ ചൂണ്ടിക്കാട്ടി.

ഇത്തരമൊരു പാഠ്യപദ്ധതി അധ്യാപകസമൂഹത്തെ കർമോത്സുകരാക്കിയിട്ടുണ്ട്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് *(KCF)* മുന്നോട്ടുവയ്ക്കുന്ന എട്ടു പ്രശ്നമേഖലകളോടും അധ്യാപകർ യോജിപ്പുപ്രകടിപ്പിച്ചു. ആ പ്രശ്നമേഖലകൾ ഇവയാണ്.

1. ലോകത്തെ ഒന്നായിക്കാണുന്ന അവസ്ഥ.
2. അധ്വാനശേഷീവികാസത്തിന്റെ അഭാവം.
3. സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണക്കുറവ്.
4. കൃഷി ഒരു സംസ്കാരമായി കാണാത്ത അവസ്ഥ.
5. ശാസ്ത്രീയമായ പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം.
6. ഇല്ലായ്മയും കഷ്ടപ്പാടും അനുഭവിക്കുന്നവരോടുള്ള പരിഗണനയില്ലായ്മ.
7. ശാസ്ത്രീയമായ സ്ഥലജല മാനേജ്മെന്റിന്റെ അഭാവം.
8. പരിസ്ഥിതി സൗഹൃദപരമായ വ്യവസായവത്കരണത്തിന്റെയും നഗരവത്കരണത്തിന്റെയും അഭാവം.

ഇതോടൊപ്പം ദേശീയവും അന്തർദേശീയവുമായ വികസനപ്രശ്നങ്ങളും പാഠ്യപദ്ധതി രൂപീകരണത്തിന് ആധാരമാക്കിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച എട്ട് പ്രശ്നമേഖലകളാണ് ഒന്നുമുതൽ 12 വരെയുള്ള ക്ലാസുകളിലെ എല്ലാവിഷയങ്ങൾക്കും അന്തർധാ



നന്മയിലേക്കുണരുക

ജാതിയുടെയും വിശ്വാസങ്ങളുടെയും പേരിൽ മനുഷ്യർ തമ്മിലടിക്കുന്ന പല സന്ദർഭങ്ങൾ ഇന്നും നാം പത്രങ്ങളിൽ വായിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യസ്നേഹം ലക്ഷ്യമാക്കി രൂപപ്പെട്ട മതങ്ങൾ മനുഷ്യൻ എങ്ങനെ പെരുമാറണമെന്നാണു വിവക്ഷിച്ചിരിക്കുന്നത്. ചില സൂക്തങ്ങൾ ശ്രദ്ധിക്കുക.

നിനക്ക് അഹിതമായത് എന്തോ, അത് അന്യനും അഹിതമാണെന്ന് ധരിക്കണം. നിനക്ക് ഇഷ്ടമാകാത്തത് അന്യനെ ഏല്പിക്കരുത്. ഇതാണ് ധർമത്തിന്റെ സാരം.
മഹാഭാരതം

മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അതുപോലെ അവരോടും പെരുമാറുക.
ബൈബിൾ

തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നതെല്ലാം
സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുക.
തനിക്കുവേണ്ടി ഇഷ്ടപ്പെടാത്തതെല്ലാം
സഹോദരനുവേണ്ടിയും ഇഷ്ടപ്പെടാതിരിക്കുക.
നബിവചനം

രയായി പ്രവർത്തിക്കുക. പല മാനങ്ങളിൽ ഓരോ പ്രശ്നത്തെയും സമീപിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നമേഖലയിൽ കൃഷിയും വിപണനവും, കൃഷിയുടെ ചരിത്രവും മനുഷ്യന്റെ വികാസവും, കൃഷിയുമായി ബന്ധപ്പെട്ട ശാസ്ത്രീയവശങ്ങൾ, കൃഷിയുടെ മേലുള്ള നിയന്ത്രണവും ഉടമസ്ഥാവകാശവും, കൃഷിയും സംസ്കാരവും, കാർഷിക സമ്പദ്ഘടന, കാലാവസ്ഥയും കൃഷിയും എന്നിങ്ങനെ ചരിത്രം, രാഷ്ട്രമീമാംസ, ധനതത്വശാസ്ത്രം, സാമൂഹികവിജ്ഞാനീയം, സംസ്കാരം, ശാസ്ത്രം, ഭൂമിശാസ്ത്രം, ഗണിതപ്രയോഗങ്ങൾ തുടങ്ങിയ എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട ജ്ഞാനതലങ്ങൾ വരുന്നു. കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അതിന്റെ നാനാവശങ്ങളും പരിശോധിച്ച് സമഗ്രമായി സമീപിക്കാൻ കഴിയുമ്പോഴുണ്ടാകുന്ന അറിവ് പരസ്പരബന്ധിതമല്ലാതെ ശകലീകരിച്ച അറിവിന്റെ തുണ്ടങ്ങൾ കൂട്ടിവയ്ക്കുമ്പോഴുള്ള ശിഥിലമായ ധാരണയെക്കാൾ എത്രയോ ശക്തമാണ്. ഒരു ചെറുപ്രശ്നത്തിലാവും പഠനം ആരംഭിക്കുക. ഒറ്റപ്പെട്ടത് എന്നു കരുതി ഉള്ളിലേയ്ക്ക് കടക്കുമ്പോഴാണ് അതൊരു വലിയ പ്രമേയത്തിന്റെ ചെറിയൊരു ഭാഗം മാത്രമാണെന്നു മനസ്സിലാക്കുക. ക്രമേണ മറ്റുഭാഗങ്ങളും പരിഗണനയ്ക്കെത്തുന്നതോടെ വീക്ഷണത്തിന്റെ വിശാലത വർധിക്കുന്നു. നിരീക്ഷണത്തിന്റെ സൂക്ഷ്മതയേറുന്നു. വിശകലനത്തിന്റെ സൂക്ഷ്മതയേറുന്നു. വിശകലനത്തിന്റെ തീക്ഷ്ണത പഠിതാവിന്റെ പ്രശ്നത്തിന്റെ ആഴത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നു. പ്രകൃതിയും സംസ്കാരവും തമ്മിലുള്ള മനുഷ്യന്റെ ബന്ധത്തിന്റെ നേർച്ചിത്രങ്ങൾ കൂടി കണ്ടെത്തുകയാണ് ചെയ്യുക.

എട്ടു പ്രശ്നമേഖലകൾ പരിശോധിക്കുക. ഇവയാണല്ലോ പാഠ്യപദ്ധതിയുടെ കേന്ദ്രപരിഗണനാപ്രമേയങ്ങൾ. ഇവ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ മാത്രം അജണ്ടയാണോ? പ്രത്യയശാസ്ത്രപരമായ പക്ഷപാതം ഇവയ്ക്കുണ്ടോ? ഗാന്ധിസത്തിനും കമ്മ്യൂണിസത്തിനും സോഷ്യലിസത്തിനും മാനവികതാ വാദക്കാർക്കുമെല്ലാം ഈ പ്രമേയങ്ങൾ പ്രസക്തമല്ലേ?

### മതവിശ്വാസവും മതനിഷേധവും മതേതരത്വവും പിന്നെ....

മതവിശ്വാസം, മതനിന്ദ, മതനിഷേധം, മതേതരത്വം, മതമൗലികവാദം, നിരീശ്വരവാദം തുടങ്ങിയ മതവുമായി ബന്ധപ്പെട്ട സംജ്ഞകൾ പാഠപുസ്തകചർച്ചകളിൽ സ്ഥാനം പിടിക്കുകയുണ്ടായി. പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും മതവുമായി ബന്ധപ്പെടുത്തി പരാമർശിച്ചിട്ടുള്ള മുഴുവൻ കാര്യങ്ങളും പരിശോധിച്ചുകൊണ്ട് നിലപാടു സ്വീകരിക്കുന്നതാണ് ശരി. സന്ദർഭങ്ങളിൽ നിന്ന് അടർത്തിയെടുത്ത ഒറ്റപ്പെട്ട വാക്യങ്ങളെ ഉപകരണങ്ങളാക്കുന്നത് ഗുണം ചെയ്യില്ല.

ഏഴാംക്ലാസ്സിലെ പാഠപുസ്തകത്തിൽ നിന്ന്:-

1. എല്ലാമതങ്ങളും മനുഷ്യനന്മയെ ലക്ഷ്യമിടുന്നു. സഹിഷ്ണുതയോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു (പേജ് 26)

2. ജാതിയുടെയും വിശ്വാസങ്ങളുടെയും പേരിൽ മനുഷ്യർ തമ്മിലടിക്കുന്ന പല സന്ദർഭങ്ങൾ ഇന്നും നാം പത്രങ്ങളിൽ വായിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യസ്നേഹം ലക്ഷ്യമാക്കി രൂപപ്പെട്ട മതങ്ങൾ മനുഷ്യൻ എങ്ങനെ പെരുമാറണമെന്നാണു വിവക്ഷിച്ചിരിക്കുന്നത്? (പേജ് 25)

3. വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവർ തമ്മിലുള്ള കലഹങ്ങളും ഒരേ മതത്തിൽപ്പെട്ട വിഭാഗങ്ങൾ തമ്മിലുള്ള കലഹങ്ങളും ഇല്ലാതാക്കാൻ നമുക്ക് എന്തു ചെയ്യാൻ കഴിയും? (പേജ് 27)

4. സ്വന്തം വിശ്വാസത്തെപ്പോലെത്തന്നെ മറ്റുള്ളവരുടെ വിശ്വാസത്തെയും

**ആദ്യത്തെ മൂന്നു യൂണിറ്റുകളിലെ ഉള്ളടക്കം ഇങ്ങനെ**

| മണ്ണിനെ പൊന്നാക്കാൻ (പാഠം 1) | മനുഷ്യത്വം വിളയുന്ന ഭൂമി (പാഠം 2) | ഇനിയും മുന്നോട്ട് (പാഠം 3) |
|---|---|---|
| *ജന്മി നാടുവാഴിത്ത കാലത്തെ ഭൂവുടമാവകാശം, കാർഷിക ജീവിതം, ജന്മം, കാണം, കുഴിക്കാണം, മിച്ചവാരം, പാട്ടം, വാരം. | *ജാതിയുടെ പേരിലുള്ള വിവേചനങ്ങൾ<br>*തൊട്ടുകൂടായ്മ.<br>*ദേശീയ പ്രതിജ്ഞയുടെ അന്തഃസത്ത.<br>*സവർണ മേധാവിത്വകാലത്തെ ജീവിതം. | *സാമൂഹ്യപ്രശ്നങ്ങൾ നമ്മുടെയും പ്രശ്നങ്ങൾ.<br>*ബ്രിട്ടീഷ് ഭരണത്തിന്റെ തിക്തഫലങ്ങൾ.<br>*സ്വാതന്ത്ര്യസമരം. |
| *ജന്മിത്ത വ്യവസ്ഥ.<br>*കാർഷികമുന്നേറ്റങ്ങൾ. | *ചാന്നാർ ലഹള<br>*വൈക്കം സത്യാഗ്രഹം | -ഒന്നാം സ്വാതന്ത്ര്യസമരം.<br>-പീർമുഹമ്മദ് |
| *കാർഷിക പരിഷ്കാര നിയമങ്ങൾ | (കോൺഗ്രസ്, എൻ എസ് എസ്, എസ് എൻ ഡി പി എന്നിവയുടെ പങ്ക്) | -ഭഗത്സിങ് |
| *കുടിയൊഴിപ്പിക്കൽ നടപടി നിറുത്തൽ നിയമം | *ഗുരുവായൂർ സത്യാഗ്രഹം | ഇന്ത്യൻനാഷണൽ കോൺഗ്രസ് രൂപീകരണം |
| | (കെ.കേളപ്പൻ, മഹാത്മാഗാന്ധി എന്നിവരുടെ പങ്ക്) | -ജാലിയൻ വാലാബാഗ്<br>-ഖിലാഫത്ത് പ്രസ്ഥാനം |
| *കൃഷിഭൂമി കർഷകനു ലഭിച്ചതിന്റെ ഫലമായുണ്ടായ മാറ്റങ്ങൾ | പ്രത്യക്ഷരക്ഷാ ദൈവസഭ | -മലബാർ കലാപം |
| *ധാന്യവിള, നാണ്യവിള, വിളവിസ്തൃതിയിലെ വ്യതിയാനങ്ങൾ. | *മുസ്ലീം ഐക്യസംഘം<br>*മതത്തിന്റെ പേരിലുള്ള വേർതിരിവുകൾ, വിവേചനങ്ങൾ തിരുത്താനുള്ള ശ്രമങ്ങൾ | ഉപ്പുസത്യാഗ്രഹം, ഗാന്ധിജി ദണ്ഡിയാത്ര.<br>-കേരളത്തിലെ സമരങ്ങൾ<br>നിയമലംഘനം |
| *കൃഷിഭൂമി കാർഷികേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ | *മതേതരവിശ്വാസം, മതവിശ്വാസം<br>*മതമൂല്യങ്ങൾ<br>*മതസൗഹാർദം | നിസ്സഹകരണപ്രസ്ഥാനം.<br>വിദേശവസ്ത്രബഹിഷ്കരണം, ഉപ്പുസത്യാഗ്രഹം |
| *കേരളം നേരിടുന്ന ഭക്ഷ്യസുരക്ഷാ പ്രശ്നങ്ങൾ | | *ശാന്തിഘോഷ്, സുനിതാ ചൗധരി<br>-*ക്വിറ്റ് ഇന്ത്യ-കോൺഗ്രസ്പ്രമേയവും പ്രക്ഷോഭവും<br>-1952 ലെ പ്രസംഗം (നെഹ്റു)<br>-സാമൂഹ്യതിന്മകൾക്കെതിരായ പ്രവർത്തനം ഓരോ ഇന്ത്യക്കാരന്റെയും കടമ. |

ആദരിക്കുക (പേജ് 27)

സാമൂഹ്യശാസ്ത്രം അധ്യാപകസഹായിയിൽ അധ്യാപകർക്കുള്ള മാർഗനിർദേശങ്ങൾ നൽകിയിരിക്കുന്നു. ഏതൊക്കെ ആശയങ്ങൾ കുട്ടിയിൽ രൂപപ്പെടണം എന്നതിൽ വ്യക്തത വരുത്തുന്നതിനാണ് അധ്യാപകസഹായി ശ്രമിക്കുന്നത്. അതിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഇവയാണ്.

1. എല്ലാ വിവേചനങ്ങൾക്കും അതീതമായി മതേതരവിശ്വാസവും മതവിശ്വാസവും വച്ചുപുലർത്താൻ സ്വാതന്ത്ര്യമുള്ള ഒരു സമൂഹസൃഷ്ടിയാണ് നാം ലക്ഷ്യം വയ്ക്കുന്നത് (പേജ് 57)

2. മറ്റുള്ളവരുടെ പുരോഗതിയിൽ അസൂയ, ഏതുരീതിയിലും പരമാവധിപണം സമ്പാദിക്കുക-അതാണു ജീവിതവിജയം, മറ്റുള്ളവരെ പരാജയപ്പെടുത്തിക്കൊണ്ടേ നമുക്കു വിജയിക്കാനാകൂ, ഏറ്റവും മുൻഗണന നൽകേണ്ടത് സ്വന്തം കാര്യത്തിനാണ് എന്നീ ആശയങ്ങൾ ജീവിതപ്രമാണമായി സ്വീകരിച്ച ഒരാൾക്ക് മതവിശ്വാസിയായി ജീവിക്കുവാൻ പറ്റുമോ (പേജ് 61)

3. മതങ്ങൾ മനുഷ്യരെത്തമ്മിൽ അടുപ്പിക്കാനും സഹായിക്കാനും ലക്ഷ്യം വയ്ക്കുന്നു (പേജ് 61)

പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും മതവുമായി ബന്ധപ്പെടുത്തി കുട്ടി സ്വാംശീകരിക്കേണ്ട മുഖ്യ ആശയങ്ങൾ എന്തെന്ന് വ്യക്തമാക്കിയിരിക്കുന്നു. സ്വന്തം വിശ്വാസത്തെപ്പോലെ മറ്റുള്ളവരുടെ വിശ്വാസത്തെയും ആദരിക്കുക. ഇതിന് കൂടുതൽ ശക്തിപകരുന്നതിനായി വിവിധ മതഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികളും നൽകിയിട്ടുണ്ട്. ഇത്രയും കാര്യങ്ങളോട് കൂട്ടിച്ചേർത്തുവേണം മിശ്രവിവാഹദമ്പതികളുടെ മകനായ ജീവന്റെ സ്കൂൾ അഡ്മിഷൻ പ്രശ്നവും മരണാനന്തരച്ചടങ്ങുകളെക്കുറിച്ച് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളും പരിശോധിക്കേണ്ടത്. ഇന്ത്യയിൽ ഒരാൾക്ക് ജീവനെപ്പോലെ, നെഹ്റുവിനെപ്പോലെ മതേതരവിശ്വാസിയായി ജീവിക്കാനും മറ്റുള്ളവരെപ്പോലെ മതവിശ്വാസിയായി ജീവിക്കാനും കഴിയും. മതവിദ്വേഷികളും വർഗീയവാദികളും സമൂഹത്തിൽ വളർന്നുകൂടാ. തന്റെ മതം മാത്രം ശ്രേഷ്ഠം മറ്റുള്ളവ അധമം എന്നും ആരും കരുതരുത്. മിശ്രവിവാഹിതർ, നിരീശ്വരവിശ്വാസികൾ ഇവരും മനുഷ്യരാണ്. ഉന്നതമായ മാനുഷികമൂല്യങ്ങൾ കൊണ്ടാവണം ഇവരെയും നോക്കിക്കാണേണ്ടത്.

വിദ്യാഭ്യാസ ഗവേഷണത്തിനും പരിശീലനത്തിനുമായുള്ള ദേശീയ കൗൺസിൽ (NCERT) 2004 ആഗസ്റ്റിൽ Learning History without Burden- a note to school teachers എന്ന പേരിൽ സവിശേഷമായ ഒരു ചെറുഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. 2000 മുതൽ തയ്യാറാക്കപ്പെട്ട മതവിഭാഗീയതയിൽ മുങ്ങിക്കുളിച്ച ചരിത്ര പാഠപുസ്തകങ്ങളിലെ വളച്ചൊടിക്കലുകൾ, അസത്യങ്ങൾ, തെറ്റുകൾ, ദുർവ്യാഖ്യാനങ്ങൾ, വിവേചനങ്ങൾ, തമസ്കരിക്കലുകൾ തുടങ്ങിയവ എങ്ങനെ ഒഴിവാക്കി നേരേ ചൊവ്വെ പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നതിനുള്ള നിർദേശങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ചരിത്രപാഠപുസ്തകങ്ങളിൽ നൂറോളം മായം ചേർക്കലുകളാണ് കണ്ടുപിടിക്കപ്പെട്ടത്.

ഭാരതത്തിന്റെ നവോത്ഥാനധാരയ്ക്ക് അപമാനകരമായ നിരവധി സംഭവങ്ങൾ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അന്യമതസ്ഥരെ ചുട്ടെരിക്കൽ, മതത്തിന്റെ പേരിലുള്ള വിലപേശലുകൾ, മത താത്പര്യങ്ങൾ സംരക്ഷിക്കുന്നുവെന്ന വ്യാജേന ജനാധിപത്യമര്യാദകളെ വെല്ലുവിളിക്കൽ, സാമൂഹ്യമണ്ഡലത്തിന്റെ ഇടങ്ങളിലൊക്കെ മതത്തെ മുന്നിൽ നിറുത്താനും എല്ലാ സാമൂഹിക പ്രശ്നങ്ങൾക്കും പരിഹാര ബിന്ദുവായി മതത്തെ ചിത്രീകരിക്കാനുമുള്ള വ്യഗ്രത, പൊതുസമൂഹം പുറന്തള്ളിയ അനാചാരങ്ങളെ പുനഃസ്ഥാപിക്കാനുള്ള നീക്കങ്ങൾ, മതേതരാശയങ്ങളെ പരിഹസിക്കൽ, മൂലധനശക്തികളുമായി

കൈകോർത്ത് കച്ചവടവത്കരണ ആശയ സംഹിതയ്ക്ക് പരവതാനി വിരിക്കൽ, സാമ്രാജ്യത്വശക്തികളുടെ നിലപാടുകളെ പരോക്ഷമായി പിന്താങ്ങൽ, കപട ആത്മീയതയുടെയും ആത്മീയ വ്യാപാരത്തിന്റെയും കടന്നുകയറ്റം ഇങ്ങനെ മതസൗഹാർദത്തിലും സഹിഷ്ണുതയിലും വിശ്വസിക്കുന്ന മതവിശ്വാസികൾക്കും മതേതര വിശ്വാസികൾക്കും ഒരുപോലെ നൊമ്പരവും ഉത്കണ്ഠയും ഉളവാക്കുന്ന സംഭവ വികാസങ്ങൾ കണ്ടില്ലെന്നു നടിക്കണമോ? എങ്ങനെയാണ് സാംസ്കാരിക കേരളം ഇതിനോട് പ്രതികരിക്കേണ്ടത്? മതവിദ്വേഷമോ മതനിഷേധമോ അല്ല മറുപടി എന്ന് നമുക്കറിയാം. മതം ഉയർത്തിപ്പിടിക്കുന്ന യഥാർത്ഥമൂല്യങ്ങളുടെ അഗ്നിശോഭയിൽ പരിശുദ്ധരാകാൻ അവസരമൊരുക്കുകയല്ലേ വേണ്ടത്. മതാതീതമായി മാനുഷികബന്ധങ്ങളെ മാനിക്കുമ്പോൾ മാത്രമാണ് തന്റെ അയൽക്കാരനെ സ്നേഹിക്കാൻ കഴിയുക. സ്നേഹത്തെ എല്ലാ മതങ്ങളുടെയും മതമായി കാണാൻ കഴിഞ്ഞ ആത്മീയാചാര്യന്മാരുടെ പിന്മുറക്കാർ പുതിയ പാഠപുസ്തകത്തെ പേടിക്കുകയല്ല, പ്രേമിക്കുകയാണ് വേണ്ടത്.

## പാഠപുസ്തകം: ഉള്ളടക്കം കുറഞ്ഞോ?

വിവരവിസ്ഫോടനത്തിന്റെ കാലത്ത് നമ്മുടെ കുട്ടികളെ വിവരങ്ങൾ കൊണ്ട് നിറയ്ക്കുകയല്ലേ വേണ്ടത്? പാഠപുസ്തകങ്ങളിൽ വിവരങ്ങൾ ആവശ്യത്തിലധികം ഇല്ലെങ്കിൽ അതൊരു അപരാധമാകില്ലേ? കൂടുതൽ പഠിക്കുന്നതുകൊണ്ടെന്താണ് കുഴപ്പം? തുടങ്ങിയ നിരവധി ആശങ്കകൾ പല കോണുകളിൽ നിന്ന് ഉയർന്നുവരുന്നുണ്ട്.

ലോകത്തുള്ള എല്ലാ വിവരങ്ങളും പഠിക്കുക എന്നത് ഒരാളെക്കൊണ്ടും സാധ്യമല്ല. കേവലം വിവരങ്ങൾ സംഭരിച്ചുവയ്ക്കുന്നത് പഠനമല്ല. വിവരങ്ങളെ സമന്വയിപ്പിച്ചും വിശകലനം ചെയ്തും സംസ്കരിച്ചെടുക്കുമ്പോൾ മാത്രമാണ് അത് സവിശേഷജ്ഞാനമായി മാറുക. അടിസ്ഥാനകാര്യങ്ങളിൽ കുട്ടിക്ക് അറിവ് നേടാൻ കഴിയണം. ലോകത്തിലിടപെടാനും മുന്നോട്ട് നയിക്കാനും ലോകത്തെ മനസ്സിലാക്കേണ്ടതുണ്ട്. ഈ മനസ്സിലാക്കൽ പ്രക്രിയയാണ് പരിപോഷിപ്പിക്കേണ്ടത്. ജ്ഞാനാനുഭവങ്ങളിലൂടെയുള്ള നിരന്തര മുന്നേറ്റമാണിത്. അറിയൽ പ്രക്രിയ നിർണായകമാണ്.

> സ്നേഹത്തെ എല്ലാ മതങ്ങളുടെയും മതമായി കാണാൻ കഴിഞ്ഞ ആത്മീയാചാര്യന്മാരുടെ പിന്മുറക്കാർ പുതിയ പാഠപുസ്തകത്തെ പേടിക്കുകയല്ല, പ്രേമിക്കുകയാണ് വേണ്ടത്.

ആറാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ചരിത്രപുസ്തകങ്ങൾ പ്രാചീന ഇന്ത്യ മുതൽ ആധുനിക ഇന്ത്യ വരെയുള്ള ചരിത്രം ഇടിച്ചൊതുക്കി കുറുക്കി നൽകുന്നതിന്റെ അശാസ്ത്രീയത NCERT തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചരിത്ര സംക്ഷിപ്തങ്ങൾ വേണ്ടത്ര വിശദാംശങ്ങളില്ലാതെ യാന്ത്രികമായി കുട്ടികൾ സ്വീകരിക്കുന്നത് ശരിയായ ചരിത്രബോധം വളർത്താൻ പര്യാപ്തമല്ല.

വിവിധ ആധികാരികസ്രോതസുകൾ പരിശോധിച്ച് തെളിവുകൾ വിശകലനം ചെയ്ത് കുട്ടികൾ ചരിത്രം കണ്ടെത്തുക എന്ന സമീപനമാണ് ദേശീയ തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. ഓരോ പഠിതാവും ചെറിയ ചരിത്രഗവേഷക സ്ഥാനത്തേക്ക് സ്വയം ഉയർത്തപ്പെടുകയാണ്. ഇങ്ങനെ വരുമ്പോൾ പരമ്പരാഗത പാഠപുസ്തകങ്ങളിലെപ്പോലെ കാണാതെ പഠിക്കേണ്ടതും കണിശം പരീക്ഷയ്ക്ക് വരുന്നതുമായ നിരവധി വിവരങ്ങളുടെ കൂമ്പാരമായിരിക്കില്ല പുതിയ പാഠപുസ്തകങ്ങൾ. പഠിക്കേണ്ട പ്രമേയത്തിലേക്ക് ശ്രദ്ധിക്കേണ്ടുന്ന പഠന പ്രശ്നങ്ങൾ, വിവരശേഖരണ രീതികൾ, വിവരസ്രോതസുകളെപ്പറ്റിയുള്ള സൂചനകൾ, ആധികാരിക ഗ്രന്ഥങ്ങളുടെയും രേഖകളുടേയും പ്രസക്തഭാഗങ്ങൾ, ചെറുവിവരണങ്ങൾ എന്നിവയായിരിക്കും പാഠപുസ്തകത്തിലുണ്ടാവുക. അധ്യാപകസഹായിയിൽ അന്വേഷണാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് റഫറൻസിനായി പകർപ്പെടുത്തു നൽകേണ്ട ഭാഗങ്ങളുണ്ടാകും. വ്യക്തത നൽകുന്നതിനായി വിശദീകരണങ്ങളുണ്ടാകും, റഫർ ചെയ്യേണ്ട പുസ്തകങ്ങളുടെ സൂചനകളും നൽകിയിട്ടുണ്ടാവും. ഇങ്ങനെ പാഠപുസ്തകം വിദ്യാർഥിയുടെ അന്വേഷണഫലങ്ങൾ അധ്യാപകൻ ശേഖരിച്ച് നൽകുന്ന വിവരങ്ങൾ എല്ലാം കൂടി പരിഗണിച്ചാണ് വിദ്യാർഥി ഒരു പ്രമേയത്തിൽ തന്റെ അറിവിന്റെ ചക്രവാളം വികസിപ്പിച്ചെടുക്കുന്നത്. പുതിയ പുസ്തകസ്വരൂപത്തിനെക്കുറിച്ചുള്ള ധാരണയില്ലായ്മ പഴയപാഠങ്ങൾ മാത്രം ശീലിച്ചവർക്കും ചരിത്രഗതി മനസ്സിലാക്കാതെ ഫോസിലീകരണം സംഭവിച്ചവർക്കും ഗ്രഹണതടസ്സം ഉണ്ടാകാനിടയുണ്ട്. അധ്യാപക സഹായിയിൽ (പേജ് 53,54,55,56) കുട്ടികൾ എങ്ങനെ പഠിച്ചെടുക്കണം എന്നതിന് ഉദാഹരണമായി കുട്ടിയുടെ കണ്ടെത്തൽ കുറിപ്പുകൾ നൽകിയത് ആർക്കും വായിച്ച് നോക്കാവുന്നതാണ്.

പാഠപുസ്തകവും അധ്യാപകസഹായിയും സിലബസ് ഗ്രിഡും ഒപ്പം വച്ച് പരിശോധിച്ചാൽ ഉള്ളടക്കവിവാദം അർത്ഥശൂന്യമാണെന്നു കാണാം.

അഞ്ച്, ആറ്, ഏഴ്, എട്ട് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഒന്നിച്ചുവച്ചു പരിശോധിക്കുമ്പോൾ മാത്രമേ ഉള്ളടക്കത്തിന്റെ ക്രമാനുഗതമായ വളർച്ച കണ്ടെത്താൻ കഴിയൂ. എങ്കിലും പലരും ആശങ്കപ്പെടുന്നതു പോലെയല്ല, യഥാർത്ഥസത്യം മറ്റൊന്നാണെന്ന് ഉള്ളടക്ക വിശകലനത്തിൽനിന്നും വ്യക്തമാകുന്നു (ചാർട്ട് നോക്കുക).

## പഠനവും സാമൂഹ്യമാറ്റവും

പാഠപുസ്തകങ്ങളുടെ രാഷ്ട്രീയത്തെ ച്ചൊല്ലി വ്യത്യസ്തനിലപാടുകൾ സ്വീകരിക്കപ്പെടുന്നുണ്ട്. ഒരു അരാഷ്ട്രീയ പാഠപുസ്തകം വേണ്ട എന്നതിൽ ഏവരും യോജിക്കും. ഏതെങ്കിലും കക്ഷിരാഷ്ട്രീയം കടന്നുവരുന്നുണ്ടെങ്കിൽ അത് നീതീകരിക്കാനുമാവില്ല. നമ്മുടെ രാഷ്ട്രത്തിന്റെ യഥാർഥ പ്രശ്നങ്ങളെ അനാവരണം ചെയ്യുന്ന രാഷ്ട്രീയമുള്ള പാഠപുസ്തകമാണ് നമുക്ക് വേണ്ടത്. വിദ്യാഭ്യാസം സമൂഹ്യമാറ്റത്തിന് എന്ന ദർശനവും പരക്കെ സ്വീകാര്യതയുള്ളതാണ്. സാമൂഹ്യമാറ്റം ലക്ഷ്യമിടുന്ന പഠനം എന്തിനെല്ലാം അവസരം നൽകണം എന്ന് പാഠപുസ്തകം രചയിതാക്കൾ പരിശോധിച്ചിട്ടുണ്ട്. അത് ഇവയാണ്.

- സാമൂഹിക നീതിക്കുവേണ്ടി പ്രവർത്തിക്കാൻ
- സന്തുലിതവും വിവേകപൂർണവുമായ വികസനത്തിന്
- മികച്ച പൗരത്വം വികസിപ്പിക്കാൻ
- ഉയർന്ന ദേശീയബോധം വളർത്താൻ
- അവകാശബോധം വളർത്താൻ
- ശാസ്ത്ര-സാങ്കേതികാവബോധം വളർത്താൻ
- കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കാൻ
- സാംസ്കാരികതനിമ തിരിച്ചറിയാനും വളർത്താനും
- തൊഴിൽ ചെയ്യാനുള്ള കഴിവ് വളർത്താൻ
- സാമൂഹികവും ജനാധിപത്യപരവുമായ മൂല്യങ്ങൾ നേടാൻ
- സ്വാശ്രയത്വം ഊട്ടിവളർത്താൻ
- അനീതികളെ ചെറുക്കാനുള്ള കരുത്ത് വളർത്താൻ
- അറിവിന്റെ നിർമാണത്തിനും വിനിമയത്തിനും നേതൃത്വം നൽകാൻ
- വിമർശനാത്മകചിന്ത വളർത്താൻ

ഇത്തരം വിശാല കാഴ്ചപ്പാടോടെ വികസിപ്പിച്ച പാഠപുസ്തകമാണ് നമ്മുടെ മുന്നിലുള്ളത്. പക്ഷപാതരഹിതമാണ് ഈ പാഠപുസ്തകങ്ങൾ എന്നു പറയാനാവില്ല. പാർശ്വവത്കരിക്കപ്പെട്ടവരോട് ഇത് പക്ഷം പിടിക്കുന്നു. ദരിദ്രരോട്, മർദിതരോട്, നിന്ദിതരോട്, ജനാധിപത്യവിശ്വാസികളോട്, മതനിരപേക്ഷമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരോട്, സാമൂഹ്യനീതിയിലധിഷ്ഠിതമായ ഒരു വ്യവസ്ഥയ്ക്കു വേണ്ടി നിലകൊള്ളുന്നവരോട്, ശാസ്ത്രീയമായ വികസനപാത പിന്തുടരുവാൻ ജാഗ്രത കാണിക്കുന്നവരോട് ഈ പാഠപുസ്തകം പക്ഷം പിടിക്കുന്നു. അതിലെന്താണ് തെറ്റ്?■

*സർവശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസറാണ് ലേഖകൻ*

■ പി.എം.മുഹമ്മദാലി

## കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ

# വികസനവായ്പകൾക്ക് ഗതിവേഗം

കേരളത്തിലെ നഗരസഭകളിലെ വികസന പദ്ധതികൾക്ക് വായ്പാധനസഹായം നൽകുന്നതിനാണ് കോഴിക്കോട് ആസ്ഥാനമായി 1970 ൽ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചത്. കേരള ഗ്രാമ വികസന ബോർഡ് നിർത്തിലാക്കിയതോടെ 2004 മുതൽ കമ്പനിയുടെ പ്രവർത്തന മേഖല ഗ്രാമപഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പിച്ചു. കമ്പനിയുടെ പേര് കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ എന്നാക്കി മാറ്റി. ഇപ്പോൾ കമ്പനിയുടെ ഹെഡ്ആഫീസും രജിസ്റ്റേർഡ് ആഫീസും തിരുവനന്തപുരം വഴുതക്കാട് ട്രാൻസ് ടവറിൽ പ്രവർത്തിച്ചുവരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് വായ്പാ ധന സഹായം നൽകുക എന്നതാണ് കമ്പനിയുടെ പ്രധാന പ്രവർത്തന ലക്ഷ്യം. കൂടാതെ പദ്ധതി ആവിഷ്കരണത്തിലും നടപ്പിലാക്കുന്നതിലും സാങ്കേതികവും അല്ലാത്തതുമായ സഹായങ്ങളും മാർഗ നിർദേശങ്ങളും നൽകുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുക എന്നിവയും പ്രവർത്തന ലക്ഷ്യങ്ങളാണ്. കമ്പനിയുടെ അംഗീകൃത മൂലധനം 12 കോടി രൂപയാണ്. 96.04 ലക്ഷം രൂപയാണ് ഇതുവരെ പിരിഞ്ഞുകിട്ടിയത്. ഇതിൽ 51 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ ഓഹരിയാണ്. ബാക്കി ഓഹരി ഉടമകൾ കേരളത്തിലെ വിവിധ നഗരസഭകളാണ്. ഗ്രാമപഞ്ചായത്തുകളെക്കൂടി കമ്പനിയുടെ ഓഹരി ഉടമകളാക്കുന്നതിനുള്ള നിർദേശം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. അതു നിലവിൽ വരുന്നതോടെ ഗ്രാമപഞ്ചായത്തുകളും കമ്പനിയുടെ ഓഹരി ഉടമകളാകും. കമ്പനിയുടെ നിയന്ത്രണം 11 അംഗങ്ങളുള്ള ഡയറക്ടർ ബോർഡിനാണ്. ഇതിൽ മൂന്നു ഡയറക്ടർമാരെ സംസ്ഥാന സർക്കാർ നേരിട്ടു നിയമിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി പി.കെ.ജോസ് ഐ.എ.എസ് ആണ് ചെയർമാന്റെ ചാർജ് വഹിക്കുന്നത്. മുനിസിപ്പൽ ചെയർമാൻ ചേമ്പർ പ്രസിഡന്റും മേയർമാരുടെ പ്രതിനിധിയും തദ്ദേശസ്വയംഭരണ മന്ത്രാലയത്തിലെ വിവിധ വകുപ്പുകളുടെ മേധാവികളും ബോർഡ് അംഗങ്ങളാണ്. ഗ്രാമപഞ്ചായത്തു പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദേശം സർക്കാർ പരിഗണനയിലുണ്ട്. കമ്പനിയുടെ ദൈനംദിന കാര്യങ്ങൾ നിർവഹിക്കുവാൻ മാനേജിങ് ഡയറക്ടറും കമ്പനി സെക്രട്ടറി കം ഫിനാൻസ് മാനേജരും സ്റ്റാഫും ഉണ്ട്.

കമ്പനി തുടക്കം മുതൽ 1993-94, 2004-05 ഒഴികെ ലാഭത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 2006-07 വർഷത്തിൽ 2.31 കോടി രൂപയുടെ ലാഭം കമ്പനിക്കുണ്ടായി. കാലാകാലങ്ങളിൽ ഓഹരി ഉടമകളായ സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലാഭവിഹിതം നൽകിയ ശേഷം 3.08 കോടി രൂപ കരുതൽ മൂലധനമായിട്ടുണ്ട്. റിസർവ് ബാങ്കിന്റെ മാർഗനിർദേശങ്ങളനുസരിച്ചാണ് കമ്പനി ധനകാര്യ ഇടപാടുകൾ നടത്തുന്നതും ലാഭനഷ്ടങ്ങൾ കണക്കാക്കുന്നതും. കമ്പനി നൽകുന്ന വായ്പകൾ പൂർണ സുരക്ഷിതമായിട്ടാണ് കണക്കാക്കുന്നത്. ലോൺതുക തിരികെ പിരിക്കുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും സംസ്ഥാന സർക്കാർ കമ്പനിയെ റവന്യൂ റിക്കവറി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്പനി ഇതുവരെ 127.63 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വായ്പയായി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് അംഗീകാരം നൽകിയ 748 പദ്ധതികൾ വായ്പാധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 660 പദ്ധതികൾ പുർത്തീകരിച്ചിട്ടുണ്ട്. കമ്പനി ആദായകരമായതും ആദായകരമല്ലാത്തതുമായ പദ്ധതികൾക്ക് വായ്പാധനസഹായം നൽകിവരുന്നു.

### ആദായകരമായ പദ്ധതികൾ





പദ്ധതിയിൽ നിന്നുള്ള വരുമാനം കൊണ്ട് മാത്രം മുടക്കിയ മൂലധനം പൂർണ്ണമായും തിരിച്ചു ലഭിക്കുന്നവയെ ആദായകരമായ പദ്ധതികളായി പരിഗണിക്കും. ആദായകരമായ പദ്ധതിയുടെ അടങ്കലിൽ 75% വരെ വായ്പ ധനസഹായം ലഭ്യമായിരിക്കും. സ്ഥലത്തിന്റെ വിലയും പദ്ധതിയുടെ ചെലവിൽ ഉൾപ്പെടുന്നതാണ്. ആദായകരമായ പദ്ധതികൾക്കുള്ള വായ്പാ ധനസഹായത്തിന് നിലവിൽ 11% പലിശ നിരക്കാണ് നൽകിവരുന്നത്. ബാങ്ക് പലിശ നിരക്കുകളിലെ മാറ്റത്തിനനുസരിച്ച് നിരക്ക് കൂടുകയോ കുറയുകയോ ചെയ്യാം. ആദായകരമായ പദ്ധതികൾക്ക് എടുക്കുന്ന വായ്പ തിരിച്ചടയ്ക്കുവാൻ ഒൻപത് വർഷം വരെ കാലാവധിയുണ്ടായിരിക്കും. ഇതിൽ രണ്ടു വർഷം വരെ പദ്ധതി പൂർത്തീകരിക്കുവാൻ സമയം അനുവദിക്കുന്നതാണ്. ഈ കാലയളവ് മുതൽ തിരിച്ചടവിന് അവധിയായിരിക്കും.

### ആദായകരമല്ലാത്ത പദ്ധതികൾ

ആദായകരമല്ലാത്ത പദ്ധതികൾക്ക് അടങ്കലിന്റെ 50% വരെ വായ്പാധന സഹായം നൽകും. പ്രസ്തുത പദ്ധതികൾക്കുള്ള വായ്പ കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും എടുത്തിട്ടുള്ള മൊത്തം വായ്പയുടെ 25% ആയി പരിമിതപ്പെടുത്തും. 12.5% ആണ് പലിശനിരക്ക്. തിരിച്ചടവിന് 10 വർഷം വരെ സമയം അനുവദിക്കും. ഇത്തരം പദ്ധതികൾക്ക് വായ്പാ തിരിച്ചടവിന് അവധി അനുവദിക്കുന്നതല്ല. വായ്പ ഗഡുക്കളായി പ്രവർത്തന പുരോഗതിയനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു ബാങ്കു വഴി നൽകും. ആദ്യ ഗഡു പദ്ധതി നടത്തിപ്പു തുടങ്ങിയതിനുശേഷമേ വിതരണം ചെയ്യുകയുള്ളൂ.

കമ്പനി വിതരണം ചെയ്യുന്ന വായ്പയുടെ 150% എങ്കിലും വിലമതിപ്പുള്ള വസ്തുവിന്റെ രേഖകൾ ഇക്വറ്റിബിൾ മോർട്ട്ഗേജ് ആയി കമ്പനിയുടെ കൈവശം തരേണ്ടതാണ്. വായ്പ അനുവദിക്കുന്നത് രണ്ടു ഘട്ടങ്ങളിലാണ്. ആദ്യഘട്ടത്തിൽ പദ്ധതി അംഗീകരിക്കുകയും അടുത്ത ഘട്ടത്തിൽ പദ്ധതിക്ക് വായ്പ അനുവദിക്കുകയും ചെയ്യും. ആവശ്യമായ എല്ലാ രേഖകളും ലഭ്യമാണെങ്കിൽ പദ്ധതിയുടെ അംഗീകാരവും വായ്പ അനുവദിക്കലും ഒരുമിച്ചു ചെയ്യാറുണ്ട്.

> തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ ഏറ്റവും കുറഞ്ഞ പലിശ നിരക്കിലാണ് കെ.യു.ആർ.ഡി.എഫ്.സി വായ്പ നൽകുന്നത്. വായ്പ നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാണ്.

### പദ്ധതികളുടെ അംഗീകാരം

പദ്ധതി അംഗീകാരത്തിന് നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമ 1 പൂർണ്ണമായി പൂരിപ്പിച്ച് പദ്ധതി റിപ്പോർട്ടും അനുബന്ധ രേഖകളും, പദ്ധതി അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് സമിതിയുടെ പ്രമേയത്തിന്റെ പകർപ്പ്, കമ്പനിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുള്ള മറ്റു പദ്ധതികളുണ്ടെങ്കിൽ അവയുടെ പുരോഗതി റിപ്പോർട്ട്, സ്ഥാപനത്തിന്റെ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ വരവുചെലവു കണക്കുകളുടെ (മുൻ നീക്കിയിരിപ്പ്) തന്നാണ്ടത്തെ വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവ സഹിതം സമർപ്പിക്കണം.

### വായ്പ അനുവദിക്കൽ

നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമ 11 പൂർണമായി പൂരിപ്പിച്ച് വായ്പാ അനുവദിക്കുന്നതിന് പദ്ധതിയുടെ എസ്റ്റിമേറ്റ്, കമ്പനിയിൽ നിന്നും വായ്പ എടുക്കാനുള്ള പഞ്ചായത്തു സമിതിയുടെ തീരുമാനത്തിന്റെ പകർപ്പ്, പദ്ധതി നടപ്പാക്കാനുള്ള ബന്ധപ്പെട്ട അധികാരിയുടെ ഭരണാനുമതി, അടങ്കലിനുള്ള സാങ്കേതിക അനുമതിയും വിശദമായ എസ്റ്റിമേറ്റും, ചീഫ് ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരവും ബന്ധപ്പെട്ട പ്ലാനുകളും, കേരള ലോക്കൽ അതോറിറ്റീസ് ലോൺസ് ആക്ടിന്റെ 30-ാം വകുപ്പു പ്രകാരം വായ്പ എടുക്കുന്നതിനുള്ള അനുമതി പത്രം എന്നീ അനുബന്ധ രേഖകൾ സഹിതം അപേക്ഷ നൽകണം.

വായ്പാപദ്ധതിയുടെ അംഗീകാരത്തിന് കമ്പനിയിൽ നിന്നും പഞ്ചായത്തിന് അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ രണ്ടു വർഷത്തെ പ്രാബല്യമാണുണ്ടാവുക. വായ്പ അനുവാദത്തിന് കമ്പനിയിൽ നിന്നും പഞ്ചായത്തിന് അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ ആറു മാസത്തെ പ്രാബല്യമേ ഉണ്ടായിരിക്കുകയുള്ളൂ. അനുവദിച്ച വായ്പ എല്ലാ രേഖകളും ഹാജരാക്കി കരാർ വച്ച് എടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഒരു ശതമാനം കമ്മിറ്റ്മെന്റ് ഫീസ് പഞ്ചായത്ത് അടയ്ക്കേണ്ടി വരും. അനുവദിച്ച വായ്പ എടുത്തില്ലെങ്കിലും കമ്മിറ്റ്മെന്റ് ഫീസ് അടയ്ക്കേണ്ടതുണ്ട്. വായ്പ തിരിച്ചടവ് ത്രൈമാസികമായോ അർദ്ധവാർഷികമായോ നടത്താം. ഗഡുവും പലിശയും നിർദിഷ്ട തീയതിക്കുള്ളിൽ അടച്ചില്ലെങ്കിൽ 2.5% പിഴപ്പലിശ കൂടി ഈടാക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ ഏറ്റവും കുറഞ്ഞ പലിശ നിരക്കിലാണ് കെ.യു.ആർ.ഡി.എഫ്.സി വായ്പ നൽകുന്നത്. വായ്പ നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാണ്. പഞ്ചായത്തിലെ പദ്ധതി വിഹിതത്തിലെ ചെലവഴിക്കാത്ത തുകയിൽ നിന്നും കമ്പനിയുടെ ബാധ്യതകൾ തീർക്കാൻ സർക്കാർ അനുവാദം നൽകിയിരുന്നു. ഇക്കാരണങ്ങളാൽ പഞ്ചായത്തിന് വികസന പദ്ധതികൾ നടപ്പാക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി യുടെ വികസന സഹായം ലഭ്യമാക്കി പഞ്ചായത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കാവുന്നതു മറ്റു വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതുമാണ്. www.kurdfc.org എന്ന വെബ്സൈറ്റിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്.

*കെയുആർഡിഎഫ്സിയുടെ മാനേജിങ് ഡയറക്ടറാണ് ലേഖകൻ*

■ ഡോ. ദേശമംഗലം രാമകൃഷ്ണൻ

# കവിയ

ജീവിതം പുത്തനായ്പ്പുത്തനായ് പിന്നെയും
പൂവിട്ടു നിൽക്കും കുടിലുകൾക്കുള്ളിലും

എന്ന് മോഹിച്ച കവിയാണ് പാലാ നാരായണൻ നായർ. പ്രകൃതി, മനുഷ്യപ്രകൃതി, ദൈവവിചാരം, രാഷ്ട്രസങ്കല്പങ്ങൾ ഈ നാലു നൂലുകൾ അദ്ദേഹത്തിന്റെ കാവ്യജീവിതത്തെ അർഥവത്താക്കുന്നു. എന്നും ഒരേ മുഖം തെളിഞ്ഞു നിൽക്കുന്നു ആ ഏടുകളിൽ. വള്ളത്തോൾ പാരമ്പര്യവും ചങ്ങമ്പുഴശ്ശീലവും കൂട്ടിക്കടഞ്ഞെടുത്ത ഭാവപരവും ഭാഷാപരവുമായ ഒരു മനോതാനം ആ കാവ്യലോകത്ത് അനുഭവപ്പെടും. 'മധുരഗാനങ്ങൾ മനോജ്ഞദൃശ്യങ്ങൾ മനസ്സിലുത്കണ്ഠയുണർത്തുമെന്നാണല്ലോ കവിനിഗമനം. കമനീയേ നിന്റെ കളമൊഴി കേൾക്കെ നനുത്തിതോർമകൾ' (ബിന്ദു). ഇവിടെ തന്റെ പൂർവികഭാവനയോടുള്ള ബന്ധം തെളിയുന്നുണ്ട്. 'പദത്തിലർഥമായൊരേ പദാർത്ഥമായ്' എന്തിനോടും ഇഴുകിച്ചേരാനുള്ള ത്വരയെ സഫലമാക്കാൻ പോന്ന കാവ്യകരുക്കളുമായി എഴുത്തു തുടർന്നു പാലാ. സ്വാതന്ത്ര്യസമരകാലം മുതൽ ഇന്നത്തെ ആഗോളവത്കരണകാലം വരെയും ജീവിക്കാൻ കഴിഞ്ഞ ആ മഹാകവിക്ക് ഒരു പ്രചോദനമുണ്ടായിരുന്നു. തല്ലേറ്റു പിടയുന്ന ജീവിതം. 'കാലോഗ്രതാഡനമേൽക്കിലും പുഞ്ചിരി/ത്താലവുമേന്തി യുഗാന്തരം തോറുമേ/കർമാനുശാസനം കൈക്കൊണ്ടു ഭൗതിക/നിമ്നോന്നതങ്ങളിൽ നീങ്ങുന്നു ജീവിതം. തല്ലിക്കെടുത്തുവാനാവില്ല ചൈതന്യ/ഫുല്ലമാമായതിൻ കന്ദളമൊന്നുമേ' (കവികൾ). പീഡനമേൽക്കുമ്പോഴും പുഞ്ചിരിക്കുന്ന ജീവിതം. ഈ വിരുദ്ധതയുടെ ലയമാണ് പാലാക്കവിത. വൈലോപ്പിള്ളി ഇതൊരു മൂഢഹാസമായിട്ടേ കണ്ടിട്ടുള്ളൂ (കുടിയൊഴിക്കൽ). എന്നാൽ നേരിനെ അത്ര ക്രൂരമായി പൊളിച്ചുനോക്കാനൊന്നും പാലാ മെനക്കെടാറില്ല. പുഞ്ചിരിയുടെ പ്രകാശമാണ് കവി തേടിക്കണ്ടെത്തുന്നത്. അത് വേണം. 'അല്ലെങ്കിൽ മദോന്മത്തമാം ജാഥയി-/ലെല്ലാം ശ്മശാനസമാനമാകില്ലയോ?' (കവികൾ).

പാലായുടെ 'കവികൾ' (പൗർണമി) എന്ന കവിത മുൻനിർത്തിയാണ് ഇനിയും പറയാനുള്ളത്. തന്നെ ജീവിപ്പിക്കുന്നത്, തന്നെക്കൊണ്ടെഴുതിക്കുന്നത് എന്താണ്, ആരാണ് എന്ന് കവി കണ്ടെത്തുന്നു. 'പണ്ടുതൊട്ടിന്നേവരേയ്ക്കും മുടങ്ങാതെ-/യുണ്ടൊരാവേശമ്തിൻ പൂഞ്ചിറകുകൾ/ അന്തരീക്ഷത്തിൽ പറന്നുകളിക്കയാ-/ണന്തരാത്മാവിൻ തുടിപ്പുകളെന്നപോൽ'. യൗവനത്തിന്റെ മുൻകൈ, ബന്ധുരമായ നിയതി, പ്രകൃതി ചൈതന്യം, ജീവിതത്തിന്റെ കളിമ്പം എല്ലാം മരണം വരെയും കവിയുടെ സഞ്ചിതമായ ആവേശമായിരുന്നു. ഈ ആവേശം നിലനിർത്താൻ കഴിഞ്ഞതാണ് പാലായുടെ കാവ്യകാലങ്ങളുടെ നിദാനമെന്ന് തോന്നുന്നു.

നിത്യപ്രചോദകമായ ഈ ആവേശം അന്തരാത്മാവിന്റെ ചിറകുകളുള്ള ഒരു പക്ഷിയാണ്, കലാസൂര്യനാണ്, കൈശോരഭാവിയാണ് എന്നൊക്കെ കവി ചിത്രണം ചെയ്തിട്ടുണ്ട്.

കണ്ണുതുറക്കുന്ന പൂക്കളിലുമ്മവെ-
ച്ചുണ്ണിമാലാഖകൾ പാറും പുലരിയിൽ
നക്ഷത്രരാശിയെപ്പുൽകി പുതുനിലാ-
പ്പക്ഷം വിരിക്കുന്ന വാസന്തസന്ധ്യയിൽ
കൈകാൽ കുടഞ്ഞും കരഞ്ഞും ചിരിച്ചുമ-
ക്കൈശോരഭാവം നടിക്കുന്നു ജീവിതം.

ഉണ്ണിമാലാഖകൾ പാറുന്ന പുലരി, പുതുനിലാച്ചിറകുവിരിക്കുന്ന വസന്തസന്ധ്യ, പുലർകാലമുറ്റത്തും അന്തിമുറ്റത്തും പിഞ്ചുപൈതലായി നടിക്കുന്ന ജീവിതം ചന്തമുള്ളൊരു സങ്കല്പക്കാഴ്ച; ഏറെ വിചാരപ്പെടുത്തുവാൻ കെല്പുള്ള നാദരൂപ/നാനാനിറ/നാമഭേദങ്ങളുടെ ലയം. മനുഷ്യാത്മാവിനെ ഉദ്ധരിക്കാൻ കെല്പുള്ള ഈ ഉണ്ണിരൂപനിൽ നിന്ന് തന്നെപ്പോലെ മറ്റു കവികളോടും ഊർജം ഉൾക്കൊള്ളാൻ കവി ആഹ്വാനം ചെയ്യുന്നിടത്താണ് ജീവിതത്തിന്റെ മായക്കാഴ്ച കാവ്യക്കാഴ്ചയായി മാറുന്നത്. സങ്കല്പവൈഭവം, മാസ്മരം, കൗതുകം, പാടവം, സൂത്രധാരത്വം എന്നൊക്കെ വിനിയോഗിക്കപ്പെട്ട പദങ്ങളെല്ലാം 'സാമൂഹികജീവിതകാവ്യപ്രപഞ്ചവിധാതാക്കൾ'ക്കു ചേരുന്നതുതന്നെ. കവികൾ പുതിയ പ്രപഞ്ചസൃഷ്ടാക്കളാകണമെങ്കിൽ 'ചായങ്ങൾ ചാലിച്ചു ഭൗതികാധ്യാത്മിക ഛായാപ്രദർശനം കാട്ടുന്ന കൗതുകം' ഉള്ളവരായിരിക്കണമെന്നിടത്താണ് കവിയുടെ ഊന്നൽ. 'സ്വർഗമിങ്ങാവിർഭവിക്കുന്നു നാൾക്കുനാൾ/സ2ർഗാത്മകത്വം തുളുമ്പും കവികളാൽ./ മാത്രയിൽ രംഗംപുതുക്കുന്ന ജീവന്റെ/സൂത്രധാരത്വം ഭവാൻമാരിലല്ലയോ?.....'-സ്വർഗം എന്ന അന്യോന്യതയിൽ മുഴങ്ങുന്ന 'കവികൾ' എന്ന കവിത പാലായുടെ വിചാരരീതിയെയും ആവിഷ്കാരസമ്പ്രദായത്തെയും തെളിച്ചുതരുന്നുണ്ട്.

'തുല്യാവകാശം പ്രകാശം'-അതാണ് ജീവിതത്തെ സ്വർഗമാക്കുന്നത്. എന്നാൽ ആ നീതി കൈവരാത്തതിൽ കവി ഏറെ ഖിന്നനാണ്. തന്റെ സർഗാത്മകതയെ മനുഷ്യനീതിക്കായി വിനിയോഗിച്ചതാണ് അദ്ദേഹത്തിന്റെ കാവ്യകാലങ്ങളത്രയും. നീതികേട് അറ്റുപോകുന്നത് കവി സ്വപ്നം കാണുന്നു. ('സ്വപ്നാടനം': പൗർണമി). ഭൂതകാലത്തിലെ മനുഷ്യന്റെ മുഖം എത്ര വേദനാകരമാണ്! 'മാനവാചാരങ്ങളൊട്ടിച്ചുവച്ചൊരു/മാലിന്യമമ്മുഖത്തുണ്ടതിനിപ്പൊഴും/മായാത്ത കൂരിരുട്ടാലേ സ്വയം ബദ്ധ-/മായോരുടുപ്പുകളുണ്ടതിനിപ്പൊഴും/കൈയോങ്ങി നിൽക്കുന്നു ചാരത്തു വിപ്ലവം/മെയ്യാണ്ട ഭാവിയും ഭാഗ്യാങ്കുരങ്ങളും'. അങ്ങനെ വിപ്ലവത്തിലൂടെ മാറ്റംവന്നുവെന്ന് കവി കിനാവുകാണുന്നു. 'പുൽക്കൊടിത്തുമ്പും ചിരിച്ചുകൊണ്ടിങ്ങനെ/നിൽക്കണമെങ്കിലെന്തുജ്വലമീയുഗം'. എന്ന സ്വപ്നദൃശ്യം ഉപഹാസാത്മകമായി പരിണമിക്കുന്നു. സ്വപ്നത്തിൽ നിന്നുണർന്ന കവിയിൽ മോഹഭംഗം നിറയുന്നു. അനീതിയുടെ അന്ധകാരത്തിനെതിരെയുള്ള മസൃണമായൊരു വിമർശനമായിത്തീരുന്നു തന്റെ കവിത. 'തമസോമാ ജ്യോതിർഗമയ' എന്ന സർഗവൃത്തിയെ നിരന്തരമായ ഉച്ചാടനപ്രക്രിയയാക്കിത്തീർക്കുകയല്ലേ ഒരു കവിക്കു ചെയ്യുവാനുള്ളൂ (പൗർണമി).

'ഭാരത ഗുഹയിലാജന്തുവിപ്പൊഴും പഴേ/ഭാഷയിൽ ഗർജിക്കുന്നു. നമ്മുടെ ജംബൂകൻമാർ/വാലുതാഴ്ത്തിയും കാലു നക്കിയുമുഛിഷ്ടത്തിൻ/ചാലുകൾ മണത്തുകൊ/ണ്ടോരിയിട്ടെത്തീ വീണ്ടും.' പുതിയൊരു കവി പറഞ്ഞ പോലെ നമ്മുടെ വണ്ടിയിലിരുന്ന് ഡൽഹൗസി ഇപ്പോഴും പച്ചക്കൊടി കാണിക്കുന്നു. പുതിയൊരു സ്വാതന്ത്ര്യസമരത്തിനുള്ള തയാറെടുപ്പായി ഇവിടെ പാലാ തന്റെ കവിതയെ ദൃഢപ്പെടുത്തുന്നു. സ്വാതന്ത്ര്യത്തിന്റെ ശത്രുക്കൾ രാജ്യത്തിനകത്തു തന്നെയുള്ളവരാണെന്ന് കവി വെളിപ്പെ

പൊന്തക്കാടുകൾക്കകത്തെ
പൂവിരിയൽ പോലെയാണ്
പാലായുടെ കവിതകൾ.
പക്ഷേ, അത് വകഞ്ഞെടുത്താൽ
കിട്ടുന്നത് ഒന്നുംരണ്ടുമല്ല,
അനേകസവിശേഷതകളുടെ പൂക്കൾ
ആണെന്നു സമർത്ഥിക്കുന്നു,
കവി കൂടിയായ ലേഖകൻ.

ടുത്തുന്നിടത്താണ് കവിയുടെ രാഷ്ട്രസങ്കല്പം തിളങ്ങുന്നത്.

ചത്തുവീണുള്ളൊരു ഭൂതകാലത്തിനെ
കൊത്തിക്കുടയുന്നിതാശാനിരാശകൾ
കത്തിക്കരിഞ്ഞു പോമാത്മാനുഭൂതിമേൽ
കുത്തിയിരുന്നു കരയുന്നു ചിന്തകൾ
കാലമീമട്ടിൽ പകർന്നു നീ വിപ്ലവ-
കാരിയല്ലെന്നാൽ മരിക്കയാണുത്തമം
രാജ്യം നിനക്കില്ല സമ്പത്തുമില്ലതി-
ശോച്യമേ നിൻനില നിൻചോരകൂടിയും
പൂജ്യരാമൊട്ടുപേർ ചോർത്തുന്ന പദ്ധതി-
ഭോജ്യമായേകുന്നു, പോരേ സ്വതന്ത്രത.
(വേതാളനൃത്തം)

പാലായെപ്പോലുള്ള പ്രസാദാത്മക കവികളെക്കൂടിയും വിഷാദഗ്രസ്തമാക്കുന്ന സ്വാതന്ത്ര്യാനന്തര ഭാരതീയാവസ്ഥയാണിത്. ചത്തുവീണ ഭൂതകാലം, അതിനെ കൊത്തിക്കുടയുന്ന ആശാനിരാശകൾ എന്ന പ്രതിമാന ചിത്രണത്തിലൂടെ വിപ്ലവോത്ബോധനത്തിലെത്തിനിൽക്കുന്ന ഈ കവിത പാലായെ ഭാവിയുടെ കവിയാക്കുന്നുണ്ട്.

പൊന്തക്കാടുകൾക്കകത്തെ പൂവിരിയൽ പോലെയാണ് പാലാക്കവിതയെന്നു പറഞ്ഞാൽ നിന്ദയല്ല. പദബാഹുല്യം വർണനാത്മക ഭാവനയുടെ സ്വാഭാവമാണല്ലോ. ഈണതാളങ്ങളുടെ അമിതത്വവും അതിന്റെ അവിഭാജ്യതയാണ്. ആഖ്യാനാത്മകതയ്ക്ക് കടിഞ്ഞാണില്ലാതാവുമ്പോൾ സാന്ദ്രത കുറയും. ഓർത്തുവയ്ക്കാൻ ഏറെ അനുഭവ-ഭാവ-ചിത്രങ്ങളുണ്ട്. പക്ഷേ, പൊന്തകൾക്കുള്ളിൽ നിന്ന് വകഞ്ഞെടുക്കണം. ഏതായാലും പാലാ മെനഞ്ഞെടുത്ത ജീവിത-മരണ പ്രതിപാദകങ്ങളായ രചനകളിലെ സൗഷ്ഠവം, ലക്ഷ്യബോധം, ആത്മാർത്ഥത എന്നിവ ആർക്കും അവഗണിക്കാനാവില്ല. ഇന്നിപ്പോൾ മുൻകവികളെയൊന്നും പിൻകവികൾക്കു വായിക്കാൻപോലും വേണ്ടാത്ത മനോനില വന്നുചേർന്നിട്ടില്ലേ എന്നു സംശയിക്കണം. പാലായെപ്പോലൊരു കവിയെക്കുറിച്ച് മുൻകാല അവഗണനയും നിന്ദയും മൂടിവച്ച് പല പ്രക്ഷുബ്ധരും ചരമക്കുറിപ്പുകൾ എഴുതിയെന്നത് (നരേന്ദ്രപ്രസാദിന്റെ ഭാഷയിൽ) 'ജീർണലിസ'മായിട്ടേ കാണാനൊക്കൂ; ചിലപ്പോൾ എന്റെ ഈ കുറിപ്പും.

ഏതായാലും, കോളേജു ക്ലാസുകളിൽ മിക്ക ഗുരുക്കൻമാരും പാലാക്കവിതയെന്തെന്ന് പറഞ്ഞുതരാൻ മിനക്കെട്ടിട്ടില്ല. മറയത്തേയ്ക്ക് തള്ളപ്പെട്ട  ഒരു കവിയായിരുന്നു പാലാ.

1960-കളിൽ ഹൈസ്കൂൾ പഠനകാലത്താണെന്നു തോന്നുന്നു, അക്കാലത്തെ പ്രശസ്ത രസിക മാസികയായ 'നർമദ'യിൽ (പത്രാധിപർ ആർടിസ്റ്റ് രാഘവൻനായർ) ഒരു പാരഡി വായിച്ചിരുന്നു: 'കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ/കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ' (കേരളം വളരുന്നു: പാലാ)- "കേരളം വളരുന്നു പണ്ടു പാല പാടിയതുപോലെ/ കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ/അന്യന്റെ ചെരുപ്പുനക്കി.........." ചങ്ങമ്പുഴയും ഇടപ്പള്ളിയും വള്ളത്തോളും ജി.യും ഒക്കെ 'വായിച്ചു വളരുന്ന' വായനശാലാപരിസരത്ത് പാലാക്കവിതയും പരിചയിച്ചു തുടങ്ങി. പാരഡി പ്രചോദനത്തിൽ നിന്ന് പാലയുടെ ഈരടികളിലും ചതുഷ്പദികളിലും ചെന്നപ്പോഴോ, നേരത്തേ പറഞ്ഞപോലെ ഒരു ഭാവുകത്വപ്പിണക്കമോ വർണനാകോലാഹലത്തോടുള്ള മടുപ്പോ അനുഭവപ്പെട്ടു. കോളേജിലെത്തിയപ്പോഴോ, അതിനു മാറ്റമുണ്ടാവാൻ പാകത്തിലുള്ള 'ഗൈഡൻസ്' കിട്ടിയതുമില്ല. പിന്നെ സ്വയം പരിചയപ്പെടലിനും അനുശീലനത്തിനും അവസരമുണ്ടായപ്പോഴേ, പാലാക്കവിതയുടെ കമ്മട്ടമെന്തെന്നും പ്രത്യയശാസ്ത്രമെന്തെന്നും അറിഞ്ഞുള്ളൂ. ഒന്നുറപ്പിച്ചു പറയാം: നമ്മുടെ ദേശീയതയുടെയും ഉപദേശീയതയുടെയും വക്താവാണ്, ഗായകനാണ്, അന്വേഷകനാണ് പാലാ. ആസ്തികതയുടെയും ഭൗതികമുന്നേറ്റത്തിന്റെയും സമന്വയമാണ് അദ്ദേഹം തേടുന്ന രാഷ്ട്രം:

മഴമുകിലെവിടെ? പുലരിയിലന്തിയി-
ലാകാശത്തെത്തീക്കനലാക്കി-
പ്പകലവനെങ്ങോ പോയ് മറയുമ്പോ-
ളമ്പിളി പൂത്തും തിളങ്ങും പുകയിൽ
മഴമുകിലെവിടെ?
ഭൗമിക ജീവനിൽ ഋതുമംഗളമാ-
യഴകുപൊഴിക്കും
മധുരിമയേകാതെങ്ങു മറഞ്ഞൂ.

("മഴമുകിലെവിടെ?": പൗർണമി)■



ുടെ രാജ്യം



# ടെലിതെറാപ്പി യൂണി
# അർബുദ ചികി

■ പ്രൊഫ.കെ.ടി.തോമസ് കണ്ണമ്പള്ളിൽ

വൈദ്യശാസ്ത്രം ഏറെ പുരോഗമിച്ചിട്ടും ഇന്നും പൂർണ്ണമായും ചികിത്സയ്ക്ക് വഴങ്ങാത്ത ഒന്നാണല്ലോ ക്യാൻസർ. ക്യാൻസർ രോഗ ചികിത്സയിൽ അടുത്തകാലത്തായി ഏറെ മുന്നേറ്റമുണ്ടായിട്ടുണ്ട്. ക്യാൻസർ രോഗ ചികിത്സയിൽ ഏറ്റവും അധികം ഉപയോഗപ്പെടുത്തുന്ന ഒന്നാണ് റേഡിയേഷൻ. പലപ്പോഴും രോഗത്തിന് കാര്യമായ ശമനമുണ്ടാക്കാനോ പൂർണമായി സുഖപ്പെടുത്താനോ ഈ ചികിത്സയ്ക്ക് കഴിവുണ്ട്. എങ്കിലും വളരെ ശ്രദ്ധാപൂർവം സമീപിക്കേണ്ട ഒന്നാണിത്.

ക്യാൻസർ കൂടുതലായി കണ്ടുവരുന്നത് 50-നും 60-നും മധ്യേ പ്രായമുള്ളവരിലാണ്. ഏകദേശം അത്രയും തന്നെ 60-നും 70-നും മധ്യേ പ്രായക്കാരിലും കാണുന്നു.

ഏകദേശം 70 ശതമാനം ക്യാൻസർ രോഗികളും 50 വയസിൽ കൂടുതലുള്ളവർ എന്നു ചുരുക്കിപ്പറയാം. അതുകൊണ്ട് ക്യാൻസർ ഒരു പ്രായാധിക്യജന്യരോഗമായി കണക്കാക്കാം. ഇതിനു കാരണമായി പറയപ്പെടുന്നത് ഒരാളുടെ പ്രായം കൂടുന്തോറും ക്യാൻസറിന് കാരണമാകുന്ന സാഹചര്യങ്ങളുമായി ഇടപഴകാനുള്ള അവസരങ്ങൾ കൂടുന്നതാണ്. ഇന്നത്തെ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും മെഡിക്കൽ രംഗത്തുണ്ടായ വമ്പിച്ച പുരോഗതിയും മൂലം മനുഷ്യായുസ് കൂടിയിട്ടുണ്ട്. ആയുർദൈർഘ്യം വർധിക്കുന്നതോടു കൂടി വാർധക്യ രോഗമായ ക്യാൻസർ, വാർധക്യമേറിയവർ കൂടുതലായുള്ള ഒരു സമൂഹത്തിൽ സ്വാഭാവികമായും കൂടിക്കൂടി വരുമല്ലോ. അതുകൊണ്ട് ഓരോ വർഷവും ക്യാൻസർ രോഗബാധിതരാകുന്നവരുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഏകദേശം 70 ശതമാനം ക്യാൻസർ രോഗികൾക്ക് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ റേഡിയേഷൻ ചികിത്സ ആവശ്യമായി വരുന്നുണ്ട്. ക്യാൻസർ രോഗികളിൽ ഭൂരിഭാഗത്തിനും റേഡിയേഷൻ ചികിത്സയ്ക്ക് ഉപയോഗിക്കേണ്ട ടെലിതെറാപി യൂണിറ്റുകൾ ഇന്നും നമ്മുടെ ആവശ്യത്തിനു ലഭ്യമായിട്ടില്ല. ഇതിനു മുഖ്യകാരണം അതിന്റെ ഭീമമായ വിലയും റേഡിയേഷൻ ചികിത്സക്ക് വേണ്ട സങ്കീർണമായ സാങ്കേതിക വശങ്ങൾ നടപ്പിൽ വരുത്താനുള്ള ബുദ്ധിമുട്ടുമാണ്. ഇതര മെഡിക്കൽ വിഭാഗങ്ങളിൽ നിന്ന് തികച്ചും ഭിന്നമായ ഈ വിഭാഗം കൈകാര്യം ചെയ്യുന്ന ആതുരാലയങ്ങൾ നമ്മുടെ സംസ്ഥാനത്ത് വിരളമാണ്. റേഡിയേഷൻ ചികിത്സയ്ക്കുള്ള രോഗികളുടെ ബാഹുല്യം കാരണം ഓരോ രോഗിക്കും മാസങ്ങളോളം ചികിത്സയ്ക്ക് കാത്തിരിക്കേണ്ട അവസ്ഥയാണിപ്പോൾ. യന്ത്രങ്ങൾ കേടാകുമ്പോഴുള്ള പ്രതിസന്ധികൾ വേറെയും.

റേഡിയേഷൻ ഒരു ഇരുതലവാളാണ്. അതിന്റെ കൃത്യമായ വിനിയോഗം അനേകം രോഗികൾക്ക് രോഗവിമുക്തി നൽകുന്നു. അല്ലാതെയുള്ള വിനിയോഗം ഗുണത്തേക്കാളെറെ ദോഷവും വരുത്തുന്നു. ഇന്ത്യയിൽ ടെലിതെറാപ്പി യന്ത്രങ്ങളുടെ സ്ഥാപനത്തിനു വേണ്ട കർശനമായ റേഡിയേഷൻ സുരക്ഷിതത്വം പാലിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ (BARC) ആണ്.

അർബുദചികിത്സയ്ക്ക് വിവിധതരത്തിലുള്ള റേഡിയേഷൻ ഉപയോഗിക്കുന്നു. എക്സ്റേ, ഗാമാ റേ, മെഗാവോൾട്ടേജ് എക്സ്റേ, ഇലക്ട്രോ മാഗ്നറ്റിക് റേഡിയേഷൻ രീതികളാണ് അവയിൽ പ്രധാനപ്പെട്ടവ. കൂടാതെ ശക്തമായി പായുന്ന ഇലക്ട്രോൺസ് (fast moving electrons), പ്രോട്ടോൺസ് (Protons), ന്യൂട്രോൺസ്, മീസോൺസ് (Mesons), തുടങ്ങിയ അണുഘടകങ്ങളും അർബുദചികിത്സയ്ക്കുപയോഗിക്കുന്നുണ്ട്. വായുവിലൂടെയും പദാർത്ഥങ്ങളിലൂടെയും അവ കടന്നുപോകുമ്പോൾ അവ അവിടെയുള്ള തന്മാത്രകളിലെ ഇലക്ട്രോണുകളെ വിഘടിപ്പിക്കുന്നു അഥവാ അയണീകരിക്കുന്നു. അതുകൊണ്ട് ഇവയെല്ലാം അയണീകരണ റേഡിയേഷൻ എന്ന പേരിൽ അറിയപ്പെടുന്നു. ഇവയിൽ ഗാമാ റേഡിയേഷൻ ലഭിക്കുന്നത് റേഡിയോ ഐസോടോപ്പുകളിൽ നിന്നാണ്. റേഡിയോ ഐസോടോപ്പുകൾ ഇന്നു സുലഭമാണ്. അതുകൊണ്ട് ഗാമാ റേഡിയേഷനാണ് നമ്മുടെ രാജ്യത്ത് ക്യാൻസർ ചികിത്സയ്ക്കുപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട റേഡിയേഷൻ.

അർബുദചികിത്സയ്ക്കു റേഡിയോ ഐസോടോപ്പുകൾ വിനിയോഗിക്കുന്നത് പ്രധാനമായും രണ്ടു രീതിയിലാണ്. ഒന്ന് റേഡിയോ ഐസോടോപ്പുകൾ സൂചികളായും ട്യൂബുകളായും നിർമിച്ചിരിക്കുന്നവ കൊണ്ടുള്ള ചികിത്സ. ഇവ ശരീരത്തിന്മേലോ ശരീരത്തിനുള്ളിലോ വച്ച് അർബുദബാധിത ഭാഗത്ത് ഗാമാ റേഡിയേഷൻ ഏൽപ്പിക്കുന്ന ചികിത്സയ്ക്ക് ബ്രാക്കി തെറാപ്പി എന്നു പറയുന്നു. ബ്രാക്കി തെറാപ്പിയിൽ വിവിധ റേഡിയോ ഐസോടോപ്പുകൾ വിവിധരൂപങ്ങളിലും ആകൃതിയിലും വിദൂരനിയന്ത്രിതമായി വിനിയോഗിക്കുന്നുണ്ട്.

രണ്ടാമത്തെ വിഭാഗമാകട്ടെ, അർബുദബാധിത ഭാഗത്ത് ഗാമാ റേഡിയേഷൻ ചെലുത്താൻ കൊബാൾട്ട്-60 എന്ന റേഡിയോ ഐസോടോപ്പിൽ നിന്നും 80 സെ.മീ. അകലത്തിലായി രോഗിയെ കിടത്തി ചികിത്സിക്കുന്നതിനുള്ള സജ്ജീകരണമാണ്. സ്രോതസിൽ നിന്നും ഇങ്ങനെ രോഗിയെ അകലത്തിൽ ചികിത്സിക്കുന്ന വിഭാഗമാണ് ടെലിതെറാപ്പി എന്ന പേരിൽ അറിയപ്പെടുന്നത്. ഇന്ന് ഇന്ത്യയിൽ കൊബാൾട്ട്-60 ഉൾക്കൊണ്ട 286 ടെലിതെറാപ്പി യൂണിറ്റുകൾ 178 ക്യാൻസർ ആതുരാലയങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. സിഷ്യയം-137 എന്ന മറ്റൊരു

**റേഡിയേഷൻ ഉപയോഗിച്ച് അർബുദത്തിന്റെ കോശങ്ങളെ നശിപ്പിച്ച് രോഗം ഭേദമാക്കുന്ന ടെലിതെറാപ്പി യൂണിറ്റുകളുടെ ചികിത്സാപദ്ധതിയെപ്പറ്റി ശാസ്ത്രീയമായി പ്രതിപാദിക്കുന്നു ഈ ലേഖനം.**

# റ്റുകളും ത്സയും

റേഡിയോ ഐസോടോപ്പ് അടങ്ങിയ ഒൻപത് ടെലിതെറാപ്പി യൂണിറ്റുകളും ഇന്ന് നിലവിലുണ്ട്. ചികിത്സയ്ക്കു കൊബാൾട്ട്-60 നുള്ള പ്രധാനപ്പെട്ട ചില ഗുണങ്ങൾ പക്ഷേ, സി ഷ്യയത്തിനില്ല. അതുകൊണ്ട് അവയുടെ ഉപയോഗം ഈ രംഗത്ത് പരിമിതപ്പെടുത്തിയിരിക്കുന്നു.

രോഗിയെ റേഡിയേഷൻ സ്രോതസിൽ നിന്നും അകലത്തിലാക്കി ചികിത്സിക്കുന്നു എന്നർത്ഥം വരുന്ന ടെലിതെറാപ്പി 1895 ൽ പ്രൊഫ. വില്യം കൊണറാഡ് റോൺജൻ എക്സ്റേ കണ്ടുപിടിച്ചതോടു കൂടി ആരംഭിച്ചതാണ്. 1896 ജനുവരി 26ന് റോൺജൻ തന്റെ കണ്ടുപിടിത്തം ലോകത്തിനു വെളിപ്പെടുത്തിയത് ഒരു പൊതുചടങ്ങിൽ ബഹുജനസമക്ഷമാണ്. അദ്ദേഹത്തിന്റെ പരീക്ഷണങ്ങളിൽ നിന്നും ആ വിദ്യ മനസിലാക്കിയ എമിലി ഗ്രബേ എന്ന ഫിസിസ്റ്റ്, റോസിലി എന്ന 29 വയസ്സുകാരിയുടെ അർബുദം ബാധിച്ച് വ്രണപ്പെട്ട സ്തനത്തിന് പരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി എക്സ്റേ ഉപയോഗിച്ച് വിജയം കണ്ടെത്തി.


എക്സ്റേ എന്നു കേൾക്കുമ്പോൾ, രോഗനിർണയത്തിന് മനുഷ്യന്റെ ആന്തരികാവയവങ്ങളുടെ ചിത്രം ചാരവും പുള്ളിയും നിറഞ്ഞ മാതിരി ഫിലിമിലാക്കുന്നതാണ് നമ്മുടെ മനസിൽ ആദ്യം ഓർമ വരിക.

ഈ എക്സ്റേ ശരീരത്തിന്റെ അഗാധതലങ്ങളിലുള്ള ക്യാൻസറിന് ഉപയോഗിക്കാൻ ചില പരിമിതികളുണ്ട്. ത്വക്കിന് കൂടുതൽ അപായകരവുമാണ്. ഇതിന്റെ ലഭ്യതയ്ക്കു വേണ്ടി 40 കെ.വി മുതൽ 100 കെ.വി വൈദ്യുതി വരെ ഉപയോഗിക്കുന്നുണ്ട്. ക്യൂറി - റേഡിയോ ആക്റ്റിവിറ്റിയുടെ യൂണിറ്റ് ഒരു ഗ്രാം റേഡിയത്തിലുള്ള റേഡിയോ ആക്റ്റിവിറ്റി അഥവാ ഒരു ക്യൂറി = $3.7 \times 10^{10}$ .disintegretion per Sec. എന്നാൽ അർബുദ ചികിത്സക്ക് ഇതിലും മെച്ചപ്പെട്ട എക്സ്റേ, 200 കെ.വി.യിൽ പ്രവർത്തിപ്പിക്കുന്നവ ലഭ്യമായത് 1920 ൽ മാത്രമാണ്. ഇവയ്ക്ക് deep X-ray എന്നുപറയുന്നു. പിന്നീട് ഈ രംഗത്തു വൻമുന്നേറ്റമുണ്ടായത് 1931 കളിൽ Linear Accelerator (Linac) കണ്ടുപിടിച്ചതോടെയാണ്. ഇന്ത്യയിൽ ഇപ്പോൾ 42 Linacs പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ ടെലിതെറാപ്പിയുടെ തന്നെ ഒരു ശാഖ വികാസം പ്രാപിച്ചപ്പോൾ മറ്റൊരു വിഭാഗം റേഡിയോ ഐസോടോപ്പുകൾ ഉപയോഗിച്ചുള്ള വയായി വളർന്നതെങ്ങനെയെന്നു കാണാം.

1898-ൽ മേരി ക്യൂറി - പിയറി ക്യൂറി ദമ്പതികൾ റേഡിയം കണ്ടുപിടിച്ചതോടുകൂടി എക്സ്-റേയുടെ സമാന സ്വഭാവമുള്ള ഗാമാ റേഡിയേഷൻ അവ പുറപ്പെടുവിക്കുമെന്നും അവയ്ക്കു ശരീരകോശങ്ങളിൽ ക്ഷതമേൽപ്പിക്കാൻ കഴിയുമെന്നും കണ്ടതോടു കൂടി അർബുദ ചികിത്സയ്ക്ക് റേഡിയേഷൻ ഉപയോഗിക്കാൻ മറ്റൊരു മാർഗം ഉദയം ചെയ്യുകയായിരുന്നു. റേഡിയത്തിന്റെ ഉപയോഗം ഈ രംഗത്ത് അപ്രതീക്ഷിതമായി കണ്ടുപിടിക്കപ്പെട്ടതാണ്.

റേഡിയത്തിൽ നിന്നുള്ള ഗാമാ റേഡിയേഷനുപയോഗിച്ച് അർബുദ കോശങ്ങളെ നശിപ്പിക്കുന്ന പതിവ് റേഡിയം പൗഡർ നിറച്ച നേരിയ കാപ്പിലറി ട്യൂബുകളിലാണ് ആദ്യമായി ഉപയോഗിച്ചത്. പിന്നീടാണു റേഡിയം ഉപയോഗിച്ചുള്ള ടെലിതെറാപ്പി യൂണിറ്റ് ഉണ്ടായത്. 1951 വരെ അവ നിലവിലിരുന്നു. ഇതിൽ നാലു ഗ്രാം റേഡിയം മുതൽ 10 ഗ്രാം റേഡിയം വരെ ഉപയോഗിച്ചിരുന്നു. ഒരു മില്ലിഗ്രാം റേഡിയത്തിന് 20 ഡോളർ കണക്കിനു ഒരു ടെലിറേഡിയം യൂണിറ്റിനു ആവശ്യമായ റേഡിയത്തിന് രണ്ടു ലക്ഷം ഡോളർ 1951-ൽ വിലയുണ്ടായിരുന്നു. ഇത്ര ഭീമമായ സാമ്പത്തിക പ്രശ്നങ്ങൾക്കുപരി, മറ്റൊരു ദുർഘടം അതു കൈകാര്യം ചെയ്യുന്നതിലുള്ള സാങ്കേതിക വശങ്ങളുടെ ചില പരിമിതികളും കൈകാര്യം ചെയ്യുമ്പോഴുണ്ടാകാറുള്ള ദൂഷ്യവശങ്ങളുമായിരുന്നു.


1948 മേയിൽ ലോകത്താദ്യമായി സമാധാനാവശ്യങ്ങൾക്കു വേണ്ടി ഒരു ന്യൂക്ലിയർ റിയാക്ടർ സ്ഥാപിച്ച രാജ്യമായ കാനഡയിലാണ് കൊബാൾട്ട്-60 ആദ്യമായി



നിർമിച്ചെടുത്തത്. (NRX Heavy water Reactor in chalk River)

1951 ൽ ഇവിടെ അർബുദ ചികിത്സയ്ക്ക് വേണ്ടി 1000 ക്യൂറി റേഡിയോ ആക്റ്റിവതയുള്ള 40 ഗ്രാം ഭാരം അഞ്ചു ക്യൂബിക് സെ.മീ. വ്യാപ്തം Cobalt-60 നിർമിച്ചെടുത്തു. ഒരു ഗ്രാം കൊബാൾട്ട് 60 ന് 25 ക്യൂറി വീതം 40 ഗ്രാമിനു ഒരു കിഗ്രാം റേഡിയത്തിൽ നിന്നുള്ള റേഡിയേഷനും തുല്യം എന്നുള്ളതാണ് ഇതിന്റെ മേന്മ. കൂടാതെ ഒരു കിഗ്രാം റേഡിയത്തിൽ നിന്നുള്ള റേഡിയേഷനു തുല്യമായി ഇത്ര ചെറിയ ആകൃതിയിലുള്ള കൊബാൾട്ട്-60 ശകലത്തിൽ നിന്നും അർബുദബാധിത ഭാഗത്തും റേഡിയേഷൻ കേന്ദ്രീകരിക്കുന്നതിനു സൗകര്യമുണ്ടെന്ന മേന്മ വേറെയും.

ഇന്ന് ലോക വ്യാപകമായി എല്ലാ അർബുദ ആതുരാലയങ്ങളിലും ഏറ്റവും വിനിയോഗിക്കപ്പെടുന്നത് കൊബാൾട്ട്-60 അടങ്ങിയ ടെലിതെറാപ്പി യൂണിറ്റുകളാണ്. ഇതിനു പ്രധാന കാരണം അതിൽ നിന്നുള്ള ഗാമ റേഡിയേഷനു മൂന്നു



ദശലക്ഷം വോൾട്ടേജിൽ പ്രവർത്തിപ്പിക്കുന്ന എക്സ്റേയുടെ സമാനശക്തി ഉള്ളതുകൊണ്ടാണ്. ശരീരത്തിന്റെ ഉപരിതലത്തിൽ നിന്നും താഴ്ന്ന തലങ്ങളിലുള്ള ക്യാൻസറിനു ഇത് വളരെ ഗുണപ്രദമാണ്. എന്നാൽ കൊബാൾട്ട്-60ന് അധികം ആയുസില്ല എന്ന ദോഷം ഉണ്ട്. അതിന്റെ അർധായുസ് അഞ്ചേകാൽ വർഷമാണ്.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും റേഡിയേഷൻ സുരക്ഷിതത്വം ഉറപ്പു വരുത്തുന്ന കെട്ടിടങ്ങളും അതു പാലിക്കപ്പെടുവാനുള്ള നിയമങ്ങളും സജ്ജീകരണങ്ങളും ഉറപ്പാക്കുവാൻ റേഡിയോളജിക്കൽ സുരക്ഷാ ഓഫീസറെയും മറ്റു ജീവനക്കാരെയും നിയമിച്ച ശേഷമാണ് ആതുരാലയങ്ങൾക്ക് കൊബാൾട്ട്-60 നൽകുക.


എങ്ങനെയാണ് കൊബാൾട്ട്-60 ഉണ്ടാക്കുന്നത്? 50 പൈസ നാണയത്തുട്ടിന്റെ വലിപ്പത്തിൽ രൂപകല്പന ചെയ്ത ഒരു സാധാരണ ലോഹമാണ് കൊബാൾട്ട്. ഈ ലോഹത്തെ ഒരു ന്യൂക്ലിയർ റിയാക്ടറിന്റെ കേന്ദ്രത്തിൽ നിശ്ചിതകാലം സ്ഥിതി ചെയ്യുവാൻ അനുവദിച്ചാൽ അവിടെയുള്ള ന്യൂട്രോണുകളെ ആഗിരണം ചെയ്ത് അതു കൊബാൾട്ട്-60 ആയി മാറ്റപ്പെടും.

ആധുനിക ടെലി കൊബാൾട്ട് യൂണിറ്റിൽ 15,000 ക്യൂറി കൊബാൾട്ട്-60 വരെയുണ്ടാകും. അതിൽനിന്നുള്ള അതിശക്തമായ ഗാമാ റേഡിയേഷൻ സദാ പുറത്തേക്ക് ബഹിർഗമിച്ചുകൊണ്ടിരിക്കും, ആർക്കും തടയാനാവാതെ! അതുകൊണ്ട്, കൊബാൾട്ട്-60 നെ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിന് ഈയം കൊണ്ട് നിർമിതമായ നീണ്ട ഗോളാകൃതിയിലുള്ള പേടകത്തിലാക്കിയാണ് അർബുദ ചികിത്സക്കുപയോഗിക്കുക. ടെലിതെറാപ്പി പേടകത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന കൊബാൾട്ട്-60ൽ നിന്നുള്ള റേഡിയേഷൻ രോഗികളുടെ ആവശ്യത്തിനുതകും വിധം വിനിയോഗിക്കുകയേ വേണ്ടൂ.

ടെലിതെറാപ്പി പേടകത്തിന്റെ കേന്ദ്രത്തിൽ നിന്നും Co-60 നെ പേടകത്തിന്റെ തന്നെ മറ്റൊരു തുറക്കാവുന്ന ഭാഗത്തേക്ക് (Collimator) മാറ്റപ്പെടുക എന്ന ക്രമീകരണം വിദൂരനിയന്ത്രിതമായി പ്രവർത്തിപ്പിക്കാവുന്നതാണ്. Co-60 തുറസായ ഭാഗത്തു (Collimator) വന്നു സ്ഥിതി ചെയ്യുന്ന സമയം മുഴുവൻ അതിൽ നിന്നുള്ള ഗാമാ രശ്മികൾ അതിനെ അഭിമുഖീകരിച്ചിരിക്കുന്ന രോഗിയുടെ അർബുദബാധിത ഭാഗത്തു വന്നു പതിയുന്നു. ചികിത്സാനന്തര സമയം ഇത് പൂർവസ്ഥാനത്താകുകയും ചെയ്യുന്നു. ഇങ്ങനെ Co-60 പേടകത്തിന്റെ ഹൃദയഭാഗത്തു നിന്നും ചികിത്സാ സ്ഥാനത്തു വരികയും ചികിത്സാ സമയം കഴിയുമ്പോൾ പൂർവസ്ഥാനത്താകുകയും ചെയ്യുന്ന പ്രക്രിയ വിവിധ രീതികളിലാണ്. നിർമാതാക്കൾ അവരുടെ കൊബാൾട്ട് യൂണിറ്റിനു പല ഓമനപ്പേരുകളും നൽകിയിരിക്കുന്നു. ഉദാ – Theration -780C, Theratron -1000E, Gammarex, Phoenix, Alcyon, ATC, Gammatron etc. ഇവ ഒന്നിന് ഒന്നരക്കോടി മുതൽ രണ്ടു കോടി രൂപയോളം വില വരുന്നതാണ്.


ഇന്ത്യയിൽ ആദ്യത്തെ കൊബാൾട്ട് -60 ടെലിതെറാപ്പി യൂണിറ്റ് 1957 ൽ അഹമ്മദാബാദിൽ സ്ഥാപിതമായി. ഇന്ത്യയിൽ ഇപ്പോൾ 236 ടെലി കൊബാൾട്ട് യൂണിറ്റുകളും 36 ലിനാക്കുകളും ഒൻപതു സിഷ്യയം യൂണിറ്റുകളും 173 കേന്ദ്രങ്ങളിലായി പ്രവർത്തിപ്പിക്കുന്നുണ്ട്.

അർബുദത്തിനു റേഡിയേഷൻ ചികിത്സയ്ക്കു നിർദേശിക്കുമ്പോൾത്തന്നെ ചിലർ അതിന്റെ അപകടത്തെക്കുറിച്ച് ചോദിക്കുക പതിവാണ്. ഇതിനുള്ള ഏക ഉത്തരം അർബുദം റേഡിയേഷനെക്കാൾ അപകടം എന്നു മാത്രമാണ്. ഗാമാ റേഡിയേഷൻ എല്ലാ ജീവജാലങ്ങൾക്കും ഹാനികരമാണ്. അവയ്ക്കു നമ്മുടെ ശരീരത്തിലൂടെയും ഇരുമ്പിലൂടെയുമൊക്കെ നിഷ്പ്രയാസം ഭേദിച്ചിറങ്ങാൻ കഴിയും. അവയ്ക്കു ശരീരകോശങ്ങളുടെ ഘടനയിൽ അയണീകരണം (Ionization) നടത്തി അപായകരമായ വ്യതിയാനമുണ്ടാക്കുകയോ ക്ഷതമേൽപ്പിക്കുകയോ നശിപ്പി




ആൽഫാ, ബീറ്റ, ഗാമാ രശ്മികളുടെ പ്രയാണപഥം

ഗാമാ റേഡിയേഷൻ ശരീരത്തിന്റെ ഒരു പുറത്തുകൂടി കടന്ന് അർബുദകോശങ്ങളെ ഭേദിച്ചുകടന്നു പോകുമ്പോൾ അർബുദമില്ലാത്ത കോശങ്ങൾക്കും നാശം സംഭവിക്കാം. പക്ഷേ ക്രമാതീത വളർച്ച മൂലം ദ്രുതഗതിയിൽ പെരുകുന്ന അർബുകോശങ്ങൾക്കായിരിക്കും ഏറ്റവും കൂടുതൽ നാശം സംഭവിക്കുക. റേഡിയേഷന്റെ ആഘാതത്തിൽ നിന്ന് അർബുകോശങ്ങളെക്കാൾ വേഗത്തിൽ ശരീരകോശങ്ങൾ സുഖം പ്രാപിക്കും.



ടെലി കോബാൾട്ട് യൂണിറ്റ്

ക്കുകയോ ചെയ്യും. ഗാമാ റേഡിയേഷന്റെ നശീകരണ ശക്തിയുപയോഗിച്ച് ക്യാൻസർ കോശങ്ങളെ നശിപ്പിച്ചു രോഗം ഭേദമാക്കുന്ന ചികിത്സയാണ് റേഡിയോതെറാപ്പി. ഇവിടെ ഒരു പ്രത്യേകത, ശരീരമാസകലം റേഡിയേഷൻ പതിയാൻ ഇടയാകുന്നത് വളരെ അപകടകരമാണ്. ഉദാ.700 rads റേഡിയേഷനു ശരീരമാസകലം വിധേയമായവർ തത്ക്ഷണം മൃതിയടയും. (rad-radiation absorbed dose 1 Rad = 100 ergs of radiation energy absorbed per gram) ഇതിന് ഇപ്പോൾ സെന്റിഗ്രേ എന്നു വിളിക്കുന്നു. എന്നാൽ ശരീരത്തിലെ ഏതെങ്കിലും ഒരു ചെറിയ ഭാഗത്തു (ക്യാൻസർ ഭാഗത്തു) ഇത്രയും റേഡിയേഷനു വിധേയമായാൽ ഗൗരവാവഹമായ കുഴപ്പങ്ങളൊന്നും സംഭവിക്കാറില്ല. ഉദാ.- ഗർഭാശയാർബുദത്തിനു 700 radsൽ കൂടുതൽ റേഡിയേഷൻ നൽകുന്നുണ്ട്. ഇക്കാരണത്താലാണ് അർബുദ ബാധിത ഭാഗത്തു മാത്രമായി റേഡിയേഷനുപയോഗിച്ചു ചികിത്സിച്ചു ഭേദപ്പെടുത്താൻ സാധിക്കുന്നത്. രോഗം മൂർധന്യാവസ്ഥയിലെത്തുമ്പോൾ അവ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്കു വ്യാപിച്ചിരിക്കുന്നതിനാൽ ശരീരമാസകലം റേഡിയേഷനുപയോഗിച്ച് ചികിത്സിച്ചു ഭേദപ്പെടുത്താൻ സാധിക്കാത്തത് അതുകൊണ്ടാണ്. ആരംഭദശയിൽ അർബുദബാധിത ഭാഗം വളരെ ചെറുതാകയാലാണ് അവ വിജയകരമായി ചികിത്സിക്കാൻ സാധിക്കുന്നത്.

ഗാമാ റേഡിയേഷൻ ശരീരത്തിന്റെ ഒരു പുറത്തുകൂടി കടന്നു അർബുദകോശങ്ങളിലൂടെ മറുവശത്ത് ഭേദിച്ചുകടന്നു പോകുമ്പോൾ അർബുദമില്ലാത്ത കോശങ്ങൾക്കും നാശം സംഭവിക്കാം. പക്ഷേ ക്രമാതീത വളർച്ച മൂലം ദ്രുതഗതിയിൽ പെരുകുന്ന അർബുദകോശങ്ങൾക്കായിരിക്കും ഏറ്റവും കൂടുതൽ നാശം സംഭവിക്കുക. റേഡിയേഷന്റെ ആഘാതത്തിൽ നിന്നും ശരീരകോശങ്ങൾ അർബുദകോശങ്ങളെക്കാൾ വേഗതയിലായിരിക്കും സുഖം പ്രാപിക്കുക എന്ന ഗുണപ്രദമായ സത്യവും ഇതിലുണ്ട്. എന്നാൽ ഒരൊറ്റ പ്രാവശ്യം കൊണ്ട് ഒരളവിൽ കൂടുതൽ റേഡിയേഷൻ നൽകിയാൽ മനുഷ്യന്റെ ശരീരകോശങ്ങളും അർബുദകോശങ്ങളും ഒരുപോലെ നശിക്കുന്നു. ഇതൊഴിവാക്കുന്നതിന് റേഡിയേഷൻ ചെറിയ അളവിൽ നൽകുന്നു. ക്യാൻസർ കോശങ്ങൾക്കുണ്ടാകുന്ന കൂടുതൽ നാശം സംഭവിപ്പിക്കലും ശരീരകോശങ്ങളുടെ വേഗതയിലുള്ള സുഖം പ്രാപിക്കൽ പ്രക്രിയയും പ്രയോജനപ്പെടുത്തി ഏതാനും ആഴ്ചകളോളം തുടർച്ചയായി ചെറിയ അളവിൽ റേഡിയേഷൻ നൽകിയാണ് ഇവിടെ രോഗം ഭേദമാക്കുക. ഈ പ്രത്യേകതകളില്ലാത്ത അർബുദയിനങ്ങൾക്ക് സ്വാഭാവികമായും റേഡിയേഷൻ നേരെ മറിച്ചൊരു ഫലമുളവാക്കുന്നതിനാൽ അവയ്ക്കു റേഡിയേഷൻ ചികിത്സ വിനിയോഗിക്കുകയില്ല. (ഉദാ. stomach cancer, liver cancer, bone cancer etc.)


റേഡിയേഷൻ മനുഷ്യശരീരത്തിൽ പതിയുമ്പോൾ ഒരു വക വേദനയും തോന്നുകയില്ല. കുറെനാൾ കഴിഞ്ഞേ പാർശ്വഫലങ്ങൾ അനുഭവപ്പെടുകയുള്ളൂ. അതിനുള്ള കാലവിളംബം റേഡിയേഷൻ ഏൽക്കുന്ന അവയവത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചായിരിക്കും.

ടെലിതെറാപ്പി യന്ത്രങ്ങളുപയോഗിച്ച് അർബുദ ചികിത്സ നടത്തുമ്പോൾ അതു ഫലപ്രദമാകണമെങ്കിൽ പ്രധാനമായും മൂന്നു കാര്യങ്ങളിൽ അതീവശ്രദ്ധ വേണം.

1. റേഡിയോ തെറാപ്പിസ്റ്റ് ക്യാൻസർ ബാധിത ഭാഗം അടയാളപ്പെടുത്തുമ്പോൾ ക്യാൻസർ ഭാഗം മുഴുവൻ ഇതിൽ ഉൾക്കൊണ്ടിരിക്കണം.


2. റേഡിയേഷൻ ഫിസിസ്റ്റ് റേഡിയേഷൻ അളക്കുന്നതും അത് രോഗികളിൽ പ്രയോഗിക്കാനെടുക്കുന്ന സമയം നിർണയിക്കുന്നതും മറ്റു ക്രമീകരണങ്ങളും കർശനമായും കൃത്യമായിരിക്കണം.

3. റേഡിയോഗ്രാഫർമാർ ഒന്നും രണ്ടും വിഭാഗങ്ങൾ നിഷ്കർഷിച്ച രീതിയിൽത്തന്നെ കർശനമായി രോഗിയെ സജ്ജീകരിക്കുന്നതിലും റേഡിയേഷൻ നൽകുന്നതിലും കൃത്യത പാലിക്കണം. ചികിത്സയുടെ വിജയത്തിന് ഈ മൂന്നു വിഭാഗങ്ങളുടെയും പ്രയത്നങ്ങൾ ഏകോപിപ്പിച്ച് അർപ്പണബുദ്ധിയോടെ ശ്രദ്ധ കേന്ദ്രീകരിക്കണം.



ടെലി തെറാപ്പി യൂണിറ്റ്

ക്യാൻസർ കോശങ്ങൾ സമീപത്തേക്കും രക്തത്തിലൂടെയും ലിംഫ് ഗ്രന്ഥികളിലൂടെയും ശരീരത്തിന്റെ മറ്റു അവയവങ്ങളിലേക്കു പടർന്നു വളർന്നു വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതയുണ്ട്. ഇതിനു secondaries അഥവാ metastasis എന്നും പറയുന്നുണ്ട്. ആരംഭദശയിൽ ഇതിനുള്ള സാധ്യത കുറവായതിനാൽ



ഡീപ് തെറാപ്പി എക്സ് റേ യൂണിറ്റ്

ചികിത്സ മിക്കപ്പോഴും വിജയിക്കുന്നു. ചികിത്സ കഴിഞ്ഞാലും ചികിത്സിച്ച ഭാഗത്തെ ക്യാൻസർ കോശങ്ങൾ നശിച്ചിട്ടുണ്ടോ മറ്റു വല്ല അവയവങ്ങളിലേക്കും പടർന്നിട്ടുണ്ടോ എന്നും കൂടെ പരിശോധിക്കേണ്ടതാണ്.

ആരംഭദശയിലെ അർബുദരോഗം പരിപൂർണമായി സുഖപ്പെടുത്തുന്നതിനുള്ള ചികിത്സയെ Radical Radiation Treatment എന്നും മൂർധന്യാവസ്ഥയിലെത്തിയവരുടെ താത്കാലിക ശമനത്തിനും വേദനയിൽ നിന്നും ആശ്വാസം പകരുന്നതിനു മറ്റുമുള്ള ചികിത്സക്ക് Palliative Radiation Treatment എന്നും പറയുന്നു. രോഗം പരിപൂർണമായി സുഖപ്പെടുത്താവുന്ന തരത്തിലുള്ളവർക്കു സാധാരണയായി മൂന്ന് മുതൽ ആറ് ആഴ്ച വരെ തുടർച്ചയായി റേഡിയേഷൻ നൽകാറുണ്ട്. (ശനി, ഞായർ ഒഴികെ)

താത്കാലിക ശമനത്തിനും വേദനയകറ്റുന്നതിനും ഒരു ദിവസത്തേക്കു മാത്രമായിട്ടോ ഏതാനും ദിവസങ്ങളായിട്ടോ റേഡിയേഷൻ ചികിത്സ (Palliative Radiation Treatment) നൽകാറുണ്ട്. ശനിയാഴ്ചയാണ് മിക്ക ആതുരാലയങ്ങളിലും ഒറ്റ റേഡിയേഷൻ ചികിത്സ ക്രമീകരിക്കുക പതിവ്. ഉദാ.

1. ക്യാൻസർ ബാധിത ഭാഗത്തു നിന്നുള്ള രക്തം വാർന്നു പോകൽ നിർത്തുക.

2. നട്ടെല്ലിൽ ക്യാൻസർ (Vertebral Metastaris or Spinal Metastasin) ഉണ്ടാകുന്നതു മൂലം കിടപ്പിലായി നിശ്ചലമായവരുടെ വേദനയകറ്റുന്നതിനും എഴുന്നേൽപ്പിക്കുന്നതിനും.

3. Supra Vena Caval Obstruction മൂലം ശ്വാസതടസം അനുഭവപ്പെടുന്നത് ഇല്ലാതാക്കുക.

അർബുദം എന്ന മഹാരോഗത്തിൽ നിന്ന് ഒരു പരിധിവരെ മോചനം നേടാൻ ഈ ചികിത്സാപദ്ധതി ഏറെ പ്രയോജനപ്പെടുന്നു. ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും ഉണ്ടാകുമെന്ന് പ്രത്യാശിക്കാം.■

■ സി.അനൂപ്

# വീണ്ടെടുപ്പിന്റെയും തിരിച്ചറിവിന്റെയും

# പുലിജന്മം

ഈ നൂറ്റാണ്ടിൽ ഏറ്റവുമധികം പരീക്ഷണവിധേയമായ മാധ്യമം സിനിമയാണ്. സാങ്കേതികമായുണ്ടായ മുന്നേറ്റങ്ങളെ അതിന്റെ സമഗ്രതയിൽ ഉൾക്കൊള്ളാൻ സിനിമയ്ക്ക് കഴിയുന്നുണ്ട്. ലോകസിനിമയുടെ ചരിത്രം പരിശോധിക്കുമ്പോൾ ക്രമാനുഗതമായ വികാസത്തിലൂടെ ഒരു മാധ്യമം അതിന്റെ ശൈശവത്തിൽ നിന്നും ഇരുത്തം വന്ന കാലത്തിലേക്ക് ചുവടുവയ്ക്കുന്നതു കാണാനാകും. ഇതേ കാഴ്ച തന്നെയാണ് ഇന്ത്യൻ സിനിമയിലും മലയാളത്തിലും കാണാനാവുക. എന്നാൽ ഇന്ത്യൻ സിനിമയെന്നാൽ ബോളിവുഡ് സിനിമ മാത്രമാണെന്ന സങ്കല്പം ലോകഭൂപടത്തിൽ വളർത്തിയെടുക്കാൻ ഒരു കൂട്ടർക്ക് കഴിഞ്ഞിട്ടുണ്ട്. അതേ സമയം വിപണിയും ലാഭവും മാത്രം ലക്ഷ്യമാക്കാതെ സിനിമയെ ഒരു കലാരൂപമെന്ന നിലയിൽ തിരിച്ചറിയുകയും അതിന്റെ വികാസവും വിജയവും ലക്ഷ്യം വയ്ക്കുകയും ചെയ്യുന്ന പ്രേക്ഷകർ ലോകത്തെവിടെയുമുണ്ട്. വകതിരിവുള്ള അവർ ഒരിക്കലും ഇന്ത്യൻ സിനിമയെന്നാൽ തട്ടുപൊളിപ്പൻ ഹിന്ദി സിനിമയെന്ന് തിരിച്ചറിയുന്നവരല്ല. വല്ലപ്പോഴും താരേ സമീൻ പർ പോലുള്ള സിനിമകൾ ഹിന്ദിയിൽ സംഭവിക്കുന്നുണ്ട്. ഇന്ത്യൻ പ്രാദേശിക ഭാഷകളിൽ നിന്നുമാണ് ഇന്ത്യൻ ജീവിതവും മനസും അതിന്റെ ഉൾത്തുടിപ്പുകളുമുള്ള സിനിമകൾ ഉണ്ടാകുന്നത് എന്ന് തിരിച്ചറിയുന്നരാണ് അവർ. സത്യജിത്ത് റായും ഋത്വിക് ഘട്ടക്കും മൃണാൾ സെന്നും ആനന്ദ് പട്‌വർദ്ധനനും അടൂർ ഗോപാലകൃഷ്ണനും അരവിന്ദനുമൊക്കെ പരിശ്രമിക്കുകയും വിജയിക്കുകയും ചെയ്ത ഒരു വഴിയുണ്ട്. സിനിമ ജീവിതത്തിന് അഭിമുഖമായി പിടിച്ച കണ്ണാടിയാക്കി മാറ്റാൻ ഇവർക്കൊക്കെ സാധിച്ചിട്ടുണ്ട്. കുത്തക ഭീമന്മാർ മലയാള സിനിമ നിർമാണത്തിൽ പോലും ആധിപത്യം ചെലുത്താൻ ശ്രമിക്കുന്ന ഈ ദശാസന്ധിയിൽ നാം നമ്മുടെ പ്രാദേശിക നന്മയിലേക്കും അവിടത്തെ ചരിത്രപരവും സാമൂഹികവുമായ യാഥാർത്ഥ്യങ്ങളിലേക്കും തിരിച്ചു പോകേണ്ടിയിരിക്കുന്നു. അതിനുള്ള പരിശ്രമമാണ് പുലിജന്മം എന്ന സിനിമയിൽ നാം കാണുക. പ്രിയനന്ദനൻ എന്ന സംവിധായകൻ സ്വയം അറിയാതെ വരാൻ പോകുന്ന വിപത്തിനെക്കുറിച്ചുള്ള ആപത് സൂചനകളാണ് നമുക്ക് നൽകുന്നത്.




പുലിജൻമത്തിൽ മുരളി

മനുഷ്യജീവിതത്തിൽ നിന്നും വായു, ജലം എന്നിവയ്ക്കുള്ള സ്ഥാനം ഇന്ന് രാഷ്ട്രീയത്തിനുമുണ്ട്. ഇവിടെ രാഷ്ട്രീയം എന്ന് വിവക്ഷിക്കുന്നത് നാം കാണുന്ന കക്ഷിരാഷ്ട്രീയമല്ല. മറിച്ച് ആണവ കരാറിൽ ഇന്ത്യ ഒപ്പിടണമെന്നു അമേരിക്ക ശഠിക്കുന്ന ഒരു രാഷ്ട്രീയമുണ്ട്. അതിനെ പ്രതിരോധിക്കുന്ന ഒരു രാഷ്ട്രീയവുമുണ്ട്. അവിടെ ഏത് ചേരിയിൽ എന്ന നിലപാട് നാം സ്വീകരിക്കേണ്ടി വരുന്നു. നൂറ്റാണ്ടുകളായി നാം പോരാടി നേടിയ സ്വാതന്ത്ര്യം, കണ്ട സ്വപ്നം ഇതൊക്കെ നഷ്ടമാകുന്നത് നിഷ്ക്രിയമായി നോക്കിയിരിക്കാൻ ഒരു യഥാർത്ഥ കലാകാരനു സാധ്യമല്ല. അതുകൊണ്ടാണ് പ്രിയനന്ദനൻ പുലിജന്മത്തിൽ പറയുന്ന രാഷ്ട്രീയം ഇന്ന് ഏറെ പ്രസക്തമാകുന്നത്. നാം പ്രതീക്ഷിക്കുന്ന രാഷ്ട്രീയ മുഖ്യസങ്കല്പങ്ങളിൽ യാതൊരുവിധ സ്ഥാനമോഹങ്ങളും അയാളെ പ്രലോഭിക്കുകയില്ല. മറിച്ച് തീകോരിയിടുന്ന അനുഭവങ്ങളുടെ പൊള്ളലിലൂടെ നിരന്തരം സഞ്ചരിക്കുകയും തനിക്കു തിരിച്ചു പിടിക്കേണ്ട രാഷ്ട്രീയ സദാചാരത്തെ വീണ്ടെടുക്കുകയും ചെയ്യാൻ അയാൾ സദാ യത്നിച്ചുകൊണ്ടിരിക്കും. അതുതന്നെയാണ് പുലിജന്മം എന്ന സിനിമയുടെ അന്തരാർത്ഥം.

മിത്തുകൾ സർവകാല പ്രസക്തമായ ചില അർത്ഥങ്ങളാണ് സംവദിക്കുന്നത്. എൻ. പ്രഭാകരൻ വടക്കേ മലബാറിലെ പുലിത്തെയ്യം എന്ന മിത്തിൽ നിന്ന് രചിച്ച പുലിജന്മം എന്ന നാടകം ശ്രദ്ധേയമായത് അതിന്റെ കാലികമായ വ്യാഖ്യാന പരിശ്രമത്തിലൂടെയാണ്. പ്രേക്ഷകനിൽ നിന്നും ധൈഷണികമായ യാതൊരു ഇടപെടലും പ്രതീക്ഷിക്കാത്ത നാടകങ്ങളാണ് പലപ്പോഴും ഉണ്ടാകാറുള്ളത്. എന്നാൽ പ്രഭാകരൻ പുലിത്തെയ്യം എന്ന മിത്തിനെ മൗലി

> നാം നേടിയ സ്വാതന്ത്ര്യം, കണ്ട സ്വപ്നം ഇതൊക്കെ നഷ്ടമാകുന്നത് നിഷ്ക്രിയമായി നോക്കിയിരിക്കാൻ ഒരു യഥാർത്ഥ കലാകാരനു സാധ്യമല്ല. അതുകൊണ്ടാണ് പ്രിയനന്ദനൻ പുലിജന്മത്തിൽ പറയുന്ന രാഷ്ട്രീയം ഇന്ന് ഏറെ പ്രസക്തമാകുന്നത്.

# യാഥാർത്ഥ്യങ്ങൾ കഠിനമാണ്; പ്രിയനന്ദനൻ സംസാരിക്കുന്നു....



*എൻ. പ്രഭാകരന്റെ പുലിജന്മം എന്ന നാടകം ചലച്ചിത്രമാക്കാൻ തീരുമാനിച്ചതിന്റെ പ്രേരണ?*

പ്രഭാകരൻ മാഷിന്റെ പുലിജന്മം എന്ന നാടകം വായിച്ചനാൾ മുതൽ ഒരു ചലച്ചിത്രമാക്കാനുള്ള പ്രേരണയുണ്ടായിക്കൊണ്ടിരുന്നു. കാരിഗുരുക്കൾ എന്ന കഥാപാത്രം സർവകാലപ്രസക്തിയുള്ളതാണെന്ന് എനിക്ക് മനസ്സിലായി. അങ്ങനെ സർവകാലപ്രസക്തിയുള്ള കഥകളും കഥാപാത്രങ്ങളും അധികമുണ്ടാകില്ല. കാലികപ്രസക്തിക്കപ്പുറം ഏതു കാലത്തും പ്രസിദ്ധമായ കലകളും കഥാപാത്രങ്ങളുമാണ് സിനിമയിലുണ്ടാകേണ്ടത്. അങ്ങനെയൊന്ന് പുലിജന്മത്തിൽ എനിക്കു കാണാൻ കഴിഞ്ഞു. ഏറെക്കാലം കഴിഞ്ഞാണെങ്കിലും, പ്രഭാകരൻ മാഷിന്റെ സൃഷ്ടി ചലച്ചിത്രമാക്കിയപ്പോൾ എന്റെ കഴിവിനുള്ളിൽ നിന്ന് അതിനോട് നൂറു ശതമാനം നീതി പുലർത്തി എന്ന് ഞാൻ വിശ്വസിക്കുന്നു. കാരിഗുരുക്കൾ തോൽക്കുകയോ തോറ്റുകൊടുക്കുകയോ ഒക്കെയാണ്. ആ ഉത്കണ്ഠയാണ് എന്നെ പുലിജന്മത്തിലേക്ക് ആകർഷിച്ചത്.

*മലബാറിൽ പ്രചാരത്തിലുള്ള ഒരു മിത്തിലൂടെ പുതിയ കാലത്തിന്റെ കഥ പറയാൻ എന്തായിരുന്നു പ്രചോദനം?*

ഞാൻ നേരത്തേ പറഞ്ഞല്ലോ, കാരിഗുരുക്കൾ തോൽക്കുകയോ തോറ്റുകൊടുക്കുകയോ ചെയ്യുന്ന കഥാപാത്രമാണ്. നമ്മൾ ചില സൂചനകളാണ് ഒരു കലാരൂപത്തിലൂടെ നൽകേണ്ടത്. ഒരു പ്രശ്നവും പൂർണ്ണമായി നമുക്ക് പറഞ്ഞു തീർക്കാനാവില്ല. മറിച്ച് ഒരു പ്രശ്നത്തിന്റെ ഉത്കണ്ഠകൾ ആസ്വാദകനുമായി പങ്കുവയ്ക്കാനാണ് ശ്രമിക്കേണ്ടത്. ആ ശ്രമം പുലിജന്മത്തിൽ നടന്നിട്ടുണ്ടെന്നു തോന്നുന്നു. ചിലതൊക്കെ ചൂണ്ടിക്കാണിക്കുക. അതിലെ ശരിതെറ്റുകൾ തീരുമാനിക്കാനുള്ള ഇടം പ്രേക്ഷകനു നൽകുക. അങ്ങനെയൊരു വഴിയാണ് ഞാൻ പുലിജന്മത്തിലും നെയ്ത്തുകാരനിലും നടത്തിയിട്ടുള്ളത്.

*പുലിജന്മം കണ്ടിട്ടുള്ളവർ എങ്ങനെയാണ് ആ സിനിമയെ വിലയിരുത്തിയിട്ടുള്ളത്? അതിൽ പ്രിയനന്ദനൻ സംതൃപ്തനാണോ?*

ഓരോ പ്രേക്ഷകനും സിനിമയെ ഓരോ രീതിയിലാണ് കാണുന്നത്. അങ്ങനെ വ്യത്യസ്തമായ അഭിപ്രായങ്ങൾ പുലിജന്മത്തെക്കുറിച്ച് പലരും രേഖപ്പെടുത്തിയിട്ടുണ്ട്. ചിന്ത രവിയേട്ടനെപ്പോലുള്ളവർ പുലിജന്മം കണ്ടിട്ട് പറഞ്ഞ കാര്യങ്ങൾ എന്നെ ഏറെ ഉന്മേഷവാനാക്കുന്നതായിരുന്നു.

*പുരസ്കാരങ്ങൾ വരുമ്പോൾ, നമ്മുടെ സൃഷ്ടി അംഗീകരിക്കപ്പെടുമ്പോൾ ഒരു സംവിധായകൻ എന്ന നിലയ്ക്ക് എന്ത് തിരിച്ചറിവാണ് ലഭിക്കുന്നത്?*

നമ്മുടെ സൃഷ്ടികൾക്ക് പുരസ്കാരങ്ങൾ ലഭിക്കുമ്പോൾ തീർച്ചയായും സംതൃപ്തി അനുഭവപ്പെടും. നമ്മൾ പ്രയത്നിച്ചത് വെറുതെയായില്ല എന്നു തോന്നും. ഇപ്പോൾ എന്റെ പുലിജന്മത്തിന് അംഗീകാരം ലഭിച്ചപ്പോൾ നല്ല പരിശ്രമങ്ങളെ മറ്റുള്ളവർ ഏറെ വൈകിയാണെങ്കിലും അംഗീകരിക്കും എന്ന വിശ്വാസമാണ് എനിക്കുണ്ടായത്.

*രാഷ്ട്രീയമായ സൂചനകൾ പുലിജന്മത്തിൽ ധാരാളമുണ്ട്. വ്യക്തിയിൽ നിന്നും സമൂഹത്തിലേക്ക് പടരുന്ന വ്യഥകളാണല്ലോ പ്രിയനന്ദനൻ പറയാൻ ശ്രമിക്കുന്നത്?*

തീർച്ചയായും. രാഷ്ട്രീയവും സാമൂഹ്യവുമായ ഉത്കണ്ഠകളും ഞാൻ പറയാൻ ശ്രമിച്ചു. അതിന്റെ പ്രതികരണം എങ്ങനെയാവും എന്നൊന്നും ഞാൻ ആലോചിക്കാറില്ല. എന്നാൽ ഒന്നുറപ്പാണ്; നമ്മൾ നന്മയിലേക്ക് പോകാൻ പരിശ്രമിച്ചുകൊണ്ടിരുന്നാൽ തീർച്ചയായും അവിടെയെത്തും. അത് കലയിലാണെങ്കിലും ജീവിതത്തിലാണെങ്കിലും.

*ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളോടു പൊരുതി സിനിമ പോലുള്ള മൂലധന കേന്ദ്രീകൃതമായ ഒരുരംഗത്ത് അംഗീകരിക്കപ്പെട്ടതിനു പിന്നിലുള്ള പിന്തുണകൾ?*

തീർച്ചയായും വലിയ അക്കാദമിക പരിശീലനം ലഭിച്ചിട്ടില്ലാത്ത എനിക്ക് ഈ സമയത്ത് ഇങ്ങനെയൊക്കെ ചെയ്യാൻ കഴിഞ്ഞതിനു പിന്നിൽ പലരുടെയും പ്രബോധനവും പിന്തുണയുമുണ്ട്. കെ.ആർ. മോഹനേട്ടനെപ്പോലുള്ളവരുടെ സ്നേഹവും കരുതലും എനിക്ക് മറക്കാനാവില്ല. അവരുടെയൊക്കെ അനുഗ്രഹമാണ് എന്നെ ഇന്നത്തെ ഞാനാക്കിയതെന്നും തീർച്ച. അതുപോലെ തന്നെ പുലിജന്മംപോലെയൊരു സിനിമയ്ക്ക് പണം മുടക്കിയ ധനികനല്ലാത്ത വിജയേട്ടനെപ്പോലുള്ളവരുടെ പിന്തുണയും മറക്കാവുന്നവയല്ല.



കമായ ചില ഇടപെടലുകളിലൂടെ പുനരാവിഷ്കരിച്ചപ്പോൾ അത് നാടകാസ്വാദകരെ കുറച്ചൊന്നുമല്ല ആസ്വദിപ്പിച്ചത്. ഈ നാടകം ചലച്ചിത്രമാക്കുക വഴി പ്രിയനന്ദൻ ഒരു ചലച്ചിത്രകാരന്റെ അകക്കാമ്പുള്ള വ്യാഖ്യാന പരിശ്രമത്തിനു വേണ്ടിയാണ് യത്നിച്ചത്. അതു വ്യക്തമാക്കുകയാണ് പുലിജന്മം എന്ന സിനിമ.

കാരിഗുരുക്കൾ എന്ന മിത്തിന്റെ ജീവിതം ഏതു കാലത്തും പ്രസക്തമായ ചില ചോദ്യങ്ങളാണ് നമ്മോട് ചോദിക്കുന്നത്. അധികാരത്തിന്റെ പ്രച്ഛന്നരൂപങ്ങൾ എങ്ങനെയൊക്കെ മനുഷ്യജീവിതത്തെ പ്രതിസന്ധിയിലാക്കുമെന്ന് നാം ഇവിടെ തിരിച്ചറിയുന്നു. പ്രകാശൻ (മുരളി) എന്ന സാമൂഹിക പ്രവർത്തകന്റെ ഇടപെടലും ഒറ്റപ്പെടലുമൊക്കെ എങ്ങനെ പൊതുസമൂഹം നോക്കിക്കാണുന്നു എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. സമൂഹത്തോടും സഹജീവികളോടുമുള്ള പ്രകാശന്റെ നിലപാടുകൾ, അയാളോടുള്ള മറ്റുള്ളവരുടെ നിലപാടുകൾ - ഇതൊക്കെ ഉന്നയിക്കുന്ന ചോദ്യങ്ങൾ ഇന്നും ചോദ്യങ്ങളായി തന്നെ നിലനിൽക്കുകയാണ്. ആത്മത്യാഗങ്ങളെ തിരിച്ചറിയാത്ത പൊതുസമൂഹം കാട്ടിലേക്കു പോകുന്നവനെപ്പറ്റി ജാഗ്രതയോ ഉത്കണ്ഠയോ സൂക്ഷിക്കുന്നില്ല. അവർ ഗതാനുഗതികമായ അനുഭവങ്ങളിലൂടെയും ആചാരങ്ങളിലൂടെയും മറ്റൊരു കാലത്തിലേക്ക് പ്രയാണം ചെയ്യാനാണ് ശ്രമിക്കുക.

പ്രകാശൻ എന്ന കഥാപാത്രത്തിൽ ലക്ഷ്യത്തിനു വേണ്ടിയുള്ള അടങ്ങാവ്യഗ്രത നാം കാണുന്നു. പ്രതിസന്ധികളെ അതിജീവിക്കാനും അതിരുവിട്ട മോഹങ്ങളെ മനസ്സിൽ നിന്നും നുള്ളിക്കളയാനും

ശ്രമിക്കുകയാണ് അയാൾ. നഷ്ടങ്ങളൊക്കെ സ്വന്തം അകനീറ്റലായി അയാൾ അനുഭവിക്കുന്നു. സഹയാത്രികരുടെ ചൂഴ്ന്ന നോട്ടങ്ങളെയോ വിമർശനങ്ങളോയോ നിശബ്ദതയെയോ അയാൾ ഗൗരവമായെടുക്കുന്നില്ല. ഭീഷണമായ ഏതു വിപത്തും അതിജീവിക്കാനുള്ള യഥാർത്ഥ മനുഷ്യന്റെ പ്രയാണമുദ്രകളാണ് നാം പ്രകാശൻ എന്ന പുലിജന്മത്തിലെ കേന്ദ്രകഥാപാത്രത്തിൽ കാണുന്നത്.

അധികാരത്തിന്റെ വിഭ്രാന്തികൾ ശമിക്കുന്നതിനായി കാരിഗുരുക്കൾ പുലിത്തോലും പുലിജടയുമായി മടങ്ങിയെത്തുമ്പോൾ പൂർവനിശ്ചയങ്ങൾ അതേ പോലെ നടക്കാതാകുന്നു. അങ്ങനെ മനുഷ്യജീവിത നിയോഗം അവസാനിച്ച് കാരിഗുരുക്കൾ പുലിയുമായി വനത്തിലേക്കു മടങ്ങുകയും പുലിത്തെയ്യമായി പരിണമിക്കുകയും ചെയ്യുന്നതാണ് മിത്തിൽ അന്തർലീനമായിരിക്കുന്ന കഥ. ഈ കഥയെ നാടകപ്രവർത്തകനിലൂടെ പുനരാവിഷ്കരിക്കുമ്പോൾ മിത്ത് കാലികപ്രസക്തിയുള്ളതായി മാറുന്നു. കാലത്തിന്റെ വൈചിത്ര്യങ്ങളെ വിസ്മരിച്ച് പുലിത്തെയ്യം എന്ന മിത്തിനെ കാലികപ്രസക്തമായ രീതിയിൽ അവതരിപ്പിക്കാനാണ് പ്രിയനന്ദനൻ ശ്രമിച്ചിരിക്കുന്നത്. സാങ്കേതികമായി കഥ ആവശ്യപ്പെടുന്ന സമൃദ്ധികൾ നമുക്ക് പുലിജന്മത്തിൽ കാണാം. എന്നാൽ അതിന്റെ അതിപ്രസരത്തിലൂടെ കഥയുടെ ഉള്ളറിയാതെ പോകുന്ന രീതിയിൽ നിന്നും വഴി മാറി നടക്കാൻ കഴിയുന്നു എന്നതാണ് പുലിജന്മത്തിന്റെ വിജയരഹസ്യം.

പ്രകാശന്റെ ജീവിതത്തിൽ സംഭവിക്കുന്ന ആഘാതങ്ങൾ ചെറുതല്ല. പെങ്ങളുടെ മാനസികമായ ചേക്കേറലും പ്രകാശൻ എന്ന മനുഷ്യന് ജീവിതം നൽകുന്ന പാഠവും അയാളുടെ സ്നേഹനഷ്ടങ്ങളും അതുല്യമായ അഭിനയത്തിലൂടെ പ്രേക്ഷകരിലെത്തിക്കാൻ മുരളിയിലെ അഭിനേതാവിന് സാധിച്ചിരിക്കുന്നു. അതിനാട്യത്തിന്റെ ഒരു നിമിഷം പോലും നമുക്ക് പുലിജന്മത്തിൽ കാണാനാവില്ല. മുരളി അവതരിപ്പിക്കുന്ന കേന്ദ്ര കഥാപാത്രവും ശോഭ ടീച്ചർ,ബാബു, ഇർഷാദ്,ശീരാമൻ,സംവൃതാ സുനിൽ,സിന്ധുമേനോൻ, ബാബു അന്നൂർ തുടങ്ങിയ അഭിനേതാക്കളും കഥയുടെ ആഴമറിഞ്ഞാണ് സ്വന്തം കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

പ്രിയനന്ദനന്റെ 'നെയ്ത്തുകാരൻ' എന്ന ആദ്യ സിനിമ മനുഷ്യനിസ്സഹായതയുടെയും സ്വത്വപ്രതിസന്ധിയുടെയും ആനുകാലിക ചിന്തകളാണ് പ്രേക്ഷകനിൽ എത്തിച്ചത്. അവിടെ പ്രിയനന്ദനൻ ചോദിക്കാൻ ശ്രമിച്ച ചോദ്യങ്ങളും, പങ്കുവയ്ക്കാൻ ശ്രമിച്ച ഉത്കണ്ഠകളും ആകുലതയോടെ നാം ഇന്നും കേരളീയ ജീവിതത്തിൽ കണ്ടുകൊണ്ടിരിക്കുകയാണ്. അവിടെ അവസാനിക്കാത്ത ആത്മസംഘർഷങ്ങളുടെ വിഭിന്നതലങ്ങളുള്ള ചോദ്യങ്ങളും ഉത്കണ്ഠകളും തന്നെയാണ് പുലിജന്മത്തിലും പ്രിയനന്ദനൻ പ്രേക്ഷകനുമായി പങ്കുവയ്ക്കുന്നത്. ആധുനിക മനുഷ്യന്റെ തീരാത്ത വ്യഥകൾ തന്നെയാണ് ഒരു മിത്തിലൂടെ പ്രിയനന്ദനൻ അവതരിപ്പിക്കുന്നത്. ഇങ്ങനെ നമ്മുടെ നാട്ടുവഴക്കങ്ങളുടെ ആലയിൽ നിന്നും കണ്ടെത്താനാകുന്ന വിസ്മരിപ്പിക്കുന്ന കഥകൾ നിരവധിയാണ്. അങ്ങനെയൊന്നിനെയാണ് എൻ. പ്രഭാകരൻ എന്ന എഴുത്തുകാരൻ കണ്ടെത്തി പ്രിയനന്ദനനു നല്കിയത്. നമ്മുടെ സംസ്കാരത്തെയും പൈതൃകത്തെയും, സംവേദനക്ഷമവും പുരോഗമനപരവുമായി അവതരിപ്പിക്കാനുള്ള പുലിജന്മം പോലെയുള്ള സിനിമാ ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

ആഗോളവത്കരണത്തിന്റെ വിഷംപുരണ്ട വേരുകൾ നമ്മുടെ സമസ്തജീവിതത്തെയും വാട്ടിയുണക്കുമ്പോൾ പുലിജന്മംപോലെയുള്ള ശ്രമങ്ങൾ വീണ്ടെടുപ്പിന്റെയും തിരിച്ചുപിടിക്കലിന്റെയും ആവശ്യകതയെപ്പറ്റിയാണ് നമ്മെ ഓർമിപ്പിക്കുന്നത്. സ്വത്വം അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുന്നതു കൊണ്ടു മാത്രമേ നമ്മെ കടപുഴക്കാൻ ശ്രമിക്കുന്ന വേരുകളെ ഭൂമിയുടെ ആഴത്തിൽവച്ചു തന്നെ നമുക്ക് മുറിച്ചുനീക്കാനാകൂ എന്ന് ഓർക്കേണ്ടതുണ്ട്.

ദൃശ്യങ്ങളുടെയും നാടിളക്കുന്ന സംഗീതത്തിന്റെയും അകമ്പടിയുണ്ടെങ്കിലേ സിനിമ സിനിമയാകൂ എന്നു വിശ്വസിക്കുന്നവരാണ് കച്ചവട സിനിമയെ ഇന്നുഭരിച്ചുകൊണ്ടിരിക്കുന്നത്. അവർ യഥാർത്ഥ ജീവിതത്തിന്റെ പശിമ നഷ്ടപ്പെട്ട സ്വപ്നങ്ങളിൽ അഭിരമിക്കുകയും, ലാഭം എന്ന പ്രലോഭനം മാത്രമാണ് സിനിമ എന്നു വിശ്വസിക്കുന്നവരുമാണ്. അവർക്കുള്ള താക്കീതുകൂടിയാണ് പുലിജന്മത്തിനു ലഭിച്ച ദേശീയ അംഗീകാരം. സംസ്കാരത്തെ വീണ്ടെടുക്കുക, നേരിനു നേരേ ക്യാമറ തിരിക്കുക അതാണ് യഥാർത്ഥ ചലച്ചിത്ര പ്രവർത്തകന്റെ കടമ എന്ന് പുലിജന്മം നമ്മെ ഓർമപ്പെടുത്തുന്നു.■

**അവശേഷിക്കുന്ന കാട് സംരക്ഷിക്കുകയും സാധ്യമാകുന്നിടത്തൊക്കെ വൃക്ഷവത്കരണം നടപ്പാക്കുകയും ചെയ്യുകയാണ് വനംവകുപ്പ്. അതിനിടെ വൃക്ഷസ്നേഹത്തിന്റെ പേരിലുള്ള ചിലർ വിമർശനവുമായി എത്തി. ഒരു മറുപടിക്കുറിപ്പ്...**

പച്ചപ്പാർന്ന കലാലയ സംസ്കൃതിയുടെ കുടവിരിച്ച് ഭാവിക്ക് തണലേകാൻ കേരളത്തിന്റെ കൗമാരങ്ങൾ 'നമ്മുടെ മരം' പദ്ധതിയിൽ ഒത്തുകൂടാനിരുന്നത് ലോകപരിസ്ഥിതി ദിനത്തിലായിരുന്നു. ഭാരതത്തിലാകമാനം ഒരു ഹർത്താലിന് ഇടവരുത്തിയ ദിനമായിരുന്നതിനാൽ ജൂൺ അഞ്ചിന്റെ ആ മഹായജ്ഞം മാറ്റിവയ്ക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരുടേയും പിന്തുണയോടെ സർക്കാർ തീരുമാനിച്ചു. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയോ യൂണിവേഴ്സിറ്റി യൂണിയനോ വിദ്യാർഥി സംഘടനയോ അധ്യാപക സംഘടനയോ മറ്റാരുമോ ഈ തീരുമാനത്തെ വിമർശിച്ചുകണ്ടില്ല. ജൂൺ അഞ്ചിന്റെ എല്ലാ പരിപാടികളും കൂടുതൽ സജീവതയോടെ ജൂൺ 10 ന് നടത്താൻ തീരുമാനിച്ചത് പദ്ധതി വെറും വഴിപാടാക്കിത്തീർക്കാനല്ല, മറിച്ച് പ്രതിബദ്ധതയോടെ നടപ്പാക്കാനാണെന്ന തിരിച്ചറിവ് സാമാന്യജനത്തിനാകെയുണ്ടായപ്പോൾ മറ്റാരുമല്ല, വൃക്ഷസ്നേഹത്തിന്റെ പേരിലുള്ള ചിലർ വിമർശനവുമായി എത്തിയത് അത്ഭുതാവഹമായി.

തലമുറകൾക്ക് തണലേകാൻ കേരളത്തിന്റെ കുരുന്നുകൾ നട്ട വൃക്ഷത്തൈകളുടെ എണ്ണത്തിന്റെ പേരിൽ വന്ന വിമർശനങ്ങൾ കേരളത്തെ ഹരിതാഭമാക്കാനുള്ള സംരംഭങ്ങൾക്ക് പ്രചോദനമാകില്ല. പ്രകൃതിയോടും ജീവജാലങ്ങളോടുമുള്ള കടപ്പാടോ വൃക്ഷസ്നേഹമോ ഈ വിമർശനത്തിന് പിന്നിലുണ്ടെന്നും കരുതാനാവില്ല. പച്ചപ്പാർന്ന കാമ്പസ് സംസ്കാരത്തിന് തൈ നടാൻ കാത്തിരുന്ന വേളയിൽ വേരുപിടിക്കാത്ത കണക്കുകളുമായി വിമർശനത്തിന് ഒരുമ്പെട്ടത് വൃക്ഷവിരോധം പോലെയായിപ്പോയി. വരും തലമുറകൾക്ക് അവകാശപ്പെട്ട ജീവിതസാഹചര്യങ്ങളെ കവർന്നെടുക്കുന്ന വിധത്തിൽ ലോകത്തെ നാശത്തിലേക്കു നയിക്കുന്ന ഇന്നത്തെ അവസ്ഥയിൽ കൊച്ചുകേരളത്തിലെ കുരുന്നുകൾ കാട്ടിയ മാതൃക സാമൂഹ്യപ്രതിബദ്ധതയുള്ളവർ നിറഞ്ഞമനസ്സോടെ അംഗീകരിക്കേണ്ടതാണ്.

ആഗോളതാപനത്തിന്റെ വിപത്തിൽ ലോകം ഭീതിദമായ അവസ്ഥയിൽ ചെന്നെത്തി നിൽക്കുമ്പോൾ ഹരിതവത്കരണത്തിന്റെ ഗുണപാഠങ്ങൾ ഹൃദിസ്ഥമാക്കി പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സംസ്ഥാനമാണ് കേരളം. സാക്ഷരതയിലും ആരോഗ്യപരിപാലനത്തിലുമൊക്കെ ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ള കേരളം ഇന്ന് വനസംരക്ഷണത്തിൽ ലോകത്തിന് മാതൃകയാവുകയാണ്. വനനശീകരണത്തിന്റെ കൊടുംവിപത്തുകൾ ലോകത്തെമ്പാടും ജീവജാലങ്ങൾക്ക് ഭീഷണി ഉയർത്തുമ്പോൾ നിലവിലുള്ള വനങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം വനവിസ്തൃതി കൂട്ടുവാൻ കഴിഞ്ഞ പ്രദേശമെന്ന അപൂർവ

പൂവറ്റൂർ ബാഹുലേയൻ

## നമ്മുടെ മരം

# വേരുപിടിക്കാത്ത വിമർശനങ്ങൾ

ബഹുമതി നമ്മുടെ കൊച്ചുസംസ്ഥാനം കൈവരിക്കുകയുണ്ടായി.

വനവിസ്തൃതി കൂട്ടേണ്ടതിന്റെ ആവശ്യകത മുമ്പെന്നത്തേക്കാളും പ്രാധാന്യമർഹിക്കുന്ന തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ലോകത്ത് ഓരോ വർഷവും ഏഴു ദശലക്ഷം ഹെക്ടർ വനഭൂമി കുറഞ്ഞുവരുന്നുവെന്നും വികസ്വരാജ്യങ്ങളിൽ ഓരോ വർഷവും 13 ദശലക്ഷം ഹെക്ടർ വനങ്ങൾ നശിക്കുന്നുവെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. കൊടിയ ദുരന്തങ്ങൾ വരുത്തി വയ്ക്കുന്ന വൻ പ്രകൃതിക്ഷോഭങ്ങൾക്കും വനനശീകരണം കാരണമാവുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ അഞ്ച് ബില്യൺ ഹെക്ടർ വനമേഖല ഉണ്ടായിരുന്നത് ഇപ്പോൾ നാല് ബില്യണായി കുറഞ്ഞു. ആഗോളതാപനത്തിന്റെ കൊടും വിപത്തിൽ ദാഹജലം പോലും കിട്ടാതെ ജീവജാലങ്ങൾ അലയേണ്ട അവസ്ഥയിലേയ്ക്ക് വിരൽ ചൂണ്ടുന്നതാണ് ഈ സ്ഥിതിവിശേഷം.

പ്രകൃതിയുടെ സന്തുലിതാവസ്ഥ തെറ്റിക്കുന്ന അവസ്ഥയിൽ ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്നുനടക്കുന്ന വനനശീകരണങ്ങൾ ഓരോ വർഷവും നിരവധി മനുഷ്യർ സൂര്യാഘാതം മൂലം മരിക്കുന്നതിനു പോലും കാരണമാകുന്നു. വരുംകാലത്ത് ഭീതിദമായ അവസ്ഥയിൽ മനുഷ്യനാശം സംഭവിച്ചേക്കാവുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ പ്രകടമായിക്കഴിഞ്ഞു. വിശാലമായ കൃഷിയിടങ്ങൾ മരുഭൂമിയാവാനും തടാകങ്ങൾ വറ്റിവരളാനും സസ്യജാലങ്ങളുടെയും ജീവജാലങ്ങളുടെയും നിലനില്പുതന്നെ അപകടപ്പെടാനും അധികകാലം വേണ്ടിവരില്ല. വ്യവസായവത്കരണത്തിന്റെ സൃഷ്ടിയായ കാർബൺ ഡൈഓക്സൈഡ്, മീഥെയിൻ, പെർഫ്ളൂറോമീഥെയിൻ, ക്ലോറോഫ്ളൂറോ കാർബണുകൾ തുടങ്ങിയവയുടെ ആധിക്യം അന്തരീക്ഷ സ്ഥിതിയുടെ താളം തെറ്റിക്കും. വനനശീകരണം ഒരു വശത്തും മലിനീകരണം മറ്റൊരുവശത്തും കൂടുമ്പോൾ അത്യധികമായി നിറയുന്ന ഹരിതഗൃഹവാതകങ്ങളെ ആഗിരണം ചെയ്യാനാവശ്യമായ സസ്യജാ



**കുരുന്നുകൾ കാട്ടിയ മാതൃക:** വൃക്ഷവത്കരണപ്രവർത്തനങ്ങളുടെ മുൻനിരയിൽ  വനം മന്ത്രി ബിനോയ് വിശ്വം

ലങ്ങളില്ലാതെ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകിടം മറിയും. അവശേഷിക്കുന്ന കാടുകൾ സംരക്ഷിക്കുകയും സാധ്യമാകുന്നിടത്തൊക്കെ വൃക്ഷവത്കരണം നടപ്പാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞതിനാലാണ് വനംവകുപ്പ് സാമൂഹികവനവത്കരണ പരിപാടികൾക്ക് പ്രാധാന്യം നല്കുന്നത് .

'ആഗോളതാപനം-മരമാണ് മറുപടി' എന്ന മുഖവാചകവുമായി ലോകം അംഗീകരിക്കുന്ന വൃക്ഷവത്കരണ മാതൃകകളാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 2007-ലെ ലോകപരിസ്ഥിതി ദിനത്തിൽ 25 ലക്ഷം സ്കൂൾ കുട്ടികൾ തൈകളുമേന്തി വീടുകളിലേക്ക് പോയ കാഴ്ച ഏതൊരു വൃക്ഷസ്നേഹിക്കും മറക്കാവുന്നതല്ല. ഇതിൽ 80 ശതമാനം തൈകളും വളരുന്നുവെന്നാണ് ഔദ്യോഗിക കണക്ക്. ഇതിൽ 43.6 ശതമാനം മാത്രമെ അതിജീവിക്കുന്നുള്ളൂവെന്നാണ് ചിലരുടെ വിമർശനം. എന്നാൽ ഈ കണ്ടെത്തലിനു പിന്നിൽ ശാസ്ത്രീയമായ സർവേ നടത്തിയിട്ടില്ലായെന്ന് അവരുടെ തന്നെ വെളിപ്പെടുത്തലുകൾ വ്യക്തമാക്കുന്നു. തിരുവനന്തപുരത്തെ മൂന്നു സ്കൂളുകളും പത്തനംതിട്ടയിലെ 15 സ്കൂളുകളും കോട്ടയത്തെ നാല് സ്കൂളുകളും തൃശൂരിലെ 12 സ്കൂളുകളും കോഴിക്കോട്ടെ 22 സ്കൂളുകളും മാത്രമാണ് സർവേയ്ക്ക് തെരഞ്ഞെടുത്തത്. സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കിയ പദ്ധതിയുടെ സർവേയ്ക്ക് അഞ്ചു ജില്ലകളിലെ ഏതാനും സ്കൂളുകൾ മാത്രം തെരഞ്ഞെടുത്തതിൽ എന്ത് ശാസ്ത്രീയതയും സമഗ്രതയുമാണുള്ളത്? ലോകത്തിന് മാതൃകയായി നമ്മുടെ കുഞ്ഞുങ്ങൾ കാട്ടിയ അതിമഹത്തായ സേവനത്തെ ലാഘവ ബുദ്ധിയോടെയാണ് ഇവർ സമീപിച്ചത്. മറ്റൊരു മഹായജ്ഞത്തിനു തുടക്കം കുറിക്കുന്ന വേളയിൽ കാത്തിരുന്നതുപോലെ പത്രങ്ങളിൽ എഴുതിപ്പിടിപ്പിച്ചതാവട്ടെ, അതിലാ

ഘവ ബുദ്ധിയോടെയാണ്  എന്ന് ആരെങ്കിലും സംശയിച്ചു പോയാൽ അവരെ കുറ്റപ്പെടുത്താനാകില്ല.

കൂടുതൽ വിതരണം ചെയ്തത് മഹാഗണിയും തേക്കും ആയിരുന്നുവെന്നും ഇവ ജൈവവൈവിദ്ധ്യത്തിന് സാരമായ തകരാറ് ഉണ്ടാക്കുന്നതാണെന്നുമായിരുന്നു മറ്റൊരു കണ്ടെത്തൽ. വേണ്ട വിധത്തിൽ ഡയറി പ്രയോജനപ്പെടുത്തുന്നതിന് കുട്ടികളെ സന്നദ്ധരാക്കുവാൻ സാധിച്ചിട്ടില്ലെന്നും തക്കതായ ആലോചനയും ആസൂത്രണവും ഇല്ലാതെ ധൃതിയിൽ നടപ്പിലാക്കാൻ ശ്രമിച്ചത് ഗുരുതരമായ പാളിച്ചകൾക്ക് ഇട നല്കിയെന്നുമാണ് മറ്റൊരു ആരോപണം. ഈ നിഗമനങ്ങൾക്കോ കണ്ടെത്തലുകൾക്കോ ശാസ്ത്രീയമായ ഒരടിത്തറയുമില്ല. തേക്കും മഹാഗണിയും പ്രധാനപ്പെട്ട വിപണിമൂല്യമുള്ള വൃക്ഷങ്ങളാണ്. മഹാഗണി നൂറ്റാണ്ടുകളായി കേരളത്തിന്റെ കാലാവസ്ഥയുമായി താദാത്മ്യം പ്രാപിച്ച മരമാണ്. കശുമാവും ഉറവിടം വിദേശമെങ്കിലും തദാത്മ്യം പ്രാപിച്ചതാണ്. ഏറ്റവും കൂടുതൽ ആവശ്യമുണ്ടായത് തേക്കിനും മഹാഗണിക്കുമായിരുന്നുവെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നു.

ഏകവിളത്തോട്ടം എന്ന നിലയിൽ ഒരേയിനം മരങ്ങൾ വിശാലമായ പ്രദേശത്ത് നട്ടാൽ മാത്രമേ ഇലതീനി പുഴുക്കളുടേയും തടിതുരപ്പൻ വണ്ടുകളുടേയും മറ്റും ശല്യം ഉണ്ടാവുകയുള്ളുവെന്നാണ് കണ്ടെത്തൽ. ഒരു വീട്ടുവളപ്പിൽ ഒന്നോ രണ്ടോ മരങ്ങൾ നട്ടാൽ എങ്ങനെയാണ് ഏകവിളത്തോട്ടത്തിലെ പ്രശ്നങ്ങൾ ഉണ്ടാവുന്നത്?. തൈനടീൽ സംബന്ധിച്ച് വനം-വിദ്യാഭ്യാസ വകുപ്പുകളുടെ കണക്കുകളിൽ വ്യത്യാസമുണ്ടെന്ന കണ്ടെത്തലിലും യാതൊരു കഴമ്പുമില്ല. വനം വകുപ്പ് 80 ശതമാനം അവകാശപ്പെടുമ്പോൾ വിദ്യാഭ്യാസവകുപ്പ് 77.72 ശതമാനമാണ് അവകാശപ്പെടുന്നതെന്നാണ് ആരോപണം. രണ്ട് വകുപ്പുകളുടെ കണക്കുകളിൽ സംസ്ഥാനമൊട്ടാകെ 2.28 ശതമാനത്തിന്റെ വ്യത്യാസം സ്വാഭാവികമെങ്കിലും ഇത് സംഭവിച്ചത് വിദ്യാഭ്യാസ വകുപ്പിന് കീഴിലല്ലാത്ത അന്ധ-ബധിര വിദ്യാലയങ്ങളിലും ജൂൺ 5-ന് ശേഷവും തൈകൾ വിതരണം ചെയ്തതിനാലാണെന്ന് വനംവകുപ്പ് വിശദീകരിക്കുന്നത് ന്യായമല്ലെ?

എന്റെ മരം പദ്ധതിയിലെ 80 ശതമാനം തൈകൾ അതിജീവിക്കുന്നു എന്ന വനംവകുപ്പിന്റെ കണ്ടെത്തലിൽ ശാസ്ത്രീയതയുണ്ട്. 14 ജില്ലകളിൽ നിന്നും പത്തുവീതം സ്കൂളുകൾ തെരഞ്ഞെടുത്ത് ഒരു സ്കൂളിലെ ഒരു ക്ലാസ്സിൽ 10 കുട്ടികൾ എന്ന തോതിൽ 50 കുട്ടികൾ നട്ട തൈകളുടെ അതിജീവനം സർവേയ്ക്ക് വിധേയമാക്കുകയായിരുന്നു. ഇത്തരത്തിൽ ഒരു ജില്ലയിലെ 500 കുട്ടികളുടെ വീട്ടുവളപ്പിലെ വൃക്ഷത്തൈകളാണ് സാമ്പിൾ സർവേയ്ക്ക് വിധേയമാക്കിയത്. എല്ലാ ജില്ലകളിലും നേരിട്ട് നടത്തിയ സമഗ്രവും ശാസ്ത്രീയവുമായ ഈ സർവേയിലാണ് 80 ശതമാനം തൈകൾ അതിജീവിക്കുന്നതായി വനം വകുപ്പ് അവകാശപ്പെടുന്നത്.

വിമർശനങ്ങൾക്കപ്പുറം, കേരളത്തിന്റെ ഹരിതാഭ സംരംഭങ്ങൾ ഭാവിക്ക് തണൽ ഉറപ്പാക്കി മുന്നേറുമെന്ന് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുജനങ്ങളുടെയും പിന്തുണ വ്യക്തമാക്കുന്നു. വനമേഖലയുടെ കാര്യത്തിൽ ദേശീയശരാശരി 19 ശതമാനം മാത്രമുള്ളപ്പോൾ കേരളത്തിൽ ഇത് 28 ശതമാനത്തിലെത്തിക്കാൻ കേരളത്തിന്റെ വനവത്കരണ പദ്ധതികൾ വലിയ പങ്ക് വഹിച്ചു. നമ്മുടെ ലക്ഷ്യമായ 33.33 ശതമാനത്തിലെത്തുന്നതിന് വനമേഖലയ്ക്ക് പുറത്തുള്ള സാമൂഹ്യവനവത്കരണം പ്രോത്സാഹിപ്പിച്ചേ തീരൂ. യൂക്കാലി, അക്കേഷ്യ തുടങ്ങിയ വിദേശ വൃക്ഷങ്ങൾ ഒഴിവാക്കി നാടൻ മാവും പ്ലാവും ആഞ്ഞിലിയും അശോകവും വേപ്പും വേങ്ങയും ചെമ്പകവും കമ്പകവുമൊക്കെ നട്ട് നമ്മുടെ ഓരങ്ങളും തരിശായ കാമ്പസുകളും പച്ച പുതപ്പിക്കാം. ഒരു മരമെങ്കിലും നടുന്നതിനോട് മനമലിയുക. മറിച്ച് മനസ്സുകളെ മരവിപ്പിക്കരുതേ.

'മുലപ്പാൽ നല്കി നീല പൂന്തണൽപ്പുര കെട്ടി
വളർത്തി കുഞ്ഞുങ്ങളെ വംശം ഞാൻ നിലനിർത്തി'

വയലാർ അവസാനം വൃക്ഷമെന്ന കവിതയിൽ പാടിയ ഈ വരികളെ മനസ്സിൽ ചേർത്ത് നമുക്ക് ഹരിതാഭമായ ഭാവിക്ക് വേരു പിടിപ്പിക്കാം.■

സേവ്യർ പ്രൈമസ് രാജൻ



# കടൽ താണ്ടുന്ന കറുത്ത പൊന്ന്

## വിയർപ്പിന്റെ വിജയഗാഥ

തേക്കടി പ്രദേശത്തെ ആദിവാസികളിൽ നിന്ന് 33 ശതമാനം അധികവില നൽകി വാങ്ങിയ കുരുമുളക് ജർമനിയിലേക്ക് കയറ്റി അയച്ചതിന്റെ പുതിയൊരു വിജയഗാഥ

**ഇന്നലെകളിൽ** ആഴ്ചതോറും [illegible]ങ്ങളും തൂക്കി അവർ കാടിറങ്ങി ഗ്രാമച്ചന്തകളിൽ എത്തിയിരുന്നു. കാടിന്റെ തനത് ഗുണസമൃദ്ധിയും സുഗന്ധവും പേറുന്ന കുരുമുളകും ഇഞ്ചിയും മഞ്ഞളുമെല്ലാം കുമളിയിലെയും തേക്കടിയിലെയും നാട്ടുകാർക്ക് ലഭിച്ചിരുന്നത് ആദിവാസികളുടെ വനവിഭവങ്ങളും പേറിയുള്ള ഈ കാടിറക്കം വഴിയായിരുന്നു. എന്നാൽ ഇന്ന് വിദേശവിപണിയിലെ കമ്പനികൾ കാട് കയറി മന്നക്കുടിയിലെയും പളിയക്കുടിയിലെയും സെറ്റിൽമെന്റുകളിലെത്തി ആദിവാസികൾ വിളയിച്ച ജൈവ സുഗന്ധ ദ്രവ്യങ്ങൾ അന്താരാഷ്ട്ര മാർക്കറ്റിൽ എത്തിച്ചിരിക്കുന്നു. മണ്ണും പ്രകൃതിയുമായി ഇണങ്ങിച്ചേർന്നു ജീവിക്കുന്ന കാടിന്റെ മക്കളുടെ വിയർപ്പിന്റെ വില ജർമൻ വിപണിയെ കീഴടക്കുന്ന ചരിത്ര മുഹൂർത്തത്തിനാണ് ഇക്കഴിഞ്ഞ ഏപ്രിലിൽ കൊച്ചി നഗരം സാക്ഷ്യം വഹിച്ചത്.

കാട് നൽകുന്ന വിഭവ സമ്പത്തിന്റെയും ലളിത ജീവിതത്തിന്റെയും നടുവിൽ കഴിയുമ്പോഴും ആദിവാസികൾ എന്നും ചൂഷണത്തിന്റെ ഇരകളായിരുന്നു. എന്നാൽ പങ്കാളിത്ത വനപരിപാലനത്തിന്റെ അടിസ്ഥാന ഘടകങ്ങളായി ഊരുകളിൽ രൂപംകൊണ്ട ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ അത്തരം ചൂഷണങ്ങളെ സ്വയം തിരിച്ചറിയുന്നതിനുള്ള വെളിപാട് തറകളായി മാറുകയാണ്. അപ്പോഴും ചൂഷകരുടെ കടക്കെണിയിൽ ആയിരുന്ന ആദിവാസി സമൂഹങ്ങൾക്ക് സ്വന്തം കാലിൽ നിൽക്കുവാനുള്ള സാമ്പത്തിക പിന്തുണ വേണ്ടിയിരുന്നു. സംസ്ഥാന വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വനം വികസന ഏജൻസികൾ ഈ സത്യം ഏറ്റെടുത്തതോടെ കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലെ ഏറ്റവും ചലനാത്മമായ ഒരു അധ്യായം ആരംഭിച്ചു. വനം വകുപ്പിന്റെ കീഴിൽ വനം വികസന ഏജൻസികൾ ഒരുക്കിയ സാമൂഹിക സമത്വത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളെ പ്രയോജനപ്പെടുത്തുന്ന ഒരു ആദിവാസി സമൂഹത്തെയാണ് പിന്നീട് തേക്കടിയിൽ കാണാനായത്. അവർ ചൂഷകരുടെ കൈകളിൽ നിന്നും വിടുതൽ നേടുകയും വനവികസന ഏജൻസിയുടെ സഹായത്തോടെ ജൈവ കൃഷി ആരംഭിക്കുകയും ചെയ്തു.

കാട്ടിലെ ജൈവ കൃഷിരീതിയിൽ തേക്കടിയിലെ ആദിവാസികൾ ഉത്പാദിപ്പിച്ചെടുക്കുന്ന കുരുമുളക് വാങ്ങാൻ ഇപ്പോൾ ജർമൻ കമ്പനിയായ ഇക്കോലാന്റ് ഹെർബ്സ് ആന്റ് സ്പൈസസ് മുന്നോട്ട് വന്നിരിക്കുന്നു. ഈ ചരിത്ര മുഹൂർത്തത്തിന്റെ തുടക്കമെന്ന നിലയിൽ അന്താരാഷ്ട്ര നിലവാരമുള്ള നാലു ടൺ കുരുമുളക് പെരിയാറിലെ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയിൽ നിന്നും 33 ശതമാനം അധികവില നൽകി നേരിട്ടു വാങ്ങാൻ ഇവർ തയ്യാറായത് തേക്കടിയിലെ ആദിവാസികളുടെ ആത്മവിശ്വാസത്തെ കുറച്ചൊന്നുമല്ല ഉയർത്തിയിട്ടുള്ളത്. മന്നാക്കുടി, പളിയക്കുടി, എന്നീ ട്രൈബൽ സെറ്റിൽമെന്റിലെ മന്നാൻ, പളിയൻ വിഭാഗത്തിൽപ്പെട്ട താമസക്കാരും വള്ളക്കടവ് റേഞ്ചിന് കീഴിലുള്ള വഞ്ചിവയലിലെ ഊരാളികളുമാണ് ജൈവകൃഷിരീതി ഉപയോഗിച്ച് വിളവെടുത്ത കുരുമുളക് നേരിട്ട് വിദേശ കമ്പനിയുമായി വിലപേശി വിൽക്കുന്നത്.

തേക്കടി വനമേഖലയിലെ ജനപങ്കാളിത്ത സംരക്ഷണ യത്നങ്ങളുടെ ചുക്കാൻ പിടിക്കുന്ന പെരിയാർ ഫൗണ്ടേഷനാണ് ഇക്കോ ഡവലപ്മെന്റ് കമ്മിറ്റിക്കു വേണ്ട ഇടപാടുകൾ ചെയ്തുകൊടുത്തത്. മധ്യവർത്തികളെ ഒഴിവാക്കി ഓർഗാനിക് കൃഷിരീതിയിലൂടെ കാടിന്റെ മക്കൾ ഉത്പാദിപ്പിക്കുന്ന കുരുമുളകിനു പുറമെ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിപണന സാധ്യതകളും ഭാവിയിൽ ഇത്തരത്തിൽ ഉപയോഗപ്പെടുത്താനാകും എന്ന് ഈ സംരംഭം തെളിയിക്കുന്നു.

കയറ്റുമതിക്കായി പെരിയാർ ഫൗണ്ടേഷൻ കാർഷിക ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് ജർമനിയിലെ ലാക്കോൺ ക്വാളിത്താത്ത് എന്ന ഓർഗാനിക് സർട്ടിഫൈയിങ് ഏജൻസിയിൽ നിന്നും വഞ്ചിവയൽ കോളനിക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ നേടുകയും കൊച്ചിയിലെ ജോയിന്റ് ഡയറക്ടർ ഓഫ് എക്സ്പോർട്സിൽ നിന്നും ഐ ഇ കോഡ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. ജൈവകാർഷിക വിളകളുടെ സർട്ടിഫിക്കേഷന് ക്വാളിഫയിങ് ഇൻസ്പെക്റ്റേഴ്സ് പരിശീലനത്തിന് രണ്ടംഗങ്ങളെ ഫൗണ്ടേഷൻ അയയ്ക്കുകയും ചെയ്തു.

പദ്ധതിയിൽ പങ്കാളികളാകുന്ന ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ ഉത്പാദിപ്പിച്ച കുരുമുളക്, ഇടനിലക്കാരെ ഒഴിവാക്കി മൊത്തമായി ശേഖരിച്ച് ലേലം ചെയ്ത്, കൃത്യമായ തുക ഇ.ഡി.സി കൾ കുരുമുളക് കൃഷിക്കാരെ ഏൽപ്പിക്കുകയും ചെയ്യുന്നു. ജൈവകൃഷി രീതികൾ അവലംബിക്കുന്നതിന് തുടർന്നും ഇവരെ പ്രാപ്തരാക്കുന്നതിനും വേണ്ട നിർദേശങ്ങളും സഹായങ്ങളും നൽകി ആഗോള കമ്പോളത്തിൽ ജൈവകാർഷിക വിഭവം എന്ന തലത്തിൽ എത്തിച്ച് ഉയർന്ന വില ലഭ്യമാക്കുന്നതിനുള്ള ഇ.ഡി.സി കളുടെ പരിശ്രമമാണ് ഇനിയുള്ള ദിവസങ്ങളിൽ ഫലവത്താകാൻ പോകുന്നത്.

തേക്കടിയിലെ ആദിവാസികളുടെ ചരിത്ര വിജയം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ വനം വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. തേക്കടിയിലെ ആദിവാസി ജനത ജൈവകൃഷിരീതിയിലൂടെ ഉത്പാദിപ്പിച്ചെടുത്ത കുരുമുളക് ജർമ്മനിയിലേക്ക് കയറ്റി അയയ്ക്കുന്നതിന്റെ ഉദ്ഘാടനം കൊച്ചിയിൽ വച്ച് ഏപ്രിൽ 12 ന് വനം-ഭവന നിർമാണ വകുപ്പ് മന്ത്രി ബിനോയ് വിശ്വം നിർവഹിച്ചു.

# സൂപ്പർമാർക്കറ്റുകൾ തീരവാസികൾക്കും



ചിറയിൻകീഴ് ശാർക്കരയിൽ ഉദ്ഘാടനം ചെയ്ത തീരമൈത്രി സൂപ്പർമാർക്കറ്റ്

**വറുതിയുടെയും കഷ്ടപ്പാടിന്റെയും** ജീവിതമാണ് തീരദേശവാസികൾ ജീവിച്ചു തീർക്കുന്നതെന്നത് പഴയ വിശ്വാസമാകുന്നു. പാട്ടും കഥയുമൊക്കെ ദുരിതപർവങ്ങളുടെ കണ്ണീർനനവ് പടർത്തുന്നവയാണ്. എന്നാൽ തീരദേശവാസികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാർ നിരവധി പദ്ധതികളാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി തീരദേശജില്ലകളിൽ തീരമൈത്രി സൂപ്പർമാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചു.

കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിൽ സംവരണം സൃഷ്ടിക്കുകയും അതുവഴി ജീവിതം മെച്ചപ്പെടുത്തുകയും ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. സാഫ്ഫെക്കോയുടെ സാങ്കേതിക സഹായത്തോടെ ഫിഷറീസ് വകുപ്പാണ് സൂപ്പർമാർക്കറ്റ് തുടങ്ങിയത്. ഒൻപത് തീരദേശ ജില്ലകളിലായി 18 എണ്ണം തുടങ്ങാനാണ് പരിപാടി. തീരദേശവാസികളായ വനിതകൾ അടങ്ങുന്ന ഗ്രൂപ്പിന്റെ ഉടമസ്ഥതയിലായിരിക്കും സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുക. സുനാമി അടിയന്തരസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കുക. ഫിഷറീസ്‌വകുപ്പ് സുനാമി പുനരധിവാസ പദ്ധതിയിലും സുനാമി അടിയന്തര സഹായപദ്ധതികളിലും ഉൾപ്പെടുത്തി ആരംഭിക്കുന്ന ചെറുകിട യൂണിറ്റുകളുടെ ഉത്പന്നങ്ങൾ ഈ സൂപ്പർമാർക്കറ്റുകളിലൂടെ വിപണനം ചെയ്യും. ചിറയിൻകീഴ് ശാർക്കര ജംഗ്ഷനിൽ ഫിഷറീസ് മന്ത്രി എസ്.ശർമ്മ പദ്ധതി ഉദ്ഘാടനം ചെയ്തു. ആദ്യവില്പന റവന്യൂ മന്ത്രി കെ.പി.രാജേന്ദ്രൻ നിർവഹിച്ചു. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ അധ്യക്ഷനായിരുന്നു.

## ദേശീയ പിന്നാക്കവിഭാഗ


സാമ്പത്തിക വികസന കോർപ്പറേഷന്റെ പദ്ധതികൾ സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന ഏജൻസികളിൽ 2006-07 വർഷത്തെ ഏറ്റവും നല്ല പ്രവർത്തനത്തിന് കേരള സംസ്ഥാന പിന്നാക്കവിഭാഗവികസന കോർപ്പറേഷന് അംഗീകാരം ലഭിച്ചു.

വളരെ ചുരുങ്ങിയ പലിശനിരക്കിൽ സ്വയംതൊഴിൽ, വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം, ഭവനനിർമാണം എന്നിവയ്ക്കായി കോർപ്പറേഷൻ 2007-08 വർഷം 19576 പേർക്കായി 120 കോടി രൂപ വായ്പവിതരണം ചെയ്തു. ഇതുൾപ്പെടെ 1995 വർഷം മുതൽ ഇതുവരെ 139047 പേർക്കായി 512 കോടിരൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. ദാരിദ്ര്യരേഖയുടെ ഇരട്ടിവരെ വാർഷിക വരുമാനമുള്ളവർക്കാണ് വായ്പകൾ നല്കുന്നത്. കേരളസർക്കാർ ഈ സാമ്പത്തിക വർഷം ഏഴു കോടി രൂപ കെ.എസ്.ബി.സി.ഡി.സിക്ക് വേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം ഈ വർഷം മുതൽ എസ്.ബി.റ്റി ബ്രാഞ്ചുകൾവഴി വായ്പ തിരിച്ചടവു നടത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

1995 വർഷത്തിൽ പ്രവർത്തനം ആരംഭിച്ച കേരള സംസ്ഥാന പിന്നാക്കവിഭാഗ വിക





# മരമാണ് കേരളത്തിന്റെ മറുപടി

**ആഗോളതാപനം** ഭൂമിയിലെമ്പാടും കെടുതികൾ വിതച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. ആഗോളതാപനത്തെ ചെറുക്കുന്നതിന് കൊച്ചു കേരളം തന്നാലായത് ചെയ്യുന്നു. മരമാണ് കേരളത്തിന്റെ മറുപടി. ദുഃഖമൊടുക്കുന്ന മരമായ അശോകവൃക്ഷത്തൈ കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ നട്ട് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നമ്മുടെ മരം പദ്ധതിക്ക് പ്രൗഢമായ തുടക്കം കുറിച്ചു. ആഗോളതാപനം- മരമാണ് മറുപടി എന്ന മുദ്രാവാക്യവുമായി കേരളത്തിലെ ക്യാമ്പസുകൾ വൃക്ഷവത്കരണം നടപ്പാക്കുകയാണ്.

നേരത്തെ സർക്കാർ നടപ്പാക്കിയ എന്റെ മരം പദ്ധതി വിദ്യാർത്ഥികൾക്ക് നിരവധി അനുഭവങ്ങൾ നൽകിയതായും പുതിയ പദ്ധതിയും പ്രയോജനകരമാകുമെന്നും യോഗത്തിൽ അദ്ധ്യക്ഷനായിരുന്ന വിദ്യാഭ്യാസമന്ത്രി എം.എ.ബേബി പറഞ്ഞു. ആഗോളതാപനത്തിന്റെ വിപത്തുകൾ കെട്ടുകഥയല്ലെന്നും നമ്മുടെ മരം പദ്ധതി വിജയിപ്പിക്കേണ്ടത് അനിവാര്യമാണെന്നും വനംമന്ത്രി ബിനോയ് വിശ്വം പറഞ്ഞു. മൊത്തം 15,33,339 തദ്ദേശീയ വൃക്ഷത്തൈകൾ ഇപ്രാവശ്യം വിവിധ ജില്ലകളിലെ സ്കൂളുകളിലും കോളേജുകളിലും വിതരണം ചെയ്തു. നമ്മുടെ മരം പദ്ധതിയുടെ ഭാഗമായി 2,323 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 5.56 ലക്ഷവും എന്റെ മരം പദ്ധതിയുടെ തുടർച്ചയായി അഞ്ചാംക്ലാസ് വിദ്യാർത്ഥികൾക്കായി 5,691 സ്കൂളുകൾ വഴി 9.77 ലക്ഷവും തൈകൾ വിതരണം ചെയ്തു. നമ്മുടെ മരം പദ്ധതിയിൽ ഏറ്റവും കൂടുതൽ തൈകൾ വിതരണം ചെയ്തത് കൊല്ലം ജില്ലയിലാണ്- 1,06,357 എന്റെ മരം പദ്ധതിയിൽ മലപ്പുറത്താണ് ഏറ്റവും കൂടുതൽ തൈകൾ നല്കിയത്- 1,87,178. തൈകളുടെ പരിചരണത്തിന് കോളേജ് ക്യാമ്പസുകളിൽ പ്രിൻസിപ്പൽമാരും യൂണിവേഴ്സിറ്റിതലത്തിൽ വൈസ്ചാൻസലർമാരും ചെയർമാൻമാരായുള്ള കമ്മിറ്റികൾ ചുമതല വഹിക്കും.



## കേരളസംസ്ഥാന പിന്നാക്കവിഭാഗവികസന കോർപ്പറേഷൻ മികച്ച ഏജൻസി

സന കോർപ്പറേഷന് മുൻവർഷങ്ങളിലും പ്രവർത്തനമികവിന് ദേശീയ പിന്നാക്കവിഭാഗ സാമ്പത്തികവികസന കോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷവികസന സാമ്പത്തിക കോർപ്പറേഷന്റെയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കേരളത്തിൽ ദേശീയ ന്യൂനപക്ഷവികസന സാമ്പത്തിക കോർപ്പറേഷന്റെ പദ്ധതികളും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്നുണ്ട്.

# വൈമാനിക പരിശീലനത്തിന് രാജീവ് ഗാന്ധി അക്കാദമി

സംസ്ഥാനത്തിന്റെ വ്യോമയാന ചരിത്രത്തിലെ നാഴികക്കല്ലായി രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി പുനരാരംഭിച്ചു.

കുറഞ്ഞ ചെലവിൽ ഏറ്റവും സുരക്ഷിതമായ പൈലറ്റ് പരിശീലനം അക്കാദമിയിൽ ലഭിക്കും. 2010 ഓടെ വ്യോമയാന രംഗത്തും അനുബന്ധമേഖലകളിലും ആയിരക്കണക്കിന് ജോലിസാദ്ധ്യതകൾ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഓരോ ബാച്ചിലും ഇരുപത് പേരെ പരിശീലിപ്പിക്കും. രണ്ട് വർഷമാണ് പരിശീലന കാലാവധി. പൂർണമായി പ്രവർത്തനക്ഷമമാകുന്നതോടെ ഈ മേഖലയിൽ രാജ്യത്തെ ഒന്നാംകിട സ്ഥാപനമായി രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമി മാറുമെന്നും മന്ത്രി എം.വിജയകുമാർ പറഞ്ഞു.

ദേശീയതലത്തിൽ വൈമാനിക പരിശീലനത്തിനുള്ള മാതൃകാ സ്ഥാപനമാക്കി മാറ്റുമെന്ന് സ്പോർട്സ് മന്ത്രി എം.വിജയകുമാർ പറഞ്ഞു. രാജീവ് ഗാന്ധി അക്കാദമിയുടെ വൈമാനിക പരിശീലന പരിപാടിയുടെ പുനരാരംഭം ഉദ്ഘാടനം ചെയ്യുകയായിരുന്നു. പരിശീലന വിമാനമായ സെസ്ന തിരുവനന്തപുരത്ത് സി..ഐ.എസ്.എഫ് പരേഡ് ഗ്രൗണ്ടിൽ ഫ്ളാഗ് ഓഫ് ചെയ്താണ് മന്ത്രി പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചത്.



# മൊഴിച്ചെപ്പ്

മുസ്ലിങ്ങൾ എല്ലാവരും ഭീകരരാണെന്ന് ആർക്കും പറയാനാവില്ല. ശതകോടിക്കണക്കിന് മുസ്ലിങ്ങളിൽ ഏതാനും ഡസൻ ആൾക്കാരാണ് ഭീകരപ്രവർത്തനം നടത്തുന്നതായി ആരോപിക്കപ്പെടുന്നത്. നിരപരാധികളെ ആക്രമിക്കുന്നതിനെ ഇസ്ലാം അനുകൂലിക്കുന്നില്ല

**മെഹ്മൂദ് മദനി**
ജാമിയത്ത് ഉല്ലെമ - ഇ - ഇസ്ലാം നേതാവും
പാർലമെന്റംഗവും

ജലവിഭവത്തിന്റെയും കാറ്റിന്റെയും തിരമാലയുടെയും സൗരോർജത്തിന്റെയും ഭൗമതാപോർജത്തിന്റെയും അസൂയാർഹമായ കലവറയാണ് ഭാരതം. മറ്റൊരു അക്ഷയഖനിയാണ് യുറേനിയത്തിന്റെ ലഭ്യത. ഇതെല്ലാം ചേർന്ന് സുന്ദരഭാരതം സൃഷ്ടിക്കും. ശാസ്ത്രീയപരീക്ഷണങ്ങളോടുള്ള അവഗണന മഹാപരാധമാണ്. അതുപോലെ മോഹനമായ കരാറുകൾക്ക് പിന്നാലെ പായുന്നത് നിർഭാഗ്യകരവുമാണ്.

**ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ**
(മുൻ സംസ്ഥാന വൈദ്യുതി മന്ത്രി എന്ന നിലയിൽ)

അമേരിക്കയിലും മറ്റു ചില രാജ്യങ്ങളിലും ചെറുപ്പക്കാർ രണ്ടു വർഷം പട്ടാളത്തിൽ നിർബന്ധമായും ജോലി ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. എന്തുകൊണ്ട് റിട്ടയർ ചെയ്തതിനു ശേഷമുള്ള അഞ്ചു വർഷം എല്ലാവരും സാമൂഹികസേവനം ചെയ്യണമെന്ന വ്യവസ്ഥ ഉണ്ടാക്കിക്കൂട?

**വി.കെ.എസ്.മേനോൻ**
(ടാൻസാനിയയിലെ മുൻ യുനിഡോ മുഖ്യ ഉപദേഷ്ടാവ്)

നമ്മുടെ കാലത്തെ ഹിംസയുടെ മറ്റവതാരങ്ങളെ തിരിച്ചറിയാതെ പോയതുകൊണ്ടു തന്നെയല്ലേ സുമനസ്സായ അക്കിത്തം ഹിംസയുടെ മുഖ്യപ്രഭവമായ നവഹൈന്ദവ പ്രത്യയശാസ്ത്രത്തിന്റെ സാംസ്കാരിക പ്രതീകമാവാൻ നിന്നുകൊടുത്തത്? ചോരകൊണ്ട് ചോരകഴുകാൻ ആവില്ലെന്നും ഹിംസയുടെ പൊയ്മുഖങ്ങൾ ഇന്ന് ഭൗതികതയുടെത് മാത്രമല്ല, പല നിറമണിഞ്ഞ ആത്മീയതയുടേത് കൂടിയാണെന്നും ഈ വലിയ കവി തിരിച്ചറിഞ്ഞിരുന്നെങ്കിൽ!


**സച്ചിദാനന്ദൻ**

അമേരിക്കയിലുള്ളതിലധികം വായനക്കാർ ഇന്ത്യയിലാണ്. ഏകദേശം 20 കോടി വരും- അമേരിക്കയുടെ ജനസംഖ്യയോളം. ഇന്ത്യയിൽ അഞ്ചു കോടിയോളം ഗൗരവമുള്ള വായനക്കാരുണ്ട്. ജപ്പാൻ ആയിരുന്നു എന്റെ മുഖ്യവിപണി. എന്നാൽ, ഇന്ത്യൻ വായനാവിപണി വളരുകയാണ്. കഴിഞ്ഞ മാസം എന്റെ വെബ്സൈറ്റ് സന്ദർശിച്ച 5,40,000 പേരിൽ നാലിലൊന്നും ഇന്ത്യക്കാരായിരുന്നു.

**ജഫ്രി ആർച്ചർ**
(പ്രിസണർ ഓഫ് എർത്ത്, കായേനും ആബേലും തുടങ്ങിയ വിഖ്യാത ഗ്രന്ഥങ്ങളുടെ കർത്താവ് ഇന്ത്യ സന്ദർശിച്ചപ്പോൾ)

ഉദ്യോഗസ്ഥർ വലിയ പ്രമാണിമാരാണ്. സിനിമക്കാർ അവർക്കു മുന്നിൽ ഓച്ഛാനിച്ചു നിൽക്കേണ്ട ഗതികേടിലാണ്. കോഴിക്കോട്ടെ കൈരളി തിയറ്ററിൽ നിന്ന് എന്നെ ജീവനക്കാർ പരിഹസിച്ച് പുറത്താക്കിയിട്ടുണ്ട്. ദേശീയഅവാർഡ് നേടിയ ശേഷമുള്ള അനുഭവമാണ്.

**പ്രിയനന്ദനൻ**
ചലച്ചിത്ര സംവിധായകൻ



# അറിയാൻ

## സഹകരണ വിജിലൻസ് ശക്തമാക്കുന്നു

പുതുതായി ആരംഭിച്ച സഹകരണ വിജിലൻസ് സംവിധാനം ആഭ്യന്തരവകുപ്പിന്റെ സഹകരണത്തോടെ ശക്തിപ്പെടുത്താൻ നടപടി ആരംഭിച്ചതായി സഹകരണവകുപ്പുമന്ത്രി ജി.സുധാകരൻ അറിയിച്ചു.

സഹകരണ വിജിലൻസിന്റെ കേന്ദ്ര ആഫീസ് തിരുവനന്തപുരത്തായിരിക്കും. ആലപ്പുഴ, തൃശൂർ, കണ്ണൂർ മേഖലാ ആഫീസുകളും ഉണ്ടാവും. കേന്ദ്ര ആഫീസിൽ ഒരു ജോയിന്റ് രജിസ്ട്രാറും മേഖലാ ആഫീസുകളിൽ ഓരോ ഡപ്യൂട്ടി രജിസ്ട്രാറും മറ്റു പ്രധാന ഉദ്യോഗസ്ഥരും ചുമതല ഏറ്റെടുത്തു കഴിഞ്ഞു.

സഹകരണ വിജിലൻസ് ഡി.ഐ.ജിയായി ജോസ് ജോർജ് ചുമതല ഏറ്റെടുത്തു. മേഖലാ ഡി.വൈ.എസ്.പിമാരായി ടി.ജെ. ജോഷി ജോസഫ് (കണ്ണൂർ), എ.സുരേന്ദ്രൻ (തൃശൂർ), ഡി. മോഹൻ (ആലപ്പുഴ) എന്നിവരെ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചു. മേഖലാ ആഫീസുകളിൽ സർക്കിൾ ഇൻസ്പെക്ടർ മാരായി സി.ഡി. ശ്രീനിവാസൻ (കണ്ണൂർ), സി.വി. സുരേന്ദ്രൻ (തൃശൂർ), ജോൺസൺ സി.ജെ (ആലപ്പുഴ) എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. 12 കോൺസ്റ്റബിൾമാരെ വിന്യസിക്കുന്നതിനും ആഭ്യന്തരമന്ത്രി നിർദേശം നൽകിയിട്ടുണ്ട്.

സഹകരണ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് അഴിമതിയിലൂടെ കോടിക്കണക്കിന് രൂപ അപഹരിക്കപ്പെട്ടതായി കണ്ടെത്തിയതിനെ തുടർന്നാണ് സഹകരണ വിജിലൻസ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. സംസ്ഥാന സഹകരണബാങ്കിൽ നിന്ന് മാത്രം 400 കോടി രൂപയും തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലാ സഹകരണബാങ്കിൽ നിന്ന് 500 കോടിയോളം രൂപയും മറ്റ് പ്രാഥമികസംഘങ്ങളിൽ നിന്ന് ആയിരം കോടിയോളം രൂപയും അപഹരിക്കപ്പെട്ടതായാണ് കണ്ടെത്തിയത്.

## പട്ടികജാതിക്കാർക്ക് വിവാഹ ധനസഹായം

വാർഷിക കുടുംബ വരുമാനം 22,000 രൂപയ്ക്ക് താഴെയുള്ള പട്ടികജാതി കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിന് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ആഫീസർ അപേക്ഷ ക്ഷണിച്ചു. വിവാഹ ചെലവുകൾക്കായി ഒരാൾക്ക് 5,000 രൂപയാണ് സഹായം അനുവദിക്കുക. 2007 ഏപ്രിൽ മുതൽ 2009 ഫെബ്രുവരി വരെയുള്ള വിവാഹങ്ങൾക്കാണ് ധനസഹായം. ജാതി, വരുമാന സർട്ടിഫിക്കറ്റുകളും വിവാഹക്ഷണക്കത്തും സഹിതം ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസിൽ അപേക്ഷിക്കണം. അപേക്ഷാ ഫോറം ബ്ലോക്ക്/മുനിസിപ്പാലിററി/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസിലും, പഴവങ്ങാടിയിലുള്ള ജില്ലാ പട്ടികജാതി വികസന ആഫീസിലും ലഭിക്കും.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2007 ഏപ്രിൽ ഒന്നുമുതൽ 2008 മാർച്ച് 31 വരെയുള്ള വിവാഹങ്ങൾക്ക് ജൂൺ 30ഉം, 2008 ഏപ്രിൽ ഒന്നുമുതൽ 2009 ഫെബ്രുവരി 28 വരെയുള്ള വിവാഹങ്ങൾക്ക് 2009 ഫെബ്രുവരി 28ഉം ആണ്.

## ആസ്തി അസറ്റ് മാനേജ്മെന്റ് സോഫ്റ്റ്വെയർ

കംപ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും വിവരശേഖരം സൃഷ്ടിക്കുന്നതിന് സംസ്ഥാന ഐ.റ്റി. മിഷൻ ആസ്തി എന്ന പേരിൽ സ്വതന്ത്ര സോഫ്റ്റ്വെയറിൽ വെബ് അധിഷ്ഠിത പാക്കേജ് രൂപകൽപ്പന ചെയ്തു. ഒരു ആഫീസിൽ വിന്യസിച്ചിരിക്കുന്ന ഹാർഡ്വെയർ, സോഫ്റ്റ്വെയർ എന്നിവ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുവാനും അതുവഴി അവയുടെ വാറന്റിയും വാർഷിക അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പാക്കുവാനും ആസ്തി ഉപയോഗിക്കാം.

## മറുനാടൻ മലയാളികൾക്ക് മലയാളം മിഷൻ

മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും താമസിക്കുന്ന മലയാളികളുടെ പുതിയ തലമുറയെ മലയാളഭാഷ പഠിപ്പിക്കുന്നതിനും സംസ്കാരം പരിചയപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി മലയാളം മിഷൻ രൂപീകരിക്കും. ഇതു സംബന്ധിച്ച് പ്രൊഫ.ഒ.എൻ.വി കുറുപ്പിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി നൽകിയ റിപ്പോർട്ടിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. ഔദ്യോഗിക ഭാഷാ വകുപ്പ്, നോർക്ക, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുക. മുഖ്യമന്ത്രി ചെയർമാനായി ഇതിനു സൊസൈറ്റി രൂപീകരിക്കും. അതത് പ്രദേശത്തെ മലയാളി സമാജങ്ങളുമായി ചേർന്ന് ഓരോ കേന്ദ്രത്തിലും മലയാളപഠനകേന്ദ്രം ആരംഭിക്കും. മിഷന്റെ നേതൃത്വത്തിൽ സർട്ടിഫിക്കറ്റ് ഡിപ്ലോമ, ഹയർ ഡിപ്ലോമ കോഴ്സുകൾ നടത്തും. പാഠപുസ്തകങ്ങൾ മിഷൻ തയ്യാറാക്കി നൽകും. സന്നദ്ധരായ അധ്യാപകരെ മലയാളി സംഘടനകൾ നിയോഗിക്കണം. ഇവർക്ക് മിഷൻ പരിശീലനവും നൽകും.

## ബോർഡിങ് ഗ്രാന്റും ഡയറ്റ് ചാർജും അനുവദിച്ചു

എയ്ഡഡ് മേഖലയിലുള്ള ബധിര-മൂക വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കുട്ടികൾക്ക് ദിനംപ്രതി 20 രൂപ വീതം ഡയറ്റ് ചാർജും സർക്കാർ/എയ്ഡഡ് മേഖലകളിലുള്ള ബധിര/മൂക വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർഥികൾക്ക് പ്രതിമാസം 500 രൂപവീതം ബോർഡിങ് ഗ്രാന്റും അനുവദിച്ച് ഉത്തരവായി. (ഉത്തരവ് നമ്പർ: എം.എസ്.108/2008/പൊവി. തീയതി 13 ജൂൺ 2008)

## തദ്ദേശ സഭാംഗങ്ങളുടെ യാത്രയ്ക്ക് നിയന്ത്രണം

സർക്കാർ അനുവാദം കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ സംസ്ഥാനത്തിന് പുറത്തു നടത്തുന്ന യാത്രകൾക്ക് സാധൂകരണം നൽകുന്നതല്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു.

ചില തദ്ദേശ സ്ഥാപനങ്ങളിലെ അംഗങ്ങൾ മുൻകൂർ അനുവാദം കൂടാതെ സംസ്ഥാനത്തിനു പുറത്ത് പരിശീലന പരിപാടികളിൽ പങ്കെടുത്തതിനു ശേഷം യാത്രയ്ക്ക് സാധൂകരണവും യാത്രാക്കൂലി (വിമാനയാത്ര ഉൾപ്പെടെ) തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതിയും അഭ്യർത്ഥിച്ച് സർക്കാരിനെ സമീപിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേട്ടമുണ്ടാക്കുന്ന പരിശീലനങ്ങളാണോ നേടുന്നതെന്ന് പരിശോധിക്കാതെ നടത്തുന്ന യാത്രകൾ ഖജനാവിന് സാമ്പത്തിക ബാധ്യതയാകുന്ന സാഹചര്യത്തിലാണ് നിയന്ത്രണം.

## കേരള സ്ത്രീ വെബ്സൈറ്റ്

സ്ത്രീകൾക്കും കുട്ടികൾക്കുമായി സാമൂഹികക്ഷേമവകുപ്പ് ആരംഭിക്കുന്ന കേരളസ്ത്രീ വെബ്സൈറ്റ് വഴി നൽകാവുന്ന സേവനങ്ങളെ സംബന്ധിച്ച് നിർദേശങ്ങൾ ക്ഷണിച്ചു. നിർദേശങ്ങൾ ഡയറക്ടർ, സാമൂഹികക്ഷേമവകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ നൽകാം. ഫോൺ 0484-4099899.

സ്ത്രീകൾക്കും കുട്ടികൾക്കുമായി വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ, സർക്കാർ അറിയിപ്പുകൾ, ഇവർ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി വെബ്സൈറ്റ് വിപുലീകരിക്കുകയാണ് ലക്ഷ്യം.

## കാർഷിക കടാശ്വാസ കമ്മീഷൻ വെബ്സൈറ്റ്

സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷനെ സംബന്ധിച്ച വിവരങ്ങൾ www.ksfdrc.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കമ്മീഷന്റെ വിലാസം, ഫോൺ നമ്പർ, കടാശ്വാസത്തിനുള്ള അപേക്ഷാ ഫോറത്തിന്റെ മാതൃക, സിറ്റിങ് ഷെഡ്യൂളുകൾ, വിവിധ സ്ഥലങ്ങളിൽ നടത്തുന്ന സിറ്റിങ്ങുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേസുകളുടെ ലിസ്റ്റ് മുതലായവ സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



# പരസ്പരം

ഹയർ സെക്കൻഡറി സ്കൂളിൽ 8 വർഷം പൂർത്തിയാക്കിയ അധ്യാപകർക്ക് ഗ്രേഡ് അനുവദിച്ചു എന്ന് 10.06.2008 ലെ പത്രം മുഖേന അറിയാൻ കഴിഞ്ഞു. അതിന്റെ ജി.ഒ.നമ്പറും വിശദ വിവരവും അറിയാൻ താത്പര്യപ്പെടുന്നു.

**ലതികാദേവി**
ലാവണ്യ, വർക്കല

ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് അല്ല, വിശദീകരണക്കുറിപ്പാണ് പുറപ്പെടുവിച്ചത്. നമ്പർ 24298/പി ആർ സി എ3/2008 /ഫിൻ ആയി ഹയർ സെക്കണ്ടറി ഡയറ്കടർക്ക് ധന കാര്യ പ്രിൻസിപ്പിൽ സെക്രട്ടറി അയച്ച വിശ ദീകരണകത്തിലെ വിശദാംശങ്ങൾ ഇനി പറയുന്നു. സമയബന്ധിത ഹയർ ഗ്രേഡ് സ്കീമിന്റെ നിബന്ധനപ്രകാരം തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്ന ഒരു തസ്തികയെ പ്രാരംഭ തസ്തികയായി കണക്കാക്കാവുന്ന താണ്. എച്ച്.എസ്.എ തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴി എച്ച്.എസ്.എസ്. ടി തസ്തികയിലേക്ക് നിയമനം ലഭിക്കുന്ന ഒരാ ളിന് അതിനാൽ എട്ടു വർഷം പൂർത്തിയാ കുന്ന മുറയ്ക്ക് ആദ്യ സമയബന്ധിത ഹയർ ഗ്രേഡിനും 16 വർഷം പൂർത്തിയാകുമ്പോൾ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡിനും അർഹതയുണ്ടായിരിക്കും.

സർവീസ് അധിഷ്ഠിത ഗ്രേഡുകളായതിനാൽ ഹയർഗ്രേഡും സെലക്ഷൻ ഗ്രേഡും സർവീ സ് അടിസ്ഥാനമാക്കിയുള്ളതാണ്. എച്ച്.എസ്. എസ്.ടി /എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികകളിൽ എട്ടു വർഷം സർവീസ് പൂർത്തിയാക്കിയവർക്ക് ഹയർഗ്രേഡും 16 വർഷം പൂർത്തിയാക്കിയവർക്ക് സെലക്ഷൻ ഗ്രേഡും നൽകും.

---

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001* ***വിലാസത്തിൽ അയയ്ക്കുക.***



# പാലക്കാട് ജില്ലയിൽ ഇ-ഭരണം

**ജില്ലയിലെ** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം ഇ-ഗവേണൻസിലേക്ക് വഴിമാറി. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ ഇതിനുള്ള ക്രമീകരണങ്ങൾ സജ്ജീകരിച്ചു കഴിഞ്ഞു.

ജനന-മരണ രജിസ്ട്രേഷനുകൾ ഓൺലൈനിൽ ലഭിക്കുന്ന-*സേവന*, പദ്ധതി രൂപീകരണം സംബന്ധിച്ചും ചെലവുകൾ വിശകലനം ചെയ്യുന്നതിനുമുള്ള-*സുലേഖ*, തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും നിയമങ്ങളും ചട്ടങ്ങളും ലഭിക്കുന്ന-*സഞ്ചിത*, എന്നീ സോഫ്റ്റ്‌വെയറുകൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ക്രമീകരിച്ചിട്ടുണ്ട്. വിവിധ പെൻഷനുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന സോഫ്റ്റ്‌വെയർ ക്രമീകരണം 28 പഞ്ചായത്തുകളിൽ പൂർത്തിയായി. ശമ്പളബിൽ തയ്യാറാക്കുന്ന-*സ്ഥാപന*യുടെ ക്രമീകരണം പുരോഗമിക്കുന്നു.



ശമ്പളം എടിഎമ്മിലൂടെ-പാലക്കാട് കളക്ടറേറ്റിലെ കാഴ്ച

നാല് നഗരസഭകളിൽ പൊതുജനസേവനത്തിനുള്ള ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം നേരത്തെ തുടങ്ങിയിരുന്നു. പാലക്കാട്, ഒറ്റപ്പാലം മുനിസിപ്പാലിറ്റികളിലെ അഞ്ച് ആശുപത്രികളിൽ ജനന-മരണ രജിസ്ട്രേഷനുകൾ ഹോസ്പിറ്റൽ കിയോസ്ക് വഴിയാണ് ചെയ്യുന്നത്. ഒറ്റപ്പാലം നഗരസഭയിൽ 99 ശതമാനവും പാലക്കാട് 67 ശതമാനവും ജനന-മരണ രജിസ്ട്രേഷനുകൾ ഓൺലൈൻ വഴിയാണ് നടക്കുന്നത്. 2007-08-ൽ നാല് നഗരസഭകളിൽ 11.534 കോടി രൂപ റവന്യൂ വരുമാനം-*സാംഖ്യാ* സോഫ്റ്റ്‌വെയർ വഴിയാണ് സമാഹരിച്ചത്. 1,06,034 കംപ്യൂട്ടർ രസീത് നൽകുകയും ചെയ്തു. സമ്പൂർണ കംപ്യൂട്ടർവത്കരണം പൂർത്തിയായ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തുകളിൽ ശമ്പളബില്ലടക്കം എല്ലാ പ്രവൃത്തികളും കംപ്യൂട്ടർ വഴിയാണ് നിർവഹിക്കുന്നത്.

മന്ത്രിസഭയുടെ രണ്ടാം വാർഷികത്തിൽ ഇൻഫർമേഷൻ കേരള മിഷ(ഐ.കെ.എം)നാണ് ഈ ദൗത്യം പൂർത്തിയാക്കിയത്. ഈ ദൗത്യത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം കഴിഞ്ഞ ദിവസം തദ്ദേശഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവഹിച്ചു. ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്താഫീസിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്തിന്റെ സമ്പൂർണ കംപ്യൂട്ടർവത്കരണം കെ.എസ്. സലീഖ എം.എൽ.എ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബൈദ ഇസ്ഹാക്ക് അധ്യക്ഷത വഹിച്ചു. ഐ.കെ.എം എക്സി. ചെയർമാൻ പ്രൊഫ: എം.കെ. പ്രസാദ് റിപ്പോർട്ട് അവതരിപ്പിച്ചു.

**വി.പി. സുലഭ**
അസിസ്റ്റന്റ് എഡിറ്റർ
ജില്ലാഇൻഫർമേഷൻ ഓഫീസ്,
പാലക്കാട്.

# കൗമാരക്കാരെ വഴിതെറ്റിക്കുന്ന മാധ്യമങ്ങൾക്കെതിരെ വനിതാകമ്മീഷൻ

**ആരോഗ്യത്തിന്റെ പേരിലും** അത്തരം ടെലിവിഷൻ പരിപാടികളുടെ പേരിലും കൗമാരക്കാരെയും മറ്റും വഴിതെറ്റിക്കുന്ന റിപ്പോർട്ടുകളും ലേഖനങ്ങളും ദൃശ്യങ്ങളും സമൂഹമധ്യത്തിലെത്തിക്കുന്ന മാധ്യമങ്ങൾക്കെതിരെ ശക്തമായ നടപടിയെടുക്കാൻ വനിതാകമ്മീഷനും ജാഗ്രതാസമിതികളും ശുപാർശ ചെയ്യുമെന്ന് കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് ഡി. ശ്രീദേവി പറഞ്ഞു. കോട്ടയം ഗവ. മോഡൽ ഹയർസെക്കൻണ്ടറി സ്കൂളിൽ വനിതാ കമ്മീഷന്റെ മെഗാ അദാലത്തിനുശേഷം കമ്മീഷന്റെ തീരുമാനങ്ങളും മറ്റും വിവരിക്കുകയായിരുന്നു ചെയർപേഴ്സൺ.

അശ്ലീലസാഹിത്യം പ്രചരിപ്പിക്കുന്ന പുസ്തകങ്ങൾക്കും ആനുകാലികങ്ങൾക്കുമെതിരെയുള്ള ബോധവത്കരണത്തിന്റെ ഭാഗമായി വനിതാകമ്മീഷൻ മാധ്യമസെമിനാറുകൾ നടത്തും. ലേഖകന്മാരുടെയും പത്രാധിപന്മാരുടെയും യോഗം വിളിച്ചുകൂട്ടി തെറ്റായ മാധ്യമ പ്രവണതകൾക്കെതിരെ എന്തുചെയ്യാൻ സാധിക്കുമെന്ന് ചർച്ച ചെയ്യുമെന്നും ചെയർപേഴ്സൺ പറഞ്ഞു.

വനിതാവ്യവസായികൾ, വിധവകൾ, ഹോം നഴ്സുമാർ, മൈസൂർ കല്യാണം എന്നിവ സംബന്ധിച്ച് കമ്മീഷൻ തയ്യാറാക്കിയ ഗവേഷണപഠന റിപ്പോർട്ട് വൈകാതെ സർക്കാരിനു നൽകുമെന്നും കമ്മീഷൻ അധ്യക്ഷ പറഞ്ഞു.

ആകെ 159 പരാതികളാണ് പരിഗണനയ്ക്കെടുത്തത്. 54 പരാതികളിൽ തീർപ്പുകൽപ്പിച്ചു. കമ്മീഷൻ അംഗങ്ങളായ ടി. ദേവി, പ്രൊഫ. മീനാക്ഷി തമ്പാൻ, പി.കെ. സൈനബ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ ജെ. ശ്രീദേവി എന്നിവർ പങ്കെടുത്തു.

**കെ.ആർ. പ്രമോദ് കുമാർ**
അസിസ്റ്റന്റ് എഡിറ്റർ, കോട്ടയം



**ജലസ്രോതസുകൾ സംരക്ഷിക്കാൻ :** കോട്ടയം ജില്ലയിലെ വെള്ളാവൂർ, വാഴൂർ, ചെറുവള്ളി, ആനിക്കാട്, മണിമല വില്ലേജുകളിൽ ശുദ്ധജലം എത്തിക്കാൻ കേരള ജല അതോറിട്ടി നടപ്പാക്കുന്ന മണിമല ശുദ്ധജല വിതരണ പദ്ധതിയുടെ നിർമാണോദ്ഘാടനം മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ നിർവഹിക്കുന്നു.

# ഖാദി മേഖലയിൽ വനിതകൾക്ക് തൊഴിൽ

**പരമ്പരാഗത വ്യവസായങ്ങൾ** പുനരുദ്ധരിക്കാനും വികസിപ്പിക്കാനും പ്രത്യേകപദ്ധതികൾ ഖാദി സുവർണജൂബിലി ആഘോഷിക്കുന്ന ഈ വർഷം നടപ്പാക്കുമെന്ന് വ്യവസായമന്ത്രി എളമരം കരീം പറഞ്ഞു. ഇതുമുഖേന വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പാക്കാൻ കഴിയും.

കാണക്കാരി, കുറവിലങ്ങാട് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കളത്തൂരിൽ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ആരംഭിച്ച ഖാദി റെഡിമെയ്ഡ് വസ്ത്രനിർമാണ കേന്ദ്രത്തിന്റെയും നൂൽപ്പ് കേന്ദ്രത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഖാദിയുടെ അടിസ്ഥാനതത്ത്വങ്ങൾ നിലനിർത്തി ആധുനികവത്കരണവും വൈവിധ്യവത്കരണവും നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു. വിദഗ്ദ്ധ പരിശീലനത്തിലൂടെ ഉത്പാദനക്ഷമത വർധിപ്പിച്ചെങ്കിൽ മാത്രമേ ഉയർന്ന വേതനം നൽകാനാവൂ.

കളത്തൂരിൽ വടശ്ശേരി ഇല്ലത്ത്

# പൊതുജനപരാതികൾ 14 ദിവസത്തിനകം പരിഹരിക്കണം

സുതാര്യകേരളം ഫോൺ ഇൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ 14 ദിവസത്തിനകം പരിഹരിച്ച് മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സെല്ലിനു റിപ്പോർട്ട് നൽകണമെന്ന് കോട്ടയം ജില്ലാ കളക്ടർ ഡോ.ഷർമ്മിള മേരി ജോസഫ് വിവിധ വകുപ്പുദ്യോഗസ്ഥർക്കു നിർദ്ദേശം നൽകി. സുതാര്യ കേരളത്തിന്റെ സുഗമമായ നടത്തിപ്പിനും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കുന്നതിനുമായി രൂപീകരിച്ച ജില്ലാസമിതിയുടെ യോഗത്തിലാണ് കളക്ടർ ഈ നിർദേശം നൽകിയത്.

അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് സമിതിയുടെ നോഡൽ ഓഫീസറും ജില്ലാ ഇൻഫർമേഷൻ ഓഫീസർ കൺവീനറും എല്ലാം സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ജില്ലാതലവന്മാർ അംഗങ്ങളുമാണ്. ഈ സമിതി മാസത്തിലൊരു പ്രാവശ്യം യോഗം ചേർന്ന്, ലഭിച്ച പരാതികളുടെ പരിഹാരം സംബന്ധിച്ച് അവലോകനം നടത്തും. സുതാര്യകേരളവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾക്ക് വകുപ്പുകൾ മുന്തിയ പരിഗണന നൽകണം. ഓരോ വകുപ്പിലെയും ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതല ഓഫീസർമാർക്ക് വ്യക്തിപരമായ ഉത്തരവാദിത്വം ഉണ്ടായിരിക്കും. യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഇ.പി.രാജൻ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ വി.കെ.ജയകുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.ജി.പ്രകാശ് എന്നിവരും വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരും പങ്കെടുത്തു.

**കെ.ആർ.പ്രമോദ് കുമാർ**
അസിസ്റ്റന്റ് എഡിറ്റർ, കോട്ടയം

# സമ്പൂർണ്ണ ശുചിത്വത്തിന് ഒരു ഇടുക്കി മാതൃക

**ജില്ലയിലെ** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി സമഗ്ര ശുചിത്വ ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാതൃകാ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി രൂപം നൽകി. വിവിധ പ്രവർത്തനങ്ങളുടെ കരട് ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ചർച്ചയ്ക്കായി നൽകി.

ജില്ലാതലത്തിൽ ബന്ധപ്പെട്ട മേഖലയിലെ ഉദ്യോഗസ്ഥർ, പ്രൊഫഷണലുകൾ, ആരോഗ്യപ്രവർത്തകർ, ഹെൽത്ത്മിഷൻ അംഗങ്ങൾ, കുടുംബശ്രീ, മറ്റ് തത്പരകക്ഷികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു ജില്ലാതല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കും. സമാനരീതിയിൽ തദ്ദേശ സ്ഥാപനത്തിലും വാർഡുതലത്തിലും റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കും. വാർഡുതലത്തിൽ 50 വരെ വീടുകൾക്കും അവ ഉൾപ്പെടുന്ന പ്രദേശങ്ങൾക്കുമായി അയൽക്കൂട്ട പ്രവർത്തകരും ഉദ്യോഗസ്ഥരും ചേർന്ന ചെറുസമിതികളും പ്രവർത്തിക്കും. ഈ വോളണ്ടിയർമാർ വഴി പ്രദേശത്തെ വീടുകളിലെയും സമൂഹത്തിലെയും മാലിന്യപ്രശ്നങ്ങൾ കണ്ടെത്തുകയും അവയ്ക്കുള്ള പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യും. ഈ വിവരശേഖരത്തിനാവശ്യമായ ഫാറങ്ങളും മറ്റും ജില്ലാതല റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കി നൽകും. ഈ വിവരങ്ങൾ വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും ക്രോഡീകരിച്ച് പഞ്ചായത്തുതല ആരോഗ്യപദ്ധതി പ്രസിദ്ധീകരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ഫണ്ടുകൾ ഏകോപിപ്പിച്ച് പ്രോജക്ട് ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കും.

**എം.എസ്.അലിക്കുഞ്ഞ്**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി

## ദുരിതകാലത്ത് തുണയായി...



**കടുത്തുരുത്തി, വൈക്കം ബ്ലോക്കുകളിലെ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള ധനസഹായം റവന്യു മന്ത്രി കെ.പി. രാജേന്ദ്രൻ നിർവഹിക്കുന്നു.**

ഒൻപത് പഞ്ചായത്തുകളിലെ 183 പാടശേഖരങ്ങളിലെ 179 കർഷകർക്കായി 5,90,200 രൂപയുടെ സഹായമാണ് വിതരണം ചെയ്തത്. പൂർണമായി കൃഷി നശിച്ചവർക്ക് 10000 രൂപ വീതവും ഭാഗികമായി കൃഷി നശിച്ചവർക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ലിന്റെ വിലയുടെ പകുതി കഴിച്ചുള്ള തുകയുമാണ് നൽകിയത്.

ജയന്തൻ നമ്പൂതിരി സൗജന്യമായി നൽകിയ 44 സെന്റ് സ്ഥലത്താണ് ഖാദി ഉത്പാദനകേന്ദ്രം പ്രവർത്തിക്കുന്നത്. റെഡിമെയ്ഡ് വസ്ത്രനിർമാണം, നൂൽപ്പ്, പേപ്പർ/തുണി കാരിബാഗ് നിർമാണം എന്നിവകൂടി ഉൾപ്പെടുത്തി ഖാദി സമുച്ചയം ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമാണ് പൂർത്തിയായിട്ടുള്ളതെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന പൊതുമരാമത്ത് വകുപ്പുമന്ത്രി മോൻസ് ജോസഫ് പറഞ്ഞു.

ഖാദി തൊഴിലാളികളുടെ ഇൻസെന്റീവ് വിതരണം വൈക്കം വിശ്വൻ നിർവഹിച്ചു.

# സബ്സിഡി നിരക്കിൽ അനർട്ട് 606 അടുപ്പുകൾ നിർമിച്ചു നൽകി

**കഴിഞ്ഞ സാമ്പത്തിക വർഷം** കോട്ടയം ജില്ലയിലെ എസ്.സി/എസ്.ടി. വിഭാഗക്കാർക്കായി 93 പുകയില്ലാത്ത ഗാർഹിക അടുപ്പുകളും ജനറൽ/ബിപിഎൽ വിഭാഗക്കാർക്കായി 505 ഗാർഹിക അടുപ്പുകളും സ്കൂൾ അങ്കണവാടികൾക്കായി മെച്ചപ്പെട്ട എട്ട് കമ്മ്യൂണിറ്റി അടുപ്പുകളും സബ്സിഡി നിരക്കിൽ 'അനർട്ട്' നിർമിച്ചു നൽകി.

ബയോ എനർജി പ്രോഗ്രാമിന്റെ ഭാഗമായി കൊല്ലപ്പള്ളിയിൽ രണ്ടിടങ്ങളിൽ മത്സ്യ-മാംസാവശിഷ്ടങ്ങളിൽനിന്ന് ബയോഗ്യാസ് ഉത്പാദിപ്പിച്ച് വൈദ്യുതിവിതരണം സാധ്യമാക്കുന്ന പ്ലാന്റുകൾ നിർമിച്ചു. ഏകദേശം 4,00,000 രൂപ വീതം നിർമാണച്ചെലവുള്ള ഓരോ പ്ലാന്റിനും സർക്കാർ സബ്സിഡിയായി 1,25,000 രൂപ വീതം നൽകി.

അടുക്കളയിലെ അവശിഷ്ടങ്ങളിൽനിന്ന് പാചകവാതകം ഉത്പാദിപ്പിക്കാനുള്ള ബയോഗ്യാസ് പ്ലാന്റിന്റെ നിർമാണം കോട്ടയത്തെ ഒരു സ്ഥാപനത്തിൽ പൂർത്തിയായി വരികയാണ്. മൂന്നുലക്ഷം രൂപ നിർമാണച്ചെലവുള്ള ഈ പ്ലാന്റിന് 45,000 രൂപ സബ്സിഡിയുണ്ട്. 1500 രൂപ സബ്സിഡി നിരക്കിൽ ഗാർഹികാവശ്യത്തിനുള്ള രണ്ട് സോളാർ വാട്ടർഹീറ്ററുകൾ അനർട്ട് സ്ഥാപിച്ചു നൽകി. ജില്ലയിലെ ആറ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രതിദിനം 300 ലിറ്റർ ചൂടുവെള്ളം ലഭ്യമാക്കാനുള്ള സോളാർ വാട്ടർഹീറ്ററുകളുടെ നിർമാണം നടന്നുവരുന്നു. 44,000 രൂപ നിർമാണച്ചെലവുള്ള ഓരോ വാട്ടർഹീറ്ററും സൗജന്യമായാണ് നിർമിച്ചുനൽകുന്നത്.

കൂടാതെ പ്രതിദിനം 500 ലിറ്റർ ചൂടുവെള്ളം ലഭ്യമാക്കാനുള്ള സോളാർ വാട്ടർഹീറ്ററുകളുടെ നിർമാണം മൂന്നു താലൂക്ക് ആശുപത്രികളിൽ നടന്നുവരുന്നുണ്ട്. 73,000 രൂപ വിലയുള്ള ഓരോ സംവിധാനവും 90 ശതമാനം സബ്സിഡി നിരക്കിലാണ് നിർമിക്കുന്നത്.

*ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോട്ടയം*

## പുതിയ ഭൂമികൾ

സൂര്യനെക്കാൾ വലിപ്പമുള്ള നക്ഷത്രത്തിനു ചുറ്റും കറങ്ങുന്ന മൂന്നു വലിയ ഭൂഗോളങ്ങളെയും കുട്ടിഗ്രഹങ്ങളടങ്ങുന്ന ചെറിയ രണ്ടു സൗരയൂഥങ്ങളെയും കണ്ടെത്തി. സ്വിറ്റ്സർലന്റിലെ ജനീവ ഒബ്സർവേറ്ററിയിലെ ശാസ്ത്രജ്ഞൻ മൈക്ക് മേയറും സംഘവുമാണ് ഇത് കണ്ടെത്തിയത്. ചിലി ലാ സില ഒബ്സർവേറ്ററിയുടെ ഹാർപ്സ് ടെലിസ്കോപ്പാണ് കണ്ടു പിടിത്തത്തിനുപയോഗിച്ചത്. തെക്കൻരാശിയിലെ ഡൊറാഡസ്, പിക്ടർ നക്ഷത്രസമൂഹങ്ങളിലായി 42 പ്രകാശ വർഷങ്ങൾ അകലെയാണ് പുതിയ ഭൂമികളെ കണ്ടെത്തിയത്. ഇവയുടെ ഭ്രമണവേഗം 41,020 ദിവസങ്ങളാണത്രെ.





## വെളിച്ചെണ്ണയിൽ നിന്ന് ഡീസൽ


വെളിച്ചെണ്ണയിൽ നിന്ന് ഡീസൽ വികസിപ്പിച്ചു. മംഗലാപുരം റിഫൈനറിയുടെ ഗവേഷണ വിഭാഗമാണ് ഇത് സാധ്യമാക്കിയത്. ഇത് സാധാരണ ഡീസലിനെക്കാൾ മികച്ചതാണ്. സാധാരണ ഡീസലിൽ ഈ ഡീസൽ ചേർത്ത് ഉപയോഗിക്കുമ്പോൾ വാഹനങ്ങൾക്കനുഭവപ്പെടുന്ന കമ്പനം ഇല്ലാതാകുന്നതായും കണ്ടെത്തി.

## ഒരു തൂവൽപ്പഴമ

പറക്കാൻ കഴിവുള്ള ദിനോസറുകളെക്കുറിച്ച് നാം കേണ്ടിട്ടുണ്ട്. ചലച്ചിത്രഭാഷയിൽ കണ്ടിട്ടുമുണ്ട്. എന്നാൽ ദിനോസറുകളിലെ ഇതുവരെ അറിയപ്പെടാത്ത ചില വിഭാഗങ്ങൾക്കും തൂവലുകൾ ഉണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു ഒരു കൂട്ടം ശാസ്ത്രജ്ഞർ. ചൈനയിലെ ലിയാനിങ്ങിൽ ഷൗവ്വിയ മരുഭൂമിയിൽ കണ്ടെത്തിയ നോനാവിയൻ ദിനോസറു കളുടെ ഫോസിലിലാണ് തൂവലുകളുടെ സാന്നിദ്ധ്യം തെളിയിക്കുന്ന ബീറ്റാ കരാട്ടിൻ കണ്ടെത്തിയത്. പക്ഷിത്തൂവലുകളിലെ പ്രധാന പ്രോട്ടീനാണിത്.



## അൽഷിമേഴ്സ് രോഗികൾക്ക് പ്രതീക്ഷ






അൽഷിമേഴ്സ് രോഗികൾക്ക് പ്രതീക്ഷയുടെ ചെറുവാതിൽ ഇനി തുറക്കാം! എന്താണെന്നോ? മുന്തിരിയുടെ വിത്തിൽ നിന്നെടുക്കുന്ന സത്തിന് പ്ലാക്ക് രൂപീകരണത്തെ ചെറുക്കാൻ കഴിവുണ്ടത്രെ. സെല്ലുകളിൽ കുമിഞ്ഞുകൂടുന്ന അമിലോയ്ഡ് ബീറ്റ തടയുവാൻ ഈ സത്തിന് കഴിയും. അതിലൂടെ തലച്ചോറിന്റെ സാധാരണ പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്ന ടോക്സിക് പ്ലാക്കുകളുടെ രൂപീകരണവും തടയാം. കാരണം അമിലോയിഡ് ബീറ്റ കുമിഞ്ഞുകൂടിയാണ് പ്ലാക്കുകൾ രൂപം കൊള്ളുന്നത്. മൗണ്ട് സിനായി സ്കൂൾ ഓഫ് മെഡിസിനിലെ ഒരു കൂട്ടം ഗവേഷകരാണ് ഏറെ പേർക്ക് ആശ്വാസമായേക്കാവുന്ന ഈ കണ്ടു പിടിത്തത്തിനു പിന്നിൽ.



## ഇന്ത്യ ആളില്ലാ വിമാനം പറത്തി

പൈലറ്റില്ലാതെ പറക്കുന്ന ചെറുവിമാനം ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. കർണാടകത്തിലെ കോലാറിലാണ് നിഷാന്ത് എന്നു പേരിട്ട വിമാനം പരീക്ഷണ പറക്കൽ നടത്തിയത്. ടയറുകളില്ലാത്ത വിമാനത്തിന് പറന്നുയരാനും ഇറങ്ങാനും റൺവേ ആവശ്യമില്ല. പാരച്യൂട്ട് ഉപയോഗിച്ചാണ് നിലത്തിറങ്ങുന്നത്. ബാംഗ്ലൂരിലെ ഏറോനോട്ടിക്കൽ ഡവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ്, ഡെറാഡൂണിലെ ഡീൻ, പൂണെ ആർ ഡി ഇ, ആഗ്രയിലെ ആർഡ് എന്നിവരുടെ സംയുക്ത സംരംഭമാണിത്.

## ആർ.എസ്.ജസൽ തുർക്കി അംബാസഡർ



ആർ.എസ്.ജസലിനെ തുർക്കിയിലെ അംബാസഡറായി നിയമിച്ചു. വാഷിങ്ടണിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയം ഉപമേധാവിയാണ്. കാർഗിൽ യുദ്ധ സമയത്ത് ഇന്ത്യൻ സർക്കാരിന്റെ വക്താവായി ജസൽ പ്രവർത്തിച്ചിട്ടുണ്ട്.

## രമേഷ് നാരായണന് അന്തർദേശീയ അവാർഡ്

മാഡ്രിഡ് ഇന്ത്യാ ഫിലിം ഫെസ്റ്റിവലിലെ ഗോൾഡൻ ചക്ര സംഗീതപുരസ്കാരത്തിന് സംഗീത സംവിധായകൻ രമേഷ് നാരായണൻ അർഹനായി. *പരദേശി*യിലെ സംഗീത സംവിധാനമാണ് രമേഷിനെ അവാർഡിനർഹനാക്കിയത്.



## വോറ കശ്മീർ ഗവർണർ

മുൻ കേന്ദ്ര ആഭ്യന്തര പ്രതിരോധ സെക്രട്ടറിയായിരുന്ന എൻ.എൻ.വോറയെ ജമ്മുകാശ്മീർ ഗവർണറായി രാഷ്ട്രപതി പ്രതിഭാപാട്ടീൽ നിയമിച്ചു. ജമ്മുകശ്മീരിലെ വിഘടനവാദി നേതാക്കളുമായി സംഭാഷണത്തിന് കേന്ദ്രസർക്കാർ നിയോഗിച്ചത് 72 കാരനായ വോറയെ ആയിരുന്നു. 1997–98 ൽ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്നു.



## വി.രാമനാഥന് പുരസ്കാരം



യു.എ.ഇ. സർക്കാരിന്റെ ഉന്നത പരിസ്ഥിതി പുരസ്കാരം ഇന്ത്യക്കാരനായ വി.രാമനാഥന് ലഭിച്ചു. ആഗോളതാപനത്തിൽ പരിസ്ഥിതി മലിനീകരണത്തിനുള്ള പങ്കിനെപ്പറ്റിയുള്ള ഗവേഷണത്തിനാണ് ശാസ്ത്ര–സാങ്കേതിക രംഗത്തെ നേട്ടങ്ങൾക്കുള്ള ഈ രാജ്യാന്തര പുരസ്കാരം ലഭിച്ചത്. 1999 ൽ ഏർപ്പെടുത്തിയ ഈ പുരസ്കാരം വ്യക്തികൾക്കും സംഘടനകൾക്കുമായി രണ്ടു വർഷത്തിലൊരിക്കലാണ് നൽകുന്നത്.

## മൂന്ന് ഇന്ത്യൻ സംഘടനകൾക്ക് അവാർഡ്



എച്ച്..ഐ.വി/ എയ്ഡ്സ് പ്രതിരോധ രംഗത്തെ പ്രവർത്തനങ്ങൾക്ക് ഐക്യ രാഷ്ട്ര സംഘടന ഏർപ്പെടുത്തിയിട്ടുള്ള റെഡ് റിബൺ അവാർഡുകൾക്ക് മൂന്നു ഇന്ത്യൻ സംഘടനകൾ അർഹമായി. പീപ്പിൾ ലൈക്ക് അസ് (പ്ലസ്), സംഘമിത്ര, സങ്കൽപ് റിഹാബിലിറ്റേഷൻ ട്രസ്റ്റ് എന്നിവയാണ് പുരസ്കാരം നേടിയത്. 25 സംഘടനകളാണ് അവാർഡിനർഹമായത്. 5000 യു.എസ് ഡോളർ (2 ലക്ഷം രൂപ) വീതമാണ് സമ്മാനത്തുക.

## ദേശീയ ചലച്ചിത്ര അവാർഡ്
# മലയാളത്തിന്റെ അഭിമാനങ്ങൾ





**മികച്ച സിനിമ *പുലിജന്മം* (സംവിധാനം– പ്രിയനന്ദനൻ)**

മികച്ച നവാഗത സംവിധായകൻ – *ഏകാന്തം* സംവിധാനം ചെയ്ത *മധു കൈതപ്രം*, മികച്ച നൃത്ത സംവിധാനം –*മധുസമുദ്ര, സജീവ് സമുദ്ര* (ചിത്രം – *രാത്രിമഴ*).

നോൺ ഫീച്ചർ വിഭാഗത്തിൽ ജേക്കബ് വർഗീസ് സംവിധാനം ചെയ്ത *അന്ത്യം* നവാഗത സംവിധായകന്റെ മികച്ച ചിത്രത്തിനുള്ള അവാർഡ് നേടി. കഥകളി നടൻ കോട്ടയ്ക്കൽ ശിവരാമനെക്കുറിച്ചുള്ളതാണ് ഈ ചിത്രം. ഇതേ ചിത്രത്തിലെ





**മികച്ച മലയാള ചിത്രം – *ദൃഷ്ടാന്തം* (സംവിധാനം – എം.പി. സുകുമാരൻ നായർ)**




നല്ല നടി – പ്രിയാമണി (ചിത്രം – *പരുത്തിവീരൻ*)

മികച്ച വിവരണത്തിനുള്ള അവാർഡിന് നെടുമുടി വേണു അർഹനായി. ചലച്ചിത്ര നിരൂപണത്തിനുള്ള പുരസ്കാരം ജി.പി. രാമചന്ദ്രൻ കരസ്ഥമാക്കി.



**മികച്ച കുടുംബ ക്ഷേമ ചിത്രം – *കറുത്തപക്ഷികൾ* (സംവിധാനം കമൽ)**






**എം.ആർ. രാജൻ സംവിധാനം ചെയ്ത *മിനുക്ക്* മികച്ച ജീവചരിത്ര സിനിമ**